1782

سورة الانفال

8. സൂറതുൽഅൻഫാൽ

മദീനയിൽ അവതരിച്ചത് - വചനങ്ങൾ 75 - വിഭാഗം (റുകൂഉ്) 10

(വചനങ്ങൾ 76 ആയും എണ്ണപ്പെട്ടിരിക്കുന്നു. 30 മുതൽ 36 കൂടിയ ഏഴു വചനങ്ങൾ മക്കയിൽ അവതരിച്ചവയാണെന്നും അഭിപ്രായമുണ്ട്)

انفال (അൻഫാൽ) എന്ന വാക്ക് **نَفَل** (നഫൽ) ന്റെ ബഹുവചനമാകുന്നു. നിർബന്ധമായതിനെക്കാൾ അധികമുള്ളത് എന്നത്രെ അതിന്റെ ധാതുപരമായ സാക്ഷാൽ അർത്ഥം. ഐച്ഛികമായ സുന്നത്തു നമസ്കാരങ്ങൾക്ക് **نَفَل** എന്നും **نَافِلَة** എന്നു മൊക്കെ പറയുന്നത് അതുകൊണ്ടാകുന്നു. യുദ്ധത്തിൽ ശത്രുപക്ഷത്തുനിന്നു ലഭിക്കുന്ന 'ഗനീമത്ത്' (**غَنِيمَة**) സ്വത്തുക്കൾക്കാണ് സാധാരണ **انفال** എന്നു പറയപ്പെടുന്നത്. അതാണ് ഇവിടെ അതുകൊണ്ട് വിവക്ഷ. മുൻ പ്രവാചകൻമാർക്ക് സിദ്ധിച്ചിട്ടില്ലാത്ത അഞ്ചു കാര്യങ്ങൾ എനിക്ക് നൽകപ്പെട്ടിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് ആ അഞ്ചു കാര്യങ്ങൾ എണ്ണിപ്പറഞ്ഞ കൂട്ടത്തിൽ നബിﷺ പറഞ്ഞു: 'ഗനീമത്ത്' സ്വത്തുക്കൾ എനിക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. മുമ്പ് അത് ആർക്കും അനുവദിക്കപ്പെട്ടിട്ടില്ല.' (ബു.മു.) പക്ഷേ, വിശദീകരണങ്ങളിൽ ഈ രണ്ടു പേരുകളും - 'നഫലും ഗനീമത്തും' - തമ്മിൽ അൽപ സ്വൽപ വ്യത്യാസം കാണപ്പെടുമെങ്കിലും മൊത്തത്തിൽ രണ്ടും ഒരേ അർത്ഥത്തിലാണ് ഉപയോഗപ്പെട്ടുവരുന്നത്.

ബദ്ർ യുദ്ധത്തിലെ ഗനീമത്ത് സ്വത്തുക്കൾ ഭാഗിക്കുന്ന അവസരത്തിൽ, യുദ്ധത്തിൽ സംബന്ധിച്ചിരുന്ന യുവാക്കളും, പുറമെ നിന്ന് അവർക്ക് ഒത്താശകൾ ചെയ്തുകൊടുത്തിരുന്ന വയസ്സ് ചെന്നവരും തമ്മിലുണ്ടായ അഭിപ്രായ ഭിന്നതകളെത്തുടർന്നാണ് ഈ സൂറത്തിന്റെ അവതരണമുണ്ടായത്. അബൂദാവൂദ്, നസാഈ (റ) മുതലായവർ ഇബ്നു അബ്ബാസ് (റ) ൽ നിന്ന് നിവേദനം ചെയ്യുന്നു: '(യുദ്ധത്തിൽ) ഇന്നിന്ന പ്രവൃത്തികൾ ചെയ്തവർക്ക് ഇന്നിന്നത് ലഭിക്കും' എന്ന് നബിﷺ പറയുകയുണ്ടായി. പ്രായം ചെന്നവർ കൊടികളുടെ ചുവട്ടിൽ നിലയുറപ്പിച്ചു. യുവാക്കൾ ശത്രുക്കളെ വധിക്കുവാനും, ഗനീമത്തുകൾ എടുക്കുവാനും തിടുക്കംകൂട്ടി. അപ്പോൾ, വയസ്സു ചെന്നവർ പറഞ്ഞു: ഞങ്ങൾ നിങ്ങൾക്കൊരു തടവായി-രക്ഷയായി-നിലകൊള്ളുകയായിരുന്നു. നിങ്ങൾക്ക് വല്ലതും സംഭവിക്കുമ്പോൾ നിങ്ങൾ ഞങ്ങളിലേക്കാണല്ലോ അഭയം തേടിവരുക. (അതുകൊണ്ട് ആ സ്വത്തുക്കളിൽ ഞങ്ങൾക്കും പങ്കുവേണം) അങ്ങനെ, നബിﷺയുടെ അടുക്കൽ അവർ കേസ്സ് പറഞ്ഞു. ഈ അവസരത്തിൽ يَسْأَلُونَكَ عَنِ الْأَنفَالِ എന്ന് തുടങ്ങിയ വചനങ്ങൾ അവതരിച്ചു. സഅ്ദുബ്നു അബീവക്വാസ് (റ) ൽ നിന്ന് ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: അദ്ദേഹം സഈദുബ്നുൽ ആസ്വിയെ കൊലപ്പെടുത്തുകയും

അവന്റെ വാൾ എടുക്കുകയും ചെയ്തു. ആ വാൾ തനിക്ക് തരുവാൻ അദ്ദേഹം നബിﷺയോട് ആവശ്യപ്പെട്ടു. നബിﷺ അതിന് വിസമ്മതിച്ചു. അപ്പോൾ ഈ ആയത്ത് അവതരിച്ചു. അങ്ങനെ, തിരുമേനി വാൾ അദ്ദേഹത്തിനു കൊടുക്കുകയും ചെയ്തു. കാരണം, ഈ ആയത്തിൽ അതിന്റെ അധികാരം നബിﷺക്കാണെന്ന് നിശ്ചയിച്ചിരിക്കുന്നു. (അ; ദാ; തി; ന.) 'അത് എനിക്കും തനിക്കും അവകാശപ്പെട്ടതായിരുന്നില്ല. ഇപ്പോൾ അതിന്റെ നിയന്ത്രണം എനിക്ക് ലഭിച്ചിരിക്കകൊണ്ട് ഞാൻ അത് തനിക്ക് നൽകുകയാണ്.' എന്ന് നബിﷺ പറഞ്ഞതായും ചില രിവായത്തുകളിൽ വന്നിട്ടുണ്ട്.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ٥

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

يَسۡـَٔلُونَكَ عَنِ ٱلۡأَنفَالِۖ قُلِ ٱلۡأَنفَالُ لِلَّهِ وَٱلرَّسُولِۖ فَٱتَّقُواْ ٱللَّهَ وَأَصۡلِحُواْ ذَاتَ بَيۡنِكُمۡۖ وَأَطِيعُواْ ٱللَّهَ وَرَسُولَهُۥٓ إِن كُنتُم مُّؤۡمِنِينَ ﴿١﴾

﴾1﴿ (നബിയേ) അവർ നിന്നോട് 'അൻഫാലി'നെ [യുദ്ധമുതലുകളെ] പ്പറ്റി ചോദിക്കുന്നു. പറയുക: 'അൻഫാൽ' [യുദ്ധമുതലുകൾ] അല്ലാഹുവിനും, റസൂലിനുമുള്ളതാണ്.

അതിനാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, നിങ്ങളുടെ ഇടയിലുള്ളത് [സ്ഥിതിഗതി] നന്നാക്കുകയും ചെയ്യുവിൻ. നിങ്ങൾ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുവിൻ- നിങ്ങൾ സത്യവിശ്വാസികളാകുന്നുവെങ്കിൽ.'

﴾1﴿ يَسۡأَلُونَكَ അവർ നിന്നോട് ചോദിക്കുന്നു عَنِ الأَنْفَالِ അൻഫാലിനെ (യുദ്ധമുതലുകളെ) പ്പറ്റി قُلِ പറയുക الأَنْفَالُ അൻഫാൽ, യുദ്ധമുതലുകൾ لِلَّهِ അല്ലാഹുവിനാകുന്നു وَالرَّسُولِ റസൂലിനുമാകുന്നു فَاتَّقُوا اللهَ അതിനാൽ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ وَأَصۡلِحُوا നിങ്ങൾ നന്നാക്കുകയും ചെയ്യുവിൻ, നന്നായിത്തീരുകയും ചെയ്യണം ذَاتَ بَيۡنِكُمۡ നിങ്ങൾക്കിടയിലുള്ളത്, നിങ്ങൾ തമ്മിൽ وَأَطِيعُوا اللهَ നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുകയും ചെയ്യുവിൻ وَرَسُولَهُ അവന്റെ റസൂലിനെയും إِنۡ كُنتُمۡ നിങ്ങളാണെങ്കിൽ مُؤۡمِنِينَ സത്യവിശ്വാസികൾ.

ശത്രുപക്ഷത്തുനിന്ന് യുദ്ധത്തിൽ പിടിച്ചെടുക്കപ്പെട്ട സ്വത്തുക്കളിൽ ആർക്കുമാർക്കും പ്രത്യേക അവകാശമൊന്നുമില്ല. അവയുടെ അവകാശവും കൈകാര്യവും അല്ലാഹുവിനും റസൂലിനുമാകുന്നു. അതെങ്ങിനെ വിനിയോഗിക്കണമെന്ന് അല്ലാഹു കൽപി

ക്കുന്നുവോ അതുപോലെ റസൂല്‍ അത് വിനിയോഗിക്കുകയും വിതരണം ചെയ്യുകയും ചെയ്യും. ആവിഷയത്തില്‍ നിങ്ങള്‍ തമ്മില്‍ വഴക്കും ഭിന്നിപ്പും ഉണ്ടാകാന്‍ പാടില്ല. റസൂല്‍ അത് എങ്ങിനെ വീതിച്ചു തരുന്നുവോ അപ്രകാരം നിങ്ങള്‍ അത് സ്വീകരിച്ചുകൊള്ളണം. നിങ്ങള്‍ തമ്മിലുണ്ടായിട്ടുള്ള വഴക്കും ഭിന്നിപ്പും അവസാനിപ്പിച്ചു പരസ്പരം നന്നായി ത്തീരുകയും വേണം. നിങ്ങള്‍ സത്യവിശ്വാസികളാണെന്നിരിക്കെ, അല്ലാഹുവിന്റെയും റസൂലിന്റെയും കല്‍പന നിരുപാധികം സ്വീകരിക്കുവാന്‍ നിങ്ങള്‍ ബാധ്യസ്ഥരാണ് എന്നൊക്കെയാണ് ഈ വചനം മുഖേന അല്ലാഹു അറിയിക്കുന്നത്.

ഈ വചനം അവതരിച്ചശേഷം ബദ്‌റിലെ ഗനീമത്തുകള്‍ യുദ്ധത്തില്‍ പങ്കുവഹിച്ച വര്‍ക്കെല്ലാം നബിﷺ സമമായി ഭാഗിച്ചുകൊടുത്തു. ചില പ്രത്യേക ചുമതലകള്‍ ഏല്‍പി ക്കപ്പെട്ടിരുന്നത് നിമിത്തം യുദ്ധത്തില്‍ പങ്കുവഹിക്കുവാന്‍ കഴിയാതിരുന്ന വ്യക്തികള്‍ക്കും നബിﷺ ഓഹരി നല്‍കുകയുണ്ടായി. അല്ലാഹുവിന്റെയും റസൂലിന്റെയും കല്‍പന അനു സരിക്കണമെന്ന് മൊത്തത്തില്‍ പറഞ്ഞതല്ലാതെ, ഇന്നിന്ന പ്രകാരമാണ് ഗനീമത്ത് ഭാഗി ക്കേണ്ടതെന്ന് ഈ വചനത്തില്‍ വിശദീകരിക്കപ്പെട്ടിട്ടില്ല. വിശദീകരണം താഴെ 41-ാം വചനത്തില്‍ വെച്ചുകാണാം. إن شاء الله

അബൂഉമാമഃ (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'അന്‍ഫാലി'നെക്കു റിച്ചു ഞാന്‍ ഉബാദത്തുബ്നുസ്സ്വാമിത്ത് (റ) നോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു: ബദ്ര്‍ യുദ്ധത്തിന്റെ ആള്‍ക്കാരായ ഞങ്ങളുടെ വിഷയത്തിലാണ് അത് അവതരിച്ചത്. അതാ യത്, ഞങ്ങള്‍ ഗനീമത്തിനെപ്പറ്റി ഭിന്നിച്ചപ്പോള്‍, അത് സംബന്ധിച്ചു ഞങ്ങളുടെ സ്വഭാവം വളരെ ചീത്തയായിപ്പോയി. അപ്പോള്‍, അല്ലാഹു അത് ഞങ്ങളുടെ കൈകളില്‍ നിന്ന് പിടിച്ചെടുത്തു റസൂല്‍ തിരുമേനിﷺയെ ഏല്‍പിച്ചു. അങ്ങനെ, തിരുമേനി അത് മുസ് ലിംകള്‍ക്കിടയില്‍ സമത്തില്‍ ഭാഗിച്ചു. (അ:ബ; ഹാ; ഇബ്നുജരീര്‍)

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ ءَايَٰتُهُۥ زَادَتْهُمْ إِيمَٰنًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ۝٢

﴾2﴿ നിശ്ചയമായും സത്യവിശ്വാസികള്‍ യാതൊരു കൂട്ടര്‍ മാത്രമാകുന്നു: അല്ലാഹുവിനെക്കുറിച്ചു പ്രസ്താവിക്കപ്പെട്ടാല്‍ (അഥവാ ഓര്‍മവന്നാല്‍) അവരുടെ ഹൃദയങ്ങള്‍ പേടിച്ചു (നടുങ്ങി) പോകുന്നതാണ്; അവരില്‍ അവന്റെ ആയത്തു' [ലക്ഷ്യം]കള്‍ ഓതിക്കേള്‍പ്പിക്കപ്പെട്ടാല്‍ അതവര്‍ക്ക് വിശ്വാസം വര്‍ദ്ധിപ്പിക്കുകയും ചെയ്യും; തങ്ങളുടെ റബ്ബിന്റെ മേല്‍ അവര്‍ ഭരമേല്‍പ്പിക്കുകയും ചെയ്യും.

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَمِمَّا رَزَقْنَٰهُمْ يُنفِقُونَ ۝٣

﴾3﴿ അതായത്, നമസ്കാരം നിലനിറുത്തുകയും, നാം അവര്‍ക്ക് നല്‍കിയതില്‍നിന്ന് ചിലവഴിക്കുകയും ചെയ്യുന്നവര്‍.

أُولَٰٓئِكَ هُمُ ٱلْمُؤْمِنُونَ حَقًّا ۚ لَّهُمْ دَرَجَٰتٌ عِندَ رَبِّهِمْ وَمَغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٤﴾

﴾4﴿ അക്കൂട്ടർ തന്നെയാണ്, യഥാർത്ഥത്തിൽ സത്യവിശ്വാസികൾ. അവർക്ക് തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ പല പദവികളും പാപമോചനവും, മാന്യമായ ഉപജീവനവുമുണ്ടായിരിക്കും.

﴾2﴿ إِنَّمَا الْمُؤْمِنُونَ നിശ്ചയമായും സത്യവിശ്വാസികൾ الَّذِينَ യാതൊരു കൂട്ടർ (തന്നെ-മാത്രം) ആകുന്നു إِذَا ذُكِرَ പറയ (പ്രസ്താവിക്ക-ഓർക്ക) പ്പെട്ടാൽ اللَّهُ അല്ലാഹു (വിനെക്കുറിച്ചു) وَجِلَتْ നടുങ്ങും, പേടിക്കുന്നതാണ് قُلُوبُهُمْ അവരുടെ ഹൃദയങ്ങൾ وَإِذَا تُلِيَتْ പാരായണം ചെയ്യ (ഓതികേൾപ്പിക്ക) പ്പെട്ടാൽ عَلَيْهِمْ അവർക്ക്, അവരുടെ മേൽ آيَاتُهُ അവന്റെ ആയത്തു (ലക്ഷ്യം-ദൃഷ്ടാന്തം-സൂക്തം) കൾ زَادَتْهُمْ അത് (അവ) അവർക്ക് വർദ്ധിപ്പിക്കും إِيمَانًا വിശ്വാസത്തെ وَعَلَىٰ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ മേൽ يَتَوَكَّلُونَ അവർ തവക്കുലാക്കുന്നതാണ്. ഭരമേൽപിക്കുകയും ചെയ്യും. ﴾3﴿ الَّذِينَ يُقِيمُونَ നിലനിറുത്തിപ്പോരുന്നവർ الصَّلَاةَ നമസ്കാരത്തെ وَمِمَّا رَزَقْنَاهُمْ അവർക്ക് നാം നൽകിയതിൽനിന്നും يُنفِقُونَ അവർ ചിലവഴിക്കും. ﴾4﴿ أُولَٰئِكَ هُمُ അക്കൂട്ടർ (അവർ) തന്നെ الْمُؤْمِنُونَ സത്യവിശ്വാസികൾ حَقًّا യഥാർത്ഥ, സത്യമായും لَهُمْ അവർക്കുണ്ട്, ഉണ്ടായിരിക്കും دَرَجَاتٌ പല പദവികൾ عِندَ رَبِّهِمْ തങ്ങളുടെ റബ്ബിന്റെ അടുക്കൽ وَمَغْفِرَةٌ പാപമോചനവും وَرِزْقٌ ഉപജീവനവും, ആഹാരവും كَرِيمٌ മാന്യമായ.

നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെയും റസൂലിനെയും അനുസിക്കണമെന്നും മറ്റും കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആരാണ് യഥാർത്ഥ സത്യവിശ്വാസികൾ? അവരുടെ പ്രധാന ലക്ഷണങ്ങളെന്ത്? അതാണ് ഈ വചനങ്ങളിൽ വിവരിക്കുന്നത്. സത്യവിശ്വാസികളുടെ അഞ്ചു ഗുണങ്ങളാണ് അല്ലാഹു ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നത്. അതായത് :-

1. അല്ലാഹുവിനെക്കുറിച്ചു ഓർമ വന്നാൽ അവരുടെ ഹൃദയം പേടിച്ചു നടുങ്ങും. എന്നുവെച്ചാൽ, ഹിതമല്ലാത്ത വല്ല കാര്യത്തിലും പ്രവേശിക്കുമ്പോൾ- സ്വയം തന്നെയോ, മറ്റൊരാൾ വഴിയോ- അല്ലാഹുവിനെ സംബന്ധിച്ച ഓർമ വരേണ്ട താമസമേയുള്ളൂ. ഉടനെ അവരുടെ ഹൃദയങ്ങൾക്ക് നടുക്കവും ഭയവും അനുഭവപ്പെടും. അങ്ങനെ, അതിൽനിന്ന് പിൻമാറുകയും ചെയ്യും. അല്ലാഹുവിനെക്കുറിച്ചു ഭയപ്പാട് തോന്നിയാൽ പിന്നെ പാപത്തിൽനിന്ന് വിരമിക്കുകയും, പുണ്യം വർദ്ധിപ്പിക്കുകയും ചെയ്യുക സ്വാഭാവികമാണല്ലോ. സ്വർഗാവകാശികളായ ഭയഭക്തൻമാരെപ്പറ്റി വിവരിക്കുന്ന കൂട്ടത്തിൽ ആലുഇംറാൻ 135 ൽ അല്ലാഹു പറയുന്നു: وَالَّذِينَ إِذَا فَعَلُوا فَاحِشَةً أَوْ ظَلَمُوا..... (വല്ല നീചവൃത്തിയും ചെയ്യുകയോ, തങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്താൽ അല്ലാഹുവിനെ ഓർമിക്കുകയും, അങ്ങനെ, തങ്ങളുടെ പാപങ്ങൾക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുന്നവരും.)

2. അല്ലാഹുവിന്റെ ആയത്തുകൾ-ദൃഷ്ടാന്തങ്ങളും വചനങ്ങളുമാകുന്ന ലക്ഷ്യങ്ങൾ- ഓതിക്കേട്ടാൽ അതവർക്ക് വിശ്വാസം വർദ്ധിപ്പിക്കും. അടുത്ത സൂറത്തിൽ അല്ലാഹു പറയുന്നു: وَإِذَامَاأُنزِلَتْ سُورَةٌ.... (സാരം: വല്ല സൂറത്തും അവതരിപ്പിക്കപ്പെടുമ്പോൾ അവരിൽ ചിലർ - കപടവിശ്വാസികൾ - പറയും: നിങ്ങളിൽ ആർക്കാണിത് വിശ്വാസം വർദ്ധിപ്പിച്ചതെന്ന്. എന്നാൽ, വിശ്വസിച്ചവർക്ക് അത് വിശ്വാസം വർദ്ധിപ്പിക്കുന്നു. അവർ സന്തോഷമടയുകയും ചെയ്യും. (തൗബഃ : 124, 125) ഇതുപോലെയുള്ള വചനങ്ങളെ അടിസ്ഥാനമാക്കിയാണ് സത്യവിശ്വാസം ഏറ്റക്കുറവ് സ്വീകരിക്കുന്നതെന്നും, സൽക്കർമങ്ങളും ദൃഷ്ടാന്തങ്ങളുംവഴി അതിൽ വർദ്ധനവുണ്ടാകുമെന്നും, പാപങ്ങൾ മൂലം സത്യവിശ്വാസത്തിൽ കുറവ് നേരിടുമെന്നുമൊക്കെയാണ് ഇമാം ബുഖാരി (റ) പോലുള്ള മഹാന്മാർ പലരും അഭിപ്രായപ്പെട്ടിരിക്കുന്നത്. വാസ്തവവും അങ്ങിനെ ത്തന്നെ. യഥാർത്ഥ സത്യവിശ്വാസികൾ തന്നെയും പല പദവിക്കാരായിരിക്കുമെന്ന് 4-ാം വചനത്തിൽ പറഞ്ഞതും ഇതിന് തെളിവാകുന്നു.

3. തങ്ങളുടെ കാര്യങ്ങൾ അവർ അല്ലാഹുവിൽ ഭരമേൽപിക്കുന്നു. അല്ലാഹുവിന്റെ പ്രീതിയും സ്നേഹവുമല്ലാതെ മറ്റാരുടെ പ്രീതിയും പൊരുത്തവും അവർക്കു ലക്ഷ്യ മില്ല. അവരുടെ ആവശ്യങ്ങൾ സാധിക്കുന്നതിന് അവർ അല്ലാഹുവിനെ മാത്രമേ ആശ്ര യിക്കുകയുള്ളൂ. അവനോടല്ലാതെ അതിനുവേണ്ടി അവർ പ്രാർത്ഥിക്കുകയോ അപേ ക്ഷിക്കയോ ചെയ്കയില്ല. അവൻ ഉദ്ദേശിക്കുന്നതേ ഉണ്ടാകൂ എന്നും, അവൻ ഉദ്ദേശി ക്കാത്തതൊന്നും ഉണ്ടാകുകയില്ലെന്നും അവർക്ക് ദൃഢവിശ്വാസവുമുണ്ടായിരിക്കും. അവൻ എന്ത് നൽകുന്നുവോ അതിൽ അവർ സംതൃപ്തരുമായിരിക്കും. ഈ മൂന്നു ലക്ഷ ണങ്ങളും അവരുടെ വിശ്വാസ ശക്തിയെ സാക്ഷീകരിക്കുന്നവയാകുന്നു. വിശ്വാസം ദൃഢ തരത്തിലുള്ളതായിരിക്കുമ്പോൾ അവരിൽ കർമരംഗത്തുണ്ടാകുന്ന രണ്ടു ഗുണങ്ങളാണ് 4-ാമത്തേതും, 5-ാമത്തേതും. അതായത് അവർ നമസ്കാരം നിലനിറുത്തിപ്പോരുകയും, അല്ലാഹു തങ്ങൾക്ക് നൽകിയ കഴിവിൽ നിന്ന് ചിലവഴിച്ചുകൊണ്ടിരിക്കുകയും ചെയ്യു മെന്ന് പറഞ്ഞത്.

അല്ലാഹുവിനോട് നിർവ്വഹിക്കേണ്ടുന്ന കർമപരമായ കടമകളിൽ പ്രധാനമായത് നമ സ്കാരവും, മനുഷ്യരോട് നിർവ്വഹിക്കേണ്ടുന്ന കടമകളിൽ പ്രധാനമായത് ദാനധർമങ്ങ ളുമാണല്ലോ. അതുകൊണ്ടാണ് അവ രണ്ടും പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നത്. കൃത്യനിഷ്ഠയോടുകൂടി നിർബന്ധങ്ങളും നിബന്ധനകളും മര്യാദകളും പൂർത്തിയാക്കി ക്കൊണ്ടും, മനസ്സാന്നിധ്യത്തോടും ഭയഭക്തിയോടുകൂടിയും നമസ്കരിച്ചുപോരുക എന്നത്രെ നമസ്കാരം നിലനിറുത്തുന്നതിന്റെ ശരിയായ വിവക്ഷ. ധനം ചിലവഴിക്കുക എന്ന് പറഞ്ഞതിൽ, നിർബന്ധമായതും ഐച്ഛികമായതുമായ എല്ലാതരം ദാനധർമങ്ങളും ഉൾപ്പെടുന്നു. ഈ പറഞ്ഞ ലക്ഷണങ്ങളെല്ലാം ആരിലുണ്ടോ അവർ യഥാർത്ഥത്തിലുള്ള സത്യവിശ്വാസികളാകുന്നു. എന്നാൽ, യഥാർത്ഥ സത്യവിശ്വാസികൾ എല്ലാവരും ദാന ധർമങ്ങളും ഉൾപ്പെടുന്നു. ഈ പറഞ്ഞ ലക്ഷണങ്ങളെല്ലാം ആരിലുണ്ടോ അവർ യഥാർത്ഥത്തിലുള്ള സത്യവിശ്വാസികളാകുന്നു. എന്നാൽ, യഥാർത്ഥ സത്യവിശ്വാസി കൾ എല്ലാവരും ഒരേ പദവിയിലുള്ളവരായിരിക്കില്ല. പ്രസ്തുത ഗുണങ്ങളിൽ മാത്രമല്ല, ഉദ്ദേശ്യ ശുദ്ധി, ഭയഭക്തി, പ്രതികൂല സാഹചര്യങ്ങൾ മുതലായ പലതിലും വ്യക്തികൾ തമ്മിൽ ഏറ്റക്കുറവുണ്ടായിരിക്കുമല്ലോ. അതനുസരിച്ചു അല്ലാഹുവിങ്കൽ നിന്ന് അവർക്ക് ലഭിക്കുന്ന സ്ഥാനപദവികളിലും വ്യത്യാസമുണ്ടായിരിക്കും. പാപമോചനവും, മാന്യമായ ഉപജീവനവും-അഥവാ സ്വർഗീയ ജീവിതവും- എല്ലാവർക്കും ലഭിക്കുകയും ചെയ്യും.

അത്, لَهُمْ دَرَجَاتٌ عِندَ رَبِّهِمْ (അവർക്ക് അവരുടെ റബ്ബിന്റെ അടുക്കൽ പല പദവികളും, പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കുന്നതാണ്.)

ഹാരിഥുബ്നു മാലികിൽ അൻസ്വാരീ (റ) യിൽ നിന്ന്-മാർഗം വളരെ പ്രബലമല്ലെങ്കിലും-ഇമാം ത്വബ്റാനീ (റ) ഇപ്രകാരം നിവേദനം ചെയ്യുന്നു: ഒരിക്കൽ അദ്ദേഹത്തിന്റെ അടുക്കൽകൂടി റസൂൽﷺ നടന്നുപോകുമ്പോൾ, അദ്ദേഹത്തിന്റെ വർത്തമാനം അന്വേഷിച്ചു. അതിന് അദ്ദേഹം ഇങ്ങിനെ ഉത്തരം പറഞ്ഞു: ' ഞാൻ യഥാർത്ഥ സത്യവിശ്വാസിയായിത്തന്നെയിരിക്കുന്നു.' തിരുമേനി പറഞ്ഞു: 'താൻ പറയുന്നതെന്താണെന്ന് ആലോചിക്കുക. കാരണം, ഓരോ കാര്യത്തിനുമുണ്ട് ഒരു യാഥാർത്ഥ്യം. അപ്പോൾ, തന്റെ വിശ്വാസത്തിന്റെ യാഥാർത്ഥ്യമെന്താണ്?' അദ്ദേഹം പറഞ്ഞു: 'എന്റെ മനസ്സിനു ഇഹത്തിൽ (ഇഹലോക സുഖത്തിൽ) താൽപര്യമില്ലാതായിരിക്കുന്നു. അങ്ങനെ, ഞാൻ രാത്രി ഉറക്കൊഴിക്കുന്നു. (നമസ്കരിക്കുന്നു.) പകലിൽ ഞാൻ ദാഹിക്കുന്നു. (നോമ്പുപിടിക്കുന്നു.) എന്റെ റബ്ബിന്റെ സിംഹാസനത്തെ ഞാൻ പ്രത്യക്ഷത്തിൽ കാണുന്നതുപോലെ തോന്നുന്നു. സ്വർഗക്കാർ പരസ്പരം സന്ദർശിക്കുന്നതും ഞാൻ നോക്കിക്കാണുന്ന പോലെ തോന്നുന്നു. നരകക്കാർ അതിൽ വെച്ച് നിലവിളിച്ചുകരയുന്നതും ഞാൻ നോക്കിക്കാണുന്നതുപോലെ തോന്നുന്നു'. അപ്പോൾ തിരുമേനി പറഞ്ഞു: يَا حَارث عرفت فالزم (ഹാരിഥേ, താൻ മനസ്സിലാക്കിയിരിക്കുന്നു. എനി, അത് കൈവിടാതിരിക്കുക.') അബൂസഈദിൽ ഖുദ്രീ (റ) പറയുകയാണ്: 'ആകാശ മണ്ഡലത്തിൽ ദൂരെ സ്ഥിതി ചെയ്യുന്ന പ്രകാശിതങ്ങളായ നക്ഷത്രങ്ങളെ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും നിങ്ങൾ നോക്കിക്കാണുന്നതുപോലെ, ഉന്നത സ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുന്നവരെ സ്വർഗത്തിലുള്ളവർ തങ്ങളുടെ ഉപരിഭാഗത്തുവെച്ച് നോക്കിക്കാണുന്നതാണ്. അവർ തമ്മിലുള്ള സ്ഥാന വ്യത്യാസമാണിതിന് കാരണം' അപ്പോൾ സ്വഹാബികൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അത് പ്രവാചകന്മാരുടെ പദവികളായിരിക്കും. മറ്റുള്ളവർക്ക് അത് പ്രാപിക്കുവാൻ കഴിയുകയില്ലല്ലോ. 'അപ്പോൾ തിരുമേനി പറഞ്ഞു: ഇല്ലാതെ, എന്റെ ആത്മാവ് യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെയാണ! അതൊക്കെ, അല്ലാഹുവിൽ വിശ്വസിക്കുകയും! റസൂലുകളെ സത്യപ്പെടുത്തുകയും ചെയ്തിട്ടുള്ള ആളുകളായിരിക്കും.' (ബു.മു.)

كَمَآ أَخْرَجَكَ رَبُّكَ مِنۢ بَيْتِكَ بِٱلْحَقِّ وَإِنَّ فَرِيقًا مِّنَ ٱلْمُؤْمِنِينَ لَكَـٰرِهُونَ ﴿٥﴾

(5) (അതെ) നിന്റെ റബ്ബ് നിന്റെ വീട്ടിൽ [വാസസ്ഥലത്തിൽ] നിന്ന് ന്യായ (മായ കാര്യ) ത്തോടെ നിന്നെ പുറപ്പെടുവിച്ചതുപോലെ (ത്തന്നെയാണ് അതും സംഭവിച്ചത്); സത്യവിശ്വാസികളിൽനിന്ന് ഒരു സംഘം ആളുകൾ, നിശ്ചയമായും വെറുക്കുന്നവർ തന്നെയായിരുന്നു. [എന്നിട്ടും നിന്നെ പുറപ്പെടുവിച്ചതുപോലെ.]

يُجَـٰدِلُونَكَ فِى ٱلْحَقِّ بَعْدَ مَا تَبَيَّنَ

(6) ന്യായ (മായ കാര്യ) ത്തിൽ - അത് വ്യക്തമായിത്തീർന്നശേഷം - അവർ നിന്നോട് തർക്കം നടത്തി

كَأَنَّمَا يُسَاقُونَ إِلَى ٱلْمَوْتِ وَهُمْ يَنظُرُونَ ﴿٦﴾

യിരുന്നു; അവരെ മരണത്തിലേക്ക്, അവർ (അത്) നോക്കി (ക്കണ്ടു) കൊണ്ടിരിക്കെ, തെളിക്കപ്പെടുന്നുവെന്നതുപോലെ!

﴾5﴿ كَمَآ أَخْرَجَكَ നിന്നെ പുറപ്പെടുവിച്ചതുപോലെ رَبُّكَ നിന്റെ റബ്ബ് مِنۢ بَيْتِكَ നിന്റെ വീട്ടിൽ നിന്ന് بِٱلْحَقِّ ന്യായത്തോടെ, ന്യായപ്രകാരം, കാര്യസമേതം وَإِنَّ فَرِيقًا നിശ്ചയമായും ഒരുകൂട്ടം (സംഘം) ആകട്ടെ (ആയിരിക്കട്ടെ) مِّنَ ٱلْمُؤْمِنِينَ സത്യവിശ്വാസികളിൽനിന്ന് لَكَـٰرِهُونَ അതൃപ്തർ (വെറുക്കുന്നവർ) തന്നെ (യായിരുന്നു) ﴾6﴿ يُجَـٰدِلُونَكَ അവർ നിന്നോട് തർക്കം നടത്തിയിരുന്നു തർക്കിച്ചുകൊണ്ട്, തർക്കിക്കുന്നു فِى ٱلْحَقِّ കാര്യ (ന്യായമായ) ത്തിൽ بَعْدَ ശേഷം مَا تَبَيَّنَ അത് വ്യക്തമായി (വെളിവായി) ത്തീർന്നതിന്റെ كَأَنَّمَا يُسَاقُونَ അവർ തെളിക്കപ്പെടുന്നുവെന്നപോലെ إِلَى ٱلْمَوْتِ മരണത്തിലേക്ക് وَهُمْ അവർ, അവരായിരിക്കെ يَنظُرُونَ നോക്കുന്നു (കാണുന്നു)

ബദ്ർ യുദ്ധത്തിലെ ഗനീമത്ത് സ്വത്തുക്കളെ സംബന്ധിച്ചു സത്യവിശ്വാസികളിൽ ഉണ്ടായ ഭിന്നാഭിപ്രായവും, അതിൽ അല്ലാഹു വിധികൽപിച്ചതും മുമ്പ് പ്രസ്താവിച്ചുവല്ലോ. അല്ലാഹുവിന്റെ വിധി എല്ലാവരും സ്വീകരിക്കുക തന്നെ ചെയ്തുവെങ്കിലും പലരുടെയും ആഗ്രഹത്തിനും ഇഷ്ടത്തിനും എതിരായിരുന്നു ആ വിധി. അതുപോലെയുള്ള ഒരവസ്ഥ തന്നെയാണ് ബദ്ർ യുദ്ധത്തിലേക്കുള്ള നബി ﷺ യുടെ പുറപ്പാടിന്റെ സമയത്തും ഉണ്ടായതെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. ന്യായയുക്തവും കാര്യപ്പെട്ടതുമായ ഒരു വിഷയമായിരുന്നിട്ടും സത്യവിശ്വാസികളിൽ ഒരു വിഭാഗം ആളുകൾക്ക് ആ പുറപ്പാട് ഒട്ടും തൃപ്തികരമല്ലാതിരുന്ന ഒരവസ്ഥയിലാണ് അല്ലാഹു അതിന് കളമൊരുക്കിയത്. യുദ്ധം അനിവാര്യവും, അതിൽ വിജയം സുനിശ്ചിതവുമാണെന്ന് വ്യക്തമായി മനസ്സിലായിട്ടും ഓരോ കാരണങ്ങൾ പറഞ്ഞു ചിലർ നബി ﷺ യുമായി തർക്കം നടത്തി. മരണഹേതു കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കെ, അതിലേക്ക് പിടിച്ചുവലിച്ചു കൊണ്ടുപോകുന്നതു പോലെയുള്ള ഭയമായിരുന്നു അതിന് കാരണം എന്നാണ് അല്ലാഹു പറഞ്ഞതിന്റെ സാരം. അല്ലാഹു നടപ്പിൽ വരുത്തുന്ന ഓരോ കാര്യങ്ങളിലും അവൻ പല ലക്ഷ്യങ്ങളും രഹസ്യങ്ങളും കണ്ടുവെച്ചിട്ടുണ്ടാകും. അവയെപ്പറ്റി മനുഷ്യർക്ക് നേരത്തെ ഒന്നും മനസ്സിലാക്കുവാൻ കഴിയാതെ വരും. അതുകൊണ്ട് അല്ലാഹു അവന്റെ റസൂൽ മുഖാന്തരം കൽപിക്കുന്ന കാര്യങ്ങൾ ചോദ്യം ചെയ്യാതെയും മടികൂടാതെയും അതേപടി അനുസരിക്കുന്നതിലായിരിക്കും അവരുടെ നന്മ. അതവരുടെ കടമയുമാണ് എന്ന് താൽപര്യം.

ഈ വചനങ്ങളുടെയും, ഈ സൂറത്തിലെ മറ്റു ചില വചനങ്ങളുടെയും ആശയങ്ങൾ മനസ്സിലാക്കുവാൻ ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തലത്തെപ്പറ്റി സാമാന്യം അറിയുന്നത് നന്നായിരിക്കും.

മക്കാ ഖുറൈശികളുടെ ഉപജീവനമാർഗം പ്രധാനമായും ശാമിലേക്കും യമനിലേക്കും അവർ നടത്താറുള്ള കച്ചവടയാത്രകളെ ആശ്രയിച്ചായിരുന്നു. (ഇത് സംബന്ധിച്ചു സൂറത്തു ഖുറൈശിൽ വിവരിച്ചിട്ടുണ്ട്.) ഹിജ്റഃ രണ്ടാം കൊല്ലത്തിൽ അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ (*) ഒരു കച്ചവടസംഘം ശാമിലേക്കു പോയി. ഖുറൈശികളായ ഓരോ ആണും പെണ്ണും തങ്ങളാൽ കഴിയുന്നത്ര സംഖ്യ മുതൽമുടക്കിക്കൊണ്ടുള്ള ഒരു വമ്പിച്ച കച്ചവട യാത്രയായിരുന്നു അത്. ഈ യാത്രമൂലം ലഭിക്കുന്ന നേട്ടങ്ങൾ അവർ മുസ്‌ലിംകൾക്കെതിരെ വിനിയോഗിക്കുവാൻ ഉപയോഗപ്പെടുത്തുകയും ചെയ്തേക്കും. കച്ചവട സംഘം ശാമിലേക്ക് പോകുന്ന വിവരമറിഞ്ഞപ്പോൾ, അവരെ വഴിമദ്ധ്യേ തടയുവാൻ നബി ﷺ യും കുറേ ആളുകളും കൂടി പുറപ്പെട്ടുപോയി. പക്ഷേ, അപ്പോഴേക്കും കച്ചവടസംഘം കടന്നുപോയിരുന്നു. അവരുടെ മടക്കം നബി ﷺ കാത്തിരുന്നു. മടക്കവിവരം അറിഞ്ഞപ്പോൾ, അവരെ നേരിടുവാൻ നബി ﷺ സ്വഹാബികളെ പ്രോത്സാഹിപ്പിച്ചു. വാഹനവും മറ്റും തയ്യാറുള്ളവർ പോന്നുകൊള്ളട്ടെ എന്ന് പറഞ്ഞതല്ലാതെ, അധിക സമ്മർദ്ദമൊന്നും നബി ﷺ ചെലുത്തിയിരുന്നില്ല. അതിനാൽ, ഒരു യുദ്ധത്തിന്റെ ഉദ്ദേശ്യമില്ലെന്നു ധരിച്ച് പലരും മുന്നോട്ടുവന്നില്ല. തയ്യാറെടുത്തവരെയും കൊണ്ട് നബി ﷺ പുറപ്പെട്ടു. മുന്നൂറ്റി പതിമൂന്നു പേരായിരുന്നു അവർ. അവരിൽ 240 ൽപരം ആളുകൾ അൻസ്വാരികളും ബാക്കി മുഹാജിറുകളുമായിരുന്നു. വാഹനങ്ങൾ രണ്ടു കുതിരകളും ഏഴു ഒട്ടകങ്ങളും മാത്രം. അവയെ അവർ മാറിമാറി ഉപയോഗിച്ചിരുന്നു.

വർത്തക സംഘം നബി ﷺ യുടെയും സ്വഹാബികളുടെയും പുറപ്പാടിന്റെ വിവരം മണത്തറിഞ്ഞു. അബൂസുഫ്‌യാൻ സഹായാർത്ഥന ചെയ്തുകൊണ്ട് മക്കായിലേക്ക് ആളയച്ചു. അതിനെത്തുടർന്നു ഖുറൈശികൾ വളരെ വീറോടുകൂടി ഒരു വമ്പിച്ച സൈന്യസന്നാഹം നടത്തി. അബൂജഹ്‌ലിന്റെ നായകത്വത്തിൻകീഴിൽ ആയിരത്തോളം വരുന്ന ഒരു പട്ടാള സംഘം തയ്യാറായി പുറപ്പെട്ടു. മിക്ക ഖുറൈശീ നേതാക്കളും സംബന്ധിച്ചിരുന്ന ആ സൈന്യത്തിൽ നൂറു കുതിരകളും, എഴുനൂറു ഒട്ടകങ്ങളും ഉണ്ടായിരുന്നു. നബി ﷺ റൗഹാഉ് (**) എന്ന സ്ഥലത്തെത്തിയപ്പോൾ മാത്രമാണ് പട്ടാള സംഘത്തിന്റെ വരവിനെപ്പറ്റി അറിവായത്. അടുത്ത ദിവസം കച്ചവടസംഘം ബദ്റി (***) ൽ എത്തുമെന്നും കേട്ടു. നബി ﷺ തന്റെ കൂടെയുള്ള സൈന്യത്തിലെ തലവൻമാരെ വിളിച്ചുകൂട്ടി അവരോട് കച്ചവടസംഘമോ, പട്ടാള സംഘമോ രണ്ടിലൊന്ന് എനിക്ക് നൽകാമെന്ന്

(*) അബൂസുഫ്‌യാൻ (റ) ഒരു വലിയ ഖുറൈശീ നേതാവും, നബി ﷺ യുടെ പത്നി ഉമ്മുഹബീബ (റ) യുടെ പിതാവുമായിരുന്നു. അതേ സമയത്ത് മുസ്‌ലിംകളുടെ കഠിന ശത്രുവും, പല യുദ്ധങ്ങളിലും മുസ്‌ലിംകൾക്കെതിരെ ഖുറൈശീ സൈന്യത്തിന്റെ നേതൃത്വം വഹിച്ച ആളും ആയിരുന്നു. പിന്നീട് മക്കാ വിജയമുണ്ടായപ്പോൾ പലരെയും പോലെ അദ്ദേഹവും മുസ്‌ലിമായിത്തീർന്നു.

(**) മദീനയിൽ നിന്ന് 30-40 നാഴിക തെക്കു പടിഞ്ഞാറാണ് റൗഹാഉ് (رَوْحَاء)

(***) മക്കയുടെയും മദീനയുടെയും ഇടയിൽ കൊല്ലംതോറും വമ്പിച്ച കച്ചവട മേളകൾ നടക്കുന്ന സ്ഥലമായിരുന്നു ബദ്ർ. ഇപ്പോൾ പല ഹാജിമാരും മദീനാ യാത്രാ വേളയിൽ ആ സ്ഥലം സന്ദർശിക്കാറുണ്ടല്ലോ.

അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയും, അവരുടെ അഭിപ്രായം ആരായുകയും ചെയ്തു. രണ്ടിൽ ഏതിനെ നേരിട്ടാലും അതിൽ വിജയം മുസ്‌ലിംകൾക്കായിരിക്കുമെന്നാണ് ഇതിന്റെ അർത്ഥമെന്ന് വ്യക്തമാണല്ലോ. അബൂബക്ർ, ഉമർ (റ) മുതലായവർ തൃപ്തികരമായ മറുപടി നൽകി. എങ്കിലും പലരുടെയും മറുപടി തൃപ്തികരമായിരുന്നില്ല. ശക്തി കുറവായ കച്ചവടസംഘത്തെ നേരിടാം. അത് നമ്മുടെ ശക്തി വർദ്ധിപ്പിക്കുവാൻ ഉപയോഗപ്പെടും. പട്ടാളസംഘത്തെ നേരിടുവാനുള്ള ഒരുക്കമോ കഴിവോ നമുക്കില്ല, നേരത്തെത്തന്നെ വിവരമറിഞ്ഞിരുന്നുവെങ്കിൽ നമുക്കതിന് ഒരുക്കം ചെയ്തുവരാമായിരുന്നു എന്നിങ്ങിനെ പലരും പറഞ്ഞു. ഇത് നബിﷺയുടെ മനസ്സിനെ വേദനിപ്പിച്ചുവെന്ന് പറയേണ്ടതില്ലല്ലോ.

ഈ അവസരത്തിൽ മിക്ദാദുബ്നുൽ അസ്‌വദ് (റ) എഴുന്നേറ്റ് ഇപ്രകാരം പറഞ്ഞു: 'അങ്ങയോടു അല്ലാഹു എന്തു കൽപിച്ചുവോ അതിലേക്ക് അങ്ങുന്ന് പോയിക്കൊള്ളുക. ഇസ്‌റാഈല്യർ മൂസാ നബി(അ)യോട്: **اذهب انت وربك فقاتلا انا ههنا قاعدون** (താനും തന്റെ റബ്ബും പോയി യുദ്ധം ചെയ്തു കൊള്ളുക, ഞങ്ങളിവിടെ ഇരിക്കുകയാണ്) എന്ന് പറഞ്ഞതുപോലെ ഞങ്ങൾ ഒരിക്കലും പറയുകയില്ല. ബറക്കുൽ ഗിമാദിലേക്കു (*) തന്നെ ഞങ്ങളെ വിളിച്ചാലും ഞങ്ങൾ അങ്ങയുടെ ഒന്നിച്ചു വരുവാൻ തയ്യാറാകുന്നു.' എന്നാൽ, അൻസ്വാരികളുടെ നിലപാട് എന്താണെന്ന് വ്യക്തമാകാതിരുന്നത് കൊണ്ടും, 'ബൈഅത്തുൽ അകബഃ (**) യിലെ നിശ്ചയപ്രകാരം മദീനയിൽനിന്ന് പുറത്തുവെച്ച് ശത്രുക്കൾക്കെതിരെ നബിﷺയെ സഹായിക്കുവാനുള്ള ബാദ്ധ്യത അവർക്കില്ലാത്തതുകൊണ്ടും അവരുടെ അഭിപ്രായം കൂടി അറിയണമെന്ന് നബിﷺ ആഗ്രഹിച്ചു. അൻസ്വാരികളുടെ നേതാവായ സഅ്ദുബ്നു മുആദ് (റ) എഴുന്നേറ്റു ഇങ്ങിനെ പറഞ്ഞു: 'ഞങ്ങൾ അങ്ങയിൽ വിശ്വസിക്കുകയും, അങ്ങുന്നുകൊണ്ടുവന്നതിനെയെല്ലാം ശരിവെക്കുകയും, അങ്ങേക്ക് പ്രതിജ്ഞ നൽകുകയും ചെയ്തവരാണ്. അങ്ങയോട് അല്ലാഹു കൽപിച്ച പ്രകാരം ചെയ്തുകൊള്ളുക. ഈ സമുദ്രം വിലങ്ങിൽ കടന്നുപോകുവാൻ അങ്ങുന്ന് കൽപിച്ചാലും ഞങ്ങൾ സമുദ്രത്തിൽ ഇറങ്ങുവാൻ തയ്യാറാണ്.' തിരുമേനി വളരെ സന്തോഷിച്ചു. അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ അനുഗ്രഹത്തോടെ നടക്കുവിൻ. സന്തോഷിക്കുകയും ചെയ്യുവിൻ. ആ ജനങ്ങൾ വീണുകിടക്കുന്ന സ്ഥാനങ്ങൾ ഞാൻ (കൺമുമ്പിൽ) കാണുന്നപോലെ തോന്നുന്നു!'

ഇതെല്ലാമായപ്പോഴേക്കും അബൂസുഫ്‌യാനും വർത്തകസംഘവും യാത്രാമാർഗം മാറ്റി ചെങ്കടൽ തീരമാർഗം രക്ഷപ്പെട്ടുപോയി. തങ്ങൾ രക്ഷപ്പെട്ടിട്ടുണ്ടെന്നും, അതുകൊണ്ട്

(*) യമനിന്റെ അങ്ങേ അറ്റത്തുള്ള ഒരു രാജ്യമാണത്. വേറെയും ചില അഭിപ്രായങ്ങളുണ്ട്.

(**) മദീനാ ഹിജ്റഃക്കു മുമ്പായി മദീനയിൽ നിന്ന് ഹജ്ജിന് വന്നിരുന്ന ചിലർ നബിﷺയിൽ വിശ്വസിക്കുകയും മദീനയിൽ വന്നാൽ നബിﷺയെയും മുസ്‌ലിംകളെയും സഹായിച്ചുകൊള്ളാമെന്ന് അവർ നബിﷺക്ക് ബൈഅത്ത് (പ്രതിജ്ഞ) നൽകുകയും ചെയ്തു. ഇതിന്നാണ് ബൈഅത്തുൽ അകബഃ എന്ന് പറയുന്നത്. മക്കയിലെ അൽഅകബഃയിൽ വെച്ചാണിത് നടന്നത്.

മടങ്ങിപ്പോകാമെന്നും, അറിയിച്ചുകൊണ്ടു അബൂസുഫ്‌യാൻ പട്ടാളസംഘത്തിലേക്ക് ദൂതനെ അയക്കുകയും ചെയ്തു. ചുരുക്കം ചിലർ അങ്ങിനെ മടങ്ങിപ്പോയെങ്കിലും അബൂ ജഹ്ൽ മടങ്ങുവാൻ കൂട്ടാക്കിയില്ല. ബദ്റിൽ ചെന്നിറങ്ങി തിന്നും കുടിച്ചും, മതിച്ചും, പുളച്ചും മൂന്നുദിവസം കഴിച്ചുകൂട്ടി ജയഭേരി മുഴക്കിയേ മടങ്ങൂ എന്ന് നിശ്ചയിച്ചുകൊണ്ട് സൈന്യം ബദ്റിൽ വന്നിറങ്ങി. ഇതോടെ, പട്ടാളസംഘത്തോടുള്ള ഏറ്റുമുട്ടൽ സുനി ശ്ചിതമായിത്തീർന്നു.

വിശദാംശങ്ങളിൽ ചിലപ്പോഴൊക്കെ വ്യത്യാസം കണ്ടേക്കുമെങ്കിലും ക്വുർആൻ വ്യാഖ്യാതാക്കളും, ഇസ്‌ലാം ചരിത്രകാരന്മാരും ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തലം വിവ രിച്ചിട്ടുള്ളതിന്റെ ചുരുക്കമാണ് മുകളിൽ കണ്ടത്. ഹദീഥ് ഗ്രന്ഥങ്ങൾ പരിശോധിച്ചാലും സംഭവഗതി അപ്രകാരം തന്നെയാണെന്ന് മനസ്സിലാകും. എന്നാൽ, ഇപ്പോൾ ചില പുതിയ കണ്ടുപിടുത്തക്കാർ അതെല്ലാം നിഷേധിച്ചുകൊണ്ട് ഒരു പുതിയ പശ്ചാത്തലം അവ രുടെ വകയായി പടച്ചുണ്ടാക്കിക്കാണുന്നു. നബിﷺയും സ്വഹാബികളും ആദ്യം പുറ പ്പെട്ടത് വർത്തകസംഘത്തെ ഉദ്ദേശിച്ചാണെന്നും, പിന്നീട് മുൻകരുതൽ കൂടാതെ പട്ടാ ളസംഘത്തോട് ഏറ്റുമുട്ടേണ്ടി വന്നുവെന്നും പറയുന്നത് ശരിയല്ലെന്ന് അവർ വാദിക്കുന്നു. അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ പടയൊരുക്കം നടത്തുന്നതും അവർ മുസ്‌ലിംകളെ ആക്രമിക്കുവാൻ ഉദ്ദേശിക്കുന്നതും അറിഞ്ഞപ്പോഴാണ് നബിﷺയും സ്വഹാബികളും യുദ്ധത്തിനു പുറപ്പെട്ടുപോയത്.; മക്കയിൽനിന്ന് പട്ടാളം ബദ്റിൽ എത്തുമ്പോഴേക്കും ശാമിൽനിന്നു മടങ്ങിവരുന്ന ആ കച്ചവടസംഘം ഭക്ഷ്യസാധനങ്ങളുമായി അവിടെ എത്തി ച്ചേരുവാൻ മുൻകൂട്ടി ക്വുറൈശികൾ പരിപാടിയിട്ടിരുന്നു എന്നൊക്കെയാണ് ഇവർ അതിനു നൽകുന്ന രൂപം. കച്ചവടസംഘത്തെ നേരിടുവാൻ നബി ﷺയും സൈന്യവും പുറപ്പെട്ടുവെന്ന് പറയുന്നതിന്റെ അർത്ഥം, നബിﷺയെയും സ്വഹാബികളെയും കൊള്ള ക്കാരും ധനമോഹികളുമാക്കുക എന്നാണെന്നും മറ്റുമുള്ള ചില ന്യായവാദങ്ങളാണ് ഈ പുതിയ ചിത്രീകരണത്തിന് ഇവരെ പ്രേരിപ്പിച്ചിരിക്കുന്നത്. കാര്യത്തിന്റെ ഉള്ളോട്ടിറങ്ങി പരിശോധിക്കുവാനും സംഭവങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുവാനും കഴിയാ ത്തവരുടെ ദൃഷ്ടിയിൽ ഈ ചിത്രീകരണം അൽപം ആകർഷകമായിത്തോന്നിയേക്കാം. പക്ഷേ, സംഭവങ്ങൾ യഥാർത്ഥത്തിൽ ഉണ്ടായത് എങ്ങിനെയാണെന്നറിയുവാൻ ചരി ത്രലക്ഷ്യങ്ങളെ അവഗണിച്ചുകൊണ്ട് ബുദ്ധിശക്തിയെയോ, യുക്തിചിന്തയെയോ ശരണം പ്രാപിക്കുന്നത് ബുദ്ധിക്കും യുക്തിക്കും നിരക്കാത്തതാകുന്നു.

മുമ്പ് ആരും പ്രസ്താവിച്ചിട്ടില്ലാത്ത ഒരു പശ്ചാത്തലം തങ്ങൾ കണ്ടുപിടിച്ചുവെന്നുള്ള ദുരഭിമാനം മുഴച്ചു കാണാവുന്ന ആ ചിത്രീകരണത്തിനുവേണ്ടി ചില ക്വുർആൻ വാക്യ ങ്ങളെ അവർക്ക് ദുർവ്യാഖ്യാനം ചെയ്യേണ്ടിവന്നിട്ടുണ്ട്. തങ്ങളുടെ ഈ അഭിപ്രായത്തോട് യോജിക്കാത്തവരാണെന്ന് ബോധ്യമുള്ള ഇമാം റാസീ (റ) യെപ്പോലുള്ള ചിലരുടെ വാക്കുകൾ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് തങ്ങൾക്കനുകൂലമായി ഉദ്ധരിക്കു കയും ചെയ്തിരിക്കുന്നു. എല്ലാം വിശദമായും വസ്തുനിഷ്ഠമായും വിവരിക്കുന്നപക്ഷം അതു കുറേ ദീർഘിച്ചു പോയേക്കുമെന്നതുകൊണ്ട് അതിന് മുതിരുന്നില്ല. വാസ്തവ ത്തിൽ, അടുത്ത വചനവും, താഴെ 42-ാം വചനത്തിലെ ചില വാക്യങ്ങളും കൊണ്ടു തന്നെ അവരുടെ ഈ പുതിയ അഭിപ്രായം ശരിയല്ലെന്ന് മനസ്സിലാക്കാവുന്നതാണ്.

وَإِذْ يَعِدُكُمُ ٱللَّهُ إِحْدَى ٱلطَّآئِفَتَيْنِ أَنَّهَا لَكُمْ وَتَوَدُّونَ أَنَّ غَيْرَ ذَاتِ ٱلشَّوْكَةِ تَكُونُ لَكُمْ

《7》 (ആ) രണ്ടിലൊരു സംഘത്തെ -അത് നിങ്ങൾക്കായിരിക്കും [നിങ്ങൾക്ക് അധീനമാകും] എന്ന്- അല്ലാഹു നിങ്ങളോട് വാഗ്ദാനം ചെയ്തിരുന്ന സന്ദർഭം (ഓർക്കുക); ശക്തി (ബലം) ഉള്ളതല്ലാത്തത് നിങ്ങൾക്ക് ആയിരിക്കണമെന്ന് നിങ്ങൾ മോഹിക്കുകയും ചെയ്തിരുന്നു.

وَيُرِيدُ ٱللَّهُ أَن يُحِقَّ ٱلْحَقَّ بِكَلِمَٰتِهِۦ وَيَقْطَعَ دَابِرَ ٱلْكَٰفِرِينَ ﴿٧﴾

തന്റെ (കൽപനാ) വാക്യങ്ങൾ മൂലം യഥാർത്ഥത്തെ യഥാർത്ഥ വൽക്കരിക്കുകയും, അവിശ്വാസികളുടെ മൂടറു (ത്തു നശിപ്പി) ക്കുകയും ചെയ്‌വാൻ അല്ലാഹുവും ഉദ്ദേശിച്ചിരുന്നു.

لِيُحِقَّ ٱلْحَقَّ وَيُبْطِلَ ٱلْبَٰطِلَ وَلَوْ كَرِهَ ٱلْمُجْرِمُونَ ﴿٨﴾

《8》 (അതെ) യഥാർത്ഥത്തെ യഥാർത്ഥമാ(ക്കി സ്ഥാപി)ക്കുകയും, അയഥാർത്ഥ്യത്തെ അയഥാർത്ഥീകരി(ച്ച് നശിപ്പി) ക്കുകയും ചെയ്‌വാൻ വേണ്ടിയത്രെ (അവൻ അങ്ങിനെ ചെയ്തത്); കുറ്റവാളികൾ വെറുത്താലും ശരി.

《7》 وَإِذْ يَعِدُكُمُ നിങ്ങളോടു വാഗ്ദാനം (വാഗ്ദത്തം) ചെയ്യുമ്പോൾ, ചെയ്തിരുന്ന സന്ദർഭം اللّٰهُ അല്ലാഹു إِحْدَى ഒന്ന് الطَّائِفَتَيْنِ രണ്ടു സംഘ (കൂട്ടുവിഭാഗ) ത്തിൽ أَنَّهَا അതാകുന്നു (ആയിരിക്കും) എന്ന് لَكُمْ നിങ്ങൾക്ക് وَتَوَدُّونَ നിങ്ങൾ മോഹിക്കുക (ഇഷ്ടപ്പെടുക-ആഗ്രഹിക്കുക) യും ചെയ്തിരുന്നു (ചെയ്യുന്നു) أَنَّ غَيْرَ അല്ലാത്തത് എന്ന് ذَاتِ الشَّوْكَةِ ശക്തി (ബലം) ഉള്ളത് تَكُونُ ആയിരിക്കണം (എന്ന്) لَكُمْ നിങ്ങൾക്ക് وَيُرِيدُ اللّٰهُ അല്ലാഹു ഉദ്ദേശിക്കുകയും ചെയ്തിരുന്നു (ചെയ്യുന്നു) أَنْ يُحِقَّ യഥാർത്ഥമാക്കു (യഥാർത്ഥവൽക്കരിക്കു) വാൻ الْحَقَّ യഥാർത്ഥത്തെ بِكَلِمَاتِهِ അവന്റെ വാക്കു (വാക്യം-കൽപന) കൾ മൂലം وَيَقْطَعَ മുറിക്കു (അറുക്കു)വാനും دَابِرَ മൂട്, പിൻപുറം الْكَافِرِينَ അവിശ്വാസികളുടെ. 《8》 لِيُحِقَّ യഥാർത്ഥമാക്കുവാൻ (യഥാർത്ഥമായി പുലർത്തുവാൻ) വേണ്ടിയാണ് الْحَقَّ യഥാർത്ഥ (കാര്യ-സത്യ) ത്തെ وَيُبْطِلَ അയഥാർത്ഥീകരിക്കുവാനും, വിഫലമാക്കുവാനും الْبَاطِلَ നിരർത്ഥമായതിനെ, അയാഥാർത്ഥ്യം وَلَوْ كَرِهَ വെറുത്താലും (അനിഷ്ടപ്പെട്ടാലും) ശരി الْمُجْرِمُونَ കുറ്റവാളികൾ

വർത്തകസംഘം, പട്ടാളസംഘം എന്നീ രണ്ടിൽ ഏതൊരു സംഘത്തെ നിങ്ങൾ നേരിട്ടാലും ആ സംഘത്തെ പരാജയപ്പെടുത്തി നിങ്ങൾക്ക് അവരോട് വിജയംനേടാം, അതിന് അല്ലാഹു നിങ്ങളെ സഹായിക്കും എന്നു നബിﷺ മുഖേന അവൻ നിങ്ങളോട് വാഗ്ദാനം ചെയ്തു. ആൾബലവും ആയുധശക്തിയും ഇല്ലാത്ത വർത്തക സംഘത്തെ നേരിടുവാനായിരുന്നു നിങ്ങളുടെ മോഹം. വളരെ ക്ലേശമൊന്നും അനുഭവിക്കേണ്ടി വരാതെ അതിലുള്ള സമ്പത്തുകളെ നിങ്ങൾക്ക് അധീനമാക്കാമെന്ന് നിങ്ങൾ കരുതി. എന്നാൽ, അല്ലാഹു അവന്റെ കൽപനാ നിർദ്ദേശങ്ങൾ വഴി ഉദ്ദേശിച്ചത് അതിനെക്കാൾ ഉപരിയായ മറ്റൊന്നായിരുന്നു. സത്യമതത്തിന് ഇവിടെ സ്ഥിരീകരണവും, പ്രചാരണ സ്വാതന്ത്ര്യവും ഉണ്ടാവണം. അതിന്റെ നിഷേധികളുടെ ശക്തിയും സ്വാധീനവും നാമാവശേഷമാക്കുകയും വേണം. അതായിരുന്നു അവൻ ഉദ്ദേശിച്ചത്. അതാണവൻ നടപ്പിൽ വരുത്തിയത്. അതെ, നിങ്ങളെ നശിപ്പിക്കുവാൻ ഉദ്ദേശിച്ചുവന്ന ആ മഹാപാപികളുടെ അഭീഷ്ടങ്ങൾക്കെതിരായി ഇസ്‌ലാമാകുന്ന യാഥാർത്ഥ്യത്തെ വിജയിപ്പിക്കുകയും, ശിർക്കാകുന്ന അയാഥാർത്ഥ്യത്തെ പരാജയപ്പെടുത്തുകയും ചെയ്‌വാൻ വേണ്ടിയാണ് അവൻ അതൊക്കെ ചെയ്തത്.

അബൂജഹ്‌ലിന്റെ പട്ടാള സംഘത്തോടോ, അബൂസുഫ്‌യാന്റെ വർത്തക സംഘത്തോടോ ഏതിനോട് ഏറ്റുമുട്ടിയാലും ആ സംഘത്തെ നിങ്ങൾക്ക് അധീനമാക്കി-അഥവാ അതിനെ പരാജയപ്പെടുത്തിത്തരാം എന്ന് അല്ലാഹു സത്യവിശ്വാസികളോടു വാഗ്ദാനം നൽകിയിരുന്നുവെന്നും, ശക്തിയും ബലവും കുറഞ്ഞ സംഘമായ വർത്തക സംഘത്തോട് ഏറ്റുമുട്ടുവാനായിരുന്നു അവർക്ക് മോഹമെന്നും, പക്ഷേ, ശക്തിയേറിയ പട്ടാളസംഘത്തെ പരാജയപ്പെടുത്തി സത്യമതത്തെ വിജയിപ്പിക്കുവാനായിരുന്നു അല്ലാഹുവിന്റെ ഉദ്ദേശ്യമെന്നും, അതാണ് ഒടുവിൽ സംഭവിച്ചതെന്നും ഈ വചനങ്ങളിൽനിന്ന് സ്പഷ്ടമാണ്. എന്നിരിക്കെ- മേൽ സൂചിപ്പിച്ചതുപോലെ-വർത്തക സംഘത്തോട് ഏറ്റുമുട്ടണമെന്നുദ്ദേശിച്ചുകൊണ്ട് നബിﷺയും സ്വഹാബികളും പുറപ്പെട്ടിട്ടില്ലെന്നും പട്ടാളസംഘം യുദ്ധത്തിന് ഒരുങ്ങിവരുന്ന വിവരം അറിഞ്ഞപ്പോൾ അവരെ നേരിടുവാനായിരുന്നു അവർ ഒരുങ്ങി പുറപ്പെട്ടതെന്നും മറ്റുമുള്ള വാദങ്ങൾ ആ വാദക്കാരുടെ പുതിയ സൃഷ്ടിയാണെന്ന് പറയേണ്ടതില്ലല്ലോ.

എല്ലാവിധ സജ്ജീകരണങ്ങളും സഹിതം മുന്നൊരുക്കത്തോടുകൂടി തയ്യാറെടുത്തു വന്ന വമ്പിച്ച ഒരു പട്ടാളവ്യൂഹവും, കേവലം നിരായുധരും മുൻകരുതലില്ലാത്തവരും എണ്ണംകൊണ്ട് അവരുടെ ഏതാണ്ട് മൂന്നിലൊരു ഭാഗം മാത്രം വരുന്നവരുമായ ഒരു സംഘം ആളുകളും തമ്മിലാണ് ബദ്റിൽ ഏറ്റുമുട്ടിയത്. എന്നിട്ടും, അതിശക്തമായ ആ സംഘത്തിലെ നേതാക്കളായ എഴുപതുപേർ കൊല്ലപ്പെടുകയും, അത്രതന്നെ കേമൻമാർ ബന്ധനത്തിലാക്കപ്പെടുകയും ചെയ്തു. ഇത് അല്ലാഹു ചെയ്ത വാഗ്ദാനം അവൻ സാക്ഷാൽക്കരിച്ചതല്ലാതെ മറ്റെന്താണ്? മനുഷ്യന്റെ കണക്കു കൂട്ടലിനോ, ഇഷ്ടത്തിനോ, ആസൂത്രണത്തിനോ അനുസരിച്ചല്ല കാര്യങ്ങൾ നടക്കുന്നത്. എല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യവും പരിപാടിയും അനുസരിച്ചാകുന്നു. ആകയാൽ, അവന്റെ കൽപനകളും നിർദ്ദേശങ്ങളും മടികൂടാതെയും, ചോദ്യം ചെയ്യാതെയും അനുസരിക്കുകയാണ് സത്യവിശ്വാസികൾ ചെയ്യേണ്ടത് എന്നത്രെ ഇതിലടങ്ങിയ പാഠം. അല്ലാഹു പറയുന്നു: كُتِبَ عَلَيْكُمُ الْقِتَالُ وَهُوَ كُرْهٌ لَّكُمْ...الآية (സാരം: യുദ്ധം നിങ്ങൾക്ക് വെറുപ്പായിരുന്നിട്ടും, അതു നിങ്ങളുടെ മേൽ നിയമിക്കപ്പെട്ടിരിക്കുന്നു. ഒരു കാര്യം നിങ്ങൾക്ക് വെറുപ്പായിരിക്കുകയും, അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്തേക്കാം. ഒരു കാര്യം

നിങ്ങൾക്ക് ഇഷ്ടമായിരിക്കുകയും, അത് നിങ്ങൾക്ക് ദോഷകരമായിരിക്കുകയും ചെയ്തേക്കാം (2:216)

ഇബ്നുകഥീർ (റ) ന്റെ ഒരു പ്രസ്താവന ഇവിടെ ശ്രദ്ധേയമാകുന്നു. അതിന്റെ ചുരുക്കം ഇതാണ്: 'മുൻ പ്രവാചകന്മാരുടെ കാലത്ത് അവരെ വ്യാജമാക്കിയിരുന്ന സമുദായങ്ങളെ ചില പൊതുശിക്ഷകൾ മുഖേന അല്ലാഹു നശിപ്പിച്ചു നാമാവശേഷമാക്കിയിരുന്നു. നൂഹ് (അ) ന്റെ ജനതയെ ജലപ്രളയംകൊണ്ടും, ആദ് ഗോത്രത്തെ കൊടുങ്കാറ്റുകൊണ്ടും, ഥമൂദിനെ ഭയങ്കരശബ്ദംകൊണ്ടും നശിപ്പിച്ചതുപോലെയുള്ള സംഭവങ്ങൾ ഇതിന് ഉദാഹരണങ്ങളാകുന്നു. മൂസാനബി(അ)യുടെ ആദ്യകാലത്തു ഫിർഔനും കൂട്ടരും സമുദ്രത്തിൽ മുക്കി നശിപ്പിക്കപ്പെടുകയും ചെയ്തു. പിന്നീടാണ് അദ്ദേഹത്തിന് തൗറാത്ത് നൽകപ്പെട്ടതും, അതിൽ നിഷേധികളോട് സമരം നടത്തുവാൻ നിയമിക്കപ്പെട്ടതും. ഈ നിയമം പിന്നീടുള്ള പ്രവാചക മാർഗങ്ങളിലും തുടർന്നുപോന്നു. അല്ലാഹു പറയുന്നു: وَلَقَدْ آتَيْنَا مُوسَى الْكِتَابَ مِن بَعْدِ مَا أَهْلَكْنَا الْقُرُونَ الأُولَى بَصَائِرَ لِلنَّاسِ ... (പൂർവ്വ തലമുറകളെ നശിപ്പിച്ചതിനുശേഷം, ജനങ്ങൾക്ക് ഉൾക്കാഴ്ചകളായും, മാർഗദർശനമായും, കാരുണ്യമായും കൊണ്ട് നാം മൂസാക്ക് വേദഗ്രന്ഥം നൽകുകയുണ്ടായി. അവർ ഉറ്റാലോചിക്കുവാൻ വേണ്ടി. (ക്വസ്വസ്: 43) സത്യവിശ്വാസികൾ അവിശ്വാസികളെ കൊല ചെയ്യുന്നതുമൂലം അവർക്ക് കൂടുതൽ നിന്ദ്യതയും, സത്യവിശ്വാസികൾക്കു കൂടുതൽ മനഃസമാധാനവും ഉളവാകുന്നതാണ്. അല്ലാഹു പറയുന്നു: قَاتِلُوهُمْ يُعَذِّبْهُمُ اللَّهُ بِأَيْدِيكُمْ (സാരം: നിങ്ങൾ അവരോട് യുദ്ധം ചെയ്യുവിൻ. നിങ്ങളുടെ കൈകളാൽ അല്ലാഹു അവരെ ശിക്ഷിക്കുകയും, അവരെ അപമാനിക്കുകയും, നിങ്ങളെ അവർക്കെതിരെ സഹായിക്കുകയും, സത്യവിശ്വാസികളായ ജനങ്ങളുടെ മനസ്സിന് അവൻ ആശ്വാസം നൽകുകയും ചെയ്യുന്നതാണ്. (തൗബഃ : 14) ഇതനുസരിച്ചാണ് ക്വുറൈശീ പ്രമാണികളായ യോഗ്യന്മാരെ അവർ നിസ്സാരന്മാരായി ഗണിച്ചുവന്നിരുന്നവരുടെ കൈകൊണ്ട് വധിച്ചു മനഃസ്സമാധാനമടയുവാൻ സത്യവിശ്വാസികൾക്കും, അത് കണ്ട് അപമാനിതരാകുവാൻ അവിശ്വാസികൾക്കും അവസരമുണ്ടായത്.

إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُم بِأَلْفٍ مِّنَ الْمَلَائِكَةِ مُرْدِفِينَ ﴿٩﴾

﴾9﴿ നിങ്ങൾ നിങ്ങളുടെ റബ്ബിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക); എന്നിട്ട് അവൻ നിങ്ങൾക്ക് ഉത്തരം നൽകി. 'മലക്കുകളിൽനിന്നും തുടരെ വന്നുകൊണ്ടിരിക്കുന്ന ആയിരം പേരെക്കൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നവനാണ്' എന്ന്.

﴾9﴿ إِذْ تَسْتَغِيثُونَ നിങ്ങൾ സഹായം (ഉതവി) തേടിയിരുന്ന സന്ദർഭം رَبَّكُمْ നിങ്ങളുടെ റബ്ബിനോട് فَاسْتَجَابَ എന്നിട്ട് (അപ്പോൾ) അവൻ ഉത്തരം നൽകി. لَكُمْ നിങ്ങൾക്ക് أَنِّي ഞാൻ എന്ന് مُمِدُّكُمْ നിങ്ങൾക്ക് സഹായം നൽകുന്ന (നിങ്ങളെ പോഷിപ്പിക്കുന്ന) വനാണ് بِأَلْفٍ ആയിരംകൊണ്ട് مِنَ الْمَلَائِكَةِ മലക്കുകളിൽനിന്ന് مُرْدِفِينَ തുടരെ (ഒന്നിനു പിന്നാലെ ഒന്നായി) വരുന്നതായ.

وَمَا جَعَلَهُ ٱللَّهُ إِلَّا بُشْرَىٰ وَلِتَطْمَئِنَّ بِهِۦ قُلُوبُكُمْ ۚ وَمَا ٱلنَّصْرُ إِلَّا مِنْ عِندِ ٱللَّهِ ۚ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿١٠﴾

﴾10﴿ അതിനെ അല്ലാഹു ഒരു സന്തോഷവാർത്തയല്ലാതെ ആക്കിയിട്ടില്ല; അതുമൂലം നിങ്ങളുടെ ഹൃദയങ്ങൾ സമാധാനമടയുവാൻ വേണ്ടിയുമാകുന്നു. സഹായം അല്ലാഹുവിങ്കൽ നിന്നല്ലാതെ ഇല്ലതാനും. നിശ്ചയമായും അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.

﴾10﴿ وَمَاجَعَلَهُ അതിനെ ആക്കിയിട്ടില്ല ٱللَّهُ അല്ലാഹു إِلابُشْرَىٰ സന്തോഷവാർത്തയല്ലാതെ وَلِتَطْمَئِنَّ സമാധാനമടയുവാൻ വേണ്ടിയുമാണ് بِهِ അതുമൂലം, അതിനാൽ قُلُوبُكُمْ നിങ്ങളുടെ ഹൃദയങ്ങൾ وَمَاالنَّصْرُ സഹായം അല്ല (ഇല്ല) താനും إِلامِنْعِندِ പക്കൽ നിന്നല്ലാതെ ٱللَّهِ അല്ലാഹുവിന്റെ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു عَزِيزٌ പ്രതാപശാലിയാകുന്നു حَكِيمٌ അഗാധജ്ഞനാണ്, യുക്തിമാനായ.

ബദ്ർ യുദ്ധത്തിൽ സത്യവിശ്വാസികൾക്ക് അല്ലാഹു നൽകിയ മറ്റൊരു അനുഗ്രഹമാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. ഉമർ (റ) പ്രസ്താവിച്ചതായി ഇബ്നു അബ്ബാസ് (റ) വഴി രേഖപ്പെടുത്തപ്പെട്ടതും അൽപം ദീർഘമായതുമായ ഒരു ഹദീഥിന്റെ ആദ്യഭാഗം ഇങ്ങനെയാകുന്നു: ബദ്ർ യുദ്ധത്തിൽ നബിﷺ തന്റെ സ്വഹാബികളെ നോക്കുമ്പോൾ അവർ മുന്നൂറിൽ ചില്ലാനമാണെന്നും, മുശ്രിക്കുകളെ നോക്കുമ്പോൾ അവർ ആയിരമോ അധികമോ ആണെന്നും കണ്ടു. അപ്പോൾ അവിടുന്നു ക്വിബ്ലഃയുടെ നേരെ തിരിഞ്ഞുനിന്നു. തിരുമേനി തുണിയും തട്ടവും ധരിച്ചിട്ടുണ്ടായിരുന്നു. എന്നിട്ട് ഇങ്ങിനെ പറഞ്ഞു: 'അല്ലാഹുവേ! എന്നോടു ചെയ്ത വാഗ്ദാനം നിറവേറ്റിത്തരേണമേ! അല്ലാഹുവേ! ഇസ്ലാമിന്റെ ആൾക്കാരായ ഈ സംഘത്തെ നീ നശിപ്പിക്കുന്നപക്ഷം, ഭൂമിയിൽ ഒരിക്കലും നിനക്ക് ആരാധന ചെയ്യപ്പെടുകയുണ്ടാകുകയില്ല'. അങ്ങനെ, തിരുമേനി റബ്ബിനോട് സഹായമർത്ഥിച്ചും പ്രാർത്ഥിച്ചുംകൊണ്ടിരുന്നു. തിരുമേനിയുടെ തട്ടംതോളിൽനിന്ന് നിലത്ത്വീണു. അപ്പോൾ, അബൂബക്ർ (റ) ചെന്നു തട്ടമെടുത്തു തോളിലിട്ടുകൊടുത്തു പിന്നിലൂടെ കെട്ടിപ്പിടിച്ചുകൊണ്ട് ഇങ്ങിനെ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ! അങ്ങയുടെ റബ്ബിനോട് അങ്ങുന്ന് പ്രാർത്ഥിച്ചതു മതി! തീർച്ചയായും അവൻ അവന്റെ വാഗ്ദാനം അങ്ങേക്ക് നിറവേറ്റിത്തരും.' ഇതിനെപ്പറ്റിയാണ് إِذْ تَسْتَغِيثُونَ എന്നുള്ള (ഈ) വചനം അവതരിച്ചത്. അങ്ങനെ, അന്ന് അവർ മുശ്രിക്കുകളുമായി കൂട്ടിമുട്ടിയപ്പോൾ അല്ലാഹു മുശ്രിക്കുകളെ പരാജയപ്പെടുത്തി. അവരിൽ എഴുപതുപേർ കൊല്ലപ്പെടുകയും, എഴുപതുപേർ പിടിക്കപ്പെടുകയും ചെയ്തു.... (അ;മു;ദാ;തി.) ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ഇപ്രകാരവും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: ബദ്റിന്റെ ദിവസം നബിﷺ പറഞ്ഞു: 'അല്ലാഹുവേ! നിന്റെ കരാറിനും വാഗ്ദാനത്തിനും വേണ്ടി ഞാൻ നിന്നോടപേക്ഷിക്കുന്നു. നീ ഉദ്ദേശിക്കുകയാണെങ്കിൽ നിനക്ക് ആരാധന ചെയ്യപ്പെടുന്നതല്ല.' അപ്പോൾ, അബൂബക്ർ (റ) നബിﷺയുടെ കൈക്കുപിടിച്ചു 'മതി' എന്ന് പറഞ്ഞു. അപ്പോൾ, തിരുമേനി: ' ആ സംഘം പരാജയപ്പെടും, അവർ പിൻതിരിഞ്ഞുപോകും' എന്ന് പറഞ്ഞുകൊണ്ട് പുറത്തുവന്നു. (ബു;ന)

ചില രിവായത്തുകളിൽ കാണാവുന്നതുപോലെ, പൊതുവിൽ സത്യവിശ്വാസികൾ എല്ലാവരും തന്നെ അല്ലാഹുവിന്റെ സഹായത്തിനുവേണ്ടി ആ അവസരത്തിൽ അപേക്ഷിച്ചിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

ഈ പ്രാർത്ഥനകൾക്ക് ഉത്തരമായി, തുടരെ വന്നുകൊണ്ടിരിക്കുന്ന ആയിരം മലക്കുകൾ വഴി ഞാൻ നിങ്ങൾക്ക് സഹായം നൽകി നിങ്ങളെ പോഷിപ്പിക്കാമെന്നു സത്യവിശ്വാസികളെ അല്ലാഹു അറിയിച്ചു. ഇവിടെ ആയിരം മലക്കുകൾ എന്നാണ് പറഞ്ഞിരിക്കുന്നത്. സൂ: ആലുഇംറാനിൽ (124, 125) മുവ്വായിരം ഇറക്കാമെന്നും, അയ്യായിരം ഇറക്കാമെന്നും പറഞ്ഞത് ബദ്റിനെ സംബന്ധിച്ചു തന്നെയാണെന്നും, അല്ലെന്നുമുള്ള അഭിപ്രായങ്ങൾ നാമവിടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ബദ്റിൽ വെച്ചുതന്നെയാണെന്ന അഭിപ്രായപ്രകാരം, ആയിരം എന്ന് ഇവിടെ പറഞ്ഞതിന്റെ ഉദ്ദേശ്യം- ക്വത്താദഃ (റ) യിൽ നിന്നു നിവേദനം ചെയ്യപ്പെട്ടതുപോലെ-ആദ്യം ആയിരം ഇറക്കുകയും, പിന്നീട് മൂവ്വായിരമിറക്കുകയും, അവസാനം അയ്യായിരം തികക്കുകയും ചെയ്തുവെന്നും മറ്റുമാവാം. الله اعلم ഏതായാലും മലക്കുകളെ ഇറക്കി സഹായിച്ചതിന്റെയും, അതിനെക്കുറിച്ചു അവരെ അറിയിച്ചതിന്റെയും ആവശ്യം സത്യവിശ്വാസികൾക്ക് സന്തോഷം നൽകലും അവർക്ക് മനസ്സമാധാനം വരുത്തലുമാണെന്നും, യഥാർത്ഥത്തിലുള്ള സഹായവും വിജയവും ലഭിക്കുന്നത് അല്ലാഹുവിങ്കൽ നിന്ന് മാത്രമാണ്-അഥവാ മലക്കുകളെക്കൊണ്ടോ ആൾബലം കൊണ്ടോ ആയുധശക്തികൊണ്ടോ മറ്റോ അല്ല- എന്നും അല്ലാഹു പ്രത്യേകം വ്യക്തമാക്കിയിരിക്കുന്നു. അല്ലാഹുവിങ്കൽ നിന്നല്ലാതെ രക്ഷയും സഹായവും ലഭിക്കുവാൻ മാർഗമില്ലെന്നും, അവന്റെ സഹായവും രക്ഷയുമില്ലെങ്കിൽ മറ്റേത് ശക്തികൊണ്ടും സ്വാധീനംകൊണ്ടും അത് സാധ്യമാകുന്നതല്ലെന്നും, അതുകൊണ്ട് ഏതു സന്നിഗ്ദ്ധ ഘട്ടത്തിലും അവനോട് മാത്രമാണ് സഹായത്തിനപേക്ഷിക്കേണ്ടതെന്നുമാണ് ഇതിലടങ്ങിയ പാഠങ്ങൾ.

യുദ്ധത്തിൽ മലക്കുകളെ ഇറക്കുന്നതിന്റെ ആവശ്യം ഇന്നതാണെന്ന് ഇവിടെ പ്രസ്താവിച്ചതുപോലെ ആലു ഇംറാൻ 126 ലും അല്ലാഹു പ്രസ്താവിച്ചത് നാം കണ്ടു. ഈ പ്രസ്താവനകളുടെ ബാഹ്യമായ ചില വശങ്ങളെയും, ചില യുക്തിന്യായങ്ങളെയും അടിസ്ഥാനമാക്കിക്കൊണ്ട് മലക്കുകൾ ഒരു യുദ്ധത്തിലും പങ്കെടുത്തിട്ടില്ലെന്നും, സത്യവിശ്വാസികൾക്ക് മനഃസ്സമാധാനവും ധൈര്യവും ഉണ്ടാക്കുക മാത്രമേ ചെയ്തിട്ടുള്ളുവെന്നും ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഭൂരിപക്ഷം വ്യാഖ്യാതാക്കളുടെയും അഭിപ്രായം മലക്കുകൾ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടെന്നുമാകുന്നു. ഈ വിഷയത്തെ സംബന്ധിച്ചു ആവശ്യമായ വിശദീകരണം ആലുഇംറാനിന്റെ വ്യാഖ്യാനത്തിൽ നമുക്ക് കഴിഞ്ഞുപോയിട്ടുള്ളതുകൊണ്ട് ഇവിടെ അതാവർത്തിക്കേണ്ടതില്ല. മലക്കുകൾ യുദ്ധത്തിൽ പങ്കെടുക്കുകയെന്ന് പറയുന്നതിന്റെ അർത്ഥം, മനുഷ്യരെപ്പോലെ അവരും പ്രവർത്തിക്കുകയെന്നല്ലെന്നും മറ്റും നാം അവിടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ചില സംഗതികൾ ഓർമിക്കുന്നത് സന്ദർഭോചിതമായിരിക്കും:

(1) മലക്കുകളെ ഒരു യുദ്ധത്തിലും ഇറക്കുകയുണ്ടായിട്ടില്ലെന്നും, ഇറക്കാമെന്നുമുള്ള ഒരു സന്തോഷവാർത്ത നൽകൽ മാത്രമേ ഉണ്ടായിട്ടുള്ളൂവെന്നും ചില യുക്തിവാദികളായ വ്യാഖ്യാതാക്കൾ ഇപ്പോൾ പറഞ്ഞുവരുന്നുണ്ട്. ഇത് ക്വുർആൻ അടക്കമുള്ള പല തെളിവുകളാലും പുറംതള്ളപ്പെട്ട ഒരഭിപ്രായം മാത്രമാകുന്നു.

(2) ബദ്റല്ലാത്ത മറ്റു യുദ്ധങ്ങളിൽ മലക്കുകൾ പങ്കെടുത്തുവെന്നതിൽ അഭിപ്രായ

വ്യത്യാസങ്ങളുണ്ട്. ഭിന്നിപ്പിനുള്ള സാധ്യതയും ഇല്ലാതില്ല. പക്ഷേ, ബദ്ർ യുദ്ധത്തിൽ അവർ പങ്കെടുത്തിട്ടുണ്ടെന്ന് ഹദീഥുകളിൽനിന്ന് ശരിക്കും വ്യക്തമാണ്. ബദ്റിൽ മലക്കുകൾ ഹാജരായത് സംബന്ധിച്ചു ഒരു പ്രത്യേക അദ്ധ്യായം തന്നെ ബുഖാരിയിലുണ്ട്. അവർ യുദ്ധത്തിൽ പങ്കുവഹിച്ചിരുന്നതായി കാണിക്കുന്ന രണ്ട് ഹദീഥുകൾ അതിൽ ബുഖാരീ (റ) ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. മാത്രമല്ല, അടുത്ത 12-ാം വചനം നേർക്കുനേരെ പരിശോധിച്ചാൽ അത് തന്നെയാണ് അതിൽനിന്നും മനസ്സിലാകുന്നതും.

(3) മലക്കുകളുടെ വരവും, അവർ യുദ്ധത്തിൽ പങ്കെടുക്കലുമൊക്കെ മനുഷ്യരുടെ വരവും പങ്കെടുക്കലും പോലെയായി സങ്കൽപിച്ചതിൽനിന്നാണ് മേൽ സൂചിപ്പിച്ച ആശയക്കുഴപ്പങ്ങൾ ഉണ്ടായിത്തീരുന്നത്.

(4) മലക്കുകൾ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ടെന്നുള്ള അഭിപ്രായക്കാരോ, ആ അഭിപ്രായത്തിന് മുൻഗണന നൽകുന്നവരോ ആയ വ്യാഖ്യാതാക്കളും ചിലപ്പോൾ എതിരഭിപ്രായക്കാരുടെ വാക്കുകൾ സംസാരമദ്ധ്യേ ഉദ്ധരിച്ചിരിക്കുമല്ലോ. ആ ഉദ്ധരണികളെ സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തുകൊണ്ട് ആ വ്യാഖ്യാതാക്കളും തങ്ങളുടെ അഭിപ്രായത്തോടു യോജിച്ചവരാണെന്ന് വരുത്തുവാൻ ചില വക്രതാൽപര്യക്കാർ അവരുടെ ഗ്രന്ഥങ്ങളിൽ ശ്രമിക്കാറുണ്ട്. ഇമാംറാസി (റ) യുടെ തഫ്സീറിൽനിന്നും, ആലൂസി (റ) യുടെ തഫ്സീറിൽ (رُوح المَعَانِي) നിന്നും മറ്റുമുള്ള ചില വാചകങ്ങളിൽ ഇത്തരം വഞ്ചനാപരമായ കൃത്രിമങ്ങൾ മലക്കുകൾ ഇറങ്ങിയിട്ടില്ലെന്ന് വാദിക്കുന്ന ചിലർ നടത്തിയിരിക്കുന്നു. അതേ തഫ്സീർ ഗ്രന്ഥങ്ങളിൽ തന്നെ അതിന്റെ മുമ്പും പിമ്പും അവയുടെ കർത്താക്കൾ പ്രസ്താവിച്ച വാക്കുകളും, ആലുഇംറാനിൽ അവർ തന്നെ നൽകിയ വിശദീകരണങ്ങളും നോക്കിയാൽ ഈ പരമാർത്ഥം ആർക്കും മനസ്സിലാകും. സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത മുറിവാക്കുകളെ തെളിവായി എടുത്തു ഉദ്ധരിക്കലും, ഒരു വക്താവിന്റെ വാക്കിന് ആ വക്താവ് ഉദ്ദേശിക്കാത്ത അർത്ഥോദ്ദേശ്യം നൽകി മുതലെടുക്കലും സ്ഥാപിത താൽപര്യക്കാരും വക്രബുദ്ധികളുമായ ആളുകൾക്ക് യോജിക്കുന്ന-നിന്ദ്യവും-നീചവുമായ-പതിവുകളിൽപെട്ട ഒന്നത്രെ. അല്ലാഹു നമുക്ക് സൽബുദ്ധിയും സത്യാന്വേഷണ ബുദ്ധിയും പ്രദാനം ചെയ്യട്ടെ. ആമീൻ.

വിഭാഗം -2

إِذْ يُغَشِّيكُمُ ٱلنُّعَاسَ أَمَنَةً مِّنْهُ
وَيُنَزِّلُ عَلَيْكُم مِّنَ ٱلسَّمَآءِ مَآءً

﴾11﴿ **അവൻ [അല്ലാഹു] തന്റെ പക്കൽ നിന്നുള്ള നിർഭയത (അഥവാ മനഃശാന്തി) ക്കായി നിങ്ങളെ നിദ്രാമയക്കം ആവരണം ചെയ്യിച്ചിരുന്ന സന്ദർഭം (ഓർക്കുക); ആകാശത്ത് നിന്ന് നിങ്ങൾക്ക് അവൻ (മഴ) വെള്ളം ഇറക്കിത്തരുകയും ചെയ്തിരുന്ന (സന്ദർഭവും);**

لِّيُطَهِّرَكُم بِهِۦ وَيُذْهِبَ عَنكُمْ رِجْزَ ٱلشَّيْطَٰنِ وَلِيَرْبِطَ عَلَىٰ قُلُوبِكُمْ وَيُثَبِّتَ بِهِ ٱلْأَقْدَامَ ﴿١١﴾

അത്മൂലം നിങ്ങളെ ശുദ്ധീകരിക്കുകയും, നിങ്ങളിൽ നിന്ന് പിശാചിന്റെ മലിനത നീക്കിക്കളയുകയും ചെയ്‌വാൻ വേണ്ടി, നിങ്ങളുടെ ഹൃദയങ്ങൾക്ക് കെട്ടുറപ്പുണ്ടാക്കുകയും, അത്മൂലം കാലടികളെ ഉറപ്പിക്കുകയും ചെയ്‌വാൻ വേണ്ടിയും.

﴾11﴿ إِذْ يُغَشِّيكُمُ അവൻ നിങ്ങളെ മൂടിയിരുന്ന (ആവരണം ചെയ്യിച്ചിരുന്ന) സന്ദർഭം النُّعَاسَ മയക്കത്തെ, നിദ്രാമയക്കം, തൂക്കം أَمَنَةً ഒരു നിർഭയതയായി, നിർഭയതക്ക് വേണ്ടി, സമാധാനമായി مِنْهُ അവന്റെ പക്കൽ നിന്നുള്ള وَيُنَزِّلُ അവൻ ഇറക്കുകയും عَلَيْكُمْ നിങ്ങളുടെ മേൽ, നിങ്ങൾക്ക് مِنَ السَّمَاءِ ആകാശത്തുനിന്ന് مَاءً വെള്ളം لِيُطَهِّرَكُمْ നിങ്ങളെ അവൻ ശുദ്ധമാക്കു (ശുദ്ധീകരിക്കു) വാൻ വേണ്ടി بِهِ അതുമൂലം (കൊണ്ട്) وَيُذْهِبَ പോക്കി (നീക്കി) ക്കളയുവാനും عَنكُمْ നിങ്ങളിൽ നിന്ന് رِجْزَ മാലിന്യം الشَّيْطَانِ പിശാചിന്റെ وَلِيَرْبِطَ അവൻ കെട്ടുറപ്പുണ്ടാക്കുവാനും عَلَىٰ قُلُوبِكُمْ നിങ്ങളുടെ ഹൃദയങ്ങൾക്ക് وَيُثَبِّتَ بِهِ അതുമൂലം സ്ഥിരപ്പെടുത്തു (ഉറപ്പിക്കു) വാനും الْأَقْدَامَ പാദങ്ങളെ, കാലടികളെ.

ബദ്ർ യുദ്ധവേളയിൽ സത്യവിശ്വാസികൾക്ക് അല്ലാഹു നൽകിയ വേറെ രണ്ട് അനുഗ്രഹങ്ങളെക്കുറിച്ചാണ് ഈ വചനത്തിൽ പ്രസ്താവിക്കുന്നത്.

(1) ഒരു നിദ്രാമയക്കം-അഥവാ ലഘുവായ ഒരു ഉറക്ക്-നൽകിക്കൊണ്ട് അല്ലാഹു അവർക്കു മനഃശ്ശാന്തിയും സമാധാനവും നൽകി. അതിയായ ഭീതിയും ഭയപ്പാടും പിടിപെട്ടിരിക്കുന്ന അവസരത്തിൽ ഇതു കേവലം ഒരു അസാധാരണം തന്നെയാണ്. അതേ സമയം അതുമൂലം മനസ്സിലുള്ള അലട്ടും ഭയപ്പാടും നീങ്ങി പുതിയൊരു ഉണർവ്വും ചൈതന്യവും ലഭിക്കുവാൻ അത് സഹായകവുമായിരിക്കും. തങ്ങളെക്കാൾ പല മടങ്ങ് സുശക്തമായ ഒരു ശത്രുവുമായി നേരിടുവാൻ കളം പകുത്തുനിൽക്കുന്ന മദ്ധ്യെ ഇങ്ങിനെ ഒരു നിദ്രാമയക്കം ലഭിച്ചത് അല്ലാഹുവിന്റെ വമ്പിച്ച ഒരനുഗ്രഹമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഉഹ്ദ് യുദ്ധത്തിലും ഇതുപോലെ ഒരു മയക്കം മുസ്‌ലിംകളിൽ പലർക്കും സംഭവിച്ചതിനെപ്പറ്റി മുമ്പ് ആലുഇംറാൻ 154 ലും അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. ആ മയക്കം നിമിത്തം പലരുടെ കയ്യിൽനിന്നും അവരറിയാതെ ആയുധം നിലത്ത് വീണുവെന്നും മറ്റും നാം അവിടെ കണ്ടു. അതുപോലെയുള്ള മയക്കംതന്നെയാണിതും. അലി (റ) പ്രസ്താവിച്ചതായി അബൂയഅ്ലാ(റ)യും വേറെ ചിലരും ഇങ്ങിനെ ഉദ്ധരിച്ചിരിക്കുന്നു: ‘ബദ്റിന്റെ ദിവസം മിക്ദാദ് (റ) അല്ലാതെ ഞങ്ങളുടെ കൂട്ടത്തിൽ ഒരു കുതിരപ്പടയാളി ഉണ്ടായിരുന്നില്ല. റസൂൽ തിരുമേനിﷺ ഒഴിച്ചു മറ്റുള്ളവരിൽ ആരും തന്നെ ഉറങ്ങാതിരിക്കുന്നവരില്ലാത്ത ഒരവസരം ഞാൻ കാണുകയുണ്ടായിട്ടുണ്ട്. തിരുമേനി ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ നേരം പുലരുവോളം നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

(2) ആകാശത്തുനിന്ന് അല്ലാഹു മഴ ഇറക്കി അവർക്ക് വെള്ളം നൽകി. യുദ്ധ മൈതാ

നത്തിൽ മുസ്‌ലിംകളുടെ അടുത്തുണ്ടായിരുന്ന വെള്ളത്താവളം മുശ്‌രിക്കുകൾ നേരത്തെ പിടിച്ചടക്കിയിരുന്നു. അങ്ങനെ, അവർക്ക് ദാഹശമനത്തിനോ, ശുദ്ധീകരണത്തിനോ വെള്ളം കിട്ടാതെ അവർ വളരെ വിഷമിച്ചു. 'വുദ്വൂ' ചെയ്‌വാനും, കുളിക്കുവാനും കഴിയാതെ ശുദ്ധിയില്ലാത്തവരായിപ്പോലും പലരും നമസ്കരിക്കേണ്ടതായും നേരിട്ടു. (വെള്ളം കിട്ടാത്തപ്പോൾ 'തയമ്മും' ചെയ്യാമെന്ന നിയമം അക്കാലത്ത് അവതരിച്ചിരുന്നില്ല. ഹിജ്റഃ 5-ാം കൊല്ലത്തിൽ ബനുൽ മുസ്ത്വലക്വിൽ വെച്ചാണ് അത് അവതരിച്ചത്.) ഇതു മുസ്‌ലിംകളുടെ മനസ്സിന് പലനിലക്കുമുള്ള അലട്ടൽ ഉളവാക്കുമെന്ന് പറയേണ്ടതില്ല. പിശാചാകട്ടെ, പലരുടെയും മനസ്സിൽ വിവിധ ആശയക്കുഴപ്പങ്ങൾ ഇളക്കി വിടുകയും ചെയ്തു. എല്ലാ വ്യക്തികളും ഒരേ തരക്കാരായിരിക്കുകയില്ലല്ലോ. 'നിങ്ങളൊക്കെ സത്യവിശ്വാസികളാണ്, നിങ്ങളുടെ പ്രവാചകൻ നിങ്ങളൊന്നിച്ചുണ്ട്. എന്നിട്ടും നമസ്ക്കരിക്കുവാൻ പോലും വെള്ളം കിട്ടാതെ നിങ്ങൾ വിഷമിച്ചുവരുന്നു, നിങ്ങളുടെ ശത്രുക്കൾക്ക് വെള്ളത്തിന് ഒട്ടും ക്ഷാമമില്ലതാനും. ഇതെന്തൊരു കഥയാണ്?' എന്നിങ്ങിനെ പിശാചു പലരുടെയും ഹൃദയത്തിൽ ദുർമന്ത്രം നടത്തിക്കൊണ്ടിരുന്നു. ഈ അവസരത്തിലാണ് നല്ലൊരു മഴ വർഷിപ്പിച്ചു അല്ലാഹു അവരെ അനുഗ്രഹിച്ചത്. അവരുടെ വിഷമങ്ങൾ അതോടെ അവസാനിച്ചു. പാത്രങ്ങളിലും തളങ്ങളിലുമായി അവർ വെള്ളം ശേഖരിച്ചുവെക്കുകയും ചെയ്തു. അതോടൊപ്പം പിശാചിന്റെ ദുർമന്ത്രങ്ങൾമൂലം തോന്നിയിരുന്ന ദുർവിചാരങ്ങളും ആശങ്കകളുമൊക്കെ നീങ്ങുകയും, മനോധൈര്യവും ആത്മവീര്യവും വർദ്ധിക്കുകയും ചെയ്തു. (*)

മറ്റൊരു കാര്യംകൂടി മഴമൂലം സാധിച്ചു. മുസ്‌ലിംകൾ അണിനിരന്നിരുന്ന സ്ഥലം മണൽ തരിശായിരുന്നതുകൊണ്ട് കാലടി ഉറക്കാതെ, മണലിൽ ആണ്ടുപോയിരുന്നത് മാറി. മഴ വർഷിച്ചപ്പോൾ നിലം ഉറച്ചു കട്ടിയായിത്തീർന്നു. ഇഷ്ടംപോലെ ഓടുവാനും ചാടുവാനും സൗകര്യപ്രദമായി. നേരെ മറിച്ചു ശത്രുക്കൾ ആദ്യമെ താവളമുറപ്പിച്ചുവെച്ച സ്ഥലം മഴനിമിത്തം ചളിമയവും, കാലുറക്കാതെയും ആയിത്തീരുകയും ചെയ്തു. ഇതെല്ലാമാണ് ഈ വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടിയത്. സത്യവിശ്വാസികൾക്ക് അന്ന് ചെയ്തുകൊടുത്ത വേറെയും ഒരനുഗ്രഹം അല്ലാഹു ഓർമിപ്പിക്കുന്നു:

إِذْ يُوحِى رَبُّكَ إِلَى ٱلْمَلَٰٓئِكَةِ أَنِّى مَعَكُمْ فَثَبِّتُوا۟ ٱلَّذِينَ ءَامَنُوا۟ ۚ سَأُلْقِى فِى قُلُوبِ ٱلَّذِينَ كَفَرُوا۟ ٱلرُّعْبَ فَٱضْرِبُوا۟ فَوْقَ ٱلْأَعْنَاقِ

﴾12﴿ നിന്റെ രക്ഷിതാവ് മലക്കുകൾക്ക് ബോധനം നൽകിയിരുന്ന സന്ദർഭം (ഓർക്കുക): (അതായത്) 'ഞാൻ നിങ്ങളുടെ കൂടെയുണ്ട്; ആകയാൽ, വിശ്വസിച്ചവരെ നിങ്ങൾ (പതറാതെ) ഉറപ്പിക്കുവിൻ എന്ന്;- അവിശ്വസിച്ചവരുടെ ഹൃദയങ്ങളിൽ ഞാൻ ഭീതി ഇട്ടുകൊടുത്തേക്കും;- ആകയാൽ, നിങ്ങൾ പിരടികൾക്ക് മീതെ വെട്ടുകയും, അവരിൽനിന്നും

(*) حُبَاب بن المُنْذر (ഹുബാബ്ബ്നുൽമുൻദിർ) എന്ന സ്വഹാബിയുടെ അഭിപ്രായം സ്വീകരിച്ച നബി ﷺ നേരത്തെ തന്നെ ജലാശയം പിടിച്ചതായും ചരിത്രത്തിലുണ്ട്.

وَٱضۡرِبُواْ مِنۡهُمۡ كُلَّ بَنَانٖ ﴿١٢﴾ (അവരുടെ) വിരൽ തലപ്പുകളൊക്കെ വെട്ടുകയും ചെയ്തുകൊള്ളുക' (എന്നും)

﴾12﴿ إِذْيُوحِي വഹ്‌യ് (ബോധനം) നൽകിയിരുന്ന സന്ദർഭം رَبُّكَ നിന്റെ റബ്ബ് إِلَى الْمَلَائِكَةِ മലക്കുകളിലേക്ക് أَنِّي مَعَكُمْ ഞാൻ നിങ്ങളുടെ കൂടെയുണ്ടെന്ന് فَثَبِّتُوا അതിനാൽ നിങ്ങൾ ഉറപ്പിക്കു (സ്ഥിരത നൽകു) വിൻ الَّذِينَ آمَنُوا വിശ്വസിച്ചവരെ, വിശ്വസിച്ചവർക്ക് سَأُلْقِي ഞാൻ ഇട്ടുകൊടുക്കും, ഇട്ടേക്കും فِي قُلُوبِ ഹൃദയങ്ങളിൽ الَّذِينَ كَفَرُوا അവിശ്വസിച്ചവരുടെ الرُّعْبَ ഭീതി, നടുക്കം فَاضْرِبُوا അതിനാൽ നിങ്ങൾ വെട്ടുവിൻ فَوْقَ മീതെ, മുകളിൽ الْأَعْنَاقِ പിരടികളുടെ, കഴുത്തുകൾക്ക് وَاضْرِبُوا നിങ്ങൾ വെട്ടുകയും (ഛേദിക്കുകയും) ചെയ്യുവിൻ مِنْهُمْ അവരിൽനിന്ന് كُلَّ എല്ലാം, ഒക്കെ بَنَانٍ വിരൽതലപ്പ്, വിരൽക്കൊടി, വിരൽ

ബദ്റിൽ സത്യവിശ്വാസികൾക്ക് നൽകപ്പെട്ടതായി മുൻവചനത്തിൽ പ്രസ്താവിച്ച അനുഗ്രഹങ്ങളെല്ലാം അവർക്ക് പ്രത്യക്ഷത്തിൽ കണ്ടറിയാവുന്നതായിരുന്നു. ഈ വചനത്തിൽ പ്രസ്താവിച്ച അനുഗ്രഹം അല്ലാഹു അറിയിച്ചതുകൊണ്ടു മാത്രം അറിയുവാൻ കഴിയുന്നതാണ്. കാരണം, മലക്കുകൾക്ക് ബോധനം നൽകിയതും, അവർ അപ്രകാരം പ്രവർത്തിക്കുന്നതും മനുഷ്യന് കണ്ണുകൊണ്ട് കണ്ടറിയാവുന്നതല്ല. അല്ലാഹുവിന്റെ മതത്തെയും, പ്രവാചകനെയും, സത്യവിശ്വാസികളെയും സഹായിക്കുവാൻവേണ്ടി അവൻ സ്വീകരിച്ചിട്ടുള്ള പ്രത്യക്ഷവും പരോക്ഷവുമായ ചില നടപടികളെ നമുക്ക് അറിയിച്ചു തരുകയും, അതിന്റെ പേരിൽ നാം അവന് നന്ദി ചെയ്യേണ്ടുന്നതിന്റെ ആവശ്യകത ഉണർത്തുകയുമാണിതിന്റെ ഉദ്ദേശ്യം. ബദ്റിലേക്ക് ഇറക്കപ്പെട്ട മലക്കുകൾക്ക് അല്ലാഹു നൽകിയ ബോധനത്തിലടങ്ങിയ കാര്യങ്ങൾ ഇവയാണ്:-

(1) ഞാൻ നിങ്ങളുടെ കൂടെയുണ്ട്. അതായത്, ഞാൻ നിങ്ങളുടെ ഭാഗത്താണ്, നിങ്ങളെ ഞാൻ സഹായിക്കും, നിങ്ങൾക്ക് പരാജയം പിണയുകയില്ല.

(2) അതിനാൽ, നിങ്ങൾ സത്യവിശ്വാസികളെ പതറാതെ ഉറപ്പിച്ചുനിർത്തണം. അതായത്, അവർക്ക് മനസ്സമാധാനവും ശാന്തതയും, ധീരതയും ഉണ്ടാക്കിത്തീർക്കണം. ഇതെങ്ങിനെയാണവർ ചെയ്യുക- അല്ലെങ്കിൽ ചെയ്തത്-എന്ന് നമുക്ക് തിട്ടപ്പെടുത്തിപ്പറയുക സാധ്യമല്ല. ചില മഹാന്മാർ പറയുന്നതുപോലെ, മനസ്സിൽ സൽപ്രേരണ നൽകിയും, വേണ്ടത് തോന്നിപ്പിച്ചും കൊണ്ടായിരിക്കാം. മലക്കുകൾക്കും, പിശാചിനും മനുഷ്യരിൽ പ്രവേശനമുണ്ടെന്നും, മലക്കുകളുടെ പ്രവേശനം നല്ല കാര്യങ്ങൾക്ക് പ്രേരണ നൽകലാണെന്നും, പിശാചിന്റെ പ്രവേശനം ദുഷ്ക്കാര്യങ്ങൾക്ക് പ്രേരണ നൽകലാണെന്നും നബിﷺ അരുളിച്ചെയ്തത് കഴിഞ്ഞ അദ്ധ്യായം 201, 202 എന്നിവയുടെ വ്യാഖ്യാനത്തിൽ മുമ്പ് നാം ഉദ്ധരിച്ചുവല്ലോ. അല്ലെങ്കിൽ, വേറെ ചില മഹാന്മാർ പറയുന്നതുപോലെ, മലക്കുകൾ മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് അവർക്ക് ധൈര്യവും ഉപദേശവും നൽകിയിരുന്നുവെന്നുമാവാം. الله اعلم മലക്കുകൾ ചിലപ്പോൾ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ടെന്നുള്ളത് ക്വുർആനെക്കൊണ്ടും ഹദീഥുകൊണ്ടും അറിയപ്പെട്ടതുമാണ്. ബദ്റിൽ മലക്കുകൾ ഹാജരായതിനെ സംബന്ധിച്ച അദ്ധ്യായത്തിൽ ബുഖാരീ (റ) ഉദ്ധ

രിച്ചിട്ടുള്ള ഒരു ഹദീഥിൽ 'ഇതാ, ജിബ്‌രീൽ യുദ്ധായുധങ്ങളുമായി കുതിരയുടെ കടിഞ്ഞാണും പിടിച്ചുകൊണ്ടിരിക്കുന്നു.' എന്നു നബിﷺ പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ളതും പ്രസ്താവ്യമത്രെ.

(3) അവിശ്വാസികളുടെ ഹൃദയങ്ങളിൽ ഞാൻ ഭീതി ഇട്ടു കൊടുക്കുമെന്ന വാഗ്ദാനം. അവർ നിങ്ങളെ പരാജയപ്പെടുത്തുമെന്ന് നിങ്ങൾ ശങ്കിക്കേണ്ടതില്ല. അവരുടെ ശക്തിയും പ്രതാപവുമൊന്നും അവർക്ക് ഉപകരിക്കുകയില്ല എന്ന് സാരം.

(4) അതിനാൽ, നിങ്ങൾ അവരുടെ പിരടിക്കു മീതെ വെട്ടുകയും, അവരുടെ വിരൽ തലപ്പുകളെ ഛേദിക്കുകയും വേണമെന്ന കൽപന. അതായത് അവരുടെ തല കൊയ്യുകയും വിരലുകൾ ഉൾക്കൊള്ളുന്ന കൈകാലുകൾ വെട്ടിമുറിക്കുകയും വേണം എന്ന് സാരം.

മലക്കുകൾക്ക് അല്ലാഹു സന്ദേശം നൽകിയെന്ന് പറഞ്ഞതിനുശേഷം അതിന്റെ വിവരണമായിട്ടാണ് أَنِّي مَعَكُمْ (ഞാൻ നിങ്ങളുടെ കൂടെയുണ്ട്) എന്ന് തുടങ്ങി ആയത്തിന്റെ അവസാനംവരെയുള്ള വാക്കുകൾ നിലകൊള്ളുന്നതെന്നത്രെ ആയത്തിന്റെ വാചക ഘടനയിൽ നിന്നും മറ്റും വ്യക്തമാകുന്നത്. അപ്പോൾ, അതിലടങ്ങിയ മേൽകണ്ട ഓരോ കാര്യവും– മലക്കുകളോടായിരിക്കുവാനേ തരമുള്ളൂ. മലക്കുകളാകുന്ന നിങ്ങൾ–അല്ലെങ്കിൽ നിങ്ങളും സത്യവിശ്വാസികളും ചേർന്നു–ശത്രുക്കളെ ആക്രമിക്കണമെന്നുമായിരിക്കും അവസാനം പറഞ്ഞതിന്റെ സാരം. മലക്കുകൾ യുദ്ധത്തിൽ പങ്കുവഹിച്ചിട്ടുണ്ടെന്ന് പറയുന്നവർക്ക് ഈ വചനം നല്ലൊരു തെളിവാണെന്നുള്ളതിൽ സംശയമില്ല. അവർ യുദ്ധത്തിൽ പങ്കെടുക്കുകയുണ്ടായിട്ടില്ല–സത്യവിശ്വാസികൾക്ക് മനഃസ്സമാധാനവും ധൈര്യവും നൽകലേ ഉണ്ടായിട്ടുള്ളൂ–എന്ന് പറയുന്നവർ ...فَاضْرِبُوا (നിങ്ങൾ വെട്ടിക്കൊള്ളുവിൻ.....) എന്ന് തുടങ്ങിയ അവസാനഭാഗം, സത്യവിശ്വാസികളെ അഭിമുഖീകരിച്ചുള്ളതാണെന്നും, അതിന് മുമ്പുള്ള വാക്യങ്ങൾ മാത്രമേ മലക്കുകളോടുള്ള ബോധനത്തിൽ ഉൾപ്പെടുന്നുള്ളൂവെന്നും വ്യാഖ്യാനിക്കുന്നു. ഇത് വാദത്തിനൊപ്പിച്ചുള്ള ഒരു വ്യാഖ്യാനമെന്നല്ലാതെ, വാചക ഘടനക്കുയോജിക്കുന്ന വ്യാഖ്യാനമാണെന്നു തോന്നുന്നില്ല. എന്നാൽ, മലക്കുകൾ ശത്രുക്കളെ വെട്ടിയത് എങ്ങിനെ? എത്രപേരെ വെട്ടി? ആ ആയുധം എങ്ങിനെയുള്ളതായിരുന്നു? മുശ്‌രിക്കുകളെ മുഴുവനും നശിപ്പിക്കുവാൻ ഒരേ ഒരു മലക്കുപോരേ? പിന്നെ എന്തിനാണ് ആയിരക്കണക്കിൽ മലക്കുകൾ പങ്കെടുത്തത്......? എന്നൊക്കെ ഇവിടെ സംശയങ്ങളും തർക്കങ്ങളും വരാം. ശരിയാണ്. ഇതിനൊക്കെ ഉത്തരം കാണുവാനുള്ള മറുപടി ഒന്നിലധികം പ്രാവശ്യം നമുക്കു കഴിഞ്ഞുപോയിട്ടുണ്ട്. അല്ലാമാ സയ്യിദുക്വുത്ത്ബ് (റ) ഈ വക ചോദ്യങ്ങൾക്ക് നൽകിയ മറുപടി ശ്രദ്ധേയമാകുന്നു. മലക്കുകളും അവരുടെ പ്രവർത്തനങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം അദൃശ്യ (غَيْب) ങ്ങളാണെന്നത്രെ അതിന്റെ രത്നച്ചുരുക്കം.

ഭൗതിക വീക്ഷണത്തിലൂടെ മാത്രം ഇത്തരം സംഭവങ്ങളെ വിലയിരുത്തുന്നവരെ സംബന്ധിച്ചിടത്തോളം ഇത്തരം മറുപടികളൊന്നും അവരെ തൃപ്തിപ്പെടുത്തുകയില്ലെന്ന് നമുക്കറിയാം. ഇങ്ങിനെയുള്ളവരെപ്പറ്റി സൂറത്തുൽ മുഅ്മിനൂനിൽ അല്ലാഹു പറയുന്നത് ഇങ്ങിനെയാണ്: ... إِنَّ الَّذِينَ يُجَادِلُونَ فِي آيَاتِ اللَّهِ بِغَيْرِ سُلْطَانٍ أَتَاهُمْ (സാരം: നിശ്ചയമായും, തങ്ങൾക്ക് വന്നുകിട്ടിയിട്ടുള്ള വല്ല അധികൃത രേഖയും കൂടാതെ അല്ലാഹുവിന്റെ ആയത്തുകളിൽ തർക്കം നടത്തുന്നവരുടെ ഹൃദയങ്ങളിൽ അവർ എത്തിച്ചേർന്നിട്ടില്ലാത്ത– അഥവാ അവർ അർഹിക്കാത്ത– അഹംഭാവമല്ലാതെ മറ്റൊന്നുമില്ല...... (40:56)

ശത്രുക്കൾ നബിﷺയെ കൊലപ്പെടുത്തുവാൻ ഗൂഢാലോചന നടത്തിയ അവസരത്തിൽ തിരുമേനിയും അബൂബക്ർ സിദ്ദീഖും (റ) ഥൗർ ഗുഹയിൽ പോയി ഒളിച്ചിരിക്കുകയും, അവരെ തേടിത്തിരഞ്ഞുവന്ന ശത്രുക്കളുടെ ദൃഷ്ടിയിൽപെടാതെ അവരെ രക്ഷപ്പെടുത്തുകയും ചെയ്ത സംഭവം വിവരിച്ചപ്പോൾ അല്ലാഹു പറയുന്നു: وَأَيَّدَهُ بِجُنُودٍ لَّمْ تَرَوْهَا (നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തെ അവൻ- അല്ലാഹു- ശക്തിപ്പെടുത്തുകയും ചെയ്തു. (9:40) ഖൻദക് യുദ്ധത്തിൽ ശത്രുസൈന്യത്തെ പരാജയപ്പെടുത്തിയതിനെ വിവരിക്കുന്ന മദ്ധ്യെ പറയുന്നു: فَأَرْسَلْنَا عَلَيْهِمْ رِيحًا وَجُنُودًا لَّمْ تَرَوْهَا (അവരുടെ മേൽ നാം ഒരു കാറ്റും, നിങ്ങൾ കണ്ടിട്ടില്ലാത്ത ചില സൈന്യങ്ങളെയും അയച്ചു. (33:9) മക്കാ വിജയത്തെക്കുറിച്ചു പ്രസ്താവിക്കുന്ന സന്ദർഭത്തിൽ പറയുന്നു: وَلِلَّهِ جُنُودُ السَّمَاوَاتِ وَالْأَرْضِ (അല്ലാഹുവിന് ആകാശങ്ങളിലെയും ഭൂമിയിലെയും സൈന്യങ്ങളുണ്ട്. (48:4, 7) പക്ഷേ, ഈ സൈന്യങ്ങൾ ഏതെല്ലാമാണ്? എങ്ങിനെയുള്ളവരാണ്? അവരുടെ പ്രവർത്തനങ്ങൾ എങ്ങിനെയൊക്കെയായിരിക്കും? ഇതൊക്കെ അല്ലാഹുവിനേ അറിയുകയുള്ളൂ. وَمَا يَعْلَمُ جُنُودَ رَبِّكَ إِلَّا هُوَ (നിന്റെ റബ്ബിന്റെ സൈന്യങ്ങളെ അവനല്ലാതെ അറിയുകയില്ല. 74:31)

ذَٰلِكَ بِأَنَّهُمْ شَآقُّوا۟ ٱللَّهَ وَرَسُولَهُۥ ۚ وَمَن يُشَاقِقِ ٱللَّهَ وَرَسُولَهُۥ فَإِنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ﴿١٣﴾

﴾13﴿ അത്, അവർ [അവിശ്വാസികൾ] അല്ലാഹുവിനോടും, അവന്റെ റസൂലിനോടും (മത്സരിച്ച്) ചേരിപിരിഞ്ഞത് കൊണ്ടത്രെ (സംഭവിച്ചത്)

അല്ലാഹുവിനോടും, അവന്റെ റസൂലിനോടും ആരെങ്കിലും (മൽസരിച്ചു) ചേരിപിരിയുന്നപക്ഷം, നിശ്ചയമായും, അല്ലാഹു കഠിനമായി ശിക്ഷാനടപടിയെടുക്കുന്നവനാകുന്നു.

ذَٰلِكُمْ فَذُوقُوهُ وَأَنَّ لِلْكَٰفِرِينَ عَذَابَ ٱلنَّارِ ﴿١٤﴾

﴾14﴿ (ഹേ, അവിശ്വാസികളേ) അതാണ് (കാര്യം). ആകയാൽ, അത് നിങ്ങൾ ആസ്വദിച്ചുകൊള്ളുവിൻ!

(കൂടാതെ) അവിശ്വാസികൾക്ക് നരകശിക്ഷയുണ്ടെന്നും (നിങ്ങൾ അറിഞ്ഞുകൊള്ളുക)

﴾13﴿ ذَٰلِكَ അത് بِأَنَّهُمْ അവരാണെന്നതുകൊണ്ടാണ് شَاقُّوا അവർ ചേരിപിരിഞ്ഞു (മൽസരിച്ചു-കക്ഷി പിളർന്നു) എന്നുള്ളത് اللَّهَ അല്ലാഹുവിനോട് وَرَسُولَهُ അവന്റെ റസൂലിനോടും وَمَنْ يُشَاقِقِ ആരെങ്കിലും (വല്ലവനും) കക്ഷിപിരിയുന്ന (മൽസരിക്കുന്ന)

പക്ഷം اللّٰهَ അല്ലാഹുവിനോട് وَرَسُولَهُ അവന്റെ റസൂലിനോടും فَإِنَّ اللّٰهَ എന്നാൽ നിശ്ചയമായും അല്ലാഹു شَدِيدُ കഠിനമായവനാണ് الْعِقَابِ ശിക്ഷാ നടപടി. ﴾14﴿ ذَٰلِكُمْ അതാണ്, അതത്രെ (കാര്യം) فَذُوقُوهُ അതിനാൽ അത് നിങ്ങൾ ആസ്വദിക്കുവീൻ وَأَنَّ لِلْكَافِرِينَ അവിശ്വാസികൾക്കുണ്ടെന്നും عَذَابَ النَّارِ നരകശിക്ഷ.

സാരം: ഭീതിയും പരാജയവും നൽകി അവിശ്വാസികളെ നിസ്സഹായരാക്കുവാനും, മനഃസ്സമാധാനവും വിജയവും നൽകി സത്യവിശ്വാസികളെ സഹായിക്കുവാനും കാരണം, അവിശ്വാസികൾ അല്ലാഹുവിനോടും റസൂലിനോടും മൽസരിച്ചുകൊണ്ടിരുന്നതാണ്. അവനോടും, അവന്റെ റസൂലിനോടും മൽസരിക്കുന്നവരെ ഇഹത്തിലും പരത്തിലും കഠിനമായി ശിക്ഷിക്കുക തന്നെ ചെയ്യും; ഇഹത്തിലുള്ള ശിക്ഷ അങ്ങിനെയൊക്കെയാണെങ്കിൽ, പരത്തിലെ ശിക്ഷ നരകമായിരിക്കും.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا لَقِيتُمُ ٱلَّذِينَ كَفَرُواْ زَحْفًا فَلَا تُوَلُّوهُمُ ٱلْأَدْبَارَ ﴿١٥﴾

﴾15﴿ ഹേ, വിശ്വസിച്ചവരേ, അവിശ്വസിച്ചവർ (പടയൊരുക്കം ചെയ്ത്) തിരക്കിവരുന്നതായി നിങ്ങൾ കണ്ടെത്തിയാൽ, നിങ്ങൾ അവർക്ക് പിൻപുറം തിരിക്കരുത് (അവരിൽ നിന്ന് പിൻതിരിഞ്ഞു പോകരുത്).

وَمَن يُوَلِّهِمْ يَوْمَئِذٍ دُبُرَهُۥٓ إِلَّا مُتَحَرِّفًا لِّقِتَالٍ أَوْ مُتَحَيِّزًا إِلَىٰ فِئَةٍ فَقَدْ بَآءَ بِغَضَبٍ مِّنَ ٱللَّهِ وَمَأْوَىٰهُ جَهَنَّمُ ۖ وَبِئْسَ ٱلْمَصِيرُ ﴿١٦﴾

﴾16﴿ (അങ്ങിനെ സംഭവിക്കുന്ന) ആ ദിവസം ആരെങ്കിലും അവർക്ക് തന്റെ പിൻപുറം തിരിക്കുന്ന [പിൻതിരിഞ്ഞുപോകുന്ന] പക്ഷം, വല്ല യുദ്ധ (തന്ത്ര) ത്തിലേക്കും തിരിഞ്ഞുപോകുന്നവനായിക്കൊണ്ടോ, (സ്വ കക്ഷിയിലെ) വല്ല കൂട്ടത്തിലേക്കും ചെന്നു ചേരുന്നവനായിക്കൊണ്ടോ അല്ലാതെ- തീർച്ചയായും, അവൻ അല്ലാഹുവിൽ നിന്നുള്ള കോപം (നേടി) ക്കൊണ്ട് മടങ്ങുന്നതാണ്. അവന്റെ സങ്കേതമാകട്ടെ, ('ജഹന്നമും') [നരകവും] ആകുന്നു.

(ആ) തിരിച്ചെത്തുന്ന സ്ഥാനം വളരെ ചീത്ത!

﴾15﴿ يَا أَيُّهَا الَّذِينَ آمَنُوا വിശ്വസിച്ചവരേ إِذَا لَقِيتُمُ നിങ്ങൾ കണ്ടുമുട്ടിയാൽ الَّذِينَ كَفَرُوا അവിശ്വസിച്ചവരെ زَحْفًا തിരക്കി (പടയൊരുക്കി) വരുന്നതായി فَلَا تُوَلُّوا അപ്പോൾ നിങ്ങൾ തിരിക്കരുത് هُمُ അവരോട്, അവർക്ക് الْأَدْبَارَ പിൻപുറങ്ങൾ

﴾16﴿ وَمَن വല്ലവരും, ആർ يُوَلِّهِمْ അവരോട് (അവർക്ക്) തിരിക്കുന്ന (പക്ഷം) يَوْمَئِذٍ
അന്നത്തെ ദിവസം, ആ ദിവസം دُبُرَهُۥٓ തന്റെ പിൻപുറം إِلَّا مُتَحَرِّفًا തിരിഞ്ഞു (ചാഞ്ഞു)
പോകുന്നവനായിട്ടല്ലാതെ لِّقِتَالٍ വല്ല യുദ്ധ (തന്ത്ര) ത്തിലേക്കും أَوْ مُتَحَيِّزًا അല്ലെ
ങ്കിൽ ചെന്നു ചേരുന്ന (സ്ഥലം പിടിക്കുന്ന) വനായിട്ട് إِلَىٰ فِئَةٍ വല്ല (ഒരു) കൂട്ടത്തിലേക്കും
فَقَدْ എന്നാൽ തീർച്ചയായും بَآءَ അവൻ മടങ്ങി (നേടി) بِغَضَبٍ കോപവുമായി
(കോപത്തെ) مِّنَ ٱللَّهِ അല്ലാഹുവിൽ നിന്ന് وَمَأْوَىٰهُ അവന്റെ സങ്കേത (പ്രാപ്യ-മടക്ക)
സ്ഥാനമാകട്ടെ جَهَنَّمُ ജഹന്നമാകുന്നു وَبِئْسَ വളരെ ചീത്ത (മോശം) ٱلْمَصِيرُ (ആ)
തിരിച്ചെത്തുന്ന (മടക്ക) സ്ഥാനം.

മുസ്‌ലിംകൾക്കെതിരെ അവിശ്വാസികൾ യുദ്ധത്തിനൊരുങ്ങി വരുമ്പോൾ, അവരോട് നേരിടുവാൻ ധൈര്യപ്പെടാതെ ഒഴിഞ്ഞുമാറുന്നതും, യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ യുദ്ധക്കളത്തിൽ നിന്ന് പിൻതിരിഞ്ഞു പോകുന്നതും മുസ്‌ലിംകളുടെ മേൽ അല്ലാഹു കർശനമായി വിരോധിക്കുന്നു. പക്ഷേ, തന്ത്രപരമായ വല്ല അടവുമെന്ന നിലക്ക് യുദ്ധക്കളത്തിൽനിന്ന് തൽക്കാലം വിട്ടുപോയി വീണ്ടും രംഗപ്രവേശം ചെയ്യുക, കൂട്ടംവിട്ടു ഒറ്റപ്പെട്ടതുകൊണ്ടോ കൂട്ടത്തിൽ ചേർന്നു എതിർപ്പ് ശക്തിപ്പെടുത്തുവാൻ ഉദ്ദേശിച്ചു കൊണ്ടോ മാറിപ്പോകുക മുതലായ നയോപായങ്ങൾ സ്വീകരിക്കുന്നതിന് വിരോധമില്ല. ഇതൊന്നും കൂടാതെ യുദ്ധത്തിൽ നിന്ന് പിന്തിരിഞ്ഞോടുന്നത് അല്ലാഹുവിന്റെ കഠിനമായ കോപത്തിനും ശിക്ഷക്കും കാരണമാണെന്നുകൂടി അല്ലാഹു താക്കീത് ചെയ്യുന്നു. വിനാശകരങ്ങളായ ഏഴു മഹാപാപങ്ങളുടെ കൂട്ടത്തിൽ ഒന്നായി നബിﷺ തിരുമേനിയും അതിനെ എണ്ണിയിരിക്കുന്നു. നബിﷺ എണ്ണിയ ഏഴു മഹാപാപങ്ങൾ ഇവയാകുന്നു: 'അല്ലാഹുവിനോട് പങ്കുചേർക്കുക (ശിർക്ക് പ്രവർത്തിക്കുക), സിഹ്ർ (ആഭിചാരം) ചെയ്യുക, അല്ലാഹു നിഷിദ്ധമാക്കിയ ദേഹത്തെ ന്യായമില്ലാതെ കൊലപ്പെടുത്തുക, പലിശ തിന്നുക (ഉപയോഗിക്കുക), അനാഥകളുടെ സ്വത്ത് തിന്നുക, യുദ്ധത്തിന്റെ ദിവസം പിൻതിരിഞ്ഞുപോകുക, സത്യവിശ്വാസിനികളും ചാരിത്ര്യശുദ്ധരും (നീചവൃത്തിയെപ്പറ്റി) അശ്രദ്ധരുമായ സ്ത്രീകളെപ്പറ്റി വ്യഭിചാരാരോപണം നടത്തുക'. (ബു.മു.)

എല്ലാ അവസരങ്ങളിലും ബാധകമാകുന്ന ഒരു പൊതു നിയമമെന്ന നിലക്കാണ് ഈ നിരോധനാജ്ഞ ഇവിടെ പറയപ്പെട്ടിരിക്കുന്നത്. എങ്കിലും ശത്രുസൈന്യം വളരെ അധികമുള്ളപ്പോൾ ഈ നിയമത്തിൽ ഇളവുണ്ടെന്ന് താഴെ 66-ാം വചനത്തിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. കൂടുതൽ വിവരം അവിടെ വെച്ചു കാണാം.

فَلَمْ تَقْتُلُوهُمْ وَلَٰكِنَّ ٱللَّهَ قَتَلَهُمْ ۚ
وَمَا رَمَيْتَ إِذْ رَمَيْتَ وَلَٰكِنَّ ٱللَّهَ
رَمَىٰ ۚ وَلِيُبْلِىَ ٱلْمُؤْمِنِينَ مِنْهُ بَلَآءً

﴾17﴿ **എന്നാൽ, അവരെ [ആ കൊല്ലപ്പെട്ടവരെ] നിങ്ങൾ കൊലപ്പെടുത്തിയിട്ടില്ല; എങ്കിലും, അല്ലാഹു വത്രെ അവരെ കൊലപ്പെടുത്തിയത്. നീ (അവരെ) എറിഞ്ഞപ്പോൾ, നീ എറിഞ്ഞിട്ടുമില്ല; എങ്കിലും, അല്ലാഹു വത്രെ എറിഞ്ഞത്. സത്യവിശ്വാസികളെ അവങ്കൽനിന്നും നല്ലതായ [അനുഗൃഹീതമായ] ഒരു പരീക്ഷണം**

حَسَنًا ۚ إِنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿١٧﴾

അവൻ പരീക്ഷിക്കുവാൻ വേണ്ടിയുമാകുന്നു (അത്). നിശ്ചയമായും, അല്ലാഹു കേൾക്കുന്നവനും, അറിയുന്നവനുമാകുന്നു.

ذَٰلِكُمْ وَأَنَّ ٱللَّهَ مُوهِنُ كَيْدِ ٱلْكَٰفِرِينَ ﴿١٨﴾

﴾18﴿ **അതാണു (കാര്യം), അവിശ്വാസികളുടെ തന്ത്രത്തെ ബലഹീനമാക്കുന്നവനാണ് അല്ലാഹു എന്നുള്ളതും.**

﴾17﴿ فَلَمْ تَقْتُلُوهُمْ എന്നാൽ (അപ്പോൾ) നിങ്ങൾ അവരെ കൊലപ്പെടുത്തിയിട്ടില്ല. وَلَٰكِنَّ ٱللَّهَ എങ്കിലും അല്ലാഹു (അല്ലാഹുവത്രെ) قَتَلَهُمْ അവരെ കൊലപ്പെടുത്തി, (കൊന്നത്) وَمَا رَمَيْتَ നീ എറിഞ്ഞിട്ടുമില്ല إِذْ رَمَيْتَ നീ എറിഞ്ഞപ്പോൾ وَلَٰكِنَّ ٱللَّهَ എങ്കിലും അല്ലാഹു (വത്രെ) رَمَىٰ എറിഞ്ഞു (എറിഞ്ഞത്) وَلِيُبْلِيَ അവൻ പരീക്ഷണം ചെയ്‌വാനും, പരിശീലിപ്പിക്കുവാനും, പരിചയിപ്പിക്കുവാനും ٱلْمُؤْمِنِينَ സത്യവിശ്വാസികളെ مِنْهُ അവനിൽ നിന്ന് (അവന്റെ വക) بَلَآءً حَسَنًا നല്ല പരീക്ഷണം, പരിശീലനം إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു سَمِيعٌ കേൾക്കുന്നവനാണ് عَلِيمٌ അറിയുന്നവനാണ് ﴾18﴿ ذَٰلِكُمْ അതാണ്, അതത്രെ وَأَنَّ ٱللَّهَ അല്ലാഹുവാണെന്നുള്ളതും مُوهِنُ ബലഹീനമാക്കുന്നവൻ كَيْدِ തന്ത്രത്തെ, ഉപായം ٱلْكَٰفِرِينَ അവിശ്വാസികളുടെ

എണ്ണത്തിലും സജ്ജീകരണങ്ങളിലും വളരെ ഇരട്ടിയുണ്ടായിരുന്നിട്ടും ശത്രുസൈന്യത്തെ ദയനീയമായി പരാജയപ്പെടുത്തുവാൻ മുസ്‌ലിംകൾക്ക് കഴിഞ്ഞത് അല്ലാഹുവിന്റെ സഹായം ഒന്നുകൊണ്ട് മാത്രമാണെന്ന് മുമ്പ് വിവരിച്ചു. പിന്നീട് ശത്രുക്കൾ യുദ്ധത്തിന് ഒരുങ്ങിപ്പുറപ്പെട്ടാൽ അവരിൽനിന്ന് പിൻതിരിഞ്ഞു പോകരുതെന്നും കൽപിച്ചു. അതിനുശേഷം സത്യവിശ്വാസികളെ അഭിമുഖീകരിച്ചുകൊണ്ട് അല്ലാഹു പറയുകയാണ്: കാര്യങ്ങൾ മേൽ പ്രസ്താവിച്ച പോലെയായിരിക്കെ, അത്രയും പേരെ യുദ്ധത്തിൽ കൊന്നൊടുക്കിയത് ബാഹ്യത്തിൽ നിങ്ങളാണെങ്കിലും യഥാർത്ഥത്തിൽ അത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. അഥവാ നിങ്ങളുടെ കൈക്കാണത് സംഭവിച്ചതെങ്കിലും അതിന് നിങ്ങളെ സഹായിച്ചതും നിങ്ങൾക്കത് സാധിപ്പിച്ചുതന്നതും അല്ലാഹുവാകുന്നു. നിങ്ങളുടെ കൈക്കാണ് അതവൻ നടപ്പിൽ വരുത്തിയതെന്നേയുള്ളൂ എന്ന് സാരം. സൂ: തൗബഃയിൽ അല്ലാഹു പറയുന്നു: 'നിങ്ങൾ അവരോട് യുദ്ധം ചെയ്യുവിൻ. നിങ്ങളുടെ കൈകളാൽ അല്ലാഹു അവരെ ശിക്ഷിക്കുകയും, അവരെ അപമാനപ്പെടുത്തുകയും, അവർക്കെതിരിൽ അവൻ നിങ്ങളെ സഹായിക്കുകയും, സത്യവിശ്വാസികളായ ജനങ്ങളുടെ മനസ്സുകൾക്ക് ശമനം നൽകുകയും ചെയ്യും.' قَاتِلُوهُمْ يُعَذِّبْهُمُ ٱللَّهُ بِأَيْدِيكُمْ (التوبة : 14) ഈ വചനത്തിൽനിന്ന് മേൽപറഞ്ഞ ആശയം കൂടുതൽ വ്യക്തമായി മനസ്സിലാക്കാം.

അനന്തരം നബിﷺയെ അഭിമുഖീകരിച്ചുകൊണ്ട് നബിﷺയിൽനിന്നുണ്ടായ മറ്റൊരു സംഭവത്തിന്റെ സ്ഥിതിയും ഇതുപോലെത്തന്നെ എന്ന് ചൂണ്ടിക്കാട്ടുന്നു. അതത്രെ 'നീ

എറിഞ്ഞപ്പോൾ നീ എറിഞ്ഞതല്ല, എങ്കിലും അല്ലാഹുവാണ് എറിഞ്ഞത്' (وَمَارَمَيْتَ...) എന്ന വാക്യം. ആ സംഭവം ഇബ്നു അബ്ബാസ് (റ) ഇപ്രകാരം വിവരിച്ചതായി അലിയ്യുബ്നു ത്വൽഹത്ത് (റ) ഉദ്ധരിക്കുന്നു:- ബദ്റിന്റെ ദിവസം റസൂൽﷺ കൈ ഉയർത്തിപ്പിടിച്ചു ഇങ്ങിനെ പറഞ്ഞു: 'എന്റെ റബ്ബേ! ഈ സംഘത്തെ നീ നശിപ്പിക്കുന്നപക്ഷം, ഭൂമിയിൽ ഒരിക്കലും നിനക്ക് ആരാധന ചെയ്യപ്പെടുകയില്ല.' അപ്പോൾ ജിബ്രീൽ (അ) പറഞ്ഞു: 'ഒരു പിടി മണ്ണെടുത്തു അതുകൊണ്ട് അവരുടെ മുഖങ്ങളിലേക്ക് എറിയുക.' തിരുമേനി ഒരു പിടി മണ്ണെടുത്തു എറിഞ്ഞു. മുശ്രിക്കുകളിൽ ഒരാളുടെയും കണ്ണിലും മൂക്കിലും വായിലും അതിൽനിന്ന് ആകാതിരുന്നില്ല. അനന്തരം പിന്നോക്കം തിരിയുകയുണ്ടായി. ഇത് സംബന്ധിച്ചു ഒന്നിലധികം രിവായത്തുകൾ വേറെയും കാണാം. ചിലതിൽ **شَاهت الوجوه** (മുഖങ്ങൾ ചീത്തപ്പെടട്ടെ) എന്ന് പറഞ്ഞുകൊണ്ടാണ് നബിﷺ എറിഞ്ഞതെന്നും വന്നിരിക്കുന്നു. ഈ സംഭവത്തെയാണ് ഈ വചനത്തിൽ ഉദ്ദേശിച്ചിരിക്കുന്നതെന്നത്രെ ഉർവത്ത്, മുജാഹിദ്, ഇക്രിമഃ, ക്വത്താദഃ തുടങ്ങിയ പല മഹാന്മാരും പറയുന്നത്. ക്വുർആൻ വ്യാഖ്യാതാക്കൾ പൊതുവെ അംഗീകരിച്ചു വരുന്നതും അതു തന്നെ. ഹുനൈൻ യുദ്ധത്തിലും ഏതാണ്ടിങ്ങനെ ഒരു സംഭവമുണ്ടായിട്ടുള്ളതിനെക്കുറിച്ചാണ് ഈ പറഞ്ഞതെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും ഇവിടെ സംസാരം ബദ്റിനെക്കുറിച്ചാകകൊണ്ട് ആ അഭിപ്രായം ശരിയല്ലെന്നു ഇബ്നുകഥീർ (റ) മുതലായവർ വ്യക്തമാക്കിയിരിക്കുന്നു അപ്പോൾ 'നീ എറിഞ്ഞപ്പോൾ നീ എറിഞ്ഞിട്ടില്ല....' എന്ന് പറഞ്ഞതിന്റെ സാരം ഇപ്രകാരമായിരിക്കും: നബിയേ ഒരു പിടി മണ്ണെടുത്ത് എറിഞ്ഞതു തന്റെ കൈകൊണ്ടാണെങ്കിലും അതിനെത്തുടർന്ന് അത്രയും വമ്പിച്ചതും അസാധാരണവുമായ ഒരു പ്രതികരണം ശത്രുക്കളിൽ വരുത്തിത്തീർത്തത് അല്ലാഹു മാത്രമാകുന്നു. അപ്പോൾ, എറിഞ്ഞത് പ്രത്യക്ഷത്തിൽ താനാണെങ്കിലും യഥാർത്ഥത്തിൽ അതും അല്ലാഹുവിന്റെ വകയാകുന്നു.

ഒരുപിടി മണ്ണ് എറിഞ്ഞതിനെത്തുടർന്ന് ആ വമ്പിച്ച ശത്രുക്കളിൽ പരാജയ മനഃസ്ഥിതിയും, വീര്യക്ഷയവും ബാധിച്ചുവെന്ന് വെക്കുന്നത് ദഹിക്കാത്ത ചിലർ ഈ വാക്യത്തിന് 'നീ അമ്പെയ്തപ്പോൾ നീയല്ല-അല്ലാഹുവാണ്- യഥാർത്ഥത്തിൽ അമ്പെയ്തത് എന്ന് അർത്ഥമാക്കിക്കാണുന്നു. ഇതിന് അവരെ പ്രേരിപ്പിച്ച കാരണമേതായാലും ശരി, ബദ്റിൽ നബിﷺ അമ്പെയ്തുവെന്നോ, അതിനെക്കുറിച്ചാണ് ഈ പറഞ്ഞതെന്നോ ഉള്ളതിന് തെളിവുകളൊന്നുമില്ല. കാര്യപ്പെട്ട ഒരാളും മുമ്പ് അങ്ങിനെ പറഞ്ഞതായും കാണുന്നില്ല.

ഇങ്ങിനെയൊക്കെ അല്ലാഹു ചെയ്യുന്നത് മുകളിൽ സൂചിപ്പിച്ചതുപോലുള്ള പല ലക്ഷ്യങ്ങളും വെച്ചുകൊണ്ടാണ്. മാത്രമല്ല, സത്യവിശ്വാസികൾക്ക് അല്ലാഹുവിങ്കൽ നിന്നുള്ള വമ്പിച്ച അനുഗ്രഹങ്ങൾ സിദ്ധിക്കുമാറുള്ള ചില പരീക്ഷണങ്ങൾ നൽകി അവരെ പരിശീലിപ്പിക്കുവാനും കൂടിയാണത്. എല്ലാവരുടെയും നിലപാടും ആവശ്യവുമൊക്കെ ശരിക്കും കേട്ടും കണ്ടും അറിഞ്ഞുകൊണ്ടിരിക്കുന്നവനാണല്ലോ അല്ലാഹു. അപ്പോൾ, സത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം വേണ്ടത് അവർക്ക് അവൻ ചെയ്തുകൊടുക്കാതിരിക്കുകയില്ല. അവിശ്വാസികളെ സംബന്ധിച്ചിടത്തോളം അവരുടെ എല്ലാ ഗൂഢതന്ത്രങ്ങളെയും അവൻ ദുർബ്ബലമാക്കി പരാജയപ്പെടുത്തുകയും ചെയ്യും എന്നൊക്കെയാണ് തുടർന്നുള്ള വാക്യങ്ങളുടെ താൽപര്യം.

إِن تَسْتَفْتِحُوا۟ فَقَدْ جَآءَكُمُ ٱلْفَتْحُ ۖ وَإِن تَنتَهُوا۟ فَهُوَ خَيْرٌ لَّكُمْ ۖ وَإِن تَعُودُوا۟ نَعُدْ

﴾19﴿ (അവിശ്വാസികളേ) നിങ്ങൾ തുറവി [തീരുമാനം] തേടുന്നുവെങ്കിൽ, നിങ്ങൾക്ക് (ഇതാ) തുറവി വന്നുകഴിഞ്ഞിരിക്കുന്നു. നിങ്ങൾ വിരമിക്കുന്നുവെങ്കിൽ, അത് നിങ്ങൾക്ക് ഉത്തമവുമാകുന്നു. നിങ്ങളത് ആവർത്തിക്കുന്നുവെങ്കിലോ, നാമും ആവർത്തിക്കുന്നതാണ്.

وَلَن تُغْنِىَ عَنكُمْ فِئَتُكُمْ شَيْـًٔا وَلَوْ كَثُرَتْ وَأَنَّ ٱللَّهَ مَعَ ٱلْمُؤْمِنِينَ ﴿١٩﴾

നിങ്ങളുടെ (ആൾ) കൂട്ടം - അത് അധികമായിരുന്നാലും ശരി - നിങ്ങൾക്ക് ഒട്ടും ഉപകരിക്കുകയേ ഇല്ല; അല്ലാഹു സത്യവിശ്വാസികളുടെ കൂടെയാണെന്നുള്ളതുമാണ് (കാര്യം)

﴾19﴿ إِنْ تَسْتَفْتِحُوا നിങ്ങൾ തുറവി (വിജയം-തീരുമാനം) തേടുന്നുവെങ്കിൽ فَقَدْ جَاءَكُمُ എന്നാൽ നിങ്ങൾക്ക് വന്നിട്ടുണ്ട് الْفَتْحُ തുറവി (തീരുമാനം-വിജയം) وَإِنْ تَنْتَهُوا നിങ്ങൾ വിരമിക്കുന്നുവെങ്കിലോ فَهُوَ എന്നാലത് خَيْرٌ ഉത്തമമാണ്, ഗുണമായിരിക്കും لَكُمْ നിങ്ങൾക്ക് وَإِنْ تَعُودُوا നിങ്ങൾ മടങ്ങുന്നു (ആവർത്തിക്കുന്നു)വെങ്കിലോ نَعُدْ നാം മടങ്ങും, ആവർത്തിക്കും وَلَنْ تُغْنِيَ ധന്യമാക്കുക (ഉപകരിക്കുക)യേ ഇല്ലതാനും عَنْكُمْ നിങ്ങൾക്ക് فِئَتُكُمْ നിങ്ങളുടെ കൂട്ടം شَيْئًا യാതൊന്നും (ഒട്ടും) وَلَوْ كَثُرَتْ അത് അധികമായിരുന്നാലും وَأَنَّ اللَّهَ അല്ലാഹു ആകുന്നുവെന്നുള്ളതും مَعَ الْمُؤْمِنِينَ സത്യവിശ്വാസികളുടെ കൂടെ.

ക്വുറൈശികൾ യുദ്ധത്തിനൊരുങ്ങി പുറപ്പെടുമ്പോൾ കഅ്ബഃയുടെ കില്ല പിടിച്ചുകൊണ്ട്: 'അല്ലാഹുവേ, ഈ രണ്ടു സൈന്യങ്ങളിൽ കൂടുതൽ ഉന്നതവും മാന്യവും നേർവഴിക്കുള്ളതും ഏതാണോ അതിനെ സഹായിക്കണേ!' എന്ന് പ്രാർത്ഥിച്ചതായും, 'ഞങ്ങളിൽ കൂടുതൽ കുടുംബബന്ധം മുറിക്കുന്നതും പുതിയ മതം അംഗീകരിക്കുന്നതുമായ കൂട്ടരെ പരാജയപ്പെടുത്തണേ!' എന്ന് അബൂജഹൽ പ്രാർത്ഥിച്ചതായും ഒന്നിലധികം രിവായത്തുകളിൽ വന്നിരിക്കുന്നു. തങ്ങൾക്കും മുസ്‌ലിംകൾക്കുമിടയിൽ ഒരു തീരുമാനമുണ്ടാക്കി ഈ അനിശ്ചിതാവസ്ഥക്ക് പരിഹാരം നൽകുവാൻ അവർ പ്രാർത്ഥിച്ചിരുന്നുവെന്നാണ് ഇതിന്റെ അർത്ഥം. ഇതൊക്കെ സൂചിപ്പിച്ചുകൊണ്ട് പരിഹാസ രൂപത്തിൽ അല്ലാഹു അവരോടു പറയുകയാണ്:- നിങ്ങൾക്കിടയിൽ ഒരു തീരുമാനമുണ്ടാകുകയും, നിങ്ങൾക്ക് തുറവിയും സമാധാനവും ലഭിക്കുകയും ചെയ്‌വാൻ വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുന്നുണ്ടല്ലോ. എങ്കിൽ, ഇതാ ബദ്ർ യുദ്ധം വഴി അത് കിട്ടിക്കഴിഞ്ഞിരിക്കുന്നു. എനിയെങ്കിലും നിങ്ങളുടെ ധിക്കാരത്തിൽനിന്നും ശത്രുതയിൽ നിന്നും വിരമിക്കുകയാണ് നിങ്ങൾക്ക് ഉത്തമം. അതല്ല, വീണ്ടും മുൻ പതിവ് തന്നെ ആവർത്തിക്കുവാനാണ് ഭാവമെങ്കിൽ, വീണ്ടും ഇതുപോലെയുള്ള അനുഭവങ്ങൾ നിങ്ങൾ നേരിടേണ്ടിവരും. അല്ലാഹു

എല്ലായ്പ്പോഴും സത്യവിശ്വാസികളുടെ ഭാഗത്തായിരിക്കും. അതിനാൽ, നിങ്ങളുടെ വർദ്ധിച്ച സംഘബലമോ പ്രതാപമോ ഒന്നും നിങ്ങൾക്ക് ഉപകരിക്കുകയില്ലെന്ന് ഓർത്തുകൊള്ളുവിൻ.

അവിശ്വാസികൾ തുറവിക്കും തീരുമാനത്തിനും വേണ്ടി അപേക്ഷിച്ചതുകൊണ്ടുദ്ദേശ്യം 32-ാം വചനത്തിൽ കാണുന്ന അവരുടെ പ്രാർത്ഥനയാണെന്ന് ചില ആളുകൾ പറഞ്ഞു കാണുന്നു. ഇത് ശരിയല്ലെന്നും, രണ്ടിന്റെയും സന്ദർഭവും താൽപര്യവും വെവ്വേറെയാണെന്നും പ്രഥമദൃഷ്ട്യാ തന്നെ ആർക്കും മനസ്സിലാക്കാവുന്നതാണ്'. മുഹമ്മദ് പ്രബോധനം ചെയ്യുന്ന ഇതുതന്നെയാണ് നിന്റെ പക്കൽ നിന്നുള്ള യഥാർത്ഥമെങ്കിൽ ഞങ്ങളിൽ നീ കൽമഴ പെയ്യിപ്പിക്കുകയോ, അല്ലെങ്കിൽ വേദനയേറിയ ശിക്ഷ ഞങ്ങൾക്ക് നൽകുകയോ ചെയ്യുക' എന്നാണ് അവിടെ അവർ പ്രാർത്ഥിച്ചതായി പറഞ്ഞിരിക്കുന്നത്. ഇവിടെ അതല്ല ഉദ്ദേശ്യമെന്ന് സ്പഷ്ടമാണല്ലോ.

വിഭാഗം - 3

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَطِيعُوا۟ ٱللَّهَ وَرَسُولَهُۥ وَلَا تَوَلَّوْا۟ عَنْهُ وَأَنتُمْ تَسْمَعُونَ ﴿٢٠﴾

﴾20﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും അനുസരിക്കുവിൻ; നിങ്ങൾ (ദിവ്യസന്ദേശങ്ങൾ) കേട്ടു (മനസ്സിലാക്കി) കൊണ്ടിരിക്കെ, അദ്ദേഹത്തെ വിട്ടുപിരിഞ്ഞു കളയുകയും ചെയ്യരുത്.

وَلَا تَكُونُوا۟ كَٱلَّذِينَ قَالُوا۟ سَمِعْنَا وَهُمْ لَا يَسْمَعُونَ ﴿٢١﴾

﴾21﴿ 'ഞങ്ങൾ കേട്ടു' എന്ന് പറയുകയും, (യഥാർത്ഥത്തിൽ) തങ്ങൾ കേൾക്കാതിരിക്കുകയും ചെയ്തവരെപ്പോലെ നിങ്ങൾ ആയിത്തീരുകയും ചെയ്യരുത്.

﴾20﴿ يَاأَيُّهَاالَّذِينَ آمَنُوا വിശ്വസിച്ചവരേ أَطِيعُوا നിങ്ങൾ അനുസരിക്കുവിൻ اللَّهَ അല്ലാഹുവിനെ وَرَسُولَهُ അവന്റെ റസൂലിനെയും وَلَاتَوَلَّوْا നിങ്ങൾ തിരിഞ്ഞുകളയുകയും ചെയ്യരുത് عَنْهُ അദ്ദേഹത്തെ വിട്ട്, അദ്ദേഹത്തിൽനിന്ന് وَأَنْتُمْ നിങ്ങൾ ആയിരിക്കെ تَسْمَعُونَ നിങ്ങൾ കേൾക്കുന്നു. ﴾21﴿ وَلَاتَكُونُوا നിങ്ങളായിരിക്കയും അരുത് كَالَّذِينَ قَالُوا പറഞ്ഞവരെപ്പോലെ سَمِعْنَا ഞങ്ങൾ കേട്ടു وَهُمْ അവരാകട്ടെ, അവരോ لَايَسْمَعُونَ കേൾക്കുന്നില്ല (കേൾക്കാതെ).

അവിശ്വാസികളെയും കപട വിശ്വാസികളെയുംപോലെ, കാതുകൊണ്ട് കേൾക്കുകയും, നാവുകൊണ്ട് കേട്ടുവെന്ന് പറയുകയും ചെയ്യുക; അതേ സമയം കേൾപ്പിക്കപ്പെടുന്ന സന്ദേശങ്ങളെ വേണ്ടതുപോലെ ഗ്രഹിക്കുകയോ, അവയെപ്പറ്റി ചിന്തിക്കുകയോ, അവ അനുസരിക്കുകയോ ചെയ്യാതെയും ഇരിക്കുക. ഈ സ്വഭാവം സത്യവിശ്വാസികളായ നിങ്ങളിൽ ഉണ്ടാവരുത് എന്ന് സാരം. അല്ലാഹു തുടരുന്നു:-

۞ إِنَّ شَرَّ ٱلدَّوَآبِّ عِندَ ٱللَّهِ ٱلصُّمُّ ٱلۡبُكۡمُ ٱلَّذِينَ لَا يَعۡقِلُونَ ﴿٢٢﴾

﴾22﴿ **നിശ്ചയമായും, അല്ലാഹുവിന്റെ അടുക്കൽ ജന്തുക്കളിൽ വെച്ചു മോശപ്പെട്ടവർ, ബുദ്ധി കൊടു(ത്തു മനസ്സിലാ) ക്കാത്തവരായ, ഊമകളായ, ബധിരന്മാരാകുന്നു.**

وَلَوۡ عَلِمَ ٱللَّهُ فِيهِمۡ خَيۡرًا لَّأَسۡمَعَهُمۡۖ وَلَوۡ أَسۡمَعَهُمۡ لَتَوَلَّواْ وَّهُم مُّعۡرِضُونَ ﴿٢٣﴾

﴾23﴿ **അവരിൽ വല്ല നന്മയും (ഉള്ളതായി) അല്ലാഹു അറിഞ്ഞിരുന്നെങ്കിൽ, അവൻ അവരെ കേൾപ്പിക്കുക തന്നെ ചെയ്യുമായിരുന്നു. (എന്നി) അവൻ അവരെ കേൾപ്പിച്ചിരുന്നാൽ തന്നെയും അവർ അവഗണിക്കുന്നവരായും കൊണ്ട് തിരിഞ്ഞുകളയുന്നതാണ്.**

﴾22﴿ إِنَّ شَرَّ നിശ്ചയമായും മോശം (മോശപ്പെട്ടവർ) الدَّوَابِّ ജന്തുക്കളിൽ, ജീവികളിൽ عِنْدَاللهِ അല്ലാഹുവിന്റെ അടുക്കൽ الصُّمُّ ബധിരന്മാരാകുന്നു الْبُكْمُ ഊമകളായ الَّذِينَ لَا يَعْقِلُونَ ബുദ്ധികൊടുക്കാത്ത ﴾23﴿ وَلَوْ عَلِمَ അറിഞ്ഞിരുന്നെങ്കിൽ اللهُ അല്ലാഹു فِيهِمْ അവരിൽ خَيْرًا വല്ല നന്മയും, ഒരു ഗുണം لَأَسْمَعَهُمْ അവൻ അവരെ കേൾപ്പിക്കുക തന്നെ ചെയ്തിരുന്നു وَلَوْ أَسْمَعَهُمْ അവരെ അവൻ കേൾപ്പിച്ചാലും لَتَوَلَّوْا അവർ തിരിഞ്ഞുകളയുക തന്നെ ചെയ്യും وَهُمْ അവരായുംകൊണ്ട് مُعْرِضُونَ അവഗണിക്കുന്നവർ, തിരിഞ്ഞുപോകുന്നവർ.

തങ്ങൾ സ്വീകരിച്ചുവരുന്ന ദുർനടപ്പുകളൊന്നും ഉപേക്ഷിക്കുകയില്ലെന്നും, അതിനനുകൂലമല്ലാത്ത ന്യായങ്ങളോ ഉപദേശങ്ങളോ കേട്ടു മനസ്സിലാക്കുകയും സ്വീകരിക്കുകയുമില്ലെന്നും മനസ്സുകൊണ്ട് ഉറപ്പിച്ചു ശഠിച്ചുനിൽക്കുന്ന ആളുകൾക്ക് സദുപദേശങ്ങളോ തെളിവുകളോ ഫലം ചെയ്യുകയില്ലല്ലോ. അതവർ കേൾക്കുകയുമില്ല. ഗ്രഹിക്കുകയുമില്ല. ചെവികൊണ്ട് കേട്ടാൽ പോലും മനസ്സിലേക്കത് പ്രവേശിക്കുകയില്ല. ബുദ്ധികൊടുത്ത് കാര്യം മനസ്സിലാക്കുവാൻ തയ്യാറില്ലാതെ ഹൃദയത്തിലേക്ക് എങ്ങിനെ പ്രവേശിക്കുവാനാണ്? അപ്പോൾ, മനുഷ്യേതര ജീവികൾക്ക് സമമാണവർ. അത്രയുമല്ല, അവരെക്കാൾ മോശപ്പെട്ടവരത്രെ. കാരണം, ഇവർക്ക് ബുദ്ധിശക്തിയും ചിന്താശക്തിയും നൽകപ്പെട്ടിട്ടുണ്ട്. അവക്ക് അതില്ലല്ലോ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱسۡتَجِيبُواْ لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمۡ لِمَا يُحۡيِيكُمۡ

﴾24﴿ **ഹേ, വിശ്വസിച്ചവരേ, അല്ലാഹുവിനും, റസൂലിനും നിങ്ങൾ ഉത്തരം നൽകുവിൻ, നിങ്ങളെ ജീവിപ്പിക്കുന്ന [നിങ്ങൾക്ക് ജീവസ്സുണ്ടാക്കുന്ന] കാര്യത്തിലേക്ക് അദ്ദേഹം നിങ്ങളെ ക്ഷണിക്കുമ്പോൾ.**

وَٱعۡلَمُوٓاْ أَنَّ ٱللَّهَ يَحُولُ بَيۡنَ ٱلۡمَرۡءِ وَقَلۡبِهِۦ وَأَنَّهُۥٓ إِلَيۡهِ تُحۡشَرُونَ ﴿٢٤﴾

മനുഷ്യന്റെയും അവന്റെ ഹൃദയത്തിന്റെയും ഇടയിൽ അല്ലാഹു മറയിടുമെന്ന് [തടസ്സപ്പെടുത്തുമെന്ന്] നിങ്ങൾ (അറിഞ്ഞുകൊള്ളുവിൻ): അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമെന്നും (അറിഞ്ഞുകൊള്ളുവിൻ).

﴾24﴿ يَاأَيُّهَاالَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ اسْتَجِيبُوا നിങ്ങൾ ഉത്തരം ചെയ്യുവിൻ لِلَّهِ അല്ലാഹുവിന് وَلِلرَّسُولِ റസൂലിനും إِذَادَعَاكُمْ അദ്ദേഹം നിങ്ങളെ ക്ഷണി (വിളി) ച്ചാൽ لِمَايُحْيِيكُمْ നിങ്ങളെ ജീവിപ്പിക്കുന്ന കാര്യത്തിലേക്ക് وَاعْلَمُوا നിങ്ങൾ അറിയുകയും ചെയ്യുവിൻ أَنَّ اللَّهَ അല്ലാഹു (ആണ്) എന്ന് يَحُولُ മറയിടുന്നതാണ് (എന്ന്) بَيْنَ الْمَرْءِ മനുഷ്യന്റെ ഇടയിൽ وَقَلْبِهِ അവന്റെ ഹൃദയത്തിന്റെയും وَأَنَّهُ അവൻ (ആണ്) എന്നും, കാര്യമാണെന്നും إِلَيْهِ അവങ്കലേക്ക് تُحْشَرُونَ നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നതാണ് (എന്നും.)

സത്യവിശ്വാസികളെ വിളിച്ചുകൊണ്ട് ഗൗരവപ്പെട്ട ചില കാര്യങ്ങൾ അല്ലാഹു ഓർമിപ്പിക്കുന്നു. സത്യവിശ്വാസികളായ നിങ്ങൾ പ്രത്യേകം മനസ്സിരുത്തേണ്ടവയാണ് ആ കാര്യങ്ങൾ എന്നത്രെ ആ സംബോധന സൂചിപ്പിക്കുന്നത്. മൂന്നു കാര്യങ്ങളാണ് ഈ വചനത്തിൽ ഉപദേശിച്ചിരിക്കുന്നത്:-

(1) നിങ്ങളെ ജീവിപ്പിക്കുന്ന-അഥവാ നിങ്ങൾക്ക് ജീവസ്സും ആത്മീയ ചൈതന്യവും നൽകുന്ന-കാര്യത്തിലേക്ക് നിങ്ങളെ റസൂൽ ക്ഷണിക്കുമ്പോൾ, ആ കാര്യം അനുഷ്ഠാനത്തിൽ വരുത്തിക്കൊണ്ട് നിങ്ങൾ അല്ലാഹുവിന്റെയും റസൂലിന്റെയും ക്ഷണം സ്വീകരിക്കണം. അല്ലാഹുവിന്റെ നിർദ്ദേശപ്രകാരമാണല്ലോ റസൂലിന്റെ ക്ഷണമുണ്ടാകുന്നത്. ആകയാൽ, ആ ക്ഷണം സ്വീകരിക്കൽ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകലായിത്തീരുന്നു. مَنْ يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ (റസൂലിനെ ആർ അനുസരിക്കുന്നുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു (4:80) 'ജീവസ്സ് നൽകുക' എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം, ഐഹികമായ ജീവിതപുരോഗതിയോ, ഭൗതികമായ അഭിവൃദ്ധിയോ നൽകുക എന്നല്ല, പരലോക നന്മക്കു വേണ്ടിയുള്ള ആത്മീയ പുരോഗതിയും മാനസികാഭിവൃദ്ധിയും നൽകുക എന്നത്രെ. تُرِيدُونَ عَرَضَ الدُّنْيَا وَاللَّهُ يُرِيدُ الْآخِرَةَ (നിങ്ങൾ ഐഹിക വിഭവത്തെ ഉദ്ദേശിക്കുന്നു. അല്ലാഹുവാകട്ടെ പരലോകത്തെയും ഉദ്ദേശിക്കുന്നു. (8:67) وَإِنَّ الدَّارَ الْآخِرَةَ لَهِيَ الْحَيَوَانُ لَوْ كَانُوا يَعْلَمُونَ (പരലോക ഭവനം തന്നെയാണ് ജീവസ്സുള്ളത് -അവർക്കറിയാമായിരുന്നെങ്കിൽ! (29:64) വിശ്വാസപരമോ, അനുഷ്ഠാനപരമോ എന്ന വ്യത്യാസമില്ലാതെ മനുഷ്യന്റെ നന്മക്കുവേണ്ടിയുള്ള ഏതു കാര്യത്തിലേക്കും റസൂൽ ﷺ ക്ഷണിച്ചാൽ അത് സ്വീകരിക്കൽ സത്യവിശ്വാസികളുടെ കടമയാണെന്നത്രെ ഈ കൽപനയുടെ താൽപര്യം. ഇത് തിരുമേനിയുടെ കാലത്തുള്ളവർക്കും, പിന്നീടുള്ളവർക്കും ബാധകമാകുന്നു. തിരുമേനിയുടെ കാലത്തുള്ളവർക്ക് അവിടുത്തെ ക്ഷണങ്ങൾ നേരിൽ തന്നെ കേട്ടു മനസ്സിലാക്കാമായിരുന്നു. പിന്നീടുള്ളവർക്ക് ക്വുർആനും സുന്നത്തും മുഖേനയാണ് അതറിയുവാൻ കഴിയുന്നത് എന്നു മാത്രം.

(2) മനുഷ്യന്റെയും അവന്റെ ഹൃദയത്തിന്റെയും ഇടയിൽ അല്ലാഹു മറയിടും-തടസ്സം ഏർപ്പെടുത്തും- എന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. സത്യവിശ്വാസികൾ സദാസമയത്തും വളരെ ഗൗരവപൂർവ്വം ഓർമവെക്കേണ്ടുന്ന ഒരു വിഷയമാണിത്. മനുഷ്യമനസ്സിന് സ്ഥിരതയില്ല. പരസ്പര വിരുദ്ധങ്ങളായ മാറ്റങ്ങൾക്കും ആശയക്കുഴപ്പങ്ങൾക്കും അത് വിധേയമാകും. ചിലപ്പോൾ അത് പെട്ടെന്നാകും. ചിലപ്പോൾ സാവധാനത്തിലായിരിക്കും. കാരണം ചിലപ്പോൾ വ്യക്തമായിരിക്കുമെങ്കിൽ, വേറെ ചിലപ്പോൾ തികച്ചും അജ്ഞാതമായിരിക്കും. അങ്ങിനെ, നല്ലവൻ ചീത്തയാകുന്നു. ചീത്തപ്പെട്ടവൻ നല്ലവനായി മാറുന്നു. ഭയഭക്തനും സൻമാർഗനിഷ്ഠയുള്ളവനുമായി അറിയപ്പെട്ടിരുന്നവൻ ദുഷ്ടനും തോന്നിയവാസിയുമായി മാറുന്നു. പലപ്പോഴും മറിച്ചും സംഭവിക്കുന്നു. ദീർഘകാലത്തോളം വളരെ വാശിയോടും വീറോടുംകൂടി അഭിപ്രായത്തിൽ ഉറച്ചുനിന്ന ഒരാൾ പെട്ടെന്നൊരിക്കൽ ആ അഭിപ്രായം വലിച്ചെറിഞ്ഞു അതിനെതിരായ മറ്റൊരഭിപ്രായക്കാരനായി മാറുന്നു. മുൻവിധിയോ, സ്വന്തം തീരുമാനമോ കൂടാതെ തന്നെ ഇതെല്ലാം സംഭവിക്കുന്നു. പലപ്പോഴും ഒരാളിൽ വന്ന മാറ്റം അവനുതന്നെ അറിയുവാൻ കഴിയാതെ വരുന്നു. അതെ-ചുരുക്കത്തിൽ-മനുഷ്യഹൃദയം അല്ലാഹുവിന്റെ നിയന്ത്രണത്തിലാണുള്ളത്. അതിൽ എന്തു മാറ്റം വരും, എന്തു വരണം, എപ്പോൾ വേണം എങ്ങനെ വേണം എന്നൊക്കെ അറിയുന്നവനും, നിശ്ചയിക്കുന്നവനും അവൻ തന്നെ. മനുഷ്യൻ അതിൽ സ്വതന്ത്രനല്ല.

അതുകൊണ്ട് ഒരാളും താൻ സൻമാർഗവും സത്യനിഷ്ഠയും തെറ്റി നടക്കാത്തവനാണെന്നുവെച്ച് സ്വയം വഞ്ചിതനാകുകയും, താൻ വഴിപിഴച്ചു പോകുകയില്ലെന്ന് ധരിച്ചു വശാകുകയും ചെയ്തുകൂടാ. പിഴച്ചുപോകാതിരിക്കുവാൻ സദാ സൂക്ഷിക്കുകയും, അതിനായി അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യേണ്ടതുണ്ട്. നേരെ മറിച്ച് ഒരാൾ, താൻ പാപിയും ദുർമാർഗിയുമാണെന്നു വെച്ച് തനിക്ക് എനി രക്ഷയും മോചനവുമില്ലെന്ന് കരുതി നിരാശനാകുകയും ചെയ്തുകൂടാ. അവന്റെ സ്ഥിതിഗതികളിൽ ആവുന്നത്ര മാറ്റം വരുത്തുവാൻ ശ്രമിക്കുന്നതോടൊപ്പം തനിക്ക് സന്മനസ്സ് നൽകുവാൻ അവൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും വേണം.

അനസ് (റ) പറയുകയാണ്: നബിﷺ ധാരാളമായി ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു: 'ഹൃദയങ്ങളെ മാറ്റം വരുത്തുന്നവനേ! എന്റെ ഹൃദയത്തെ നിന്റെ മതത്തിൽ നീ ഉറപ്പിച്ചു നിറുത്തേണമേ!' അങ്ങനെ, ഞങ്ങൾ പറഞ്ഞു: (*) അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ അങ്ങയിലും, അങ്ങുന്ന് കൊണ്ടുവന്നതിലും വിശ്വസിക്കുന്നു. ഞങ്ങളെക്കുറിച്ചും അങ്ങുന്ന് (ഹൃദയമാറ്റം സംഭവിക്കുന്നതിനെ) ഭയപ്പെടുന്നുണ്ടോ?' തിരുമേനി പറഞ്ഞ് അതെ, ഹൃദയങ്ങൾ അല്ലാഹുവിന്റെ രണ്ടു വിരലുകൾക്കിടയിലാണ്. അവൻ അവയെ തിരിച്ചുമറിക്കുന്നു. (അ:തി) ഈ അർത്ഥത്തിലുള്ള വേറെയും ഒന്നിലധികം ഹദീഥുകൾ കാണാം. ഒരു രിവായത്തിൽ 'അവൻ ഉദ്ദേശിച്ചാൽ അവൻ അതിനെ തെറ്റിക്കുകയും, അവൻ ഉദ്ദേശിച്ചാൽ അവൻ അതിനെ ചൊവ്വിന് നിറുത്തുകയും ചെയ്യുന്നു'. എന്നുകൂടി നബിﷺ പറഞ്ഞതായുണ്ട്. (അ). അബ്ദുല്ലാഹിബ്നു അംറ് (റ) നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ റസൂൽﷺ ഇങ്ങിനെ പറഞ്ഞതായി ഉദ്ധരിക്കുന്നു: (**) 'ഹൃദയങ്ങളെ കൈകാര്യം ചെയ്യുന്നവനായ അല്ലാഹുവേ! ഞങ്ങളുടെ ഹൃദയങ്ങളെ നിന്റെ വഴിപാടി

(*) يَا مُقَلِّبَ القلوب ثَبت قلبي على دينك

(**) اللهم مصرف القلوب صرف قلوبنا الى طاعتك

ലേക്ക് നീ തിരിച്ചുവിടേണമേ! (അ; മു; ന) നബിﷺ സത്യം ചെയ്തു പറയുമ്പോൾ لاَ وَمُقَلِبُ الْقُلُوب (ഇല്ല-ഹൃദയങ്ങളെ തിരിച്ചു മറിക്കുന്നവൻ തന്നെയാണ്!) എന്നിങ്ങനെ പറയാറുണ്ടായിരുന്നതായി ബുഖാരീ (റ) യും മറ്റും രേഖപ്പെടുത്തിയിട്ടുമുണ്ട്.

സൂ: ആലു ഇംറാൻ 8-ാം വചനത്തിൽ അല്ലാഹു പഠിപ്പിച്ചുതന്ന പ്രാർത്ഥന ഈ സന്ദർഭത്തിൽ പ്രത്യേകം ശ്രദ്ധേയമാകുന്നു. അതായത് رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا الآية (ഞങ്ങളുടെ റബ്ബേ! ഞങ്ങളെ നീ സന്മാർഗത്തിലാക്കിത്തന്നശേഷം ഞങ്ങളുടെ ഹൃദയങ്ങളെ നീ തെറ്റിക്കരുതേ! നിന്റെ പക്കൽനിന്നും നീ ഞങ്ങൾക്ക് കാരുണ്യം പ്രദാനം ചെയ്യേണമേ! നിശ്ചയമായും നീയത്രെ വളരെ പ്രദാനം ചെയ്യുന്നവൻ)

(3) നിങ്ങൾ അല്ലാഹുവിങ്കലേക്കു ഒരുമിച്ചു കൂട്ടപ്പെടുന്നതാണെന്നും നിങ്ങൾ അറിഞ്ഞിരിക്കണം. അതായത് എല്ലായ്പ്പോഴും നിങ്ങൾക്ക് ഈ ബോധം ഉണ്ടായിരിക്കണമെന്ന് താൽപര്യം. അല്ലാഹുവിന്റെ മുമ്പിൽ ഹാജരാക്കപ്പെടുമെന്നും, അവന്റെ മുമ്പിൽ എല്ലാ ചെയ്തികൾക്കും ഉത്തരം പറയേണ്ടി വരുമെന്നുമുള്ള ബോധം ആർക്കുണ്ടോ അവരുടെ വിചാരവികാരങ്ങളും വിശ്വാസാചാരങ്ങളുമെല്ലാം നന്നായിരിക്കണമെന്ന് അവർക്ക് തീർച്ചയായും നിഷ്കർഷയുണ്ടായിരിക്കും. ആ ബോധമുള്ളവർ അല്ലാഹുവിന്റെയും റസൂലിന്റെയും നിയമ നിർദ്ദേശങ്ങൾ അനുസരിക്കാതെയും ഇരിക്കുകയില്ല. ബാഹ്യത്തിൽ ഒരാളുടെ ജീവിത ചര്യകൾ എത്രതന്നെ പരിശുദ്ധമായി കാണപ്പെട്ടാലും പ്രസ്തുത ബോധമില്ലാത്ത പക്ഷം, അവന്റെ അന്തരംഗം നന്നായിരിക്കുകയോ, അവന്റെ സച്ചരിതം നിഷ്ക്കളങ്കമായിരിക്കുകയോ ചെയ്കയില്ലതന്നെ. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ, ആമീൻ.

وَٱتَّقُوا۟ فِتْنَةً لَّا تُصِيبَنَّ ٱلَّذِينَ ظَلَمُوا۟ مِنكُمْ خَآصَّةً

《25》 നിങ്ങളിൽ നിന്ന് അക്രമം പ്രവർത്തിച്ചവരെ മാത്രമായി ബാധിക്കാത്ത ഒരു(തരം) പരീക്ഷണത്തെ (അഥവാ കുഴപ്പത്തെ) നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ.

وَٱعْلَمُوٓا۟ أَنَّ ٱللَّهَ شَدِيدُ ٱلْعِقَابِ ٢٥

അല്ലാഹു ശിക്ഷാ നടപടി കഠിനമായുള്ളവനാണെന്ന് നിങ്ങൾ അറിയുകയും ചെയ്യുവിൻ

《25》 وَاتَّقُوا നിങ്ങൾ സൂക്ഷിക്കുക (കാത്തുകൊള്ളുക) യും ചെയ്വിൻ فِتْنَةً ഒരു പരീക്ഷണം, കുഴപ്പം لَاتُصِيبَنَّ ബാധിക്കാത്ത, അത് ബാധിക്കയില്ലതന്നെ الَّذِينَ ظَلَمُوا അക്രമം പ്രവർത്തിച്ചവരെ مِنكُمْ നിങ്ങളിൽ നിന്ന് خَاصَّةً പ്രത്യേകമായി, മാത്രം وَاعْلَمُوا നിങ്ങൾ അറിയുകയും ചെയ്യുക أَنَّ اللَّهَ അല്ലാഹു (ആകുന്നു) എന്ന് شَدِيدُ കഠിനമായവനാകുന്നു (എന്ന്) الْعِقَابِ ശിക്ഷാ നടപടി.

ഒരു വ്യക്തിയുടെയോ, വിഭാഗത്തിന്റെയോ വാക്കിലോ പ്രവൃത്തിയിലോ വന്നുപോകുന്ന പാകപ്പിഴവ് നിമിത്തം ഒരു കുടുംബമോ, സമൂഹമോ, ഒരു രാഷ്ട്രം തന്നെയോ ആപത്തിലും കുഴപ്പത്തിലും അകപ്പെട്ടേക്കും. അതുപോലെതന്നെ, ഒരു ജനതയിലെ

പ്രധാനികൾ തോന്നിയവാസത്തിലും ദുർമാർഗത്തിലും മുഴുകുമ്പോൾ ആ ജനത അല്ലാഹുവിങ്കൽ നിന്നുള്ള ചില പരീക്ഷണങ്ങൾക്ക് വിധേയരാകുന്നു. ഈ അവസരത്തിൽ ആ സമൂഹത്തിലെ നിരപരാധികളായ ആളുകളെ ഒഴിവാക്കിക്കൊണ്ട് അപരാധികൾ മാത്രം ആ ശിക്ഷണ പരീക്ഷണങ്ങൾക്ക് വിധേയരായിരിക്കയില്ല. അതുകൊണ്ട് അത്തരം പൊതുവായ ഭവിഷ്യത്തുകൾക്ക് കാരണമാകത്തക്ക അക്രമങ്ങളെ എല്ലാവരും സൂക്ഷിക്കണമെന്നും, അത്തരം അക്രമകാരികളെ കഴിവതും തടയുവാൻ ശ്രമിക്കേണ്ടതുണ്ടെന്നും, ഇല്ലാത്തപക്ഷം, ആപത്തു വരുമ്പോൾ അത് കൂട്ടത്തോടെ ബാധിച്ചേക്കുമെന്നും അല്ലാഹു സത്യവിശ്വാസികളെ താക്കീത് ചെയ്യുന്നു. ഈ വചനത്തിലടങ്ങിയ ആശയത്തിലേക്ക് വെളിച്ചം നൽകുന്ന പല ഹദീഥുകളുമുണ്ട്. ചുരുക്കം ചിലത് മാത്രം ഇവിടെ ഓർമിക്കാം.

(1) റസൂൽﷺ അരുളിച്ചെയ്തതായി ഹുദൈഫത്തുബ്നുൽ യമാൻ (റ) ഉദ്ധരിക്കുന്നു: എന്റെ ആത്മാവ് യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! നിങ്ങൾ സദാചാരംകൊണ്ട് കൽപിക്കുകയും ദുരാചാരത്തെക്കുറിച്ചു വിരോധിക്കുകയും ചെയ്യണം. അല്ലാത്തപക്ഷം, അവന്റെ പക്കൽനിന്നുള്ള വല്ല ശിക്ഷയും നിങ്ങളിൽ നിയോഗിക്കുന്നതാണ്. പിന്നെ, നിങ്ങൾ അവനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കും. അപ്പോൾ നിങ്ങൾക്ക് അവൻ ഉത്തരം നൽകുന്നതല്ല.' (അ) ഇതുപോലെയുള്ള ഹദീഥുകൾ വേറെയും കാണാവുന്നതാണ്.

(2) നുഅ്മാനുബ്നു ബശീർ(റ) ഒരു പ്രസംഗത്തിൽ പറഞ്ഞുകേട്ടതായി ആമിർ (റ) ഉദ്ധരിച്ച ചില വാക്യങ്ങളുടെ സാരം ഇങ്ങിനെയാകുന്നു: അല്ലാഹുവിന്റെ നിയമാതിർത്തികൾ പാലിക്കുന്നവരുടെയും, പാലിക്കാത്തവരുടെയും അവയിൽ മിനുക്കുനയം സ്വീകരിക്കുന്നവരുടെയും ഉപമ, ഒരു കപ്പലിലെ യാത്രക്കാരുടേതു പോലെയാകുന്നു. സൗകര്യങ്ങൾ കുറവായ അതിലെ അടിത്തട്ടാണ് ചിലർക്ക് ലഭിച്ചത്. ചിലർക്ക് മുകളിലെ തട്ടും. അങ്ങനെ, താഴെ തട്ടിലുള്ളവർ വെള്ളമെടുക്കുവാൻ മുകളിലുള്ളവരുടെ ഇടയിലൂടെ വന്നുപോകുന്നത് അവർക്ക് സ്വൈരക്കേടായി. അപ്പോൾ ഇവർ പറഞ്ഞു; നാം നമ്മുടെ ഓഹരിയിൽ (അടിത്തട്ടിൽ) ഒരു ഓട്ടയുണ്ടാക്കി അതിലൂടെ വെള്ളമെടുക്കുക. അങ്ങനെ നമുക്ക് മുകളിലുള്ളവരെ ഉപദ്രവിക്കാതിരിക്കാം. ഈ അവസരത്തിൽ അവരെ അവരുടെ പാട്ടിന് വിട്ടാൽ കപ്പലിലുള്ളവരെല്ലാം തന്നെ നശിക്കും. അവരുടെ കൈക്ക് പിടിച്ചാൽ എല്ലാവരും രക്ഷപ്പെടുകയും ചെയ്യും.'(അ; ബു; തി)

(3) പല മാർഗങ്ങളിലൂടെയും നിവേദനം ചെയ്യപ്പെട്ടിട്ടുള്ള ഒരു നബി വചനത്തിന്റെ സാരമാണിത്: 'ജനങ്ങൾ അനുസരണക്കേട് പ്രവർത്തിച്ചു (പാപം ചെയ്തു) കൊണ്ടിരിക്കുമ്പോൾ, അവരെക്കാൾ പ്രതാപവും ബലവുമുള്ള ആളുകൾ അവരിൽ ഉണ്ടായിരുന്നിട്ടും അവരെ അതിൽനിന്ന് മാറ്റിക്കളയാത്തപക്ഷം, അല്ലാഹു അവരിൽ പൊതുവായ വല്ല ശിക്ഷയും ഇറക്കാതിരിക്കുകയില്ല. (അ; ദാ;ജ)

(4) നബിﷺ യുടെ പത്നി ഉമ്മുസൽമഃ (റ) പറയുന്നു: നബിﷺ ഇങ്ങിനെ പറയുന്നതു ഞാൻ കേട്ടു.: 'എന്റെ സമുദായത്തിന്റെ അനുസരണക്കേട് പ്രത്യക്ഷ (പരസ്യ) മായിത്തീർന്നാൽ അല്ലാഹു അവന്റെ പക്കൽനിന്നുള്ള വല്ല ശിക്ഷയും അവരിൽ പൊതുവായി അയക്കും.' അപ്പോൾ, ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, അവരിൽ സജ്ജനങ്ങളായ ആളുകളുണ്ടായിരിക്കുകയില്ലേ? !' തിരുമേനി പറഞ്ഞു: ഇല്ലാതെ! 'ഞാൻ ചോദിച്ചു; 'അവർ എന്ത് ചെയ്യപ്പെടും?' തിരുമേനി പറഞ്ഞു: 'ജനങ്ങൾക്ക് ബാധിക്കുന്നത് അവർക്കും ബാധിക്കും. പിന്നീട്, അവർ അല്ലാഹുവിന്റെ പാപമോചനത്തിലേക്കും,

പ്രീതിയിലേക്കും ചെന്നുചേരുന്നതാണ്. (അ) ഈ ആശയത്തിലുള്ള ഹദീഥുകളും വേറെ പലതും കാണാം.

ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: 'ഒരു ജനതയിൽ വഞ്ചന പ്രത്യക്ഷമായിക്കഴിഞ്ഞാൽ, അവരുടെ ഹൃദയങ്ങളിൽ അല്ലാഹു ഭീതി ഏർപ്പെടുത്താതിരിക്കയില്ല. ഒരു ജനതയിൽ വ്യഭിചാരം പ്രചാരപ്പെട്ടുകഴിഞ്ഞാൽ, അവരിൽ മരണം അധികരിക്കാതിരിക്കയില്ല. ഒരു ജനത അളത്തവും തൂക്കവും കുറക്കുന്നതായാൽ അവർക്ക് ഉപജീവനത്തിന് ഭംഗം നേരിടാതിരിക്കയില്ല. ഒരു ജനത അന്യായമായി വിധി നടത്തിക്കൊണ്ടിരുന്നാൽ അവരിൽ രക്തം (ചിന്തൽ) പ്രചരിക്കാതിരിക്കയില്ല. ഒരു ജനത കരാറു ലംഘനം നടത്തിക്കൊണ്ടിരുന്നാൽ അവരിൽ ശത്രുവെ നിയോഗിക്കപ്പെടാതിരിക്കയില്ല.' (മാലിക്) ഇബ്നു അബ്ബാസ് (റ) ന്റെ ഈ പ്രസ്താവന അക്ഷരാർത്ഥത്തിൽ തന്നെ പുലർന്നുകൊണ്ടിരിക്കുന്നത് ദീർഘദൃഷ്ടിയും സൽബുദ്ധിയുമുള്ള ഏവർക്കും കാണാവുന്ന ഒരു പരമാർത്ഥമത്രെ'. والله المستعان

وَٱذْكُرُوٓا۟ إِذْ أَنتُمْ قَلِيلٌ مُّسْتَضْعَفُونَ فِى ٱلْأَرْضِ تَخَافُونَ أَن يَتَخَطَّفَكُمُ ٱلنَّاسُ فَـَٔاوَىٰكُمْ وَأَيَّدَكُم بِنَصْرِهِۦ وَرَزَقَكُم مِّنَ ٱلطَّيِّبَٰتِ لَعَلَّكُمْ تَشْكُرُونَ ﴿٢٦﴾

﴿26﴾ നിങ്ങൾ ഭൂമിയിൽ ബലഹീനരായി ഗണിക്കപ്പെട്ട തുച്ഛം ആളുകളായിരുന്ന സന്ദർഭം നിങ്ങൾ ഓർക്കുകയും ചെയ്യുക. മനുഷ്യർ നിങ്ങളെ റാഞ്ചിക്കൊണ്ടുപോകുമെന്ന് നിങ്ങൾ ഭയപ്പെട്ടിരുന്നു. എന്നിട്ട് അവൻ നിങ്ങൾക്ക് ആശ്രയം നൽകുകയും, തന്റെ സഹായംകൊണ്ട് നിങ്ങളെ ബലപ്പെടുത്തുകയും ചെയ്തു; നല്ല (വിശിഷ്ട) വസ്തുക്കളിൽനിന്ന് നിങ്ങൾക്ക് അവൻ ഉപജീവനം നൽകുകയും ചെയ്തു; നിങ്ങൾ നന്ദി കാണിക്കുവാൻ വേണ്ടി.

﴿26﴾ وَاذْكُرُوا നിങ്ങൾ ഓർക്കുകയും ചെയ്യുക إِذْأَنتُمْ നിങ്ങൾ ആയിരുന്ന സന്ദർഭം قَلِيلٌ അൽപം (കുറച്ചാളുകൾ) مُسْتَضْعَفُونَ ബലഹീനരായി (ദുർബ്ബലരായി) ഗണിക്കപ്പെട്ടവർ فِي الْأَرْضِ ഭൂമിയിൽ تَخَافُونَ നിങ്ങൾ ഭയക്കുന്നു, ഭയപ്പെട്ടുകൊണ്ട് أَنْ يَتَخَطَّفَكُمُ നിങ്ങളെ റാഞ്ചിക്കൊണ്ടുപോകുമെന്ന്, പിടിച്ചെടുക്കുമെന്ന് النَّاسُ മനുഷ്യർ فَآوَاكُمْ എന്നിട്ട് അവൻ നിങ്ങൾക്ക് ആശ്രയം (അഭയം-സങ്കേതം) നൽകി وَأَيَّدَكُمْ നിങ്ങളെ അവൻ ബലപ്പെടുത്തുകയും ചെയ്തു. بِنَصْرِهِ അവന്റെ സഹായം കൊണ്ട് وَرَزَقَكُمْ നിങ്ങൾക്കവൻ (ഉപജീവനം) നൽകുകയും ചെയ്തു. مِنَ الطَّيِّبَاتِ നല്ല (വിശിഷ്ട) വസ്തുക്കളിൽനിന്ന് لَعَلَّكُمْ നിങ്ങളാകുവാൻ, ആയേക്കാം تَشْكُرُونَ നിങ്ങൾ നന്ദി കാണിക്കും.

ആദ്യം മക്കയിൽ മർദ്ദിതരും ദുർബ്ബലരുമായ ഒരു ചെറിയ ന്യൂനപക്ഷമായി കുറേ കാലം കഴിഞ്ഞുകൂടിയ ശേഷം, മദീനയിൽ സത്യവിശ്വാസികൾക്ക് അഭയം നൽകുകയും, സ്വതന്ത്രവും സമാധാനപൂർണവുമായ ജീവിതം നയിക്കുവാൻ സാധ്യമാക്കുകയും ചെയ്ത അനുഗ്രഹത്തെ ഓർമിപ്പിക്കുകയാണ്. 'സത്യവിശ്വാസികളേ' എന്നു വിളിച്ചുകൊണ്ട് വീണ്ടും അല്ലാഹു ഉപദേശിക്കുന്നു:

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَخُونُوا۟ ٱللَّهَ وَٱلرَّسُولَ وَتَخُونُوٓا۟ أَمَٰنَٰتِكُمْ وَأَنتُمْ تَعْلَمُونَ ﴿٢٧﴾

﴾27﴿ **ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെയും, റസൂലിനെയും വഞ്ചിക്കരുത്; നിങ്ങളുടെ 'അമാനത്തു' [നിങ്ങളിൽ വിശ്വസിച്ചേൽപ്പിക്കപ്പെട്ട കാര്യം] കളെ വഞ്ചിക്കുകയും (അരുത്): നിങ്ങൾ അറിഞ്ഞുകൊണ്ടിരിക്കെ.**

وَٱعْلَمُوٓا۟ أَنَّمَآ أَمْوَٰلُكُمْ وَأَوْلَٰدُكُمْ فِتْنَةٌ وَأَنَّ ٱللَّهَ عِندَهُۥٓ أَجْرٌ عَظِيمٌ ﴿٢٨﴾

﴾28﴿ **നിങ്ങൾ അറിയുകയും ചെയ്യുവിൻ: നിങ്ങളുടെ സ്വത്തുക്കളും, നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണം തന്നെയാണെന്ന്; അല്ലാഹുവിന്റെ അടുക്കൽ വമ്പിച്ചതായ പ്രതിഫലമുണ്ടെന്നും.**

﴾27﴿ يَاأَيُّهَاالَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ لَاتَخُونُوا നിങ്ങൾ വഞ്ചി (ചതി) ക്കരുത് اللَّهَ അല്ലാഹുവിനെ وَالرَّسُولَ റസൂലിനെയും وَتَخُونُوا നിങ്ങൾ വഞ്ചിക്കുകയും (അരുത്) أَمَانَاتِكُمْ നിങ്ങളുടെ അമാനത്തുകളെ, വിശ്വസ്തതകളെ وَأَنتُمْ നിങ്ങൾ (ആയിരിക്കെ) تَعْلَمُونَ നിങ്ങൾ അറിയു (മായിരിക്കെ), അറിഞ്ഞും കൊണ്ടു ﴾28﴿ وَاعْلَمُوا നിങ്ങൾ അറിയുകയും ചെയ്യുവിൻ أَنَّمَاأَمْوَالُكُمْ നിങ്ങളുടെ സ്വത്തുക്കളാണെന്ന് وَأَوْلَادُكُمْ നിങ്ങളുടെ സന്താനങ്ങളും, മക്കളും فِتْنَةٌ ഒരു പരീക്ഷണം (മാത്രം തന്നെ) وَأَنَّاللَّهَ അല്ലാഹുവാണെന്നും عِندَهُ അവന്റെ അടുക്കലുണ്ട് (എന്നും) أَجْرٌ പ്രതിഫലം, കൂലി عَظِيمٌ വമ്പിച്ച, മഹത്തായ

അബൂലുബാബത്തൽ അൻസ്വാരി (റ) യുടെ ഒരു സംഭവത്തെത്തുടർന്നാണ് ഈ വചനം അവതരിച്ചതെന്ന് ഇമാം സുഹ്‌രീ (റ) യും വേറെ ചിലരും പ്രസ്താവിച്ചതായി ചില രിവായത്തുകളിൽ വന്നിരിക്കുന്നു. സംഭവം ഇപ്രകാരമാണ്: ബനൂക്വുറയ്ദ്വ യുദ്ധത്തിൽ യഹൂദികൾ ഉപരോധം ചെയ്യപ്പെട്ടിരുന്ന അവസരത്തിൽ ഒരു മദ്ധ്യസ്ഥ തീരുമാനത്തിന്നു കീഴടങ്ങുന്നതിനെ സംബന്ധിച്ചു അവരുമായി സംഭാഷണം നടത്തുവാൻ അബൂലുബാബഃ (റ) യെ തിരുമേനി അവരുടെ അടുക്കലേക്കയച്ചു. അദ്ദേഹം ബനൂക്വുറയ്ദ്വയുമായി സഖ്യബന്ധം ഉണ്ടായിരുന്ന ആളായിരുന്നു. തങ്ങൾ എന്തു ചെയ്യണമെന്ന് അവർ അദ്ദേഹത്തോട് ആലോചിക്കുകയുണ്ടായി. അദ്ദേഹം വ്യക്തമായി ഒന്നും പറഞ്ഞില്ലെങ്കിലും കൈകൊണ്ടു കഴുത്തിലേക്ക് ആംഗ്യം കാണിച്ചുകൊണ്ട് കൊലയാ

യിരിക്കും അതിന്റെ പര്യവസാനമെന്നു സൂചന നൽകി. അനന്തരം, അല്ലാഹുവിനെയും റസൂലിനെയും വഞ്ചിക്കുകയാണ് താൻ ചെയ്തതെന്ന് അദ്ദേഹത്തിന് ബോധം വന്നു. താൻ മരണപ്പെടുകയോ, തന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുകയോ ചെയ്യുന്ന തുവരെ താൻ ഒന്നും കഴിക്കുകയില്ലെന്ന് ശപഥം ചെയ്തുകൊണ്ട് പള്ളിയിൽ പോയി ഒരു തൂണിൻമേൽ തന്നെ സ്വയം കെട്ടി ബന്ധിച്ചു. ഒമ്പതുദിവസം അങ്ങിനെ കഴിഞ്ഞു. അന്നപാനീയങ്ങൾ ഉപേക്ഷിച്ചത് നിമിത്തം പരവശനായി ബോധം കെട്ടുവീഴുകയായി. പിന്നീട് അല്ലാഹു അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിച്ചു. നബിﷺ ആ വിവരം അറിയിച്ചപ്പോൾ, ജനങ്ങൾ അദ്ദേഹത്തെ അനുമോദിക്കുകയും, അദ്ദേഹത്തെ അഴിച്ചു വിടുവാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ, അദ്ദേഹം വിസമ്മതിച്ചു. റസൂൽﷺ തിരുമേനിയല്ലാതെ മറ്റാരും തന്നെ അഴിച്ചുവിടേണ്ടതില്ലെന്ന് പറഞ്ഞു. അവസാനം തിരുമേനി തന്നെ അഴിച്ചുവിട്ടു. ഇതാണ് സംഭവത്തിന്റെ ചുരുക്കം. വേറെ ചില സംഭവങ്ങളും ഈ വചനങ്ങളുടെ അവതരണ ഹേതുവായി ഉദ്ധരിക്കപ്പെടാറുണ്ട്. അവതരണഹേതു ഏതായിരുന്നാലും ശരി, ഈ വചനങ്ങളിലെ കൽപന എല്ലാവർക്കും ബാധകമാണെന്നുള്ളതിൽ സംശയമോ, അഭിപ്രായ വ്യത്യാസമോ ഇല്ല.

അല്ലാഹുവിന്റെയും, റസൂലിന്റെയും കൽപനാ നിർദ്ദേശങ്ങളെ ലംഘിക്കുന്ന എല്ലാ പ്രവർത്തികളും അവരെ വഞ്ചിക്കലാണെന്ന് പറയാമെങ്കിലും, അത് രഹസ്യമായോ, ഉപായരൂപത്തിലോ ആകുമ്പോഴാണ് ശരിക്കും വഞ്ചനയായിത്തീരുന്നത്. അല്ലാഹുവിന്റെയും റസൂലിന്റെയും ഭാഗത്തുനിന്നോ, മനുഷ്യരുടെ ഭാഗത്തുനിന്നോ വിശ്വാസപൂർവ്വം ബാധ്യത ഏൽപിക്കപ്പെട്ട എല്ലാതരം കാര്യങ്ങളിലും നടത്തപ്പെടുന്ന കൃത്രിമങ്ങൾ 'അമാനത്തു' കളെ വഞ്ചിക്കലുമാകുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും വചനങ്ങളെ ദുർവ്യാഖ്യാനം ചെയ്യുക, തെളിവ് നൽകേണ്ടുന്ന സന്ദർഭങ്ങളിൽ മൗനമവലംബിക്കുക, ആവശ്യം നേരിടുമ്പോൾ യഥാർത്ഥ മതവിധി വ്യക്തമാക്കാതെ മൂടിവെക്കുക അവസരത്തിനൊപ്പിച്ചു ഫത്‌വ കൊടുക്കുക, സകാത്തിന്റെ കടമകളിൽനിന്നും മറ്റും ഒഴിവാകുവാൻ വേണ്ടി ധനം കൃത്രിമക്കൈമാറ്റം നടത്തുക, മറ്റുള്ളവരുടെ ദൃഷ്ടിയിൽപ്പെടാത്തപ്പോൾ നിർബന്ധാനുഷ്ഠാനങ്ങൾ ഒഴിവാക്കുക. അന്യരുടെ സ്വത്തുക്കളുടെ കൈകാര്യം നടത്തുമ്പോൾ അവർക്ക് നഷ്ടം വരുത്തുന്ന ഇടപാടുകൾ നടത്തുക, സൂക്ഷിക്കുവാൻ ഏറ്റുവാങ്ങിയ വസ്തുക്കളെ മൂടിവെക്കുക, മറ്റുള്ളവരുടെ രഹസ്യവിവരങ്ങൾ പുറത്തറിയിക്കുക, മുസ്‌ലിംകളുടെ രഹസ്യം അവരുടെ ശത്രുക്കളെ മനസ്സിലാക്കുക എന്നിങ്ങനെയുള്ള അനേകം കാര്യങ്ങൾ ഈ ഇനത്തിൽ ഉൾപ്പെടുന്നു.

ഒരാൾ ഒരു വർത്തമാനം പറയുമ്പോൾ, അത് പുറമെ ആരെങ്കിലും കേൾക്കുന്നുണ്ടോ എന്നുള്ള ശങ്ക നിമിത്തം അയാൾ തിരിഞ്ഞുനോക്കുന്നപക്ഷം ആ വർത്തമാനം ഒരു 'അമാനത്താ' യിരിക്കും- അഥവാ അത് പിന്നെ പരസ്യമാക്കിക്കൂടാ-എന്നുപോലും ചില ഹദീഥുകളിൽ വന്നിട്ടുള്ളത് പ്രസ്താവ്യമാകുന്നു. കപടവിശ്വാസിയുടെ ലക്ഷണം മൂന്നാണെന്നും വർത്തമാനത്തിൽ കളവുപറയലും, വാഗ്ദത്തം ലംഘിക്കലും, വിശ്വസിച്ചാൽ ചതിക്കലുമാണ് ആ മൂന്നു ലക്ഷണങ്ങളെന്നും, അവൻ നോമ്പും നമസ്കാരവും അനുഷ്ഠിക്കുകയും താൻ മുസ്‌ലിമാണെന്ന് വാദിക്കുകയും ചെയ്താലും അവൻ കപടവിശ്വാസി തന്നെയാണെന്നും ഹദീഥിൽ വന്നിട്ടുള്ളതും പ്രസിദ്ധമത്രെ.

അല്ലാഹു മനുഷ്യന് നൽകിയ വമ്പിച്ച രണ്ടു അനുഗ്രഹങ്ങളാണ് സ്വത്തും മക്കളും. ഓരോന്നിലും പാലിക്കുകയും ഗൗനിക്കുകയും ചെയ്യേണ്ടുന്ന കാര്യങ്ങൾ യഥാവിധി നിർവ്വഹിക്കുന്നപക്ഷം ഇഹത്തിൽ മാത്രമല്ല, പരത്തിലും അവ രണ്ടും വളരെയധികം

പ്രയോജനകരമായിരിക്കും. അതേ സമയത്ത് മനുഷ്യൻ ചെയ്യുന്ന അക്രമങ്ങളിലും പാപങ്ങളിലും വലിയൊരു ഭാഗവും സ്വന്തം കടമകൾ നിറവേറ്റാതിരിക്കുന്നതിൽ ഒരു പ്രധാന പങ്കും സ്വന്തം മക്കൾ കാരണമായോ, സ്വത്ത് കാരണമായോ ആയിരിക്കുമെന്നത് ഒരു നിത്യസത്യമാണ് താനും. ശ്രദ്ധാപൂർവ്വം രണ്ടും കൈകാര്യം ചെയ്യാത്തപക്ഷം നേട്ടത്തെക്കാൾ കോട്ടം ലഭിക്കുവാനാണ് കൂടുതൽ സാധ്യത. രണ്ടിനോടും മനുഷ്യനുള്ള പ്രേമമാകട്ടെ, ജന്മസിദ്ധവുമാകുന്നു. ആകയാൽ രണ്ടിന്റെയും ബാഹ്യമായ നന്മയിലും അഭിവൃദ്ധിയിലും അവൻ ഉൽസുകനായിരിക്കുകയും സ്വന്തം നൻമയെക്കുറിച്ചും അവയിൽ അനുവർത്തിക്കപ്പെടേണ്ടുന്ന കടമകളെക്കുറിച്ചും അശ്രദ്ധനായിത്തീരുകയും ചെയ്യുന്നു. അങ്ങനെ ആ രണ്ടും നിമിത്തം അവൻ അല്ലാഹുവിങ്കൽ ശിക്ഷക്ക് അർഹനായിത്തീരുകയും ചെയ്യും.അതുകൊണ്ട് സ്വത്തും മക്കളും വേണ്ടതുപോലെ കൈകാര്യം ചെയ്തു രണ്ടും തങ്ങളുടെ നൻമക്കുള്ള മാർഗമായിരിക്കുവാൻ ശ്രമിക്കണമെന്നും നേരെ മറിച്ച് ദുരുപയോഗപ്പെടുത്തി തിൻമക്ക് കാരണമാക്കരുതെന്നും അല്ലാഹു സത്യവിശ്വാസികളെ ഓർമിപ്പിക്കുന്നു. 'നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും ഒരു പരീക്ഷണം തന്നെയാണെന്നു നിങ്ങൾ അറിഞ്ഞിരിക്കണം.' وَاعْلَمُوا أَنَّمَا أَمْوَالُكُمْ وَأَوْلَادُكُمْ فِتْنَةٌ എന്ന് പറഞ്ഞതിന്റെ താൽപര്യം അതാണ്. അവ രണ്ടിന്റെയും നന്മയേക്കാൾ നിങ്ങളുടെ പാരത്രികമായ നന്മക്കാണ് നിങ്ങൾ പ്രാധാന്യം കൽപിക്കേണ്ടതെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു.(وَأَنَّ اللَّهَ عِندَهُ أَجْرٌ عَظِيمٌ)

സൂറത്തുൽ മുനാഫിഖൂനിൽ പറയുന്നു: يَا أَيُّهَا الَّذِينَ آمَنُوا لَا تُلْهِكُمْ أَمْوَالُكُمْ الآية (സാരം: വിശ്വസിച്ചവരേ, നിങ്ങളുടെ സ്വത്തുക്കളാകട്ടെ, മക്കളാകട്ടെ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് നിങ്ങളെ അശ്രദ്ധയിലാക്കരുത്. അങ്ങിനെ ആരെങ്കിലും ചെയ്യുന്ന പക്ഷം അവരത്രെ നഷ്ടക്കാർ) നബിﷺ പറയുന്നു: 'എന്റെ ദേഹം യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! നിങ്ങളിൽ ഒരാൾക്ക് അവന്റെ സ്വന്തം ദേഹത്തെയും, അവന്റെ വീട്ടുകാരെയും അവന്റെ ധനത്തെയും എല്ലാ മനുഷ്യരെയുംകാൾ അധികം ഇഷ്ടപ്പെട്ടവൻ ഞാനായിത്തീരുന്നതുവരെ അവൻ സത്യവിശ്വാസിയാകുകയില്ല. (ബു.മു)

വിഭാഗം - 4

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن تَتَّقُواْ ٱللَّهَ يَجۡعَل لَّكُمۡ فُرۡقَانٗا وَيُكَفِّرۡ عَنكُمۡ سَيِّـَٔاتِكُمۡ وَيَغۡفِرۡ لَكُمۡۗ وَٱللَّهُ ذُو ٱلۡفَضۡلِ ٱلۡعَظِيمِ ﴿٢٩﴾

﴾29﴿ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുന്നപക്ഷം, അവൻ നിങ്ങൾക്ക് (സത്യാസത്യ) വിവേചനം ഏർപ്പെടുത്തിത്തരുന്നതാണ്; നിങ്ങളുടെ തിന്മകളെ അവൻ മൂടിവെ(ച്ചു മാപ്പാ)ക്കുകയും, നിങ്ങൾക്ക് പൊറുത്തു തരുകയും ചെയ്യും.

അല്ലാഹുവാകട്ടെ, മഹത്തായ അനുഗ്രഹം (അഥവാ ഔദാര്യം) ഉള്ളവനാകുന്നു.

﴾29﴿ يَاأَيُّهَاالَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ إِنْ تَتَّقُوا നിങ്ങൾ സൂക്ഷിക്കുന്നപക്ഷം اللَّهَ അല്ലാഹുവിനെ يَجْعَلْ അവൻ ആക്കി (ഏർപ്പെടുത്തി)ത്തരും لَكُمْ നിങ്ങൾക്ക് فُرْقَانًا വിവേചനം وَيُكَفِّرْ മൂടി (മറച്ചു) വെക്കുകയും ചെയ്യും عَنْكُمْ നിങ്ങൾക്ക്, നിങ്ങളിൽ നിന്ന് سَيِّئَاتِكُمْ നിങ്ങളുടെ തിന്മകളെ وَيَغْفِرْلَكُمْ നിങ്ങൾക്ക് പൊറു ത്തുതരുകയും ചെയ്യും وَاللَّهُ അല്ലാഹുവാകട്ടെ ذُو الْفَضْلِ അനുഗ്രഹം (ഔദാര്യം, ദയവു) ഉള്ളവനാണ് الْعَظِيمِ മഹത്തായ, വമ്പിച്ച

സാരം: അല്ലാഹുവിന്റെ വിധി വിലക്കുകൾ പാലിച്ചുകൊണ്ട് അവനെ സൂക്ഷിക്കുന്ന പക്ഷം, സത്യാസത്യങ്ങൾ ഇന്നതാണെന്നും നല്ലതും തീയതും ഏതൊക്കെയാണെന്നും തിരിച്ചറിയുവാനുള്ള മാർഗദർശനവും വെളിച്ചവും നൽകി നിങ്ങളെ അവൻ അനുഗ്രഹി ക്കുന്നതാണ്. പിന്നെ, നേർമാർഗം കാണാതെയോ, രക്ഷാമാർഗം തിരിച്ചറിയാതെയോ നിങ്ങൾ നട്ടം തിരിയേണ്ടി വരികയില്ല. നിങ്ങളുടെ പക്കൽ വന്നുപോകുന്ന തെറ്റുകുറ്റ ങ്ങളെ അവൻ വിട്ടുപൊറുത്തുതരുകയും ചെയ്യും.

وَإِذْ يَمْكُرُ بِكَ ٱلَّذِينَ كَفَرُوا۟ لِيُثْبِتُوكَ أَوْ يَقْتُلُوكَ أَوْ يُخْرِجُوكَ ۚ

﴾30﴿(നബിയേ) അവിശ്വസിച്ചവർ നിന്നെപ്പറ്റി (ഗൂഢ) തന്ത്രം പ്രയോഗി ച്ചിരുന്ന (ഗൂഢാലോചന നടത്തിയി രുന്ന) സന്ദർഭം (ഓർക്കുക) അവർ നിന്നെ (പിടിച്ചു) ബന്ധിക്കുകയോ, അല്ലെങ്കിൽ കൊലപ്പെടുത്തുകയോ, അല്ലെങ്കിൽ (നാട്ടിൽ നിന്ന്) പുറത്താ ക്കുകയോ ചെയ്‌വാൻ വേണ്ടി.

وَيَمْكُرُونَ وَيَمْكُرُ ٱللَّهُ ۖ وَٱللَّهُ خَيْرُ ٱلْمَـٰكِرِينَ ﴿٣٠﴾

അവർ (ഗൂഢ) തന്ത്രം നടത്തുന്നു. അല്ലാഹുവും (ഗൂഢ) തന്ത്രം നട ത്തുന്നു. അല്ലാഹുവാകട്ടെ, (ഗൂഢ) തന്ത്രം നടത്തുന്നവരിൽ വെച്ച് ഉത്ത മനാകുന്നു.

﴾30﴿ وَإِذْيَمْكُرُ (ഗൂഢ) തന്ത്രം പ്രയോഗിച്ചിരുന്ന സന്ദർഭം بِكَ നിന്നെപ്പറ്റി, നിന്നെ ക്കൊണ്ട് الَّذِينَ كَفَرُوا അവിശ്വസിച്ചവർ لِيُثْبِتُوكَ അവർ നിന്നെ ബന്ധിക്കുവാൻ വേണ്ടി أَوْ يَقْتُلُوكَ അല്ലെങ്കിൽ നിന്നെ കൊല്ലു (വധിക്കു) വാൻ أَوْ يُخْرِجُوكَ അല്ലെങ്കിൽ നിന്നെ പുറത്താക്കുവാൻ وَيَمْكُرُونَ അവർ (ഗൂഢ) തന്ത്രം പ്രയോഗിക്കുന്നു وَيَمْكُرُ اللَّهُ അല്ലാ ഹുവും തന്ത്രം പ്രയോഗിക്കുന്നു وَاللَّهُ അല്ലാഹുവാകട്ടെ خَيْرُالْمَاكِرِينَ തന്ത്രം പ്രയോ ഗിക്കുന്നവരിൽ ഉത്തമനാണ്.

നബി തിരുമേനിﷺക്ക് അല്ലാഹു നൽകിയ മഹത്തായ ഒരു അനുഗ്രഹം അനുസ്മ രിപ്പിക്കുകയാണ്. ക്വുറൈശികളുടെ ഒരു ഗൂഢാലോചനയെത്തുടർന്നാണ് നബി

ﷺയുടെ മദീനാ ഹിജ്റഃയുണ്ടായത്. ആ സംഭവമാണ് ഈ വചനത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത്. പല രിവായത്തുകളിലൂടെയും വന്നിട്ടുള്ള ആ സംഭവത്തിന്റെ രൂപം ചുരുക്കത്തിൽ ഇപ്രകാരമാകുന്നു:-

തിരുമേനിയുടെ പിതൃവ്യൻ അബൂത്വാലിബ് സത്യവിശ്വാസം സ്വീകരിച്ചില്ലെങ്കിലും ഖുറൈശികളിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്ഥാനമാനവും, തന്റെ സഹോദര പുത്രനും പോറ്റുമകനുമായിരുന്ന നബിﷺയോട് അദ്ദേഹത്തിനുണ്ടായിരുന്ന അളവറ്റ വാൽസല്യവും നിമിത്തം അദ്ദേഹം തിരുമേനിക്ക് സദാ ഒരു വമ്പിച്ച താങ്ങും തണലുമായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം ശത്രുക്കളുടെ ശത്രുതയും വീറും വർദ്ധിച്ചു. അതോടുകൂടി മദീനയിൽ നിന്ന് ഹജ്ജിനു മക്കയിൽ വന്നിരുന്ന കുറേ ആളുകൾ നബിﷺയിൽ വിശ്വസിച്ചു തിരിച്ചുപോകുകയും ഉണ്ടായി. മദീനയിൽ ഇസ്‌ലാം പ്രചരിപ്പിക്കുവാനും അവിടെ ചെല്ലുന്ന മുസ്‌ലിംകളെ സഹായിക്കുവാനും അവർ ബൈഅത്ത് (പ്രതിജ്ഞ) ചെയ്കയും ചെയ്തിരുന്നു. അങ്ങനെ മദീനയിൽ ഇസ്‌ലാം പ്രചരിച്ചുകൊണ്ടിരിക്കുകയും മുസ്‌ലിംകൾ ക്രമേണ അവിടെ ചെന്നു അഭയം പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ഇത് ഖുറൈശികളെ കൂടുതൽ ക്ഷുഭിതരാക്കി. മേലിൽ മുഹമ്മദിനെ ഇങ്ങനെ വിട്ടാൽ, തങ്ങളുടെ ഭാവി അപകടത്തിലാണെന്ന് അവർ കണ്ടു. ഒരു അവസാന തീരുമാനമെടുക്കുവാൻ തങ്ങളുടെ കാര്യാലോചനാ മന്ദിരമായ ദാറുന്നദ്‌വയിൽ ഖുറൈശീ നേതാക്കൾ ഒരു യോഗം ചേർന്നു. യോഗം തുടങ്ങവെ, താൻ നജ്ദുകാരനാണെന്നും, യോഗത്തിന്റെ ചർച്ചാവിഷയത്തിൽ തനിക്കും ചില അഭിപ്രായങ്ങൾ വെക്കുവാനുണ്ടെന്നും സ്വയം പരിചയപ്പെടുത്തിക്കൊണ്ട് ഒരു വന്ദ്യവയോധികന്റെ വേഷത്തിൽ ഇബ്‌ലീസും അതിൽ സംബന്ധിക്കയുണ്ടായെന്നും ചില രിവായത്തുകളിൽ കാണുന്നു. ഇത് ശരിയാണെങ്കിൽ, അതിൽ അസാംഗത്യമൊന്നുമില്ലതാനും. വാസ്തവം അല്ലാഹുവിനറിയാം.

മുഹമ്മദിനെ എന്ത് ചെയ്യണമെന്നാണ് യോഗത്തിന്റെ ആലോചനാ വിഷയം. മരണം വരെ അവനെ ബന്ധനത്തിലാക്കുക എന്നായിരുന്നു ഒരു അഭിപ്രായം. അങ്ങിനെ ചെയ്താൽ, അവന്റെ ആൾക്കാർ ക്രമേണ സംഘടിച്ചു കൊണ്ട് അവനെരക്ഷപ്പെടുത്തിയേക്കാമെന്ന് പറഞ്ഞു ഈ ഒരഭിപ്രായം തള്ളപ്പെട്ടു. അവനെ രാജ്യത്തുനിന്ന് ബഹിഷ്കരിക്കുന്നപക്ഷം, നമുക്ക് അവനെക്കൊണ്ടുള്ള ശല്യത്തിൽ നിന്ന് മോചനം ലഭിക്കുമെന്നായിരുന്നു മറ്റൊരഭിപ്രായം. അങ്ങിനെ ചെയ്താൽ തന്റെ സംസാരമാധുര്യവും, ജനങ്ങളെ വശീകരിക്കുവാനുള്ള സാമർത്ഥ്യവും കാരണം വിദേശങ്ങളിൽ അവന്റെ മതം പ്രചരിക്കുവാൻ ഇടവരും. അങ്ങനെ കൂടുതൽ ജനസ്വാധീനം നേടി അവൻ നമ്മെ ആക്രമിക്കും എന്നിങ്ങനെയുള്ള ന്യായത്തിൽ ആ അഭിപ്രായവും തള്ളപ്പെട്ടു. അവസാനത്തെ അഭിപ്രായം-ഇതിന്റെ അവതാരകൻ അബൂജഹലായിരുന്നു-ഇതായിരുന്നു: എല്ലാ ഗോത്രത്തിൽ നിന്നും കരുത്തനായ ഓരോ യുവാവിനെ തിരഞ്ഞെടുത്ത് അവരെല്ലാവരും കൂടി ഒപ്പം മുഹമ്മദിനെ വെട്ടിക്കൊല്ലുക. ഇങ്ങിനെ ചെയ്താൽ, അവനെക്കൊണ്ടുള്ള ശല്യം തീരുന്നതിനു പുറമെ, എല്ലാ ഗോത്രക്കാരോടും ഒന്നിച്ചു പ്രതികാര നടപടിക്കൊരുങ്ങുവാൻ അവന്റെ കുടുംബത്തിന് കഴിയാതെ വരുകയും ചെയ്യും. അതല്ല, പതിവുപ്രകാരം തെണ്ടം വാങ്ങി, പ്രതിക്രിയ ചെയ്യാതെ അവർ തൃപ്തിപ്പെടുകയാണെങ്കിൽ അത് നമുക്ക് എല്ലാവർക്കും ചേർന്നുകൊടുത്തു തീർക്കുകയും ചെയ്യാമല്ലോ. ഈ അഭിപ്രായം സർവ്വസമ്മതമായി അംഗീകരിക്കപ്പെട്ടു. ഒരു രാത്രി തിരുമേനിയുടെ വീടുവളഞ്ഞു തിരുമേനി പുറത്തിറങ്ങുന്ന തക്കം നോക്കി പെട്ടെന്ന് ആ കൃത്യം നടപ്പിൽ വരുത്തുവാനായിരുന്നു പരിപാടി.

ജിബ്‌രീൽ (അ) മുഖേന അല്ലാഹു നബിﷺക്കു ഈ വിവരം അറിയിക്കുകയും ഹിജ്‌റഃ പോയിക്കൊള്ളുവാൻ അനുവാദം നൽകുകയും ചെയ്തു. അന്നു രാത്രി, തിരുമേനി സാധാരണ കിടക്കാറുള്ള സ്ഥാനത്ത് അവിടുന്ന് ഉപയോഗിക്കാറുള്ള പുതപ്പും ധരിച്ചു അലിയെ (റ) കിടക്കുവാൻ ഏർപ്പാട് ചെയ്തു കൊണ്ട് നബിﷺ പുറത്തിറങ്ങി. സൂഃയാസീനിലെ 9-ാം വചനം (*) ഓതിക്കൊണ്ട് സശാന്തം അവിടുന്ന് വീടുവളഞ്ഞ ശത്രുക്കളുടെ ഇടയിൽക്കൂടി അവരറിയാതെ സ്ഥലം വിട്ടു. നേരെ അബൂബക്ർ (റ)ന്റെ വീട്ടിൽ ചെന്നു. മുൻകൂട്ടി ഒരുക്കി നിർത്തിയിരുന്ന വാഹനത്തിൽ ഏറിക്കൊണ്ട് രണ്ടുപേരും ഥൗർമലയിലെ ഗുഹയിൽപോയി ഒളിച്ചിരുന്നു. നേരം പുലർന്നപ്പോഴാണ് ശത്രുക്കൾക്ക് തങ്ങളുടെ അമളി മനസ്സിലായത്. അവർ നാലുപാടും ഓടി. വിളിയും തെളിയുമായി. കൂട്ടത്തിൽ ആ ഗുഹാമുഖത്തും എത്തി. പക്ഷേ ഗുഹാമുഖത്ത് എട്ടുകാലി വലകെട്ടിയിരുന്നത് കണ്ടപ്പോൾ അതിൽ ആരുമില്ലെന്ന് സമാധാനിച്ച് അവർ വിട്ടുപോകുകയാണ് ചെയ്തത്. മൂന്നാം ദിവസം ഒരു വഴികാട്ടിയോടൊപ്പം തിരുമേനിയും, അബൂബക്റും (റ) മദീനയിലേക്കു യാത്ര തുടരുകയും ചെയ്തു.

അവിശ്വാസികളുടെ ഗൂഢതന്ത്രം കൊണ്ടുദ്ദേശ്യം എന്താണെന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ. അതിനെതിരെ അല്ലാഹു സ്വീകരിച്ചതും അവരുടെ ഗൂഢാലോചനയെ പരാജയപ്പെടുത്തിയതുമായ ആ നടപടിയാണ് അല്ലാഹുവിന്റെ ഗൂഢതന്ത്രം കൊണ്ടു ഇവിടെ വിവക്ഷ. അന്യർക്കെതിരെ ഗൂഢമായി നടത്തപ്പെടുന്ന സംരംഭങ്ങൾക്കാണ് مَكْر (മക്ർ) എന്ന് പറയപ്പെടുന്നത്. അതിനെതിരെ അല്ലാഹു നടപ്പിൽ വരുത്തുന്ന രഹസ്യ നടപടിക്കാണ് مكر الله (അല്ലാഹുവിന്റെ തന്ത്രം) എന്ന് പറഞ്ഞത്. അല്ലാഹുവിന്റെ തന്ത്രം ന്യായയുക്തവും, അതിസമർത്ഥവും ആയിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. അതുകൊണ്ടാണ് ഏറ്റവും ഉത്തമനായ തന്ത്രക്കാരൻ (خَيْرُ الْمَاكِرِينَ) എന്ന് അല്ലാഹുവിനെപ്പറ്റി പറഞ്ഞതും.

وَإِذَا تُتْلَىٰ عَلَيْهِمْ ءَايَـٰتُنَا قَالُوا۟ قَدْ سَمِعْنَا لَوْ نَشَآءُ لَقُلْنَا مِثْلَ هَـٰذَآ ۙ إِنْ هَـٰذَآ إِلَّآ أَسَـٰطِيرُ ٱلْأَوَّلِينَ ﴿٣١﴾

﴿31﴾ അവർക്ക് [അവിശ്വാസികൾക്ക്] നമ്മുടെ ആയത്തു [ലക്ഷ്യം]കൾ ഓതിക്കേൾപ്പിക്കുന്നതായാൽ അവർ പറയും: 'ഞങ്ങൾ കേട്ടു കഴിഞ്ഞു: ഞങ്ങൾ (വേണമെന്ന്) ഉദ്ദേശിക്കുന്നതായാൽ ഇതുപോലെ ഞങ്ങളും പറയുകതന്നെ ചെയ്യും. ഇത് പൂർവ്വികൻമാരുടെ പുരാണകഥകളല്ലാതെ (മറ്റൊന്നും) അല്ല.'

(*) وَجَعَلْنَا مِنۢ بَيْنِ أَيْدِيهِمْ سَدًّا وَمِنْ خَلْفِهِمْ سَدًّا എന്ന് തുടങ്ങിയ വചനമാണിത്. സാരം ഇതാണ്: അവരുടെ മുമ്പിലും അവരുടെ പിമ്പിലും നാം ഓരോ തടവു ഏർപ്പെടുത്തിയിരിക്കുന്നു. അങ്ങനെ നാം അവരെ മൂടിക്കളഞ്ഞിരിക്കുന്നു. അതിനാൽ അവർ കാണുന്നതല്ല.

﴾31﴿ وَإِذَا تُتْلَى ഓതിക്കൊടുക്കപ്പെടുന്നതായാൽ عَلَيْهِمْ അവരുടെ മേൽ, അവർക്ക് آيَاتُنَا നമ്മുടെ ആയത്തുകൾ قَالُوا അവർ പറയും പറയുകയായി قَدْ سَمِعْنَا ഞങ്ങൾ കേട്ടിട്ടുണ്ട്, കേട്ടു കഴിഞ്ഞു لَوْ نَشَاءُ ഞങ്ങൾ ഉദ്ദേശിക്കുന്നതായാൽ لَقُلْنَا ഞങ്ങൾ പറയുക തന്നെ ചെയ്തിരുന്നു مِثْلَ هَذَا ഇതുപോലെ إِنْ هَذَا ഇതല്ല إِلَّا أَسَاطِيرُ പുരാണ കഥകൾ (ഐതിഹ്യങ്ങൾ) അല്ലാതെ الْأَوَّلِينَ പൂർവ്വികൻമാരുടെ

നിഷേധത്തിൽ നിന്നും മർക്കടമുഷ്ടിയിൽനിന്നും ബഹിർഗമിക്കുന്ന പരിഹാസവും ധിക്കാരവുമെന്നതിൽ കവിഞ്ഞു അവരുടെ ഈ വാക്കുകൾക്ക് ഒരർത്ഥവുമില്ല. അവരുടെ ഹൃദയം എത്രമേൽ കടുത്തു ദുഷിച്ചുപോയിട്ടുണ്ടെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നത് നോക്കുക:

وَإِذْ قَالُوا۟ ٱللَّهُمَّ إِن كَانَ هَٰذَا هُوَ ٱلْحَقَّ مِنْ عِندِكَ فَأَمْطِرْ عَلَيْنَا حِجَارَةً مِّنَ ٱلسَّمَآءِ أَوِ ٱئْتِنَا بِعَذَابٍ أَلِيمٍ ﴿٣٢﴾

﴾32﴿ **അവർ പറഞ്ഞ സന്ദർഭവും (ഓർക്കുക): 'അല്ലാഹുവേ, ഇതുതന്നെയാണ് നിന്റെ പക്കൽനിന്നുള്ള യഥാർത്ഥ (സത്യ)മെങ്കിൽ, ഞങ്ങളുടെ മേൽ നീ ഒരു കല്ലു (മഴ) വർഷിപ്പിച്ചേക്കുക! അല്ലെങ്കിൽ ഞങ്ങൾക്ക് വല്ല വേദനയേറിയ ശിക്ഷയും കൊണ്ടുവരുക!'**

﴾32﴿ وَإِذْ قَالُوا അവർ പറഞ്ഞ സന്ദർഭവും اللَّهُمَّ അല്ലാഹുവേ إِنْ كَانَ هَذَا ഇതാണെങ്കിൽ هُوَ الْحَقَّ ഇതു തന്നെ യഥാർത്ഥം (എങ്കിൽ) مِنْ عِنْدِكَ നിന്റെ പക്കൽ നിന്നുള്ള فَأَمْطِرْ എന്നാൽ നീ (മഴ) വർഷിപ്പിക്കുക عَلَيْنَا ഞങ്ങളിൽ, ഞങ്ങൾക്ക് حِجَارَةً ഒരു കല്ലു (മഴ) مِنَ السَّمَاءِ ആകാശത്തുനിന്ന് أَوِ ائْتِنَا അല്ലെങ്കിൽ ഞങ്ങൾക്ക് വാ, തരുക بِعَذَابٍ വല്ല ശിക്ഷയും കൊണ്ട്, ശിക്ഷയെ أَلِيمٍ വേദനയേറിയ

മുഹമ്മദ് പ്രബോധനം ചെയ്യുന്ന ഇതൊക്കെത്തന്നെയാണ് നിന്റെ വക സത്യയാഥാർത്ഥ്യമെങ്കിൽ, അതിലൊന്നും വിശ്വസിക്കുവാൻ ഞങ്ങൾ തയ്യാറില്ല. കൽമഴ വർഷിപ്പിച്ചോ, മറ്റു വല്ല കഠിന ശിക്ഷയും നൽകിയോ ഞങ്ങളെ ശിക്ഷിച്ചാലും ശരി, ഞങ്ങൾ അതിന് വഴങ്ങാൻ പോകുന്നില്ല എന്നാണല്ലോ ആ മുശ്‌രിക്കുകൾ പറയുന്നതിന്റെ താൽപര്യം. ധിക്കാരത്തിന്റെ കാഠിന്യവും അതേ സമയം വിഡ്ഢിത്തത്തിന്റെ പാരമ്യവും നോക്കുക! ദുർവാശിയും ധിക്കാരബുദ്ധിയും ഇണങ്ങിച്ചേർന്നാൽ മനുഷ്യൻ എന്തും പ്രവർത്തിക്കുവാൻ മടിക്കയില്ല. അവർ 'പറഞ്ഞു' എന്നത് കൊണ്ടുദ്ദേശ്യം എല്ലാ മുശ്‌രിക്കുകളും അങ്ങിനെ പറഞ്ഞിരുന്നുവെന്നല്ല. നേതാക്കളും അതിദുഷ്ടരുമായ ചിലർ പറയുകയും, മറ്റുള്ളവർ അതേറ്റു പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്തിരുന്നുവെന്നത്രേ ഉദ്ദേശ്യം.

മുശ്‌രിക്കുകളെ സംബന്ധിച്ചിടത്തോളം അവർ അല്ലാഹുവിനെ പാടെ നിഷേധിക്കുന്നവരല്ല. അവനോട് മറ്റു ദൈവങ്ങളെ പങ്കുചേർക്കുകയും ആ അടിസ്ഥാനത്തിലുള്ള

പല ദുർന്നടപ്പുകളെയും മതാചാരങ്ങളാക്കുകയുമാണവർ ചെയ്യുന്നത്. അതിനെപ്പറ്റി ആക്ഷേപിക്കുന്നതാണ് നബിﷺയുടെയും ക്വുർആനിന്റെയും നേരെയുള്ള അവരുടെ നിഷേധത്തിനും ശത്രുതക്കും കാരണം. എന്നാൽ, നിരീശ്വര നിർമതവാദികളായ ചില രിൽ നിന്നും ഇത്തരം ധിക്കാര വാക്കുകൾ കേൾക്കപ്പെടാറുണ്ട്. പക്ഷേ, അല്ലാഹു എല്ലാ കാര്യത്തിനും ഓരോ അവധിയും നിശ്ചയവും വെച്ചിട്ടുണ്ടല്ലോ لِكُلِّ أَجَلٍ كِتَابٌ മനുഷ്യർ പ്രവർത്തിക്കുന്നതിനെല്ലാം അപ്പപ്പോൾ അല്ലാഹു നടപടി എടുക്കുന്നപക്ഷം, ഈ ലോകത്ത് ഒരു ജീവിയും ബാക്കിയാകുമായിരുന്നില്ല. എങ്കിലും ഒരു നിർണയിക്കപ്പെട്ട അവധി വരെ അവൻ അവർക്കു ഒഴിവ് കൊടുക്കുകയാണ് ചെയ്യുന്നത്. (35:45) മുശ്രിക്കുകളുടെ ഈ വെല്ലുവിളിക്ക് അല്ലാഹു ഇങ്ങിനെ മറുപടി പറയുന്നു:-

وَمَا كَانَ ٱللَّهُ لِيُعَذِّبَهُمْ وَأَنتَ فِيهِمْ ۚ وَمَا كَانَ ٱللَّهُ مُعَذِّبَهُمْ وَهُمْ يَسْتَغْفِرُونَ ﴿٣٣﴾

﴾33﴿ (നബിയേ) നീ അവരിൽ ഉണ്ടായിരിക്കെ, അവരെ ശിക്ഷിക്കുവാൻ അല്ലാഹു (ഒരുക്കം) ഇല്ല; അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോഴും അല്ലാഹു അവരെ ശിക്ഷിക്കുന്നവനല്ല.

﴾33﴿ وَمَا كَانَ اللَّهُ അല്ലാഹു (ഒരുക്കം- തയ്യാർ) ഇല്ല لِيُعَذِّبَهُمْ അവരെ ശിക്ഷിക്കുവാൻ وَأَنتَ നീ فِيهِمْ അവരിൽ (ഉണ്ടായിരിക്കെ) وَمَا كَانَ اللَّهُ അല്ലാഹു അല്ലതാനും, ആയിരിക്കുകയുമില്ല, ആകുന്നതല്ല مُعَذِّبَهُمْ അവരെ ശിക്ഷിക്കുന്നവൻ وَهُمْ അവർ (ആയിരിക്കെ) يَسْتَغْفِرُونَ അവർ പാപമോചനം (പൊറുതി) തേടിക്കൊണ്ടിരിക്കുന്നു.

അവരുടെ ആ പ്രാർത്ഥന-അല്ല, വെല്ലുവിളി- അനുസരിച്ച് അവരെ ഒരു പൊതുശിക്ഷ നൽകി നശിപ്പിക്കുവാൻ അല്ലാഹുവിന് ഒരു പ്രയാസവുമില്ല. പക്ഷേ, രണ്ടു കാര്യങ്ങൾ നിലവിലുള്ളതുകൊണ്ട് അല്ലാഹു അങ്ങനെ ചെയ്യാതിരിക്കുകയാണ്. ഒന്ന്: നബിﷺഅവർക്കിടയിൽ ജീവിച്ചിരിക്കുന്നുവെന്നുള്ളതും, മറ്റൊന്ന്: അവർ അല്ലാഹുവിനോട് പാപമോചനം തേടാറുണ്ടെന്നുള്ളതും. ഈ രണ്ടു കാര്യങ്ങളും നിലവിലിരിക്കെ പൊതുശിക്ഷ നൽകി അവരെ ശിക്ഷിക്കുന്നത് അല്ലാഹുവിന്റെ നടപടിച്ചട്ടങ്ങൾക്ക് നിരക്കാത്തതാണ് എന്ന് സാരം.

നിഷേധികളായ ഒരു സമുദായത്തെ പൊതുവെ ബാധിക്കുന്ന വല്ല ശിക്ഷയും സംഭവിക്കുമ്പോൾ, ആ സമുദായത്തിലെ പ്രവാചകനെയും, അദ്ദേഹത്തിൽ വിശ്വസിച്ച വ്യക്തികളെയും മുൻകൂട്ടി രക്ഷപ്പെടുത്തിക്കൊണ്ടേ അല്ലാഹു ശിക്ഷ ഇറക്കാറുള്ളൂ. ആദ്, ഥമൂദ് മുതലായവരെപ്പോലെ അങ്ങിനെയുള്ള ശിക്ഷക്ക് പാത്രമായിത്തീർന്ന സമുദായങ്ങളെല്ലാം തന്നെ ഒരു പ്രത്യേക ജനതയോ സമൂഹമോ ആയിരുന്നു. അതിലെ പ്രവാചകൻ അവരിലേക്ക് മാത്രം നിയോഗിക്കപ്പെട്ട ആളുമായിരിക്കും. നബി തിരുമേനിﷺയാകട്ടെ, കാലാവസാനം വരെയുള്ള ലോകർക്കെല്ലാം അനുഗ്രഹമായി (رَحْمَةً لِلْعَالَمِينَ)അയക്കപ്പെട്ട പ്രവാചകനത്രെ. അവിടുത്തെ പ്രബോധന ദൗത്യങ്ങൾ പൂർണമായി നിർവ്വഹിക്കപ്പെട്ടു

കഴിഞ്ഞിട്ടില്ലതാനും. അഥവാ അതു തുടർന്നുകൊണ്ടിരിക്കുന്നേയുള്ളൂ. അതുകൊണ്ട് ഈ അവസരത്തിൽ ഒരു പൊതു ശിക്ഷ വഴി അവർ നശിപ്പിക്കപ്പെടുന്നത് അപ്രായോഗികമായിരിക്കുമല്ലോ. നബിﷺ അവരുടെ ഇടയിൽ മക്കയിലായിരുന്നപ്പോൾ അല്ലാഹു അവരെ ശിക്ഷിക്കുമായിരുന്നില്ല, ഇപ്പോൾ നബിﷺയെ അവർ പുറത്താക്കിയിരിക്കകൊണ്ട് അവരെ ശക്ഷിച്ചുകൂടായ്കയില്ല എന്ന അർത്ഥത്തിലും ഇവിടെ വ്യാഖ്യാനം നൽകപ്പെട്ടിട്ടുണ്ട്.

അവർ പാപമോചനം തേടിയിരുന്നുവെന്നു പറഞ്ഞത് രണ്ടു മൂന്നു പ്രകാരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു.

(1) നബിﷺയും സ്വഹാബികളും മദീനയിലേക്ക് ഹിജ്റഃ പോയിട്ടു പിന്നെയും മക്കയിൽ അങ്ങിങ്ങായി ചില സത്യവിശ്വാസികൾ ബാക്കിയുണ്ടായിരുന്നു. അവരുടെ ദൗർബ്ബല്യം കാരണം ഹിജ്റഃ പോകുവാൻ കഴിയാതെ ഞെരുങ്ങിക്കൊണ്ടിരിക്കുകയാണവർ. അവർ പാപമോചനം തേടുന്നുവെന്ന് പറഞ്ഞത് ഇവരെപ്പറ്റിയാണ്. മുശ്‌രിക്കുകളുടെ ഇടയിൽ കഴിഞ്ഞു കൂടുന്ന അവർ അല്ലാഹുവിനോട് പാപമോചനം തേടിക്കൊണ്ടിരിക്കുന്ന സ്ഥിതിക്ക് മക്കാമുശ്‌രിക്കുകളിൽ അല്ലാഹു പൊതുശിക്ഷ ഇറക്കുകയില്ല എന്നുദ്ദേശ്യം.

(2) മുശ്‌രിക്കുകൾ തന്നെയും ചില അവസരങ്ങളിൽ അല്ലാഹുവിനോട് പ്രാർത്ഥിക്കാറുണ്ടായിരുന്നു. അതിനെ ഉദ്ദേശിച്ചാണ്.

(3) അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോൾ അവരെ ശിക്ഷിക്കുകയില്ല. എന്നാൽ, അവർ പാപമോചനം തേടുന്നില്ലാത്ത സ്ഥിതിക്ക് അവരെ ശിക്ഷിച്ചുകൂടാ എന്നില്ല. അടുത്ത വചനത്തിൽ കാണുന്നതുപോലെ, ശിക്ഷക്ക് അർഹരാണ് അവരെങ്കിലും അല്ലാഹു അവരെ പെട്ടെന്ന് ശിക്ഷിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നേയുള്ളൂ. വേറെ രൂപത്തിലും ഇതിനു ചില വ്യാഖ്യാനങ്ങൾ നൽകപ്പെട്ടിട്ടുണ്ട് والله اعلم.

وَمَا لَهُمْ أَلَّا يُعَذِّبَهُمُ ٱللَّهُ وَهُمْ يَصُدُّونَ عَنِ ٱلْمَسْجِدِ ٱلْحَرَامِ وَمَا كَانُوٓا۟ أَوْلِيَآءَهُۥٓ ۚ إِنْ أَوْلِيَآؤُهُۥٓ إِلَّا ٱلْمُتَّقُونَ

﴿34﴾ അല്ലാഹു അവരെ ശിക്ഷിക്കാതിരിക്കാൻ എന്താണവർക്കു (ന്യായമു)ള്ളത്? അവർ 'മസ്ജിദുൽ ഹറാമി' [പരിപാവനമായ പള്ളിയി]ൽ നിന്ന് (ആളുകളെ) തടഞ്ഞുകൊണ്ടിരിക്കുന്നുവെന്നിരിക്കെ! (വാസ്തവത്തിൽ) അവർ അതിന്റെ കൈകാര്യകർത്താക്കളല്ലതാനും. അതിന്റെ കൈകാര്യകർത്താക്കൾ (അല്ലാഹുവിനെ) സൂക്ഷിക്കുന്നവരല്ലാതെ (ആരും) അല്ല.

وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ ﴿٣٤﴾

എങ്കിലും. അവരിൽ അധികമാളുകളും അറിയുന്നില്ല.

وَمَا كَانَ صَلَاتُهُمْ عِندَ ٱلْبَيْتِ إِلَّا مُكَآءً وَتَصْدِيَةً ۚ فَذُوقُوا۟ ٱلْعَذَابَ بِمَا كُنتُمْ تَكْفُرُونَ ﴿٣٥﴾

﴾35﴿ (ആ) വീട്ടിലെ [കഅ്ബഃയുടെ] അടുക്കൽ വെച്ചുള്ള അവരുടെ നമസ്കാരം (അഥവാ പ്രാർത്ഥന) ചൂളംവിളിയും, കൈകൊട്ടുമല്ലാതെ (മറ്റൊന്നും) അല്ല. 'ആകയാൽ (ഹേ, അവിശ്വാസികളേ) നിങ്ങൾ അവിശ്വസിച്ചുകൊണ്ടിരുന്നതു നിമിത്തം, നിങ്ങൾ ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ!' [ഇതാണവരോട് പറയുവാനുള്ളത്]

﴾34﴿ وَمَالَهُمْ അവർക്കെന്താണ് أَلَّا يُعَذِّبَهُمُ അവരെ ശിക്ഷിക്കുകയില്ലെന്ന്, ശിക്ഷിക്കാതിരിക്കുവാൻ ٱللَّهُ അല്ലാഹു, وَهُمْ അവരാകട്ടെ يَصُدُّونَ തടയുന്നു, തടുക്കുന്നു عَنِ ٱلْمَسْجِدِ പള്ളിയിൽ നിന്ന് ٱلْحَرَامِ അലംഘനീയമായ, പരിപാവനമായ وَمَا كَانُوٓا۟ അവരായിട്ടുമില്ല, അല്ലതാനും أَوْلِيَآءَهُۥ അതിന്റെ കാര്യകർത്താക്കൾ, രക്ഷാധികാരികൾ, ബന്ധുക്കൾ إِنْ أَوْلِيَآؤُهُۥٓ അതിന്റെ കൈകാര്യകർത്താക്കളല്ല إِلَّا ٱلْمُتَّقُونَ സൂക്ഷിക്കുന്ന (സൂക്ഷ്മത പാലിക്കുന്ന) വരൊഴികെ وَلَٰكِنَّ എങ്കിലും, പക്ഷേ أَكْثَرَهُمْ അവരിലധികവും لَا يَعْلَمُونَ അവർ അറിയുന്നില്ല, അവർക്കറിഞ്ഞുകൂടാ ﴾35﴿ وَمَا كَانَ ആയിട്ടുമില്ല, അല്ലതാനും صَلَاتُهُمْ അവരുടെ നമസ്കാരം, പ്രാർത്ഥന عِندَ ٱلْبَيْتِ ആ വീട്ടിനടുക്കൽ إِلَّا مُكَآءً ചൂളംവിളിയല്ലാതെ وَتَصْدِيَةً കൈ കൊട്ടും, കൈമുട്ടും فَذُوقُوا۟ ആകയാൽ നിങ്ങൾ ആസ്വദി (അനുഭവി)ക്കുവിൻ ٱلْعَذَابَ ശിക്ഷയെ بِمَا كُنتُمْ നിങ്ങളായിരിക്കുന്നതുകൊണ്ട് تَكْفُرُونَ നിങ്ങൾ അവിശ്വസിക്കും.

الْمَسْجِدُ الْحَرَام (മസ്ജിദുൽ ഹറാം) കൊണ്ടുദ്ദേശ്യം കഅ്ബഃയാകുന്നു. الْبَيْتِ (ആ വീട്) എന്നു പറഞ്ഞതും അതിനെക്കുറിച്ചു തന്നെ. ഒന്നാമത്തേതിനെപ്പറ്റി 2:144 ന്റെയും, രണ്ടാമത്തേതിനെപ്പറ്റി 3:96 ന്റെയും വ്യാഖ്യാനത്തിൽ വിവരിച്ചത് ഓർക്കുക.

ഈ വചനങ്ങളുടെ സാരം ഇങ്ങിനെ മനസ്സിലാക്കാം: ആ മുശ്രിക്കുകളെ ശിക്ഷിക്കാതിരിക്കുവാൻ തക്ക ന്യായമൊന്നും അവരുടെ ഭാഗത്തില്ല. ആ സ്ഥിതിക്ക് അവരെ ശിക്ഷിക്കുന്നതിന് യാതൊരു പ്രതിബന്ധവും ഇല്ല. അത്രയുമല്ല, ശിക്ഷിക്കത്തക്ക കാരണങ്ങൾ അവരിലുണ്ട്താനും. അല്ലാഹുവിനെ ആരാധിക്കുവാൻ വേണ്ടി സ്ഥാപിക്കപ്പെട്ട കഅ്ബഃയുടെ അടുക്കൽ ചെന്ന് അവരെ ആരാധിക്കുവാനും, പ്രാർത്ഥിക്കുവാനും അവർ സത്യവിശ്വാസികളെ അനുവദിക്കുന്നില്ല. നാട്ടിൽ വസിക്കുവാൻ പോലും അനുവദിക്കാതെ അവരെ അവർ ബഹിഷ്കരിക്കുകയാണ് ചെയ്യുന്നത്. കഅ്ബഃയുടെ കൈകാര്യവും മേൽനോട്ടവും നടത്തുവാനുള്ള അവകാശം അവർക്കുണ്ടായിരുന്നെങ്കിൽ അതിനൊരു ന്യായമുണ്ടായിരുന്നു.അതും യഥാർത്ഥത്തിൽ അവർക്കില്ല. അല്ലാഹുവിന്റെ ആജ്ഞാനിർദ്ദേശങ്ങൾ പാലിക്കുന്ന സത്യവിശ്വാസികൾക്കേ അതിനവകാശമുള്ളൂ. (ഇതു സംബന്ധിച്ച് കൂടുതൽ വിവരം അടുത്ത സൂറത്ത് 17,18 വചനങ്ങളിൽ വരുന്നുണ്ട്) പിന്നെ കഅ്ബഃയുടെ അടുക്കൽവെച്ച് അവർ ചില ആരാധനകളും പ്രാർത്ഥനകളും നടത്താറു

ണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ, പ്രാർത്ഥന അല്ലെങ്കിൽ നമസ്കാരം എന്ന പേരിൽ അവരവിടെ കാട്ടിക്കൂട്ടുന്നത്; കേവലം ചൂളംവിളി, കൈമുട്ടൽ മുതലായ തോന്നിയവാസങ്ങളല്ലാതെ മറ്റൊന്നുമല്ല. അങ്ങിനെ ഏതു നിലക്കും യഥാർത്ഥത്തിൽ അവർ ശിക്ഷക്ക് അർഹർതന്നെ. അത്കൊണ്ട് അവരോട് പറയുവാനുള്ളത് നിങ്ങളുടെ ഈ അവിശ്വാസം നിമിത്തം നിങ്ങൾ ശിക്ഷക്ക് അർഹമാണ്., അത് നിങ്ങൾ അനുഭവിച്ചു കൊള്ളുവിൻ എന്നത്രെ.

ഈ ശിക്ഷ കൊണ്ടുദ്ദേശ്യം, ഐഹികമായ ശിക്ഷകളും, പാരത്രികമായ ശിക്ഷകളും ആയിരിക്കാവുന്നതാണ്. ബദ്റിൽ പിണഞ്ഞതുപോലെയുള്ള പരാജയങ്ങളും, മക്കാ വിജയത്തോടുകൂടി ശിർക്കിന്റെ ഭരണവും പ്രതാപവും അവസാനിച്ചതും ഐഹികമായ ശിക്ഷകളാകുന്നു. മരണാനന്തരം അനുഭവിക്കുവാനുള്ള ശിക്ഷകൾ ഇതിനു പുറമെയും. വസ്ത്രങ്ങളഴിച്ചു നഗ്നരായി, സ്ത്രീയും പുരുഷനും കൂടിക്കലർന്നു കഅ്ബഃയെ പ്രദക്ഷിണം (ത്വവാഫ്) ചെയ്യൽ അവരുടെ പതിവായിരുന്നു. ആ കൂട്ടത്തിൽ ചൂളംവിളിയും കൈകൊട്ടും കൂടിചേർന്നാലത്തെ പ്രാർത്ഥനാ കർമങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ചില ദേവീ ദേവ വിഗ്രഹങ്ങളുടെ അടുക്കൽ വെച്ച് അവയുടെ ആരാധകർക്കിടയിൽ ഇതുപോലെയുള്ള കൂത്താട്ടങ്ങൾ- ആരാധനയുടെയും, പൂജാകർമങ്ങളുടെയും നാമത്തിൽ തന്നെ- പരിഷ്കാരത്തിന്റെയും ഉൽബുദ്ധതയുടെയും കാലമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇക്കാലത്തും ബഹുദൈവ വിശ്വാസികളിൽ പതിവുള്ളതാണ്. എന്നിരിക്കെ, ആ പഴയകാലത്തെ മുശ്രിക്കുകൾ അങ്ങിനെ ചെയ്തിരുന്നതിൽ ആശ്ചര്യത്തിന് അവകാശമെന്തുള്ളൂ?!

മനുഷ്യന് ചെയ്വാനുള്ള പുണ്യകർമങ്ങളിൽ ശാരീരികമായി ഏറ്റവും പ്രധാനപ്പെട്ടത് നമസ്കാരവും പ്രാർത്ഥനയുമാകുന്നു. ധനപരമായി ഏറ്റവും പ്രധാനപ്പെട്ടത് സൽക്കാര്യത്തിൽ അത് ചിലവഴിക്കലുമാണ്. മുശ്രിക്കുകളെ സംബന്ധിച്ചിടത്തോളം ആദ്യത്തേതിൽ അവരുടെ നിലയാണ്മേൽ കണ്ടത്. രണ്ടാമത്തേതിൽ അവരുടെ നിലയെന്തായിരുന്നുവെന്ന് അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നു:

إِنَّ ٱلَّذِينَ كَفَرُوا۟ يُنفِقُونَ أَمْوَٰلَهُمْ لِيَصُدُّوا۟ عَن سَبِيلِ ٱللَّهِ ۚ فَسَيُنفِقُونَهَا ثُمَّ تَكُونُ عَلَيْهِمْ حَسْرَةً ثُمَّ يُغْلَبُونَ ۗ وَٱلَّذِينَ كَفَرُوٓا۟ إِلَىٰ جَهَنَّمَ يُحْشَرُونَ ﴿٣٦﴾

﴾36﴿ **നിശ്ചയമായും അവിശ്വസിച്ചവർ, അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ആളുകളെ) തടയുവാൻ വേണ്ടി തങ്ങളുടെ സ്വത്തുക്കളെ അവർ ചിലവഴിക്കുന്നു. എന്നാൽ, അവരത് ചിലവഴിച്ചുകൊണ്ടിരിക്കും. പിന്നെ, അതവർക്ക് ഖേദമായിത്തീരുകയും ചെയ്യും. പിന്നെ (അവസാനം) അവർ ജയിച്ചടക്കപ്പെടുകയും ചെയ്യും. [ഇതാണുണ്ടാകുക] അവിശ്വസിച്ചവരാകട്ടെ, 'ജഹന്നമി' [നരകത്തി]ലേക്കു അവർ ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്യുന്നു.**

لِيَمِيزَ ٱللَّهُ ٱلْخَبِيثَ مِنَ ٱلطَّيِّبِ

﴾37﴿ **(നല്ല) ശുദ്ധമായതിൽ നിന്ന് (ദുഷിച്ചു) ചീത്തയായതിനെ**

وَيَجْعَلَ ٱلْخَبِيثَ بَعْضَهُۥ عَلَىٰ بَعْضٍ فَيَرْكُمَهُۥ جَمِيعًا فَيَجْعَلَهُۥ فِى جَهَنَّمَ ۚ أُو۟لَـٰٓئِكَ هُمُ ٱلْخَـٰسِرُونَ ﴿٣٧﴾

അല്ലാഹു വേർതിരിക്കുവാൻ വേണ്ടി: (ദുഷിച്ചു) ചീത്തയായതിൽ ചില തിനെ ചിലതിന്റെ മീതെയാക്കി അതിനെ മുഴുവനും (ഒന്നിച്ച്) അട്ടി യാക്കുവാനും എന്നിട്ട് 'ജഹന്നമി' (നരകത്തി)ൽ ആക്കുവാനും (വേണ്ടി യാണ് അത്) അക്കൂട്ടർ തന്നെയാണ് നഷ്ടക്കാർ.

《36》 إِنَّ നിശ്ചയമായും الَّذِينَ كَفَرُوا അവിശ്വസിച്ചവർ يُنفِقُونَ അവർ ചിലവഴി ക്കുന്നു أَمْوَالَهُمْ അവരുടെ സ്വത്തുക്കളെ, ധനത്തെ لِيَصُدُّوا അവർ തടയുവാൻ വേണ്ടി, തട്ടിക്കളയുവാൻ عَن سَبِيلِ മാർഗത്തിൽ നിന്ന് اللَّهِ അല്ലാഹുവിന്റെ فَسَيُنفِقُونَهَا എന്നാൽ അവർ അതിനെ ചിലവഴിക്കും ثُمَّ تَكُونُ പിന്നെ അതായിരിക്കും, ആയിത്തീരും عَلَيْهِمْ അവരുടെമേൽ حَسْرَةً ഖേദം, സങ്കടം ثُمَّ يُغْلَبُونَ പിന്നെ അവർ ജയിച്ചടക്ക പ്പെടും, പരാജയപ്പെടും وَالَّذِينَ كَفَرُوا അവിശ്വസിച്ചവരാകട്ടെ إِلَىٰ جَهَنَّمَ ജഹന്നമി(നര കത്തി)ലേക്ക് يُحْشَرُونَ അവർ ഒരുമിച്ചു (ശേഖരിച്ചു) കൂട്ടപ്പെടും 《37》 لِيَمِيزَ വേർതി രിക്കുവാൻവേണ്ടി اللَّهُ അല്ലാഹു الْخَبِيثَ ചീത്തയെ, ദുഷിച്ചതിനെ مِنَ الطَّيِّبِ നല്ല തിൽനിന്ന്, പരിശുദ്ധമായതിൽ നിന്ന് وَيَجْعَلَ അവൻ ആക്കുവാനും الْخَبِيثَ ചീത്തയെ بَعْضَهُ അതിൽ ചിലതിനെ عَلَىٰ بَعْضٍ ചിലതിന്റെ മേൽ فَيَرْكُمَهُ എന്നിട്ടതിനെ അട്ടിയാ ക്കുവാൻ, മേൽക്കുമേൽ ഇടുവാൻ جَمِيعًا മുഴുവൻ, എല്ലാവരെയും فَيَجْعَلَهُ എന്നിട്ട തിനെ ആക്കുവാനും فِي جَهَنَّمَ ജഹന്നമിൽ, നരകത്തിൽ أُولَٰئِكَ هُمُ അക്കൂട്ടർ തന്നെ الْخَاسِرُونَ നഷ്ടപ്പെട്ടവർ

മുശ്‌രിക്കുകളുടെ ആരാധനാ നമസ്കാരങ്ങൾ കഴിഞ്ഞ വചനത്തിൽ പ്രസ്താവിച്ച പോലെയായിരുന്നെങ്കിൽ, അവരുടെ ധനം അവർ ചിലവഴിച്ചിരുന്നതിന്റെ സ്ഥിതിയെ ന്തായിരുന്നുവെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അല്ലാഹുവിന്റെ മാർഗത്തിനെതിരായും, അതിൽ നിന്ന് ആളുകളെ തടയുവാനുള്ള സംരംഭങ്ങളിലായുമാണ് അതവർ വിനിയോ ഗിച്ചുവന്നത്. മേലിലും അതേ നില അവർ തുടരുകയും ചെയ്യും. ഇത് അവർക്ക് ഖേദവും നഷ്ടവുമായിത്തന്നെ കലാശിക്കും. സത്യദീനിനെ പരാജയപ്പെടുത്തി ശിർക്കിന്റെ വാഴ്ച നിലനിർത്തലാണല്ലോ അവരുടെ ലക്ഷ്യം. ആ ലക്ഷ്യം ഒരിക്കലും സാധിക്കുവാൻ പോകു ന്നില്ല. അവസാനം, സത്യവിശ്വാസികൾഅവരെ ജയിച്ചടക്കുകയും, അതോടെ അവരും, അവരുടെ മതവും നാമാവശേഷമാകുകയും ചെയ്യും.അവരുടെ ധനവ്യയം കൊണ്ട് ഈ ലോകത്ത് അവർക്ക് കൈവരുവാൻ പോകുന്നതും അതാണ്. പരലോകത്താകട്ടെ, നര കശിക്ഷയും.

നല്ലതും പരിശുദ്ധമായതും ഏതാണെന്നും, ചീത്തയും, ദുഷിച്ചതും ഏതാണെന്നും പ്രത്യക്ഷത്തിൽ വേർതിരിഞ്ഞു കാണാവതല്ലാത്ത ഈ അവസ്ഥക്ക് വിരാമമിട്ടുകൊണ്ട്

രണ്ടും വെവ്വേറെ ഉരുത്തിരിച്ചു കാട്ടുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. രണ്ടും ഒന്നിച്ചും യോജിച്ചും പോകുന്നതല്ല. ഇഹത്തിലും പരത്തിലും അവ വേറിട്ടു നിൽക്കേണ്ടതുണ്ട്. സത്യവിശ്വാസവും അവിശ്വാസവും തമ്മിലും സത്യവിശ്വാസികളും അവിശ്വാസികളും തമ്മിലും സത്യമാർഗത്തിൽ ധനം ചിലവഴിക്കുന്നതിന്റെ ഫലവും ദുർമാർഗത്തിൽ ധനം ചിലവഴിക്കുന്നതിന്റെ ഫലവുമെല്ലാം തന്നെ ഇഹത്തിലും പരത്തിലും വേർതിരിഞ്ഞു കാണേണ്ടതാണ്. അതിനായി അസത്യത്തിന്റെ കക്ഷികളെ തമ്മതമ്മിൽ കൂട്ടിച്ചേർത്തു ഒറ്റക്കെട്ടാക്കി സംഘടിപ്പിച്ചു കൂട്ടത്തോടെ പരാജയപ്പെടുത്തണം. അങ്ങനെ, ഇഹത്തിൽ വെച്ചു രണ്ടു ശക്തികളും വേർതിരിയണം. അതേമാതിരി, കൂട്ടത്തോടെ കൂമ്പാരം കൂട്ടിക്കൊണ്ട് അവരെ നരകത്തിൽ ഇട്ടേക്കുകയും ചെയ്യണം. അങ്ങിനെ, പരലോകത്തും വേർതിരിയണം; ഇങ്ങിനെയൊക്കെയാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. അപ്പോൾ നഷ്ടക്കാരയിത്തീരുന്നത് ദുഷിച്ച കക്ഷി ഏതാണോ അതുതന്നെ.

നല്ലതും ചീത്തയും വേർതിരിയുവാനും, സത്യത്തിന്റെ കക്ഷിയും അസത്യത്തിന്റെ കക്ഷിയും പ്രത്യക്ഷത്തിൽ വകതിരിയുവാനുമാണ് ഇരുവിഭാഗവും തമ്മിൽ നടക്കുന്ന സംഘട്ടനങ്ങൾകൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നതെന്ന തത്വം ക്വുർആന്റെ പല പ്രസ്താവനകളിലും കാണാവുന്നതാണ്. (3:141, 3:166,167; 3:179 മുതലായവ നോക്കുക) മരണാനന്തരം ക്വിയാമത്തുനാളിലും എല്ലാ രംഗത്തും അവർ വേർതിരിഞ്ഞുകൊണ്ടായിരിക്കും നിലകൊള്ളുക എന്നും അല്ലാഹു പലപ്പോഴും പ്രസ്താവിച്ചു കാണാം. (10:28; 30:14; 36:59 മുതലായവ നോക്കുക)

ബദ്ർ യുദ്ധത്തിൽ ക്വുറൈശികൾ നേരിട്ട വമ്പിച്ച പരാജയത്തെതുടർന്ന് അവരിലെ ചില പ്രധാനികൾ അബൂസുഫ്യാനെ സമീപിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ശാമിൽ നിന്നും അമിതലാഭം നേടിക്കൊണ്ട് തിരിച്ചുവന്ന വർത്തകസംഘം സുരക്ഷിതമായി മക്കയിൽ എത്തിച്ചേർന്നിരിക്കുകയാണല്ലോ. അതിൽ സംഖ്യ മുടക്കിയിരുന്നവരുടെ ഓഹരികൾ കൊടുത്തുതീർക്കുവാൻ തുടങ്ങിയിരുന്നതുമില്ല. അതിലെ സമ്പത്ത് വിനിയോഗിച്ചുകൊണ്ട് മുസ്‌ലിംകളുടെ നേരെ തിരിച്ചടി നടത്തി പ്രതികാരം ചെയ്യണമെന്ന് അവർ അദ്ദേഹത്തോടപേക്ഷിച്ചു. അബൂസുഫ്യാൻ സമ്മതിക്കുകയും ചെയ്തു. അങ്ങിനെ ഉഹ്ദ് യുദ്ധമുണ്ടായി. അതിന്റെ നേതൃത്വവും അദ്ദേഹം തന്നെ ഏറ്റെടുത്തു. സ്വയം സന്നദ്ധരല്ലായിരുന്ന പലർക്കും വൻതുകകൾ നൽകിക്കൊണ്ടായിരുന്നു അദ്ദേഹം അതിലേക്ക് സൈന്യശേഖരം ചെയ്തത്. ഇത് കാരണമായി പല കുടുംബങ്ങളിൽ നിന്നും കൂടി രണ്ടായിരത്തോളം കൂലിപ്പട്ടാളത്തെയും സൈന്യത്തിൽ ഉൾപ്പെടുത്തുവാൻ അബൂസുഫ്യാന് കഴിഞ്ഞു. ഇതു സംബന്ധിച്ചാണ് ഈ വചനങ്ങൾ അവതരിച്ചതെന്നു മുജാഹിദ്, സഈദുബ്നു ജുബൈർ, ക്വത്താദഃ, സുദ്ദീ, ഇബ്നുഇസ്ഹാക് (റ) മുതലായവർ പ്രസ്താവിച്ചിരിക്കുന്നു. ബദ്ർയുദ്ധത്തിൽ സംബന്ധിച്ച സൈന്യങ്ങളുടെ ഭക്ഷണച്ചിലവ് വഹിച്ചിരുന്നത് ക്വുറൈശികളിലുള്ള പത്തോ പന്ത്രണ്ടോ പ്രമാണികളായിരുന്നു. അവരുടെ വിഷയത്തിലാണിത് അവതരിച്ചതെന്ന് കൽബീ, ദ്വഹ്ഹാക്ക്, മുക്വാത്തിൽ (റ) എന്നിവരിൽ നിന്നും നിവേദനം ചെയ്യപ്പെടുന്നു. അവതരണഹേതു ഏതായിരുന്നാലും, അതുപോലെ, അല്ലാഹുവിന്റെ മാർഗത്തിനെതിരിൽ വിനിയോഗിക്കുന്ന ധനവ്യയങ്ങളുടെയും, അവയുടെ കർത്താക്കളുടെയും സ്ഥിതിവിവരണമാണ് ഈ വചനങ്ങളിൽ അടങ്ങിയിരിക്കുന്നതെന്നും ബദ്റിലും, ഉഹ്ദിലും മുശ്‌രിക്കുകൾ ധനവ്യയം ചെയ്തത് അതിന്

മകുടോദാഹരണങ്ങളാണെന്നും വ്യക്തമാകുന്നു. അവതരണ സന്ദർഭം ഏതായിരുന്നാലും ആയത്തുകളിലെ വിധി അതുപോലെയുള്ള എല്ലാ സന്ദർഭത്തിനും ബാധകം തന്നെ.

വിഭാഗം - 5

قُل لِّلَّذِينَ كَفَرُوٓاْ إِن يَنتَهُواْ يُغۡفَرۡ لَهُم مَّا قَدۡ سَلَفَ وَإِن يَعُودُواْ فَقَدۡ مَضَتۡ سُنَّتُ ٱلۡأَوَّلِينَ ﴿٣٨﴾

﴾38﴿ അവിശ്വസിച്ചവരോട് നീ പറയുക: 'അവർ വിരമിക്കുന്നപക്ഷം, മുൻകഴിഞ്ഞുപോയിട്ടുള്ളത് അവർക്ക് പൊറുക്കപ്പെടും; അവർ ആവർത്തിക്കുകയാണെങ്കിലോ, പൂർവ്വികൻമാരുടെ (മേലുണ്ടായ) നടപടിച്ചട്ടം കഴിഞ്ഞുപോയിട്ടുമുണ്ട്. [അതിന്ന് ഇവരും വിധേയരാകും.]'

﴾38﴿ قُلْ നീ പറയുക لِلَّذِينَ كَفَرُوا അവിശ്വസിച്ചവരോട് إِنْ يَنْتَهُوا അവർ വിരമിക്കുന്നപക്ഷം يُغْفَرْ പൊറുക്കപ്പെടും لَهُمْ അവർക്ക് مَا قَدْ سَلَفَ മുൻകഴിഞ്ഞുപോയിട്ടുള്ളത് وَإِنْ يَعُودُوا അവർ മടങ്ങി (ആവർത്തിച്ചു) എങ്കിലോ فَقَدْ مَضَتْ എന്നാൽ കഴിഞ്ഞുപോയിട്ടുണ്ട് سُنَّةُ നടപടി, ചട്ടം, പതിവ്, മാർഗം الأَوَّلِينَ മുൻഗാമികളുടെ, പൂർവ്വികൻമാരുടെ

സത്യനിഷേധവും, ദുർവാശിയും ഉപേക്ഷിച്ചു സത്യവിശ്വാസം സ്വീകരിക്കുവാൻ അവർ തയ്യാറാകുന്നപക്ഷം, മുമ്പ് അവർ ചെയ്തുകൂട്ടിയ അക്രമങ്ങളുടെയും പാപങ്ങളുടെയും പേരിൽ അവരോട് നടപടി എടുക്കപ്പെടുകയില്ല. എല്ലാം അവർക്ക് പൊറുത്തു കൊടുക്കപ്പെടും. അതല്ല, വീണ്ടും ഇതേ നില തുടരുവാനാണ് ഉദ്ദേശ്യമെങ്കിൽ, ഇവരെപ്പോലെ മുൻകഴിഞ്ഞ ധിക്കാരികളുടെമേൽ എടുത്ത നടപടി ഇവരുടെമേലും എടുക്കുക തന്നെ ചെയ്യും, എന്ന് സാരം. അതായത് സത്യവിശ്വാസികൾക്ക് ഇഹത്തിലും പരത്തിലും രക്ഷയും വിജയവും നൽകപ്പെടും. അവിശ്വാസികൾക്ക് ഇഹത്തിലും പരത്തിലും ശിക്ഷയും പരാജയവും നൽകപ്പെടുകയും ചെയ്യും.

നബിﷺ പറഞ്ഞതായി ഇബ്നുമസ്ഊദ് (റ) ഉദ്ധരിക്കുന്നു: 'ഇസ്ലാം അതിന്റെ മുമ്പുള്ളതിനെ (പാപങ്ങളെ) മുറിച്ചു നീക്കുന്നതാണ്. തൗബഃ (പശ്ചാത്താപം) അതിന്റെ മുമ്പുള്ളതിനെയും മുറിച്ചുനീക്കും.' (ബു) അംറുബ്നുൽ ആസ്വ് (റ) പറയുന്നു: എന്റെ ഹൃദയത്തിൽ അല്ലാഹു ഇസ്ലാമിനെ (കുറിച്ചുള്ള വിശ്വാസം) ഏർപ്പെടുത്തിയപ്പോൾ ഞാൻ നബിﷺയുടെ അടുക്കൽ ചെന്നു. 'അവിടുന്ന് കൈനീട്ടുക, ഞാൻ അങ്ങേക്ക് ബൈഅത്ത് (പ്രതിജ്ഞ) നൽകാം.' എന്നു ഞാൻ പറഞ്ഞ്. തിരുമേനി കൈനീട്ടി. അപ്പോൾ ഞാൻ എന്റെ കൈവലിച്ചു. 'തനിക്കെന്തുപറ്റി?' എന്ന് തിരുമേനി ചോദിച്ചു. 'ഞാൻ (ഒരു) നിബന്ധന വെക്കുവാൻ ഉദ്ദേശിക്കുന്നു' എന്നു ഞാൻ പറഞ്ഞു. അപ്പോൾ തിരുമേനി : 'എന്താണ് നിബന്ധന? 'ഞാൻ പറഞ്ഞു: 'അവിടുന്ന് എനിക്കുവേണ്ടി പാപമോചനം തേടണമെന്ന്.' അപ്പോൾ തിരുമേനി ഇപ്രകാരം പറഞ്ഞു: 'തനിക്കറിയുകയില്ലേ, ഇസ്ലാം അതിന്റെ മുമ്പുള്ളതിനെ പൊളിച്ചുനീക്കുമെന്നും, ഹിജ്റഃ അതിന്റെ മുമ്പുണ്ടായതിനെ പൊളിച്ചുനീക്കുമെന്നും, ഹജ്ജ് അതിന്റെ മുമ്പുണ്ടായതിനെ പൊളിച്ചുനീക്കുമെന്നും.' (അ; മു)

وَقَـٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ كُلُّهُۥ لِلَّهِ ۚ

《39》 (സത്യവിശ്വാസികളേ) 'ഫിത്നഃ' [കുഴപ്പം] ഉണ്ടാകാതിരിക്കുകയും, 'ദീൻ' [മതം] മുഴുവനും അല്ലാഹുവിന് ആയിത്തീരുകയും ചെയ്യുന്നതുവരെ നിങ്ങൾ അവരോട് യുദ്ധം ചെയ്യുവിൻ.

فَإِنِ ٱنتَهَوْا۟ فَإِنَّ ٱللَّهَ بِمَا يَعْمَلُونَ بَصِيرٌ ۝٣٩

എനി, അവർ വിരമിച്ചുവെങ്കിൽ, അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി നിശ്ചയമായും അല്ലാഹു കണ്ടറിയുന്നവനാണ്. [പിന്നീട് വേണ്ടത് അവൻ ചെയ്തുകൊള്ളും].

《39》 وَقَاتِلُوهُمْ അവരോട് നിങ്ങൾ യുദ്ധം ചെയ്തുകൊള്ളുവിൻ حَتَّىٰ لَا تَكُونَ ഉണ്ടാകാതിരിക്കുന്നതുവരെ, ഇല്ലാതാകുവോളം فِتْنَةٌ കുഴപ്പം, ഒരു കുഴപ്പവും وَيَكُونَ ആകുന്നതും (വരെ) الدِّينُ മതം كُلُّهُ അത് എല്ലാം (മുഴുവനും) لِلَّهِ അല്ലാഹുവിന് فَإِنِ انتَهَوْا അവർ വിരമിച്ചെങ്കിൽ, വിട്ടുമാറിയാൽ فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു بِمَا يَعْمَلُونَ അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി بَصِيرٌ കാണുന്നവനാണ്.

ഇതേ അർത്ഥത്തിലുള്ള ഒരു വചനം സൂറത്തുൽ ബക്വറഃ 193-ൽ മുമ്പു കഴിഞ്ഞു പോയിട്ടുണ്ട്. 'ഫിത്നഃ (കുഴപ്പം) എന്ന വാക്കിന്റെ അർത്ഥങ്ങളെക്കുറിച്ചും കുഴപ്പം ഇല്ലാതാകുന്നതുവരെ യുദ്ധം ചെയ്യുക എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യത്തെപ്പറ്റിയും ആവചനത്തിന്റെ വ്യാഖ്യാനത്തിലും അതിലെ 191-ാം വചനത്തിന്റെ വ്യാഖ്യാനത്തിലുമായി വേണ്ടത്ര വിവരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ കൂടുതൽ വിവരിക്കുന്നില്ല. ശത്രുക്കളുടെ ഭാഗത്ത് നിന്ന് ഇസ്‌ലാമിനെതിരെ അക്രമമർദ്ദനങ്ങൾ ഉണ്ടാകാതിരിക്കുകയും അല്ലാഹുവിന്റെ മതത്തിന് ഭൂമിയിൽ സ്വതന്ത്രമായ നിലയിൽ സ്വൈരവിഹാരം കൊള്ളുവാൻ അവസരം ലഭിക്കുകയും ചെയ്യുന്നത് വരെ യുദ്ധത്തിന്റെ ആവശ്യം നിലവിലുണ്ട്. സന്ദർഭം നേരിടുമ്പോൾ അത് നിർവഹിക്കുക തന്നെ വേണം എന്നത്രെ അല്ലാഹു പറഞ്ഞതിന്റെ രത്നച്ചുരുക്കം. എന്നല്ലാതെ, ലോകത്ത് യാതൊരു തരത്തിലുള്ള കുഴപ്പമോ, അവിശ്വാസമോ ഇല്ലാതായിത്തീരുവോളം യുദ്ധം ചെയ്തുകൊണ്ടേ ഇരിക്കണമെന്നല്ല ഉദ്ദേശ്യം. അൽബക്വറഃയിലെ ആയത്തിന്റെ അവസാനം فَإِنِ انتَهَوْا فَلَا عُدْوَانَ إِلَّا عَلَى الظَّالِمِينَ (അവർ വിരമിച്ചാൽ അക്രമികൾക്കെതിരെയല്ലാതെ അതിക്രമം പാടില്ല) എന്നും, ഈ വചനത്തിന്റെ അവസാനം فَإِنِ انتَهَوْا فَإِنَّ اللَّهَ بِمَا يَعْمَلُونَ بَصِيرٌ (അവർ വിരമിച്ചാൽ, അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു കാണുന്നവനാണ്) എന്നും പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാകുന്നു. രണ്ടും തത്വത്തിൽ ഒന്നുതന്നെ. അതായത് അവർ വിരമിക്കുകയും പിന്നീട് അക്രമത്തിന് മുതിരാതിരിക്കുകയും ചെയ്യുന്നപക്ഷം, അവരോട് യുദ്ധമോ പ്രതികാരമോ പാടില്ല. പിന്നീട് അവരുടെ പ്രവർത്തനങ്ങൾ അല്ലാഹു വീക്ഷിക്കുകയും, വേണ്ടുന്ന നടപടികൾ എടുത്തുകൊള്ളുകയും ചെയ്യുമെന്ന് സാരം.

وَإِن تَوَلَّوْا۟ فَٱعْلَمُوٓا۟ أَنَّ ٱللَّهَ مَوْلَىٰكُمْ ۚ
نِعْمَ ٱلْمَوْلَىٰ وَنِعْمَ ٱلنَّصِيرُ ﴿٤٠﴾

《40》 അവർ തിരിഞ്ഞുകളഞ്ഞുവെങ്കിലോ, നിങ്ങൾ അറിഞ്ഞുകൊള്ളുക: തീർച്ചയായും അല്ലാഹു നിങ്ങളുടെ യജമാനനാണെന്ന്.

വളരെ നല്ല യജമാനൻ! വളരെ നല്ല സഹായിയും!

《40》 وَإِنْ تَوَلَّوْا അവർ തിരിഞ്ഞുകളഞ്ഞു (ഒഴിഞ്ഞുമാറി) എങ്കിലോ فَاعْلَمُوا എന്നാൽ നിങ്ങൾ അറിയുവിൻ أَنَّ اللَّهَ തീർച്ചയായും അല്ലാഹു (ആണ്)എന്ന് مَوْلَاكُمْ നിങ്ങളുടെ യജമാനൻ (ആണ് എന്ന്) نِعْمَ വളരെ (എത്രയോ)നല്ല (വൻ) الْمَوْلَى യജമാനൻ وَنِعْمَ എത്രയോ (വളരെ) നല്ല (വനും) النَّصِيرُ സഹായകൻ.

വിരമിക്കുവാൻ തയ്യാറാകാതെ, അവർ മൽസരത്തിലും കുഴപ്പങ്ങളിലും തന്നെ നിരതരാകുകയാണെങ്കിൽ, നിങ്ങളെ സഹായിക്കുവാനും നിങ്ങളെ രക്ഷിക്കുവാനും നിങ്ങൾക്ക് നിങ്ങളുടെ യജമാനനായ അല്ലാഹു ഉണ്ട്. അതിലപ്പുറം നല്ല ഒരു യജമാനനും സഹായിയും വേറെയില്ലല്ലോ എന്നു സാരം. ഇസ്‌ലാമിന്റെ ശത്രുക്കളുടെ മുമ്പിൽ പിൽക്കാലങ്ങളിൽ മുസ്‌ലിംകൾ മുട്ടുകുത്തേണ്ടി വന്നിട്ടുണ്ടെങ്കിൽ അവരുടെ യജമാനനായ അല്ലാഹുവിനോടുള്ള കടമകൾ പാലിക്കുന്നതിൽ അവർ വരുത്തിയ വീഴ്ചകൊണ്ടു മാത്രമായിരിക്കും അത് എന്ന് പറയേണ്ടതില്ല.

ജുസ്ഉ് - 10

۞ وَٱعْلَمُوٓا۟ أَنَّمَا غَنِمْتُم مِّن شَىْءٍ
فَأَنَّ لِلَّهِ خُمُسَهُۥ وَلِلرَّسُولِ وَلِذِى
ٱلْقُرْبَىٰ وَٱلْيَتَـٰمَىٰ وَٱلْمَسَـٰكِينِ
وَٱبْنِ ٱلسَّبِيلِ إِن كُنتُمْ ءَامَنتُم
بِٱللَّهِ وَمَآ أَنزَلْنَا عَلَىٰ عَبْدِنَا يَوْمَ
ٱلْفُرْقَانِ يَوْمَ ٱلْتَقَى ٱلْجَمْعَانِ ۗ

《41》 നിങ്ങൾ അറിയുകയും ചെയ്യുവിൻ: നിങ്ങൾ വല്ല വസ്തുവും 'ഗനീമത്തായി' [യുദ്ധമുതലായി] എടുക്കുന്നത് അതിന്റെ അഞ്ചിലൊന്ന് അല്ലാഹുവിനും, റസൂലിനും (റസൂലിന്റെ) അടുത്ത കുടുംബക്കാർക്കും അനാഥകൾക്കും സാധുക്കൾ (അഥവാ പാവങ്ങൾ)ക്കും, വഴിപോക്കർക്കുമുള്ളതാണെന്ന്; നിങ്ങൾ അല്ലാഹുവിലും, വിവേചനത്തിന്റെ ദിവസം- (ആ) രണ്ടു കൂട്ടങ്ങൾ പരസ്പരം കണ്ടു (ഏറ്റു)മുട്ടിയ ദിവസം - നമ്മുടെ അടിയാന്റെ മേൽ നാം അവതരിപ്പിച്ചതിലും വിശ്വസിച്ചിരിക്കുന്നുവെങ്കിൽ...

അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. وَٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٤١﴾

﴾41﴿ وَاعْلَمُوا നിങ്ങൾ അറിയുകയും ചെയ്യുവിൻ أَنَّمَا യാതൊന്ന് (ആണ്) എന്ന് غَنِمْتُمْ നിങ്ങൾ ഗനീമത്ത് എടുത്ത, യുദ്ധ മുതലായെടുത്ത مِنْ شَيْءٍ വല്ല വസ്തുവെയും فَأَنَّ لِلَّهِ എന്നാൽ അല്ലാഹുവിനാണെന്ന്, അല്ലാഹുവിനുള്ളതെന്ന് خُمُسَهُ അതിന്റെ അഞ്ചിലൊന്ന് وَلِلرَّسُولِ റസൂലിനും وَلِذِي الْقُرْبَىٰ അടുത്ത കുടുംബങ്ങൾക്കും وَالْيَتَامَىٰ അനാഥകൾക്കും وَالْمَسَاكِينِ സാധുക്കൾക്കും, പാവങ്ങൾക്കും وَابْنِ السَّبِيلِ വഴിപോക്കർക്കും إِنْ كُنْتُمْ നിങ്ങൾ ആകുന്നുവെങ്കിൽ آمَنْتُمْ നിങ്ങൾ വിശ്വസിച്ചിരിക്കുന്നു بِاللَّهِ അല്ലാഹുവിൽ وَمَا أَنْزَلْنَا നാം ഇറക്കിയതിലും عَلَىٰ عَبْدِنَا നമ്മുടെ അടിയാന്റെ (അടിമയുടെ) മേൽ يَوْمَ ദിവസം الْفُرْقَانِ വിവേചനത്തിന്റെ يَوْمَ الْتَقَى അതായത് കണ്ടുമുട്ടിയ ദിവസം الْجَمْعَانِ രണ്ടു സംഘങ്ങൾ, കൂട്ടങ്ങൾ وَاللَّهُ അല്ലാഹു عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാകുന്നു.

യുദ്ധവേളയിൽ ശത്രുക്കളിൽ നിന്ന് പിടിച്ചെടുക്കുന്ന സ്വത്തുക്കൾക്കാണ് 'ഗനീമത്ത്' غَنِيمَة എന്ന് പറയുന്നതെന്നും അതിന് 'നഫൽ' (نَفَل) എന്നും പറയപ്പെടുമെന്നും സൂറത്തിന്റെ ആരംഭത്തിൽ വെച്ചു പ്രസ്താവിച്ചുവല്ലോ. 1-ാമത്തെ വചനത്തിൽ, ഗനീമത്തിന്റെ ഉടമസ്ഥതയും അവകാശവും അല്ലാഹുവിനും റസൂലിനുമാണെന്നും പറഞ്ഞു. അതിന്റെ വിശദീകരണവും, ഗനീമത്ത് ഭാഗിക്കേണ്ടുന്ന വിധവുമാണ് ഈ വചനത്തിലുള്ളത്. ആകെയുള്ള സ്വത്ത് അഞ്ചായി ഭാഗിച്ചു അതിലൊരു പങ്ക് വീണ്ടും അഞ്ചായി ഭാഗിക്കുക. ഈ അഞ്ചിൽ ഒരു ഭാഗം അല്ലാഹുവിനും റസൂലിനുമുള്ളതാണ്. അതായത്, പൊതു ആവശ്യങ്ങളിൽ ചിലവഴിക്കുവാനും, നബിﷺ യുടെ അത്യാവശ്യങ്ങൾക്ക് വിനിയോഗിക്കുവാനും വേണ്ടി നബിﷺക്ക് പ്രത്യേകം നീക്കിവെക്കേണ്ടതാകുന്നു. നബിﷺയുടെ ശേഷം അവിടുന്ന് ജീവിച്ചിരുന്നപ്പോൾ വിനിയോഗിച്ചിരുന്നപോലെയുള്ള പൊതുവിഷയങ്ങളിൽ അത് വിനിയോഗിക്കപ്പെടേണ്ടതാകുന്നു. ബാക്കിയുള്ള നാലു പങ്കുകളിൽ ഒന്ന് നബിﷺയുടെ അടുത്ത കുടുംബങ്ങൾക്കുള്ളതാണ്. ബനൂഹാശിം ശാഖയിലും, ബനൂമുത്ത്വലിബ് ശാഖയിലുംപെട്ട കുടുംബങ്ങൾക്കായിരുന്നു തിരുമേനി അത് കൊടുത്തുവന്നിരുന്നത്. കുടുംബബന്ധം നോക്കുമ്പോൾ അബ്ദുശംസ് ശാഖയും, നൗഫൽ ശാഖയും അവരെപ്പോലെയാണെങ്കിലും ഇസ്‌ലാമിലും ജാഹിലിയ്യത്തിലുമെല്ലാം ഒരേ കുടുംബമായി കഴിഞ്ഞുപോന്നത് ആ ശാഖകൾ രണ്ടുമായിരുന്നുവെന്ന് നബിﷺ അതിന് കാരണവും വ്യക്തമാക്കിയിരിക്കുന്നു. (ബു). ഒരു പങ്ക് അനാഥകൾക്കും ഒന്ന് സാധുക്കളും പാവങ്ങളുമായ ആളുകൾക്കും, ഒന്ന് സ്വദേശം വിട്ടു പോന്നു വഴിയാധാരമായിക്കഴിയുന്നവർക്കുമാണ്. അനാഥകൾ (الْيَتَامَىٰ) എന്ന് പറയുന്നത് ആർക്കാണെന്ന് മുമ്പ് ഒന്നിലധികം പ്രാവശ്യം വിവരിക്കപ്പെട്ടിട്ടുള്ളതാണ്. സാധുക്കളും വഴിപോക്കരും (الْمَسَاكِينِ وَابْنِ السَّبِيلِ) കൊണ്ടുള്ള വിവക്ഷ ആരാണെന്ന് അടുത്ത സൂറത്തിലെ 60-ാം വചനത്തിന്റെ വിവരണത്തിൽ വരുന്നുമുണ്ട് إن شاء الله.

ഈ അഞ്ചു പങ്കുകളും കഴിച്ച് ബാക്കിയുള്ളത്– അഥവാ ആകെ സ്വത്തിന്റെ അഞ്ചിൽ നാലംശം– യുദ്ധത്തിൽ പങ്ക് വഹിച്ചവർക്ക് നൽകപ്പെടുന്നതാകുന്നു. എന്നാൽ, ചില പ്രത്യേക പരിതഃസ്ഥിതികളിൽ, ഈ നാലംശത്തിന്റെ ഏതാനും ഭാഗമോ, മുഴുവൻ ഭാഗവും തന്നെയോ യുദ്ധത്തിൽ നേരിട്ട് പങ്കൊന്നും വഹിച്ചിട്ടില്ലാത്തവർക്കും, പൊതു ആവശ്യങ്ങൾക്കും നബി തിരുമേനിﷺ വിനിയോഗിക്കുകയുണ്ടായിട്ടുണ്ട്. അതിനാൽ, ഇമാമിന്റെ (ഭരണാധികാരിയുടെ) യുക്തമനുസരിച്ചു ആവശ്യാനുസരണം അതിൽ ഭേദഗതി സ്വീകരിക്കാമെന്നാണ് പൊതുവെയുള്ള പണ്ഡിതാഭിപ്രായം. ഗനീമത്തിന്റെ വിതരണത്തെ സംബന്ധിച്ച് ഈ വചനത്തിൽ പ്രസ്താവിച്ചതിന്റെ ഒരു സാമാന്യ വിവരണമാണിത്. വിശദീകരണത്തിന്റെ സ്ഥാനം ഫിക്വ്ഹ് ഗ്രന്ഥങ്ങളാകകൊണ്ടും, വിശദമായ വിവരണത്തിന് മുതിരുന്നപക്ഷം അത് അൽപം ദീർഘിച്ചു പോകുന്നതുകൊണ്ടും ഇവിടെ കൂടുതൽ സംസാരിക്കുന്നില്ല.

മേൽ കണ്ട പ്രകാരം ഭാഗിക്കൽ വളരെ കർശനമായ ഒരു നിർബന്ധ നിയമമാണെന്നും, അങ്ങിനെ ഭാഗിക്കാതെ അതിൽനിന്ന് വല്ലതും എടുത്ത് ഉപയോഗിക്കുന്നത് കർശനമായും തടയപ്പെട്ടിട്ടുണ്ടെന്നാണ് إِن كُنتُمْ آمَنتُم بِاللَّهِ (അല്ലാഹുവിലും നമ്മുടെ അടിയാന് നാം ഇറക്കിയതിലും നിങ്ങൾ വിശ്വസിച്ചിരിക്കുന്നുവെങ്കിൽ) എന്ന വാക്യം കാണിക്കുന്നത്. സ്വഹീഹുൽ ബുഖാരിയിൽ 'അഞ്ചിലൊന്നു കൊടുത്തുതീർക്കൽ സത്യവിശ്വാസത്തിൽപെട്ടതാണ്.' (اداء الخمس من الايمان) എന്ന തലക്കെട്ടിൽ ഒരു അധ്യായം തന്നെയുണ്ട്. അതിൽ അബ്ദുൽ ക്വൈസ് ഗോത്രത്തിലെ നിവേദക സംഘത്തിന് നബി ﷺ നൽകിയ ഉപദേശ നിർദേശങ്ങളടങ്ങിയ പ്രസിദ്ധ ഹദീഥാണ് ബുഖാരി (റ) ഉദ്ധരിച്ചിരിക്കുന്നത്. അതിന്റെ ചുരുക്കം ഇപ്രകാരമാകുന്നു: നാലു കാര്യം നബിﷺ അവരോട് കൽപിക്കുകയും, നാലു കാര്യം വിരോധിക്കുകയും ചെയ്തു. പിന്നീട്, സത്യവിശ്വാസം എന്താണെന്ന് നിങ്ങൾക്കറിയാമോ എന്ന് ചോദിച്ചുകൊണ്ട് അത് വിവരിച്ചുകൊടുത്തു. ആ കൂട്ടത്തിൽ രണ്ടു ശഹാദത്ത് കലിമകൾ,നമസ്കാരം, സക്കാത്ത് എന്നിവയെപ്പറ്റി പറഞ്ഞശേഷം, ഗനീമത്തിന്റെ അഞ്ചിലൊന്ന് കൊടുത്തുതീർക്കലും എന്ന് തിരുമേനി എണ്ണുകയുണ്ടായി. ഈ ഹദീഥ് ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. വിവേചനത്തിന്റെ ദിവസം (يَوْمَ الْفُرْقَانِ) എന്നും, രണ്ടു കൂട്ടങ്ങൾ കണ്ടുമുട്ടിയ ദിവസം (يَوْمَ الْتَقَى الْجَمْعَانِ) എന്നും പറഞ്ഞത് ബദ്ർ യുദ്ധ ദിവസത്തെ ഉദ്ദേശിച്ചാകുന്നു. ഈമാന്റെ ചേരിയും, കുഫ്റിന്റെ ചേരിയും ഏറ്റുമുട്ടിയതും, രണ്ടും തമ്മിൽ സ്പഷ്ടമായ വിവേചനം രംഗത്തുവന്നതും അന്നാണല്ലോ. അന്നത്തെ ദിവസം നമ്മുടെ അടിയാന്റെ മേൽ നാം ഇറക്കിയത് (مَا أَنزَلْنَا عَلَىٰ عَبْدِنَا) എന്ന് പറഞ്ഞതിൽ ഗനീമത്ത് സംബന്ധിച്ചും മറ്റും ബദ്ർ യുദ്ധകാലത്ത് അവതരിച്ച ക്വുർആൻ വചനങ്ങളും മറ്റു ദിവ്യസന്ദേശങ്ങളും ഉൾപ്പെടുന്നു. وَاللهُ اَعْلَم

إِذْ أَنتُم بِالْعُدْوَةِ الدُّنْيَا وَهُم بِالْعُدْوَةِ الْقُصْوَىٰ وَالرَّكْبُ

﴾42﴿ അതായത് നിങ്ങൾ താഴ്‌വരയുടെ അടുത്തതായ പാർശ്വത്തിലും, അവർ അകന്നതായ പാർശ്വത്തിലും ആയിരുന്ന സന്ദർഭം; വാഹന സംഘ

أَسۡفَلَ مِنكُمۡۚ

മാകട്ടെ, നിങ്ങളിൽ നിന്ന് കൂടുതൽ താഴെയും.

وَلَوۡ تَوَاعَدتُّمۡ لَٱخۡتَلَفۡتُمۡ فِي ٱلۡمِيعَٰدِ وَلَٰكِن لِّيَقۡضِيَ ٱللَّهُ أَمۡرٗا كَانَ مَفۡعُولٗا

നിങ്ങൾ അന്യോന്യം നിശ്ചയും ചെയ്തിരുന്നുവെങ്കിൽ (ആ) നിശ്ചയത്തിൽ നിങ്ങൾ ഭിന്നിച്ചു പോകുക തന്നെ ചെയ്യുമായിരുന്നു. എങ്കിലും പ്രാവർത്തികമാക്കേണ്ടിയിരുന്ന ഒരു കാര്യം അല്ലാഹു നിർവഹിക്കുവാൻ വേണ്ടിയാണ് (അങ്ങിനെ ചെയ്തത്).

لِّيَهۡلِكَ مَنۡ هَلَكَ عَنۢ بَيِّنَةٖ وَيَحۡيَىٰ مَنۡ حَيَّ عَنۢ بَيِّنَةٖۗ وَإِنَّ ٱللَّهَ لَسَمِيعٌ عَلِيمٌ ﴿٤٢﴾

(അതെ) നശിച്ചവർ വ്യക്തമായ തെളിവോടെ നശിക്കുവാനും, ജീവിച്ചവർ വ്യക്തമായ തെളിവോടെ ജീവിക്കുവാനും വേണ്ടി, നിശ്ചയമായും, അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും തന്നെ.

﴾42﴿ إِذۡ أَنتُم നിങ്ങൾ ആയിരുന്ന സന്ദർഭം بِالْعُدْوَةِ താഴ്‌വരയുടെ ഭാഗത്ത് (പാർശ്വത്തിൽ- ഓരത്തിൽ) الدُّنْيَا അധികം അടുത്തതായ, അണഞ്ഞതായ وَهُمْ അവരോ, അവരാകട്ടെ بِالْعُدْوَةِ താഴ്‌വരയുടെ പാർശ്വത്തിലും (ഭാഗത്തിലും) الْقُصْوَى അകന്നതായ, ദൂരെയുള്ള وَالرَّكْبُ വാഹനസംഘമാകട്ടെ أَسْفَلَ مِنكُمْ (നിങ്ങളിൽ നിന്ന് അധികം (വളരെ കൂടുതൽ) താഴെയും وَلَوْ تَوَاعَدتُّمْ നിങ്ങൾ അന്യോന്യം വാഗ്ദത്തം നടത്തി (പറഞ്ഞുറച്ചു. നിശ്ചയിച്ചുവെച്ചു-നിശ്ചയം ചെയ്തു) ഇരുന്നെങ്കിൽ لَاخْتَلَفْتُمْ നിങ്ങൾ ഭിന്നിക്കുക (വ്യത്യാസം ചെയ്യുക) തന്നെ ചെയ്യുമായിരുന്നു فِي الْمِيعَادِ നിശ്ചിത സമയത്തിൽ, നിശ്ചിത സ്ഥലത്തിൽ, നിശ്ചയത്തിൽ, കരാറിൽ وَلَٰكِن എങ്കിലും, പക്ഷേ لِيَقْضِيَ തീരുമാനിക്കുവാൻ, നിർവ്വഹിക്കുവാൻ اللَّهُ അല്ലാഹു أَمْرًا ഒരു കാര്യം كَانَ അതായിരിക്കുന്നു مَفْعُولًا പ്രാവർത്തികമാക്കേണ്ടത് لِيَهْلِكَ നശിക്കുവാൻ വേണ്ടി مَنْ هَلَكَ നശിച്ച (നശിക്കുന്ന)വർ عَن بَيِّنَةٍ (വ്യക്തമായ)തെളിവോടുകൂടി وَيَحْيَا ജീവിക്കുവാനും مَنْ حَيَّ ജീവിച്ച (ജീവിക്കുന്ന)വർ عَن بَيِّنَةٍ തെളിവോടെ وَإِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَسَمِيعٌ കേൾക്കുന്നവൻ തന്നെ عَلِيمٌ അറിയുന്നവൻ (നും).

മുസ്‌ലിംകളും മുശ്‌രിക്കുകളും ബദ്‌റിൽ വന്നിറങ്ങിയ സ്ഥാനങ്ങളാണ് അല്ലാഹു ചൂണ്ടിക്കാട്ടുന്നത്. ബദ്‌റിലെ വിശാലമായ താഴ്‌വരയുടെ അടുത്ത ഒരു ഭാഗത്ത് (പാർശ്വത്തിൽ) മുസ്‌ലിംകളും, അകലെയുള്ള മറ്റേ ഭാഗത്തിൽ മുശ്‌രിക്കുകളുമായിരുന്നു ഇറങ്ങിയത്. മദീനയിൽ നിന്നുവരുന്നവരെ അപേക്ഷിച്ചാണ് അടുത്തതെന്നും അകന്നതെന്നും അതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. മക്കയിൽ നിന്നുവരുന്നവരെ അപേക്ഷിക്കുമ്പോൾ ഇതു മറിച്ചുമായിരിക്കും. നബിﷺയും സ്വഹാബികളും തങ്ങളുടെ നേരെ പുറപ്പെടുന്നു

ണ്ടെന്ന് അബൂസുഫ്‌യാൻ മണത്തറിഞ്ഞപ്പോൾ, നേരെയുള്ള തങ്ങളുടെ യാത്രാമാർഗം മാറ്റി മുമ്പ് പറഞ്ഞതുപോലെ, ചെങ്കടൽ തീരദേശങ്ങളിലൂടെ നീങ്ങി രക്ഷപ്പെടുകയാണുണ്ടായത്. അവരെക്കുറിച്ചാണ് വാഹന സംഘം നിങ്ങളിൽനിന്ന് അധികം താഴെയുമുണ്ടായിരുന്നു. وَالرَّكْبُ أَسْفَلَ مِنكُمْ എന്ന് പറഞ്ഞത്. കടലോരം എപ്പോഴും താണ പ്രദേശമായിരിക്കുമല്ലോ. ഈ മൂന്നു സ്ഥാനങ്ങളും ഇവിടെ എടുത്തുപറഞ്ഞതിലടങ്ങിയ സൂചനകൾ ഇവയാണ്:

മുസ്‌ലിംകൾ ഇറങ്ങിയ സ്ഥലത്ത് വെള്ള സൗകര്യം ഇല്ല. നിലത്തെ മണ്ണാങ്കട്ട, അതിൽ കാലടികൾ ഉറക്കാത്തവിധം പൂന്തിപ്പോകുന്ന മണൽപൂഴിയും. ശത്രുക്കളുടെ നിലയാണെങ്കിൽ നേരെ മറിച്ച് അവർ ഇറങ്ങിയ സ്ഥലത്ത് നീരുറവുകളുണ്ട്. മണ്ണ് ഉറപ്പുള്ളതുമായിരുന്നു. (പിന്നീട് 11-ാം വചനത്തിൽ കണ്ടതുപോലെ മഴ വർഷിച്ചപ്പോൾ സ്ഥിതിഗതികൾ നേരെ മറിച്ചായെങ്കിലും) കൂടാതെ റാസീ (റ) ചൂണ്ടിക്കാട്ടിയതുപോലെ അബൂസുഫ്‌യാന്റെ വർത്തകസംഘത്തിൽ നിന്നും സഹായങ്ങൾ തങ്ങൾക്ക് വന്നു കിട്ടിയേക്കുമെന്നുള്ള പ്രതീക്ഷയും അവർക്കുണ്ടായിരുന്നു. ആ പ്രതീക്ഷയും യഥാർത്ഥത്തിൽ ശത്രുക്കൾക്ക് മനോധൈര്യം നൽകുന്നതാണല്ലോ. എല്ലാറ്റിനും പുറമെ ഇരുകൂട്ടരുടെയും ആൾ ശക്തിയും ആയുധശക്തിയും തമ്മിൽ അജഗജാന്തരവും. ഈ പരിതഃസ്ഥിതിയിൽ മുസ്‌ലിംകൾക്ക് വമ്പിച്ച വിജയമായി യുദ്ധം കലാശിപ്പിച്ചത് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം കൊണ്ടാണെന്നു പറയേണ്ടതില്ലല്ലോ.

നിങ്ങളും അവരും തമ്മിൽ പോർവിളി നടത്തി അന്യോന്യം മുൻകൂട്ടി നിശ്ചയിച്ചുവെച്ച ഒരു യുദ്ധമായിരുന്നു ഇതെങ്കിൽ-മേൽകണ്ട പരിതഃസ്ഥിതികൾ നോക്കുമ്പോൾ -സ്വാഭാവികമായും നിങ്ങൾ ആ നിശ്ചയത്തിൽ നിന്ന് പിൻമാറി യുദ്ധം ഒഴിവാക്കുക തന്നെ ചെയ്യുമായിരുന്നു. പക്ഷേ, അല്ലാഹു പ്രയോഗത്തിൽ വരുത്തുവാൻ ഉദ്ദേശിച്ച ഒരു കാര്യം- ഇസ്‌ലാമിന് വിജയവും കുഫ്‌റിന് പരാജയവും വരുത്തുകയെന്ന കാര്യം-നടപ്പിൽ വരുത്തുവാൻ വേണ്ടിയാണ് അവിചാരിതമായ നിലയിൽ അവരുമായി ഏറ്റുമുട്ടുവാൻ അല്ലാഹു കളമൊരുക്കിയത്. അതെ, അവിശ്വാസത്തിന്റെ നാശത്തിൽ പതിക്കുന്ന അവിശ്വാസികൾക്ക് രക്ഷയില്ലെന്നും സത്യവിശ്വാസത്തിന്റെ ചൈതന്യത്തിൽ ജീവിക്കുന്ന സത്യവിശ്വാസികൾക്ക് അല്ലാഹുവിന്റെ സഹായമുണ്ടെന്നുമുള്ളതിന് ഇതിൽ വ്യക്തമായ തെളിവുണ്ടല്ലോ. എന്നൊക്കെയാണ് പിന്നീട് പറഞ്ഞതിലെ ആശയത്തിന്റെ രത്നച്ചുരുക്കം.

الرَّكْبُ (വാഹനസംഘം) കൊണ്ടുദ്ദേശ്യം അബൂസുഫ്‌യാന്റെ വർത്തകസംഘമത്രെ. أَسْفَلَ مِنكُمْ (നിങ്ങളിൽനിന്ന് അധികം താഴെയായിരുന്നു) എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അവർ കടലോര പ്രദേശത്തായിരുന്നുവെന്നുമാകുന്നു. അക്ഷരങ്ങളിലും വാക്കുകളിലും വ്യത്യാസം കാണാമെങ്കിലും ഖുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഈ വിഷയത്തിൽ അഭിപ്രായവ്യത്യാസമില്ല. വർത്തകസംഘം അബൂജഹ്‌ലിന്റെ പട്ടാള സംഘവുമായി ബന്ധപ്പെടാതെ കടലോര പ്രദേശങ്ങളിൽക്കൂടി യാത്ര ചെയ്യുകയാണെങ്കിലും-യഥാർത്ഥ സ്ഥിതികൾ പരസ്പരം അറിയായ്കകൊണ്ട്-വർത്തകസംഘത്തിൽ നിന്ന് തങ്ങൾക്ക് സഹായം എത്തിച്ചേരുമെന്നുള്ള സൽപ്രതീക്ഷ പട്ടാളസംഘത്തിനുണ്ടായിരുന്നു.

وَالرَّكْبُ أَسْفَلَ مِنكُمْ (വാഹനസംഘം നിങ്ങളിൽ നിന്ന് അധികം താഴെയുമാണ്) എന്ന വാക്യത്തിന്റെ വ്യാഖ്യാനത്തിൽ മുജാഹിദ് (റ) പ്രസ്താവിച്ചതായി ഒന്നിലധികം മാർഗങ്ങളിൽ കൂടി ഇബ്നുജരീർ (റ) ഇങ്ങിനെ ഉദ്ധരിക്കുന്നു: അത് (വാഹനസംഘം) അബൂസുഫ്യാനും കൂട്ടരുമാകുന്നു. അവർ ശാമിൽനിന്ന് വരുകയായിരുന്നു. അവർ ബദ്റിലുള്ളവരെപ്പറ്റി അറിഞ്ഞിരുന്നില്ല. മുഹമ്മദ് ﷺ ക്വുറൈശീ കാഫിറുകളെ (പട്ടാളസംഘത്തെ) പ്പറ്റിയും അറിഞ്ഞിരുന്നില്ല. ക്വുറൈശീ കാഫിറുകൾ മുഹമ്മദ് ﷺ നെയും ആൾക്കാരെയും കുറിച്ചും അറിഞ്ഞിരുന്നില്ല. അങ്ങനെ, രണ്ടുകൂട്ടരും ബദ്റിലെത്തി വെള്ളത്താവളത്തിങ്കൽ വെച്ചു കണ്ടുമുട്ടുകയാണ് ചെയ്തത്. നബി ﷺ യും കൂട്ടരും അബൂജഹ്‌ലിന്റെ കൂട്ടരും വെള്ളത്താവളത്തിങ്കൽ നിന്നു വെള്ളം ശേഖരിക്കുവാൻ ചെന്നപ്പോഴാണ് ഓരോ വിഭാഗവും മറ്റേ വിഭാഗത്തെപ്പറ്റി അറിഞ്ഞതെന്ന് ഇബ്നുഅബ്ബാസ് (റ) പറഞ്ഞതായും ഇബ്നുജരീർ (റ) ഉദ്ധരിച്ചിരിക്കുന്നു.

അപ്പോൾ - മുകളിൽ ചൂണ്ടിക്കാട്ടിയപോലെ- നബി ﷺ യും സ്വഹാബികളും വർത്തകസംഘത്തെ ഉദ്ദേശിച്ചുപോയതല്ലെന്നും മദീനായെ ആക്രമിക്കുവാൻ പരിപാടിയിട്ടുവരുന്ന പട്ടാളസംഘത്തെ നേരിടുവാൻ ഉദ്ദേശിച്ചുപോയതാണെന്നും യുദ്ധവേളയിൽ അവർക്ക് വേണ്ടുന്ന സാധനങ്ങൾ എത്തിച്ചുകൊടുക്കുവാൻ പരിപാടിയിട്ടുകൊണ്ട് അബൂസുഫ്യാന്റെ വർത്തകസംഘം അവിടെ അടുത്തൊരിടത്ത് തയ്യാറുണ്ടായിരുന്നുവെന്നുമൊക്കെ ബദ്ർ യുദ്ധത്തിന് ഒരു പുതിയ പശ്ചാത്തലവും ചിത്രവുമുണ്ടാക്കുവാൻ ശ്രമിക്കാറുള്ള ചിലർ ഇമാം റാസീ(റ)തന്റെ തഫ്സീറിൽ ഇവിടെ പറഞ്ഞ ഒരു വാക്യം ചൂഷണം ചെയ്തു കാണാം. ഇദ്ദേഹം ഇത് സംബന്ധിച്ചു പറഞ്ഞ ആ വാചകം ഇതാണ് ولان العير كانوا خلف ظهورهم وكانوا يتوقعون مجيى المدد من العير اليهم ساعة و ساعة (കച്ചവടസംഘം അവരുടെ പിന്നിലുമുണ്ടായിരുന്നു. അവരിൽനിന്ന് തങ്ങൾക്ക് സഹായം വന്നെത്തുമെന്ന് ഓരോ നാഴികയിലും അവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു) അങ്ങിനെ അവർക്കൊരു പ്രതീക്ഷയുണ്ടായിരുന്നുവെന്നല്ലാതെ-വർത്തകസംഘം അവർക്ക് സഹായം എത്തിച്ചുകൊടുത്തിരുന്നുവെന്നോ, അതിനുതക്കവിധം വർത്തകസംഘം അവരുടെ പിന്നിൽ ഒരിടത്തും സ്ഥിതി ചെയ്തിരുന്നുവെന്നോ അല്ല-റാസീ (റ) ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാണ്. കാരണം وَالرَّكْبُ أَسْفَلَ مِنكُمْ (വാഹനസംഘം നിങ്ങളിൽനിന്ന് അധികം താഴെയാണ്) എന്ന വാക്യത്തിന് മറ്റുള്ള ക്വുർആൻ വ്യാഖ്യാതാക്കളെപ്പോലെതന്നെ റാസി (റ)യും നൽകിയ വ്യാഖ്യാനം ഇതാണ് في موضع اسفل منكم الى ساحل البحر (നിങ്ങളിൽ നിന്ന് കടൽത്തീരത്തിലേക്ക് കൂടുതൽ താണു കിടക്കുന്ന സ്ഥലത്താണവർ) ചുരുക്കിപ്പറഞ്ഞാൽ, അങ്ങിനെ ഒരു പ്രതീക്ഷ പട്ടാളസംഘത്തിനുണ്ടായിരുന്നു- പ്രതീക്ഷിച്ചപോലെ അത് യഥാർത്ഥത്തിൽ സംഭവിച്ചതുമില്ല.-എന്നല്ലാതെ അതിൽ കവിഞ്ഞൊന്നും റാസി (റ)യുടെ ആ വാചകത്തിന് അർത്ഥം നൽകുവാൻ സാധ്യമല്ല. അല്ലാഹു വീണ്ടും പറയുന്നു:-

إِذْ يُرِيكَهُمُ ٱللَّهُ فِى مَنَامِكَ قَلِيلًا ۖ

﴾43﴿ **(നബിയേ) നിന്റെ ഉറക്കിൽ [സ്വപ്നത്തിൽ] അവരെ കുറച്ചായി അല്ലാഹു നിനക്ക് കാണിച്ചുതന്നിരുന്ന സന്ദർഭം (ഓർക്കുക)**

وَلَوْ أَرَىٰكَهُمْ كَثِيرًا لَّفَشِلْتُمْ وَلَتَنَٰزَعْتُمْ فِى ٱلْأَمْرِ وَلَٰكِنَّ ٱللَّهَ سَلَّمَ ۗ

അവരെ അധികമായി നിനക്ക് അവൻ കാണിച്ചുതന്നിരുന്നെങ്കിൽ, നിങ്ങൾ ഭീരുത്വം കാണിക്കുകയും, കാര്യത്തിൽ പരസ്പരം ഭിന്നിക്കുകയും തന്നെ ചെയ്യുമായിരുന്നു. എങ്കിലും അല്ലാഹു (അതിൽ നിന്നും) രക്ഷിച്ചു.

إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٤٣﴾

നിശ്ചയമായും, അവൻ നെഞ്ചു [ഹൃദയം] കളിലുള്ളതിനെപ്പറ്റി അറിയുന്നവനാകുന്നു.

وَإِذْ يُرِيكُمُوهُمْ إِذِ ٱلْتَقَيْتُمْ فِىٓ أَعْيُنِكُمْ قَلِيلًا وَيُقَلِّلُكُمْ فِىٓ أَعْيُنِهِمْ لِيَقْضِىَ ٱللَّهُ أَمْرًا كَانَ مَفْعُولًا ۗ

﴾44﴿ നിങ്ങൾ (പരസ്പരം) കണ്ടുമുട്ടിയപ്പോൾ, നിങ്ങളുടെ കണ്ണുകളിൽ [കാഴ്ചയിൽ] അവരെ കുറച്ചായി അവൻ നിങ്ങൾക്ക് കാണിച്ചുതന്ന സന്ദർഭവും (ഓർക്കുക) അവരുടെ കണ്ണുകളിൽ [കാഴ്ചയിൽ] നിങ്ങളെയും അവൻ കുറച്ചു (കാട്ടി) യിരുന്നു: (അതെ) പ്രാവർത്തികമാക്കേണ്ടിയിരുന്ന ഒരു കാര്യം അല്ലാഹു നിർവ്വഹിക്കുവാൻ വേണ്ടി(യാണത്.)

وَإِلَى ٱللَّهِ تُرْجَعُ ٱلْأُمُورُ ﴿٤٤﴾

അല്ലാഹുവിങ്കലേക്കത്രെ കാര്യങ്ങൾ മടക്കപ്പെടുന്നത്.

﴾43﴿ إِذْ يُرِيكَهُمُ അവരെ നിനക്ക് കാട്ടി (കാണിച്ചു) തന്നിരുന്ന സന്ദർഭം ٱللَّهُ അല്ലാഹു فِي مَنَامِكَ നിന്റെ ഉറക്കുവേളയിൽ, ഉറക്കിൽ (സ്വപ്നത്തിൽ) قَلِيلًا കുറച്ചായി, അൽപമായി وَلَوْ أَرَاكَ നിനക്കവൻ കാണിച്ചുതന്നിരുന്നെങ്കിൽ هُمْ അവരെ كَثِيرًا അധികമായി, വളരെയായി لَفَشِلْتُمْ നിങ്ങൾ ഭീരുത്വം കാണിക്കുകതന്നെ ചെയ്തിരുന്നു. وَلَتَنَازَعْتُمْ നിങ്ങൾ ഭിന്നിക്കുക (പിണങ്ങുക)യും ചെയ്തിരുന്നു فِي الْأَمْرِ കാര്യത്തിൽ وَلَٰكِنَّ اللَّهَ എങ്കിലും (പക്ഷേ) അല്ലാഹു سَلَّمَ രക്ഷപ്പെടുത്തി إِنَّهُ عَلِيمٌ നിശ്ചയമായും അവൻ അറിയുന്നവനാണ് بِذَاتِ الصُّدُورِ നെഞ്ചുകളിലുള്ളതിനെ (മനസ്സിലുള്ളതിനെ)പ്പറ്റി. ﴾44﴿ وَإِذْ يُرِيكُمُوهُمْ നിങ്ങൾക്ക് അവരെ അവൻ കാട്ടിത്തന്നിരുന്ന സന്ദർഭവും إِذِ الْتَقَيْتُمْ നിങ്ങൾ കണ്ടുമുട്ടിയപ്പോൾ (പരസ്പരം കണ്ടപ്പോൾ) فِي أَعْيُنِكُمْ നിങ്ങളുടെ കണ്ണുകളിൽ قَلِيلًا കുറച്ചായി, അൽപമായി وَيُقَلِّلُكُمْ നിങ്ങളെ കുറച്ചുകാട്ടുകയും ചെയ്തിരുന്നു فِي أَعْيُنِهِمْ അവരുടെ കണ്ണുകളിൽ لِيَقْضِيَ

നിർവഹിക്കുവാൻ വേണ്ടി اللَّهُ അല്ലാഹു أَمْرًا ഒരു കാര്യത്തെ كَانَ അതായിരുന്നു مَفْعُولًا ചെയ്യപ്പെട്ടത്, പ്രാവർത്തികമാക്കേണ്ടത് وَإِلَى اللَّهِ അല്ലാഹുവിലേക്കത്രേ تُرْجَعُ മടക്കപ്പെടുക الْأُمُورُ കാര്യങ്ങൾ.

തങ്ങളെക്കാൾ എത്രയോ ശക്തമായ ആ പട്ടാള സംഘത്തോട് ഏറ്റുമുട്ടുവാൻ ധൈര്യവും വീര്യവും നൽകി മുസ്‌ലിംകളെക്കൊണ്ട് വിജയപതാക പറപ്പിക്കുവാൻ അല്ലാഹു എടുത്ത ചില നടപടികളാണ് ഈ വചനങ്ങളിൽ കാണുന്നത്. ശത്രുക്കൾ വളരെ കുറച്ചു പേർ മാത്രമേയുള്ളുവെന്ന് അവൻ നബിﷺക്കു സ്വപ്നത്തിൽ കാണിച്ചു. നബിﷺ അത് സ്വഹാബികളോട് പറയുകയും ചെയ്തു. അവർക്ക് യുദ്ധാവേശവും ധൈര്യവും ഉളവാക്കുമല്ലോ. നേരെമറിച്ച് ശത്രുക്കളുടെ എണ്ണം അധികമുണ്ടെന്നായിരുന്നു ആ സ്വപ്നമെങ്കിൽ, അത് ഭീതിയും ധൈര്യക്ഷയവും ഉണ്ടാക്കുകയും ചെയ്യുമെന്ന് വ്യക്തമാണ്. അതോടൊപ്പം യുദ്ധം വേണമെന്നും വേണ്ടെന്നും മറ്റുമുള്ള കക്ഷി വഴക്കിനും കാരണമാകും. അതൊന്നും കൂടാതെ, അവരെ കാത്തുരക്ഷിക്കുവാനാണ് അല്ലാഹു അങ്ങിനെ ചെയ്തത്. രണ്ടു കൂട്ടരും യുദ്ധക്കളത്തിൽ കൂട്ടിമുട്ടിയപ്പോഴും ശത്രുക്കൾ കാഴ്ചയിൽ അധികമൊന്നുമില്ല- കുറച്ചാളുകളെയുള്ളൂ എന്നു മുസ്‌ലിംകൾക്ക് തോന്നിപ്പിച്ചു. ഇതിന്റെയും ഫലം മേൽ പറഞ്ഞതുതന്നെ. മനുഷ്യമനസ്സുകളെപ്പറ്റി മനുഷ്യരെക്കാൾ അറിയുന്ന സർവജ്ഞനാണല്ലോ അല്ലാഹു. അതേ പ്രകാരം, മുസ്‌ലിംകൾ വളരെ കുറഞ്ഞ ആളുകളെയുള്ളൂവെന്നായിരുന്നു കാഴ്ചയിൽ ശത്രുക്കൾക്കും തോന്നിയത്. കൂസൽ കൂടാതെ, മുസ്‌ലിംകളുടെ നേരെ ആഞ്ഞടുക്കുവാൻ അവരെ പ്രേരിപ്പിക്കലാണ് ഇതിന്റെ ഉദ്ദേശ്യം. അപ്പോഴാണല്ലോ ഇരുചേരികളും ചെറുത്തുനിൽക്കുവാൻ മിനക്കെടാതെ ആക്രമണത്തിനും, പ്രത്യാക്രമണത്തിനും മുതിരുക. അതോടെ ശത്രുക്കളുടെ തോൽവി ത്വരിതപ്പെടുകയും ചെയ്യും. അല്ലാഹു പ്രയോഗത്തിൽ വരുത്തുവാൻ പോകുന്ന കാര്യം-സത്യവിശ്വാസികളുടെ വിജയവും അവിശ്വാസികളുടെ പരാജയവും -വേഗം നടപ്പിൽ വരുത്തുവാൻ വേണ്ടി അല്ലാഹു എടുത്ത ചില നടപടികളാണിതൊക്കെ. എല്ലാ കാര്യത്തിന്റെയും പര്യവസാനം അവങ്കലേക്കും, അവന്റെ തീരുമാനമനുസരിച്ചുമാണല്ലോ എന്നു സാരം.

ശത്രുക്കളുടെ ദൃഷ്ടിയിൽ സത്യവിശ്വാസികളുടെ എണ്ണവും കുറവായിത്തോന്നിയിരുന്നുവെന്ന് പറഞ്ഞത് യുദ്ധത്തിന്റെ ആദ്യഘട്ടത്തിലുണ്ടായ അവസ്ഥയായിരുന്നു. യുദ്ധം ആരംഭിച്ചു ഇരുകൂട്ടരും ഏറ്റുമുട്ടിക്കഴിഞ്ഞപ്പോൾ ശത്രുക്കളുടെ ദൃഷ്ടിയിൽ മുസ്‌ലിംകളുടെ എണ്ണം അധികമുള്ളതായി തോന്നുകയുണ്ടായി. അതിനെപ്പറ്റിയാണ് ആലുഇംറാൻ 13-ൽ يَرَوْنَهُم مِّثْلَيْهِمْ رَأْيَ الْعَيْنِ (അവർ അവരെ- അവിശ്വാസികൾ സത്യവിശ്വാസികളെ- തങ്ങളുടെ രണ്ടിരട്ടിയുള്ളതായി കൺകാഴ്ചയിൽ കണ്ടിരുന്നു) എന്നു പറഞ്ഞത്. ഈ രണ്ടു പ്രസ്താവനകളും രണ്ടു സന്ദർഭങ്ങളെയാണ് ചൂണ്ടിക്കാട്ടുന്നത്. കൂടുതൽ വിവരം അവിടെ നോക്കുക.

വിഭാഗം-6

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا لَقِيتُمْ فِئَةً فَٱثْبُتُوا۟ وَٱذْكُرُوا۟ ٱللَّهَ كَثِيرًا

﴿45﴾ ഹേ, വിശ്വസിച്ചവരേ, നിങ്ങൾ വല്ല (സൈന്യ സംഘത്തെയും കണ്ടുമുട്ടിയാൽ, നിങ്ങൾ ഉറച്ചു നിൽക്കുകയും, അല്ലാഹു

لَعَلَّكُمْ تُفْلِحُونَ ﴿٤٥﴾

വിനെ ധാരാളം ഓർമിക്കുകയും ചെയ്യുവിൻ- നിങ്ങൾ വിജയം പ്രാപിച്ചേക്കാം.

وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥ وَلَا تَنَٰزَعُوا۟ فَتَفْشَلُوا۟ وَتَذْهَبَ رِيحُكُمْ ۖ وَٱصْبِرُوٓا۟ ۚ إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ ﴿٤٦﴾

《46》 നിങ്ങൾ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾ പരസ്പരം ഭിന്നിക്കുകയും ചെയ്യരുത്. എന്നാൽ നിങ്ങൾക്ക് ഭീരുത്വം പിണയുകയും നിങ്ങളുടെ കാറ്റ് [വീര്യം] പോയിപ്പോകുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും ചെയ്യണം. നിശ്ചയമായും അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയായിരിക്കും.

《45》 يَاأَيُّهَاالَّذِينَ آمَنُوا വിശ്വസിച്ചവരേ إِذَالَقِيتُمْ നിങ്ങൾ കണ്ടുമുട്ടിയാൽ فِئَةً വല്ല സംഘത്തെയും, ഒരു കൂട്ടത്തെ فَاثْبُتُوا നിങ്ങൾ ഉറച്ചു (സ്ഥിരപ്പെട്ടു) നിൽക്കുവിൻ وَاذْكُرُوا നിങ്ങൾ ഓർമിക്കുകയും ചെയ്യുവിൻ اللَّهَ അല്ലാഹുവിനെ كَثِيرًا വളരെ, അധികം, ധാരാളം لَعَلَّكُمْ നിങ്ങളായേക്കാം, ആകുവാൻ വേണ്ടി تُفْلِحُونَ നിങ്ങൾ വിജയം പ്രാപിക്കും. 《46》 وَأَطِيعُوا നിങ്ങൾ അനുസരിക്കുകയും ചെയ്‌വിൻ اللَّهَ അല്ലാഹുവിനെ وَرَسُولَهُ അവന്റെ റസൂലിനെയും وَلاتَنَازَعُوا നിങ്ങൾ പരസ്പരം ഭിന്നിക്കുക (പിണങ്ങുക- വഴക്കടിക്കുക)യും ചെയ്യരുത് فَتَفْشَلُوا എന്നാൽ നിങ്ങൾക്ക് ഭീരുത്വം പിണയും, നിങ്ങൾ ഭീരുത്വം കാണിക്കും. وَتَذْهَبَ പോകുകയും ചെയ്യും رِيحُكُمْ നിങ്ങളുടെ കാറ്റ് (വീര്യം) وَاصْبِرُوا നിങ്ങൾ ക്ഷമിക്കുകയും ചെയ്‌വിൻ إِنَّاللَّهَ നിശ്ചയമായും അല്ലാഹു مَعَالصَّابِرِينَ ക്ഷമിക്കുന്നവരുടെ കൂടെയായിരിക്കും.

ശത്രുസൈന്യങ്ങളുമായി ഏറ്റുമുട്ടേണ്ടി വരുമ്പോൾ സത്യവിശ്വാസികൾക്ക് വിജയം കൈവരുവാനുള്ള ഉപാധികൾ ഏതൊക്കെയാണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:

1) ഉറച്ചുനിൽക്കുക. കാൽപതറാതെ, ഭീരുത്വം പ്രകടിപ്പിക്കാതെ, ധൈര്യപൂർവ്വം നിലകൊള്ളുക

(2) അല്ലാഹുവിനെ ധാരാളം ഓർമിക്കുക. അല്ലാഹുവിനോട് പ്രാർത്ഥിച്ചും, സഹായമർത്ഥിച്ചും, തസ്ബീഹ്-തക്ബീർ മുതലായവ ഉച്ചരിച്ചും എല്ലാം അവനിൽ അർപ്പിച്ചും, അവന്റെ കാരുണ്യം പ്രതീക്ഷിച്ചുംകൊണ്ടിരിക്കുക

(3) അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുക. അവരുടെ വിധിവിലക്കുകളെയും, ഉപദേശ നിർദേശങ്ങളെയും പാലിക്കുകയും, അതിനെതിരായി പ്രവർത്തിക്കാതിരിക്കുകയും ചെയ്യുക.

(4) അന്യോന്യം ഭിന്നിക്കാതെയും, തമ്മിൽ പിണക്കമില്ലാതെയും ഇരിക്കുക. അഭി

പ്രായ ഭിന്നിപ്പോ, തർക്കമോ കക്ഷിവഴക്കോ, ചേരിപിരിവോ കൂടാതെ ഒത്തൊരുമിച്ചു ഒറ്റക്കെട്ടായി നിലകൊള്ളുക.

(5) ക്ഷമിക്കുക, ഞെരുക്കവും ബുദ്ധിമുട്ടും സഹിക്കുകയും വന്നുപോയ നഷ്ടങ്ങളെച്ചൊല്ലി അക്ഷമ കാണിക്കാതിരിക്കുകയും ചെയ്യുക. ഇത്രയും കാര്യങ്ങൾ ഗൗനിക്കുന്നപക്ഷം സത്യവിശ്വാസികൾക്ക് വിജയം കൈവരുന്നതും അല്ലാഹുവിന്റെ സഹായം ലഭിക്കുന്നതുമാണെന്ന് അറിയിക്കുന്നു.

ഭിന്നിപ്പിന്റെ ഫലം ഭീരുത്വവും ഉള്ള ചൂരും പേരും-അഥവാ വീര്യവും ചുണയും - നശിച്ചുപോകലുമായിരിക്കുമെന്നും ക്ഷമിക്കുന്നവർക്കേ അല്ലാഹുവിന്റെ സഹായം പ്രതീക്ഷിക്കുവാനുള്ളുവെന്നും അല്ലാഹു പ്രത്യേകം ഉണർത്തിയിരിക്കുന്നു. ഒരു യുദ്ധയാത്രയിൽ നബിﷺ ചെയ്ത പ്രസംഗത്തിൽ ഇങ്ങിനെ പറഞ്ഞതായി അബ്ദുല്ലാഹിബ്നു അബീഔഫാ (റ) ഉദ്ധരിക്കുന്നു: 'മനുഷ്യരേ, നിങ്ങൾ ശത്രുവെ കണ്ടുമുട്ടുവാൻ കൊതിക്കരുത്. അല്ലാഹുവിനോട് (അതിൽ നിന്ന്) ഒഴിവാക്കിത്തരുവാൻ അപേക്ഷിക്കുകയും ചെയ്യുവിൻ. എന്നാൽ, നിങ്ങൾ അവരെ കണ്ടുമുട്ടിയാൽ, അപ്പോൾ നിങ്ങൾ ക്ഷമ കൈക്കൊള്ളണം. സ്വർഗം വാളുകളുടെ തണലുകളിലുണ്ടെന്ന് നിങ്ങൾ അറിയുകയും ചെയ്യുക.' (ബു.മു) അബ്ദുല്ലാഹിബ്നു അംറ് (റ) വഴി വന്നിട്ടുള്ള ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം പറഞ്ഞതായി വന്നിരിക്കുന്നു: 'നിങ്ങൾ ശത്രുവെ കണ്ടുമുട്ടുവാൻ കൊതിക്കരുത്. ഒഴിവാക്കുവാൻ അല്ലാഹുവിനോട് ചോദിക്കുകയും ചെയ്യുക. എന്നാൽ അവരുമായി കണ്ടുമുട്ടിയാൽ നിങ്ങൾ ഉറച്ചുനിൽക്കണം. അവർ ബഹളം കൂട്ടുകയും (ശബ്ദം ഉയർത്തി) അട്ടഹസിക്കുകയും ചെയ്താൽ, നിങ്ങൾ മൗനമായിരിക്കണം.' (അബ്ദുറസ്സാക്വ്)

മേൽ കണ്ട ഉപാധികളിലുള്ള വീഴ്ചയും പോരായ്മയുമായിരിക്കും സത്യവിശ്വാസികൾക്ക് പരാജയം നേരിടുവാൻ കാരണമാകുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സംഖ്യാബലവും, ആയുധബലവും ആവശ്യംതന്നെ. അതിനെപ്പറ്റി വേറെ സ്ഥലങ്ങളിൽ അല്ലാഹു ഊന്നിപ്പറയുന്നുമുണ്ട്. പക്ഷേ, ആൾബലവും ആയുധശക്തിയും കൊണ്ടു മാത്രം വിജയം കരസ്ഥമാകുകയില്ലെന്നും, ആ രണ്ടിന്റെയും കുറവുണ്ടായിരുന്നിട്ടും സത്യവിശ്വാസികൾക്ക് വിജയം കരസ്ഥമാകുകയുണ്ടായിട്ടുണ്ടെന്നും നബിﷺയുടെ കാലത്ത് നടന്ന സംഭവങ്ങൾ തന്നെ തെളിയിച്ചിട്ടുള്ളതാണ്. ബദ്ർ, ഉഹ്ദ്, ഹുനൈൻ മുതലായ യുദ്ധങ്ങൾ അതിന് ഉദാഹരണങ്ങളത്രെ. മുസ്‌ലിംകളുടെ ചരിത്രത്തിൽ ശത്രുക്കളുമായി അവർ ഏറ്റുമുട്ടേണ്ടി വന്ന സംഭവങ്ങൾ മൊത്തത്തിൽ പരിശോധിച്ചാലും ഈ വാസ്തവം തെളിഞ്ഞുകാണാവുന്നതാണ്. ഇന്നത്തെ മുസ്‌ലിം രാഷ്ട്രങ്ങളെ അപേക്ഷിച്ചു ബാഹ്യമായ എല്ലാ നിലക്ക് നോക്കിയാലും ഒരു നാഴിക നേരംകൊണ്ട് മുട്ടുകുത്തിക്കുവാൻ മാത്രമുള്ള ഒരു ചെറുരാഷ്ട്രമത്രെ ഇപ്പോൾ നിലവിലുള്ള ഇസ്‌റാഈൽ രാഷ്ട്രം. മുസ്‌ലിംകളോട് പരമശത്രുതയിൽ വർത്തിക്കുന്ന ആ രാഷ്ട്രത്തെ അടക്കിനിർത്തുവാൻ രണ്ടു മൂന്നു ദശവൽസരങ്ങളോളം പരിശ്രമം നടത്തിയിട്ടും ലോകമുസ്‌ലിം രാഷ്ട്രങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഇതിന്റെ കാരണവും ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ട ഉപാധികളിൽ സമുദായം കൈക്കൊണ്ടിട്ടുള്ള അമാന്തമല്ലാതെ മറ്റൊന്നുമല്ല. വീണ്ടും അല്ലാഹു ഉപദേശിക്കുന്നു:-

وَلَا تَكُونُوا۟ كَٱلَّذِينَ خَرَجُوا۟ مِن دِيَـٰرِهِم بَطَرًا وَرِئَآءَ ٱلنَّاسِ وَيَصُدُّونَ عَن سَبِيلِ ٱللَّهِ ۚ

﴾47﴿ **തങ്ങളുടെ വീടുകളിൽനിന്ന് ഗർവ്വായും മനുഷ്യരെ കാണി (ച്ചു കീർത്തി സമ്പാദി)ക്കുവാനായും പുറപ്പെട്ടവരെപ്പോലെ നിങ്ങൾ ആവുകയുമരുത്. അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ജനങ്ങളെ) അവർ തടയുകയും ചെയ്യുന്നു. [ഇവരെപ്പോലെ നിങ്ങൾ ആയിരിക്കരുത്].**

وَٱللَّهُ بِمَا يَعْمَلُونَ مُحِيطٌ ﴿٤٧﴾

അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെ വലയം ചെയ്തു [സൂക്ഷ്മമായറിഞ്ഞു] കൊണ്ടിരിക്കുന്നവനാകുന്നു.

﴾47﴿ وَلَاتَكُونُوا നിങ്ങളാവുകയുമരുത് كَالَّذِينَ خَرَجُوا പുറപ്പെട്ടവരെപ്പോലെ مِنْ دِيَارِهِمْ അവരുടെ വീടു (വസതി) കളിൽ നിന്ന് بَطَرًا ഗർവ്വായിട്ടും, മതിമറന്നു കൊണ്ടും, അഹങ്കാരിയായി وَرِئَاءَ കാണിക്കുവാനും النَّاسِ മനുഷ്യരെ وَيَصُدُّونَ അവർ തടയുകയും ചെയ്തിരുന്നു, തടഞ്ഞുകൊണ്ടും عَنْ سَبِيلِ മാർഗത്തിൽ നിന്ന് اللَّهِ അല്ലാഹുവിന്റെ وَاللَّهُ അല്ലാഹുവാകട്ടെ بِمَا يَعْمَلُونَ അവർ പ്രവർത്തിക്കുന്നതിനെ مُحِيطٌ വലയം ചെയ്യുന്ന (സൂക്ഷ്മമായറിയുന്ന) വനാണ്.

അബൂജഹ്‌ലിന്റെ നേതൃത്വത്തിൽ ബദ്റിൽ വന്ന സൈന്യത്തെപ്പോലെ ഗർവ്വും, അഹങ്കാരവും, ദുരഭിമാനവും സത്യവിശ്വാസികൾക്ക് ഉണ്ടായിക്കൂടാ. അവർ അടക്കവും, ഒതുക്കവും, നിഷ്കളങ്കതയും, ഭയഭക്തിയും ഉള്ളവരായിരിക്കണം എന്ന് അല്ലാഹു അവരെ ഉപദേശിക്കുകയാണ്. അബൂസുഫ്‌യാന്റെ വർത്തകസംഘത്തെ രക്ഷപ്പെടുത്താൻ വേണ്ടി ഒരുങ്ങിത്തുടങ്ങിയ ആ മുശ്‌രിക്കുകൾ വഴിക്കുവെച്ച് അവർ രക്ഷപ്പെട്ട വിവരം അറിഞ്ഞിട്ടും മടങ്ങിപ്പോകാതെ, ബദ്റിലെ മൈതാനത്ത് ചെന്ന് മൂന്നു ദിവസം ഒട്ടകത്തെ അറുത്തും, കള്ളുകുടിച്ചും നൃത്താലാപനങ്ങൾ നടത്തിയും കൊണ്ട് അറബികൾക്കിടയിൽ കീർത്തി നേടിക്കൊണ്ടല്ലാതെ മടങ്ങുകയില്ലെന്ന് പറഞ്ഞാണല്ലോ അവർ ബദ്റിൽ വന്നിറങ്ങിയത്. പക്ഷേ, അല്ലാഹു ഉദ്ദേശിച്ചത് മറ്റൊന്നായിരുന്നതുകൊണ്ട് അത് നടന്നില്ല.

وَإِذْ زَيَّنَ لَهُمُ ٱلشَّيْطَـٰنُ أَعْمَـٰلَهُمْ وَقَالَ لَا غَالِبَ لَكُمُ ٱلْيَوْمَ مِنَ ٱلنَّاسِ وَإِنِّى جَارٌ لَّكُمْ ۖ فَلَمَّا

﴾48﴿ **പിശാച് അവർക്ക് [അവിശ്വാസികൾക്ക്] തങ്ങളുടെ പ്രവൃത്തികളെ ഭംഗിയാക്കി കാട്ടിയ സന്ദർഭവും (ഓർക്കുക) അവൻ പറയുകയും ചെയ്തു: 'ഇന്നു മനുഷ്യരിൽ നിന്നു (ആരും) നിങ്ങളെ ജയിച്ചടക്കുന്നവരില്ല: നിശ്ചയമായും, ഞാൻ**

تَرَآءَتِ ٱلْفِئَتَانِ نَكَصَ عَلَىٰ عَقِبَيْهِ وَقَالَ إِنِّى بَرِىٓءٌ مِّنكُمْ إِنِّىٓ أَرَىٰ مَا لَا تَرَوْنَ إِنِّىٓ أَخَافُ ٱللَّهَ ۚ وَٱللَّهُ شَدِيدُ ٱلْعِقَابِ ﴿٤٨﴾

നിങ്ങൾക്ക് ഒരു അയൽക്കാരനും [സഹായിയും] ആകുന്നു.' എന്നിട്ട് രണ്ടു സംഘങ്ങൾ പരസ്പരം കണ്ട പ്പോൾ, അവൻ മടമ്പുകാലുകളിൽ [വന്നപാടെ] പിന്നോക്കം വെച്ചു; അവൻ പറയുകയും ചെയ്തു: 'നിശ്ച യമായും ഞാൻ, നിങ്ങളിൽനിന്നും (ഉത്തരവാദിത്വം) ഒഴിവായവനാണ്: നിങ്ങൾ കാണാത്തത് ഞാൻ കാണുന്നു: ഞാൻ അല്ലാഹുവിനെ പേടിക്കുന്നു. അല്ലാഹുവാകട്ടെ, ശിക്ഷാനടപടി കഠിനമായവനാ കുന്നു.'

﴾48﴿ وَإِذْزَيَّنَ ഭംഗിയാക്കിക്കൊടുത്ത (അലങ്കാരമായി കാണിച്ച) സന്ദർഭവും لَهُمُ അവർക്ക് الشَّيْطَانُ പിശാച്, പൈശാചാൻ أَعْمَالَهُمْ അവരുടെ പ്രവൃത്തികളെ وَقَالَ അവൻ പറയുകയും (ചെയ്തു. ചെയ്ത) لاغَالِبَ ജയിച്ചടക്കുന്നവനേ ഇല്ല لَكُمُ നിങ്ങളെ, നിങ്ങളോട് الْيَوْمَ ഇന്ന്, ഈ ദിവസം مِنَ النَّاسِ മനുഷ്യരിൽ നിന്ന് وَإِنِّي നിശ്ചയമായും ഞാൻ جَارٌلَكُمْ നിങ്ങൾക്ക് ഒരയൽക്കാരനാണ്. (അഭയം നൽകുന്ന) സഹായിയാണ് فَلَمَّا تَرَاءَتِ എന്നിട്ട് അന്യോന്യം കണ്ടപ്പോൾ الْفِئَتَانِ രണ്ടു സംഘ ങ്ങൾ نَكَصَ അവൻ പിന്നോക്കം വെച്ചു, പിന്നോട്ടു മാറി عَلَىٰعَقِبَيْهِ തന്റെ മടമ്പുകാലു കളിൽ وَقَالَ അവൻ പറയുകയും ചെയ്തു إِنِّي بَرِيءٌ ഞാൻ ഒഴിവായ (ബന്ധമറ്റ)വനാണ് مِنكُمْ നിങ്ങളിൽനിന്ന്, നിങ്ങളോട് إِنِّي أَرَىٰ നിശ്ചയമായും ഞാൻ കാണുന്നു. مَالاتَرَوْنَ നിങ്ങൾ കാണാത്തത് إِنِّي أَخَافُ നിശ്ചയമായും ഞാൻ ഭയപ്പെടുന്നു, പേടി ക്കുന്നു اللَّهَ അല്ലാഹുവിനെ وَاللَّهُ അല്ലാഹുവാകട്ടെ شَدِيدُ കഠിനമായവനാണ് الْعِقَابِ ശിക്ഷാനടപടി

ഈസംഭവത്തെപ്പറ്റി ക്വുർആൻ വ്യാഖ്യാതാക്കൾ രണ്ടു പ്രകാരത്തിൽ വിവരിച്ചു കാണാം:

(1) മുശ്‌രിക്കുകളുടെ മനസ്സിൽ പിശാച് നടത്തിയ ദുർബോധനങ്ങളുടെയും, ദുർമ ന്ത്രങ്ങളുടെയും ഒരു ചിത്രീകരണമാണിത്. തങ്ങൾ ചെയ്യുന്നതെല്ലാം നല്ലതാണെന്ന് ആദ്യം അവൻ അവർക്ക് തോന്നിപ്പിച്ചു. വിജയം അവർക്ക് സുനിശ്ചിതമാണെന്ന് അവരെ വ്യാമോഹിപ്പിക്കുകയും ചെയ്തു. അവസാനം അവരെ നാശത്തിൽ ചാടിച്ചുകൊണ്ട് അവൻ ഒഴിഞ്ഞുമാറുകയാണുണ്ടായത്. ഒരാൾ ആദ്യം സഹായ വാഗ്ദാനങ്ങളോടുകൂടി പ്രോൽസാഹനം നൽകുകയും, പിന്നീട് സന്നിഗ്ധഘട്ടം നേരിട്ടപ്പോൾ ഭവിഷ്യത്തിനെ ഭയപ്പെട്ടു ഞാൻ എന്റെ രക്ഷാമാർഗം നോക്കുകയാണെന്ന് പറഞ്ഞു അവരെ കൈവിടു കയും ചെയ്യുന്നതുപോലെയാണ് പിശാച് അവരോട് ചെയ്തത് എന്ന് ചുരുക്കം. ഇതാണ്

ചില വ്യാഖ്യാതാക്കളുടെ അഭിപ്രായം.

(2) പിശാച് മനുഷ്യരൂപത്തിൽ വെളിപ്പെട്ടു മുശ്‌രിക്കുകളോട് അങ്ങിനെയെല്ലാം പറയുകയും പ്രവർത്തിക്കുകയും ചെയ്തുവെന്നത്രേ ഭൂരിപക്ഷം വ്യാഖ്യാതാക്കളും പ്രസ്താവിക്കുന്നത്. ഇബ്നു അബ്ബാസ്, ഉർവത്തുബ്നു സുബൈർ, ദ്വഹ്-ഹാക്ക്, ക്വത്താദഃ ഹസൻ ബസ്വരീ, മുഹമ്മദുബ്നുകഅ്ബ് (റ) മുതലായവരിൽ നിന്ന് പല മാർഗങ്ങളിലൂടെയും നിവേദനം ചെയ്യപ്പെട്ടിട്ടുള്ള രിവായത്തുകളാണ് ഈ അഭിപ്രായത്തിനാധാരം. ഈ അഭിപ്രായവും, പ്രസ്തുത രിവായത്തുകളും ഉദ്ധരിക്കുക മാത്രമേ ഇമാം ഇബ്നു ജരീറും, ഇമാം ഇബ്നു കഥീറും (റ) അവരുടെ തഫ്സീറുകളിൽ ഇവിടെ ചെയ്തിട്ടുള്ളൂ. വേറെ അഭിപ്രായങ്ങളൊന്നും ഉദ്ധരിച്ചിട്ടുമില്ല. ക്വുർആന്റെ തുറന്ന ഭാഷയിലുള്ള ചിത്രീകരണവും, പ്രസ്തുത രിവായത്തുകളും മുമ്പിൽ വെച്ചുനോക്കുമ്പോൾ, രണ്ടാമത്തെ അഭിപ്രായത്തിനാണ് മുൻഗണന കാണുന്നത്. എങ്കിലും, റസൂൽ തിരുമേനിﷺയിൽ നിന്ന് ഒന്നും രേഖപ്പെട്ടു വന്നിട്ടില്ലാത്ത സ്ഥിതിക്ക് ഒന്നും ഉറപ്പിച്ചു പറയുവാൻ നിവൃത്തിയില്ലതാനും.

മേൽ സൂചിപ്പിച്ച രിവായത്തുകളുടെ സാരം മൊത്തത്തിൽ ഇതാണ്: ക്വുറൈശികൾ ബദ്റിലേക്കു പുറപ്പെട്ടപ്പോൾ, കിനാനഃ ഗോത്രത്തിൽപ്പെട്ട ബനൂബക്ർ ശാഖയിൽ നിന്ന് തങ്ങൾക്ക് വല്ല അനിഷ്ടസംഭവങ്ങളും നേരിട്ടേക്കുമോ എന്നൊരു ഭയം അവർക്കുണ്ടായിരുന്നു. അവർ തമ്മിൽ മുമ്പ് കഴിഞ്ഞിരുന്ന ഒരു യുദ്ധവഴക്കായിരുന്നു അതിന് കാരണം. ഈ ഭയാശങ്ക ഉപയോഗപ്പെടുത്തിക്കൊണ്ട് ആ ശാഖയിലെ ഒരു നേതാവായിരുന്ന സുറാക്വത്തുബ്നു മാലികിന്റെ വേഷത്തിൽ ഇബ്‌ലീസ് അവരെ സമീപിച്ചു. അവരുടെ സംരംഭങ്ങളെ പ്രശംസിക്കുകയും, ഞാൻ നിങ്ങളുടെ ഒന്നിച്ചുണ്ട്-നിങ്ങൾക്ക് ആരെയും ഭയപ്പെടേണ്ടതില്ല-വിജയം നിങ്ങൾക്ക് തീർച്ചയാണ് എന്നൊക്കെപ്പറഞ്ഞു അവരെ ധൈര്യപ്പെടുത്തി അവരുടെ ഒപ്പം കൂടുകയും ചെയ്തു. അവർ മുസ്‌ലിംകളുമായി സമീപിച്ചപ്പോൾ, മലക്കുകളുടെ വരവ് ഇബ്‌ലീസ് കണ്ടു. അതോടെ, 'ഞാൻ നിങ്ങളിൽ നിന്ന് ഇതാ ഒഴിഞ്ഞുമാറുന്നു. നിങ്ങൾക്ക് കണ്ടുകൂടാത്തത് ഞാൻ കാണുന്നു, എനിക്ക് വല്ല ആപത്തും ബാധിച്ചേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.' എന്നൊക്കെ പറഞ്ഞുകൊണ്ട് അവൻ പിൻവാങ്ങിക്കളഞ്ഞു. ഇതാണ് ചുരുക്കം.

ഇബ്‌ലീസ് മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുകയെന്ന ഒരസാധാരണത്വം ഇതിലടങ്ങിയിട്ടുണ്ടെങ്കിലും അതൊരു അസംഭവ്യ കാര്യമല്ലെന്ന് തീർച്ചതന്നെ. ബദ്ർ യുദ്ധത്തിൽ മലക്കുകൾ മുസ്‌ലിംകളുടെ പക്ഷത്ത് നടത്തിയ പ്രവർത്തനം എന്തുതന്നെ ആയിരുന്നാലും ശരി, അത് ബദ്ർ യുദ്ധത്തിന്റെ ഒരു പ്രത്യേകതയാണെന്നുള്ളതിൽ സംശയമില്ല. ആ സ്ഥിതിക്ക് മറ്റുസന്ദർഭങ്ങളിലൊന്നും പതിവില്ലാത്തവിധം അതിൽ മുശ്‌രിക്കുകളുടെ പക്ഷത്ത് ഒരു പങ്ക് ഇബ്‌ലീസും അഭിനയിച്ചുവെങ്കിൽ അതിൽ അസാംഗത്യമില്ല. സുറാക്വത്തിന്റെയോ മറ്റോ വേഷത്തിൽ പ്രത്യക്ഷപ്പെട്ടത് ശരിയായാലും, അല്ലെങ്കിലും ഈ യുദ്ധത്തിൽ അവൻ അവനാൽ കഴിയുന്ന പ്രത്യേക പങ്ക് വഹിച്ചിരിക്കുവാനാണ് ന്യായവും. ബദ്ർ യുദ്ധസംബന്ധമായ പരാമർശങ്ങൾക്കിടയിൽ ഈ സംഭവം അല്ലാഹു വിവരിച്ചതിൽ നിന്ന് അതാണ് മനസ്സിലാക്കേണ്ടതും. കേവലം ഒരു ഉപമാരൂപത്തിൽ മാത്രമുള്ള ഒരു ചിത്രീകരണമാണതെന്ന് വെക്കാവതല്ലാത്തവിധം തുറന്ന ഭാഷയിലാണ് ഈ വചനമെന്നും ഓർക്കേണ്ടതുണ്ട്. الله اعلم

വിഭാഗം - 7

إِذْ يَقُولُ ٱلْمُنَٰفِقُونَ وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ غَرَّ هَٰٓؤُلَآءِ دِينُهُمْ ۗ وَمَن يَتَوَكَّلْ عَلَى ٱللَّهِ فَإِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٤٩﴾

﴿49﴾ കപടവിശ്വാസികളും, തങ്ങളുടെ ഹൃദയങ്ങളിൽ ഒരു (തരം) രോഗമുള്ളവരും പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക): 'ഇക്കൂട്ടരെ അവരുടെ മതം വഞ്ചിച്ചു' വെന്ന്. ആരെങ്കിലും, അല്ലാഹുവിന്റെമേൽ ഭരമേൽപിക്കുന്നപക്ഷം, നിശ്ചയമായും അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാണ് (എന്ന് അറിഞ്ഞുകൊള്ളട്ടെ).

﴿49﴾ إِذْيَقُولُ പറയുന്ന (പറഞ്ഞിരുന്ന) സന്ദർഭം الْمُنَافِقُونَ കപട വിശ്വാസികൾ وَالَّذِينَ യാതൊരു കൂട്ടരും فِيقُلُوبِهِمْ അവരുടെ ഹൃദയങ്ങളിലുണ്ട് مَرَضٌ ഒരു (തരം) രോഗം غَرَّ വഞ്ചിച്ചു, ചതിപ്പെടുത്തിയിരിക്കുന്നു هَؤُلَاءِ ഈ കൂട്ടരെ دِينُهُمْ അവരുടെ മതം وَمَنْ ആരെങ്കിലും, വല്ലവരും, ആർ يَتَوَكَّلْ ഭരമേൽപ്പിക്കുന്ന (പക്ഷം) عَلَىاللهِ അല്ലാഹുവിന്റെമേൽ فَإِنَّاللهَ എന്നാൽ നിശ്ചയമായും അല്ലാഹു عَزِيزٌ പ്രതാപ ശാലിയാണ് حَكِيمٌ അഗാധജ്ഞനാണ്, യുക്തിമാനാണ്

എണ്ണത്തിലും ശക്തിയിലും എതിർപക്ഷത്തെ അപേക്ഷിച്ച് എത്രയോ കുറഞ്ഞ മുസ്‌ലിംകൾ, അവരെക്കാൾ എല്ലാ നിലക്കും വമ്പിച്ച ഒരു സൈന്യത്തോട് യുദ്ധത്തിന് തയ്യാറായത് കണ്ടപ്പോൾ, കപടവിശ്വാസികൾ മുസ്‌ലിംകളെപ്പറ്റി പറഞ്ഞ വാക്കാണിത്. 'ഇവർ വലിയ ഭോഷൻമാർതന്നെ' ഇവർക്ക് ഇവരുടെ മതത്തിലുള്ള വിശ്വാസം അതിരു കവിഞ്ഞുപോയി വഞ്ചിതരായിരിക്കുകയാണവർ' എന്ന് സാരം. ഹൃദയത്തിൽ ഒരുതരം രോഗമുള്ളവർ' എന്ന് പറഞ്ഞത് കപടവിശ്വാസികളെക്കുറിച്ചു തന്നെയോ, ദുർബ്ബല വിശ്വാസികളെക്കുറിച്ചോ ആവാം. അല്ലെങ്കിൽ, മുശ്‌രിക്കുകളുടെ ഇടയിൽ ഇസ്‌ലാമിനെ സംബന്ധിച്ച കോളിളക്കം ഉണ്ടായിത്തീരുകയും, വിശ്വാസം ഉറച്ചു കഴിയാതിരിക്കുകയും ചെയ്ത ചിലരെ ഉദ്ദേശിച്ചുമാവാം. അല്ലാഹുവിനറിയാം. ഏതായാലും അവർക്കുള്ള മറുപടിയാണ് അവസാനത്തെ വാക്യം. അല്ലാഹുവിൽ വിശ്വാസമർപ്പിച്ചും, അവനിൽ ഭരമേൽപിച്ചും വരുന്നവർക്ക്-അവർ എത്ര ദുർബ്ബലരായാലും-അവൻ സഹായം നൽകാതിരിക്കുകയില്ല. പ്രതാപവും യുക്തിജ്ഞാനവും തികഞ്ഞവനാണല്ലോ അവൻ എന്ന് താൽപര്യം.

وَلَوْ تَرَىٰٓ إِذْ يَتَوَفَّى ٱلَّذِينَ كَفَرُوا۟ ۙ ٱلْمَلَٰٓئِكَةُ يَضْرِبُونَ وُجُوهَهُمْ

﴿50﴾ അവിശ്വസിച്ചവരെ മലക്കുകൾ പിടിച്ചെടുക്കുന്ന [മരണപ്പെടുത്തുന്ന] സന്ദർഭം നീ കണ്ടിരുന്നുവെങ്കിൽ! അവരുടെ മുഖങ്ങളെയും, അവരുടെ പിൻഭാഗങ്ങളെയും അടിച്ചുംകൊണ്ട്.

وَأَدۡبَٰرَهُمۡ	[ഹാ! അതു വല്ലാത്തൊരു കാഴ്ച യായിരിക്കും!]
وَذُوقُواْ عَذَابَ ٱلۡحَرِيقِ ﴿٥٠﴾	'വെന്തു കരിച്ചിലിന്റെ ശിക്ഷ ആസ്വദിച്ചുകൊള്ളുവീൻ' (എന്നു പറയുകയും ചെയ്യും)
ذَٰلِكَ بِمَا قَدَّمَتۡ أَيۡدِيكُمۡ وَأَنَّ ٱللَّهَ لَيۡسَ بِظَلَّٰمٖ لِّلۡعَبِيدِ ﴿٥١﴾	﴿51﴾ (അവിശ്വാസികളേ) അത്, നിങ്ങളുടെ കരങ്ങൾ മുൻ ചെയ്തു വെച്ചത് നിമിത്തമാകുന്നു. അല്ലാഹു അടിമകളോട് അക്രമം പ്രവർത്തിക്കുന്നവനൊന്നുമല്ല എന്നുള്ളതും (നിമിത്തമാണ്)

﴿50﴾ وَلَوۡ تَرَىٰٓ നീ കണ്ടിരുന്നുവെങ്കിൽ, കാണുമായിരുന്നെങ്കിൽ إِذۡ يَتَوَفَّى പിടിച്ചെടുക്കുമ്പോൾ ٱلَّذِينَ كَفَرُواْ അവിശ്വസിച്ചവരെ ٱلۡمَلَٰٓئِكَةُ മലക്കുകൾ يَضۡرِبُونَ അവർ അടിച്ചുംകൊണ്ടു وُجُوهَهُمۡ അവരുടെ മുഖങ്ങളെ وَأَدۡبَٰرَهُمۡ അവരുടെ പിൻപുറങ്ങളെയും وَذُوقُواْ നിങ്ങൾ ആസ്വദിക്കുക (രുചി നോക്കുക- അനുഭവിക്കുക)യും ചെയ്യുവിൻ عَذَابَ ശിക്ഷയെ ٱلۡحَرِيقِ വെന്തു കരിച്ചലിന്റെ ﴿51﴾ ذَٰلِكَ അത് بِمَا قَدَّمَتۡ മുൻ ചെയ്തു വെച്ചത് നിമിത്തമാണ് أَيۡدِيكُمۡ നിങ്ങളുടെ കൈകൾ وَأَنَّ ٱللَّهَ അല്ലാഹു എന്നുള്ളതും لَيۡسَ അവനല്ല (എന്നുള്ളതും) بِظَلَّٰمٖ അക്രമം ചെയ്യുന്നവനേ لِّلۡعَبِيدِ അടിമകളോട്

മരണവേളയിൽ ആത്മാവിനെ പിടിച്ചെടുക്കുവാൻ നിയോഗിക്കപ്പെട്ട മലക്കുകൾ, അവിശ്വാസികളോട് വളരെ പരുഷമായും, കഠിനമായും പെരുമാറുമെന്നും സത്യവിശ്വാസികളോട് വളരെ സൗമ്യതയിലും, സന്തോഷത്തിലും പെരുമാറുമെന്നും ക്വുർആനിലും ഹദീഥിലും പലപ്പോഴും വ്യക്തമാക്കപ്പെട്ടിട്ടുള്ളതാകുന്നു. സൂഃ അൻആം 93-ൽ ചിലതെല്ലാം മുമ്പ് കണ്ടുവല്ലോ. ബദ്റിൽ വെച്ച് മുസ്‌ലിംകളാൽ കൊല്ലപ്പെട്ടവർ ദയനീയമാംവണ്ണം ഇഹലോകവാസം വെടിയേണ്ടി വന്നുവെന്ന് മാത്രമല്ല, മരണവേളയിൽ മലക്കുകളുടെ കൈക്കും അവർ വമ്പിച്ച യാതനകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ടെന്നാണ് ഇതിവിടെ പ്രസ്താവിച്ചതിലുള്ള സൂചന. അവിശ്വാസികളെ ആ മലക്കുകൾ അടിക്കുകയും, മർദ്ദിക്കുകയും ചെയ്യുന്ന ആ കാഴ്ച അതിഭയങ്കരമായിരിക്കും. അല്ലാഹു അവരോട് അക്രമം പ്രവർത്തിക്കുന്നതുകൊണ്ടല്ല-അവരുടെ പ്രവർത്തനം കൊണ്ടുതന്നെയാണ്- ആ അനുഭവം അവർക്ക് വന്നത്. ആരോടും യാതൊരു അനീതിയും ചെയ്യുന്നവനല്ല അല്ലാഹു എന്നൊക്കെയാണ് ഈ വചനത്തിൽ പറഞ്ഞതിന്റെ സാരം.

നബിﷺ അരുളിച്ചെയ്തതായി അബൂദർറിൽഗിഫാരീ (റ) ഉദ്ധരിക്കുന്നു: 'അല്ലാഹു പറയുകയാണ്: എന്റെ അടിയാൻമാരേ, എന്റെ സ്വന്തം പേരിൽ ഞാൻ അക്രമത്തെ നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾക്കിടയിലും ഞാൻ അതിനെ നിഷിദ്ധമാക്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങളന്യോന്യം അക്രമം ചെയ്യരുത്. എന്റെ അടിയാൻമാരേ, നിങ്ങളുടെ പ്രവർത്തനങ്ങളാണ് കാര്യം. അത് നിങ്ങൾക്ക് ഞാൻ സൂക്ഷ്മമായി കണക്കാക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ ആരെങ്കിലും(അതിൽ)വല്ല നന്മയും കണ്ടാൽ അവൻ അല്ലാ

ഹുവിനെ സ്തുതിച്ചുകൊള്ളട്ടെ. ആരെങ്കിലും മറ്റു വല്ലതും കണ്ടാൽ, അവൻ അവനെ ത്തന്നെയല്ലാതെ (മറ്റാരെയും) കുറ്റപ്പെടുത്താതിരുന്നുംകൊള്ളട്ടെ' (മു)

സത്യത്തെ എതിർത്തു നശിപ്പിക്കുവാൻ തുനിഞ്ഞ ധിക്കാരികളെ ദയനീയമായി പരാജയപ്പെടുത്തുകയെന്നത് ബദ്റിലെ മുശ്രിക്കുകളെ സംബന്ധിച്ചുണ്ടായ ഒരു പുതിയ സംഭവമൊന്നുമല്ല. അല്ലാഹുവിന്റെ ഒരു നടപടി ക്രമമാണത് എന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:-

كَدَأْبِ ءَالِ فِرْعَوْنَ ۙ وَٱلَّذِينَ مِن قَبْلِهِمْ ۚ كَفَرُوا۟ بِـَٔايَـٰتِ ٱللَّهِ فَأَخَذَهُمُ ٱللَّهُ بِذُنُوبِهِمْ ۗ

﴿52﴾ **ഫിർഔന്റെ ആൾക്കാരുടെയും അവരുടെ മുമ്പുള്ളവരുടെയും സമ്പ്രദായംപോലെ (ത്തന്നെ). അതായത്: അവർ അല്ലാഹുവിന്റെ 'ആയത്തു' [ലക്ഷ്യം]കളിൽ അവിശ്വസിച്ചു: അപ്പോൾ, അവരുടെ പാപങ്ങൾ നിമിത്തം അല്ലാഹു അവരെ പിടിച്ചു (ശിക്ഷിച്ചു)**

إِنَّ ٱللَّهَ قَوِىٌّ شَدِيدُ ٱلْعِقَابِ ﴿٥٢﴾

നിശ്ചയമായും അല്ലാഹു, ശക്തനാകുന്നു; ശിക്ഷാ നടപടി കഠിനമായവനാകുന്നു.

ذَٰلِكَ بِأَنَّ ٱللَّهَ لَمْ يَكُ مُغَيِّرًا نِّعْمَةً أَنْعَمَهَا عَلَىٰ قَوْمٍ حَتَّىٰ يُغَيِّرُوا۟ مَا بِأَنفُسِهِمْ ۙ وَأَنَّ ٱللَّهَ سَمِيعٌ عَلِيمٌ ﴿٥٣﴾

﴿53﴾ **അത്, ഒരു ജനതക്ക് അല്ലാഹു ചെയ്തുകൊടുത്ത ഒരനുഗ്രഹം അവൻ മാറ്റം വരുത്തുന്നവനല്ലെന്നുള്ളതുകൊണ്ടാണ്; അവർ തങ്ങളുടെ സ്വന്തത്തിലുള്ളതിനെ [സ്വന്തം സ്ഥിതിഗതികളെ] മാറ്റം വരുത്തുന്നതുവരേക്കും. അല്ലാഹു (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനുമാണെന്നുള്ളതും (കൊണ്ടാണ്)**

كَدَأْبِ ءَالِ فِرْعَوْنَ ۙ وَٱلَّذِينَ مِن قَبْلِهِمْ ۚ

﴿54﴾ **(അതെ) ഫിർഔന്റെ ആൾക്കാരുടെയും അവരുടെ മുമ്പുള്ളവരുടെയും സമ്പ്രദായംപോലെ (ത്തന്നെ)**

كَذَّبُوا۟ بِـَٔايَـٰتِ رَبِّهِمْ فَأَهْلَكْنَـٰهُم بِذُنُوبِهِمْ وَأَغْرَقْنَآ ءَالَ فِرْعَوْنَ ۚ

അതായത്: അവർതങ്ങളുടെ രക്ഷിതാവിന്റെ 'ആയത്തു' [ലക്ഷ്യം] കളെ വ്യാജമാക്കി; അപ്പോൾ അവരുടെ പാപങ്ങൾ നിമിത്തം നാം അവരെ നശിപ്പിച്ചു; ഫിർഔന്റെ ആൾക്കാരെ

وَكُلٌّ كَانُوا۟ ظَـٰلِمِينَ ﴿٥٤﴾

നാം മുക്കി നശിപ്പിക്കുകയും ചെയ്തു. എല്ലാവരും അക്രമികളുമായിരുന്നു.

﴾52﴿ كَدَأْبِ പതിവു (സമ്പ്രദായം) പോലെ آلِ فِرْعَوْنَ ഫിർഔന്റെ കൂട്ടരുടെ وَالَّذِينَ مِن قَبْلِهِمْ അവരുടെ മുമ്പുള്ളവരുടെയും كَفَرُوا അവർ അവിശ്വസിച്ചു بِآيَاتِ اللَّهِ അല്ലാഹുവിന്റെ ആയത്തു (ലക്ഷ്യം-ദൃഷ്ടാന്തം) കളിൽ فَأَخَذَهُمُ അപ്പോൾ അവരെ പിടിച്ചു, പിടികൂടി اللَّهُ അല്ലാഹു بِذُنُوبِهِمْ അവരുടെ പാപങ്ങൾ നിമിത്തം إِنَّ اللَّهَ നിശ്ച യമായും അല്ലാഹു قَوِيٌّ ശക്തനാകുന്നു شَدِيدُ കഠിനമായവനാണ് الْعِقَابِ ശിക്ഷാ നടപടി ﴾53﴿ ذَٰلِكَ അത് بِأَنَّ اللَّهَ അല്ലാഹു എന്നുള്ളതുകൊണ്ടാണ് لَمْ يَكُ അവനായിട്ടില്ല, അവനല്ല (എന്നുള്ളത്) مُغَيِّرًا മാറ്റം വരുത്തുന്നവൻ نِعْمَةً ഒരനുഗ്രഹത്തെ, ഒരനുഗ്രഹവും أَنْعَمَهَا അവൻ അത് (അനുഗ്രഹം) ചെയ്തുകൊടുത്തു عَلَىٰ قَوْمٍ ഒരു ജനതക്ക് حَتَّىٰ يُغَيِّرُوا അവർ മാറ്റം വരുത്തുന്നതുവരെ مَا بِأَنفُسِهِمْ അവരുടെ സ്വന്തങ്ങളിലുള്ളത് وَأَنَّ اللَّهَ അല്ലാഹു (ആകുന്നു) എന്നുള്ളതും سَمِيعٌ കേൾക്കുന്നവനാകുന്നു عَلِيمٌ അറിയുന്നവൻ. ﴾54﴿ كَدَأْبِ സമ്പ്രദായം (പതിവ്) പോലെ آلِ فِرْعَوْنَ ഫിർഔന്റെ കൂട്ടരുടെ وَالَّذِينَ مِن قَبْلِهِمْ അവരുടെ മുമ്പുള്ളവരുടെയും كَذَّبُوا അവർ വ്യാജമാക്കി, കളവാക്കി بِآيَاتِ ആയത്തുകളെ رَبِّهِمْ അവരുടെ റബ്ബിന്റെ فَأَهْلَكْنَاهُمْ അപ്പോൾ നാമവരെ നശിപ്പിച്ചു بِذُنُوبِهِمْ അവരുടെ പാപങ്ങൾ നിമിത്തം وَأَغْرَقْنَا നാം മുക്കിക്കളയുകയും ചെയ്തു آلَ فِرْعَوْنَ ഫിർഔന്റെ കൂട്ടരെ وَكُلٌّ എല്ലാവരും (തന്നെ) كَانُوا ആയിരുന്നു ظَالِمِينَ അക്രമികൾ

അവർക്ക് അല്ലാഹു പല അനുഗ്രഹങ്ങളും ചെയ്തുകൊടുത്തു. അതിന് നന്ദി കാണിക്കാതെ അവരുടെ സ്ഥിതിഗതികൾ അവർ മാറ്റിക്കളഞ്ഞു. നന്ദികേടും ധിക്കാരവുമാണ് അവർ കൈക്കൊണ്ടത്. അതെല്ലാം അല്ലാഹു ശരിക്കും കേട്ടും കണ്ടും കൊണ്ടിരിക്കുന്നുണ്ടായിരുന്നു. അപ്പോൾ, ആ അനുഗ്രഹങ്ങളെ അല്ലാഹു എടുത്തുകളയുകയും അവരുടെ ദുഷ്ചെയ്തികൾ കാരണം അവരെ ശിക്ഷിക്കുകയും ചെയ്തു. സൂഃ റഅ്ദിൽ അല്ലാഹു പറയുന്നു: إِنَّ اللَّهَ لَا يُغَيِّرُ مَا بِقَوْمٍ......فَلَا مَرَدَّ لَهُ (സാരം: ഒരു ജനതയുടെ സ്ഥിതിയെ, അവർ തങ്ങളിലുള്ള അവസ്ഥയെ സ്വയം മാറ്റുന്നതുവരെ, അല്ലാഹു മാറ്റം വരുത്തുകയില്ല. അല്ലാഹു ഒരു ജനതയിൽ വല്ല തിൻമയും ഉദ്ദേശിച്ചാൽ അതിനെ തട്ടിക്കളയുന്നതൊന്നും തന്നെയില്ല. (റഅ്ദ്: 11)

إِنَّ شَرَّ ٱلدَّوَآبِّ عِندَ ٱللَّهِ ٱلَّذِينَ كَفَرُوا۟ فَهُمْ لَا يُؤْمِنُونَ ﴿٥٥﴾

﴾55﴿ നിശ്ചയമായും അല്ലാഹുവിന്റെ അടുക്കൽ (ജീവ) ജന്തുക്കളിൽ വെച്ചു മോശപ്പെട്ടവർ യാതൊരു കൂട്ടരാണ്; അവർ അവിശ്വസിച്ചു; അതിനാൽ, അവർ വിശ്വസിക്കുകയില്ല. (ഇങ്ങിനെയുള്ളവരാകുന്നു)

ٱلَّذِينَ عَـٰهَدتَّ مِنْهُمْ ثُمَّ يَنقُضُونَ عَهْدَهُمْ فِى كُلِّ مَرَّةٍ وَهُمْ لَا يَتَّقُونَ ﴿٥٦﴾

﴿56﴾ അതായത് യാതൊരു കൂട്ടർ: അവരോട് നീ കരാറുവാങ്ങി; (എന്നിട്ട്) പിന്നെ, എല്ലാ പ്രാവശ്യത്തിലും തങ്ങളുടെ കരാർ അവർ ലംഘിച്ചുകൊണ്ടിരിക്കുന്നു: അവരാകട്ടെ, (അല്ലാഹുവിനെ) സൂക്ഷിക്കുന്നുമില്ല.

فَإِمَّا تَثْقَفَنَّهُمْ فِى ٱلْحَرْبِ فَشَرِّدْ بِهِم مَّنْ خَلْفَهُمْ لَعَلَّهُمْ يَذَّكَّرُونَ ﴿٥٧﴾

﴿57﴾ അതിനാൽ, യുദ്ധത്തിൽവെച്ചു (വല്ലപ്പോഴും) നീ അവരെ കണ്ടെത്തുന്നപക്ഷം, അവരെക്കൊണ്ട് അവരുടെ പിമ്പിലുള്ളവരെ (പാഠം പഠിപ്പിച്ച്) തുരത്തിക്കളയുക: അവർ ഉറ്റാലോചിച്ചേക്കാം.

وَإِمَّا تَخَافَنَّ مِن قَوْمٍ خِيَانَةً فَٱنۢبِذْ إِلَيْهِمْ عَلَىٰ سَوَآءٍ ۚ

﴿58﴾ വല്ല ജനതയിൽ നിന്നും നീ (വല്ലപ്പോഴും) ചതിയെ ഭയപ്പെടുന്നപക്ഷം, സമത്തിലായിക്കൊണ്ട് അവർക്ക് (അവരുടെ കരാറ് അങ്ങ്) ഇട്ടുകൊടുത്തേക്കുക.

إِنَّ ٱللَّهَ لَا يُحِبُّ ٱلْخَآئِنِينَ ﴿٥٨﴾

നിശ്ചയമായും, ചതിയൻമാരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.

﴿55﴾ إِنَّ شَرَّ നിശ്ചയമായും മോശം, മോശപ്പെട്ടവർ, الدَّوَابِّ ജന്തുക്കളിൽ, ജീവികളിലെ عِندَ اللَّهِ അല്ലാഹുവിന്റെ അടുക്കൽ الَّذِينَ യാതൊരുവരാണ് كَفَرُوا അവർ അവിശ്വസിച്ചു فَهُمْ എന്നിട്ട് (അതിനാൽ) അവർ لَا يُؤْمِنُونَ വിശ്വസിക്കുകയില്ല. ﴿56﴾ الَّذِينَ അതായത്, യാതൊരു കൂട്ടർ عَاهَدْتَ നീ കരാറു നടത്തി (വാങ്ങി) مِنْهُمْ അവരോട്, അവരിൽ നിന്ന് ثُمَّ يَنقُضُونَ പിന്നെ അവർ ലംഘിക്കുന്നു عَهْدَهُمْ തങ്ങളുടെ കരാറിനെ فِي كُلِّ مَرَّةٍ എല്ലാ പ്രാവശ്യവും وَهُمْ അവരാകട്ടെ لَا يَتَّقُونَ സൂക്ഷിക്കുന്നുമില്ല ﴿57﴾ فَإِمَّا അപ്പോൾ, വല്ലപ്പോഴുമെങ്കിൽ تَثْقَفَنَّهُمْ അവരെ നീ കണ്ടെത്തുന്നു (വെങ്കിൽ) فِي الْحَرْبِ യുദ്ധത്തിൽ വെച്ച് فَشَرِّدْ എന്നാൽ നീ തുരത്തിക്കളയുക بِهِم അവർ മൂലം അവരെക്കൊണ്ട് مَنْ خَلْفَهُمْ അവരുടെ പിമ്പിലുള്ളവരെ لَعَلَّهُمْ അവരായേക്കാം يَذَّكَّرُونَ അവർ ഉറ്റാലോചിക്കും. ﴿58﴾ وَإِمَّا تَخَافَنَّ നീ വല്ലപ്പോഴും ഭയപ്പെടുന്നപക്ഷം مِن قَوْمٍ വല്ല ജനതയിൽ നിന്നും خِيَانَةً ചതി, വല്ല വഞ്ചനയും فَانبِذْ എന്നാൽ നീ ഇട്ടുകളയുക, എറിയുക إِلَيْهِمْ അവരിലേക്ക് عَلَىٰ سَوَاءٍ സമത്തിലായി إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يُحِبُّ ഇഷ്ടപ്പെടുകയില്ല الْخَائِنِينَ ചതിയൻമാരെ.

സത്യവിശ്വാസം സ്വീകരിക്കാതെ, അവിശ്വാസത്തിലും നിഷേധത്തിലും ശഠിച്ചു നിൽക്കുകയും, അന്യോന്യം ഉടമ്പടിയും കരാറും ചെയ്താൽ സൂക്ഷ്മത പാലിക്കാതെ ലംഘിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ആളുകളാണ് ഭൂമുഖത്തുള്ള ജീവജന്തുക്കളിൽ വെച്ച് അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ദുഷ്ടൻമാർ. ഇങ്ങിനെയുള്ളവരെ യുദ്ധത്തിൽവെച്ച് പിടിയിൽ കിട്ടിയാൽ, അവരുടെ നേരെ ഒട്ടും ദയ കാണിക്കാതെ കൊല ചെയ്യുകയോ ബന്ധനത്തിലാക്കുകയോ വേണം. അങ്ങനെ, അവരുടെമേൽ സ്വീകരിക്കപ്പെടുന്ന ആ നിർദ്ദയ നടപടി അവരുടെ പിൻഗാമികൾക്ക് ഒരു പാഠമാക്കിത്തീർക്കുകയും, അവരുടെ മുന്നോട്ടുള്ള ഗതി പിന്നോട്ട് വെപ്പിക്കുകയും വേണം. ഇങ്ങിനെ ചെയ്താലേ അവർക്ക് തന്റേടം വരൂ. ഏതെങ്കിലും ജനങ്ങളുമായി വല്ല കരാറു വ്യവസ്ഥയും നിലവിലുള്ളപ്പോൾ, അവർ അതിലെ നിശ്ചയം പാലിക്കാതെ ചതിയും വഞ്ചനയും നടത്തുവാൻ ശ്രമിക്കുന്നതായി കണ്ടാൽ അവരോട് പെട്ടെന്ന് യുദ്ധത്തിനൊരുങ്ങാതെ, അവരുമായുള്ള കരാർ അങ്ങോട്ട് തിരിച്ചുകൊടുക്കണം. അഥവാ അത് ദുർബലപ്പെടുത്തിയിരിക്കുന്നുവെന്ന് അവരെ അറിയിക്കണം. അങ്ങിനെ ചെയ്യാതിരിക്കുന്നപക്ഷം-ആ കരാർ നിലവിലുള്ള സ്ഥിതിക്ക്-ആദ്യമേ അവരോട് യുദ്ധത്തിനൊരുങ്ങുന്നത് ചതിയായിരിക്കും. ആരോടും ചതി നടത്തുന്നത് അല്ലാഹുവിന് ഇഷ്ടമില്ലാത്ത കാര്യമാണ് എന്നൊക്കെയാണ് ഈ വചനങ്ങളിൽ പറഞ്ഞതിന്റെ സാരം.

കരാറുലംഘനം പതിവാക്കിയ എല്ലാ അവിശ്വാസികളെ സംബന്ധിച്ചും പൊതുവിലാണ് ഈ വചനങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളതെങ്കിലും യഹൂദികളാണ് ഈ ആക്ഷേപത്തിനു പ്രധാനമായും പാത്രമായിരിക്കുന്നതെന്ന് വ്യക്തമാകുന്നു. കരാറുലംഘനവും, വഞ്ചനകളും അവരുടെ ഒരു നിത്യപതിവായിരുന്നു. നബിﷺ മദീനയിൽ ചെന്ന ഉടനെത്തന്നെ, മുസ്‌ലിംകളോട് യുദ്ധം ചെയ്യുകയില്ലെന്നും, മുസ്‌ലിംകൾക്കെതിരായി ആരെയും സഹായിക്കുകയില്ലെന്നും അവരുമായി ഉടമ്പടി നടന്നിട്ടുണ്ടായിരുന്നു. ഒന്നിലധികം പ്രാവശ്യം അവരത് ലംഘിക്കുകയും, മുശ്‌രിക്കുകൾക്ക് ആയുധം നൽകിയും മറ്റും അവരെ സഹായിക്കുകയുമുണ്ടായി. അത് നിമിത്തമാണ് അവസാനം അവർ മദീനയിൽനിന്ന് കൂട്ടത്തോടെ നാടുകടത്തപ്പെട്ടതും.

മുആവിയാ (റ) ഖലീഫഃയായിരുന്ന കാലത്ത് അദ്ദേഹവും റോമക്കാരുമായി ഉണ്ടായിരുന്ന ഒരു സന്ധി വ്യവസ്ഥയുടെ കാലം കഴിഞ്ഞാൽ ഉടനെ അവരുടെ നേരെ പടയെടുക്കുവാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നു. ഇതറിഞ്ഞപ്പോൾ, അംറുബ്നു അൻബസത്ത് (عمرو بن عنبسة رض) അദ്ദേഹത്തോട് പറഞ്ഞു: അല്ലാഹുഅക്ബർ! (കരാർ)നിറവേറ്റണം. വഞ്ചനപാടില്ല. റസൂൽﷺ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'ആർക്കെങ്കിലും അവരും വല്ല ജനതയും തമ്മിൽ എന്തെങ്കിലും കരാറുണ്ടായിരുന്നാൽ, അതിന്റെ അവധി എത്തുന്നതുവരെ ഒരു കെട്ട് അഴിക്കുവാനോ ഒരു കെട്ട് കെട്ടുവാനോ(അതിൽ വല്ലതും കുറക്കുവാനോ കൂട്ടുവാനോ) പാടില്ല. അല്ലെങ്കിൽ സമത്തിൽ (ഇങ്ങോട്ട് ചെയ്യുന്ന അതേമാതിരി) കരാർ അങ്ങോട്ട് ഇട്ടുകൊടുക്കുക. (റദ്ദ് ചെയ്യുക). ഇത് കേട്ടപ്പോൾ മുആവിയാ (റ)തന്റെ തീരുമാനത്തിൽ നിന്ന് മടങ്ങുകയുണ്ടായി. (അ. ദാ; തി; ന)

വിഭാഗം - 8

وَلَا يَحْسَبَنَّ ٱلَّذِينَ كَفَرُوا۟ سَبَقُوٓا۟ ۚ إِنَّهُمْ لَا يُعْجِزُونَ ﴿٥٩﴾

《59》 നിശ്ചയമായും അവിശ്വസിച്ചവർ ഗണിക്കേണ്ടാ. തങ്ങൾ (പിടികിട്ടാതെ മറികടന്നു പോയിരിക്കുന്നുവെന്ന്. നിശ്ചയമായും, അവർ (അല്ലാഹുവിനെ) അശക്തനാക്കുകയില്ല.

《59》 وَلَا يَحْسَبَنَّ നിശ്ചയമായും ഗണിക്കേണ്ട, കണക്കുകൂട്ടേണ്ട, വിചാരിക്കരുത് الَّذِينَ كَفَرُوا അവിശ്വസിച്ചവർ سَبَقُوا അവർ മറികടന്നുവെന്ന് إِنَّهُمْ നിശ്ചയമായും അവർ لَا يُعْجِزُونَ അവർ അശക്തരാക്കുക (കിട്ടാതാക്കുക)യില്ല; പരാജയപ്പെടുന്നതല്ല.

لَا يَحْسَبَنَّ എന്നതിന്റെ സ്ഥാനത്ത് لَا تَحْسَبَنَّ എന്നും വായനയുണ്ട്. 'അവിശ്വസിച്ചവരെ അവർ മുൻകടന്നുപോയിരിക്കുന്നതായി നീ ഗണിക്കേണ്ടാ' എന്നായിരിക്കും അപ്പോൾ അർത്ഥം. രണ്ടായാലും സാരം ഒന്നുതന്നെ, അതായത്, അല്ലാഹുവിനു പിടികിട്ടാത്തവിധം അവരെ പരാജയപ്പെടുത്തിക്കൊണ്ട് അവർ മുമ്പിൽ കടന്നു വിജയിച്ചു പോയിട്ടുണ്ടെന്ന് കരുതേണ്ട. അവനെ പരാജയപ്പെടുത്തുവാൻ അവർക്ക് സാധ്യമല്ല. എന്നു സാരം. എനി, ഇഹത്തിൽ വെച്ചു ഒന്നും സംഭവിച്ചില്ലെങ്കിൽ തന്നെ പരത്തിൽ അവർക്ക് രക്ഷയില്ലല്ലോ. അല്ലാഹു പറയുന്നു: 'അവിശ്വസിച്ചവർ രാജ്യങ്ങളിലൂടെ സ്വൈര വിഹാരം കൊള്ളുന്നത് നിന്നെ വഞ്ചിച്ചു കളയരുത്. അൽപമായ ഒരു സുഖാനുഭവമാണത്. പിന്നീട് അവരുടെ സങ്കേത സ്ഥാനം നരകമാകുന്നു.' (3:196, 197)

وَأَعِدُّوا۟ لَهُم مَّا ٱسْتَطَعْتُم مِّن قُوَّةٍ وَمِن رِّبَاطِ ٱلْخَيْلِ تُرْهِبُونَ بِهِۦ عَدُوَّ ٱللَّهِ وَعَدُوَّكُمْ وَءَاخَرِينَ مِن دُونِهِمْ لَا تَعْلَمُونَهُمُ ٱللَّهُ يَعْلَمُهُمْ ۚ

《60》 (സത്യവിശ്വാസികളേ) അവർക്കുവേണ്ടി നിങ്ങൾക്ക് സാധിക്കുന്നത്ര ശക്തിയും കെട്ടിനിറുത്തിയ (പോർ) കുതിരകളെയും നിങ്ങൾ ഒരുക്കുകയും ചെയ്യുവിൻ; അല്ലാഹുവിന്റെ ശത്രുവെയും, നിങ്ങളുടെ ശത്രുവെയും, അവർക്കുപുറമെ വേറെ ചിലരെയും അതുമൂലം നിങ്ങൾ പേടിപ്പെടുത്തുമാറ്: അവരെ(ക്കുറിച്ച്) നിങ്ങൾ അറിയുകയില്ല; അല്ലാഹു അവരെ(ക്കുറിച്ച്) അറിയുന്നതാണ്.

وَمَا تُنفِقُوا۟ مِن شَىْءٍ فِى سَبِيلِ ٱللَّهِ يُوَفَّ إِلَيْكُمْ وَأَنتُمْ لَا

അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ഏതൊരു വസ്തു ചിലവഴിക്കുന്നുവോ, അത് നിങ്ങൾക്ക് നിറവേ

تُظْلَمُونَ ﴿٦٠﴾ റ്റിത്തരപ്പെടുന്നതാണ്; നിങ്ങളാകട്ടെ നിങ്ങളോടു അനീതി ചെയ്യപ്പെടുക യില്ല താനും.

﴾60﴿ وَأَعِدُّوا നിങ്ങൾ ഒരുക്കുക (സജ്ജീകരിക്കുക)യും ചെയ്‌വിൻ لَهُمْ അവർക്കു വേണ്ടി, അവരോട് مَا اسْتَطَعْتُمْ നിങ്ങൾക്ക് കഴിയുന്നത്, സാദ്ധ്യമാകുന്നത്ര مِنْ قُوَّةٍ ശക്തി യിൽ നിന്ന്, ശക്തിയായിട്ട് وَمِنْ رِبَاطِ കെട്ടിനിറുത്തപ്പെട്ടതിൽനിന്നും, കെട്ടിനിറുത്തലായും الْخَيْلِ കുതിര(യിലെ), കുതിരയെ تُرْهِبُونَ നിങ്ങൾ പേടിപ്പെടുത്തുമാറ് بِهِ അതുമൂലം عَدُوَّ اللَّهِ അല്ലാഹുവിന്റെ ശത്രുവെ وَعَدُوَّكُمْ നിങ്ങളുടെ ശത്രുവെയും وَآخَرِينَ വേറെ ചിലരെയും, മറ്റുള്ളവരെയും مِنْ دُونِهِمْ അവർക്ക് പുറമെ, അവരെ കൂടാതെ لَا تَعْلَمُونَهُمُ അവരെ നിങ്ങൾ അറിയുന്നതല്ല اللَّهُ يَعْلَمُهُمْ അല്ലാഹു അവരെ അറിയുന്നതാണ് وَمَا تُنْفِقُوا നിങ്ങൾ എന്ത് ചിലവഴിക്കുന്നുവോ, എന്ത് ചിലവഴിക്കുന്നതായാലും مِنْ شَيْءٍ ഒരു വസ്തുവായിട്ട്, ഏതൊരു വസ്തുവെയും فِي سَبِيلِ മാർഗത്തിൽ اللَّهِ അല്ലാഹു വിന്റെ يُوَفَّ അത് നിറവേറ്റി (പൂർത്തിയാക്കി)ത്തരപ്പെടും إِلَيْكُمْ നിങ്ങൾക്ക്, നിങ്ങളി ലേക്ക് وَأَنْتُمْ നിങ്ങളാകട്ടെ لَا تُظْلَمُونَ നിങ്ങൾ അനീതി ചെയ്യപ്പെടുന്നതുമല്ല.

സത്യം തങ്ങളുടെ ഭാഗത്താണ്, സത്യത്തിന്റെ കക്ഷിയായ തങ്ങളെ അല്ലാഹു സഹാ യിച്ചുകൊള്ളും, അസത്യത്തിന്റെ കക്ഷിയെ അവൻ പരാജയപ്പെടുത്തുകയും ചെയ്യും എന്നുവെച്ച് സത്യവിശ്വാസികൾ അടങ്ങിയിരിക്കുവാൻ പാടില്ല. വേണ്ടിവരുമ്പോൾ ശത്രു ക്കളെ നേരിടുവാനും, ഇങ്ങോട്ട് വന്നു ആക്രമണം നടത്തുവാൻ അവർക്ക് ഭയം തോന്നു വാനും വേണ്ടി സത്യവിശ്വാസികൾ കഴിയുന്നത്ര ശക്തി സംഭരിച്ചുകൊണ്ടിരിക്കേണ്ട തുണ്ട് എന്ന് അല്ലാഹു ഉൽബോധിപ്പിക്കുന്നു. ശക്തി (قُوَّةٍ) എന്ന വാക്ക് ഒരു വ്യാപ കാർത്ഥത്തിലുള്ളതാണ്. കാലത്തിനും, പരിതഃസ്ഥിതികൾക്കും അനുസരിച്ചു ശത്രുക്ക ളെ നേരിടുവാൻ ഏതെല്ലാം തരത്തിലുള്ള ശക്തി വേണമോ അതെല്ലാം അതിൽ ഉൾപ്പെ ടുന്നു. ആയുധശക്തി, സാമ്പത്തികശക്തി, ബുദ്ധിപരവും നയപരവും സംഘടനാപരവു മായ ശക്തി എന്നിവയെല്ലാം അതിൽ അടങ്ങുന്നു. യുദ്ധമുഹൂർത്തം വരുമ്പോൾ മാത്രം അവയെക്കുറിച്ചു ചിന്തിച്ചാൽ പോരാ, നേരത്തെ തന്നെ ഇങ്ങിനെയുള്ള മുന്നൊരുക്ക ങ്ങൾ കരുതിവെക്കണം എന്നുകൂടി അല്ലാഹു ഓർമിപ്പിക്കുന്നു. മുൻകാലത്തുള്ള യുദ്ധ സജ്ജീകരണങ്ങളിൽ പ്രഥമസ്ഥാനം പടക്കുതിരകൾക്കായിരുന്നു. യുദ്ധപ്പയറ്റുകൾ പരി ശീലിപ്പിച്ചും പോഷണം നൽകിയും കൊണ്ട് ലക്ഷണമൊത്ത കുതിരകളെ അതിനായി ഒരുക്കിനിറുത്തലും അക്കാലത്ത് പതിവായിരുന്നു. ഈ യന്ത്രയുഗത്തിൽപോലും കുതി രപ്പട്ടാളത്തിന്റെ സ്ഥാനം തീരെ നഷ്ടപ്പെട്ടിട്ടില്ല. അതുകൊണ്ടാണ് പടക്കുതിരകളെ കെട്ടി നിറുത്തുന്നതിനെ(رِبَاطِ الْخَيْلِ)പറ്റി പ്രത്യേകം എടുത്തുപറയുവാൻ കാരണം. വാൾ, കുന്തം മുതലായ അന്നത്തെ യുദ്ധായുധങ്ങളെ അപേക്ഷിച്ച്, ശത്രുക്കളെ അകറ്റുവാൻ കൂടുതൽ ഉപയോഗപ്പെട്ടിരുന്ന ആയുധം അമ്പുകളായിരുന്നു. ഇന്ന് തോക്കിന്റെ സ്ഥാനം അന്ന് അമ്പിനായിരുന്നു. അതുകൊണ്ടാണ് ഈ വചനം ഓതിക്കൊണ്ട് ഒരു പ്രസംഗ

ത്തിൽ നബിﷺ ഇങ്ങിനെ ആവർത്തിച്ചു പറഞ്ഞത്: أَلاَ إِنَّ الْقُوَّةَ الرَّمْىُ (അറിഞ്ഞേക്കുക: നിശ്ചയമായും ശക്തിയെന്നാൽ അമ്പെയ്ത്താകുന്നു. (മു)

ശക്തി സംഭരിച്ചുവെക്കേണമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, അല്ലാഹുവിന്റെയും നിങ്ങളുടെയും ശത്രുക്കളായി ഇപ്പോൾ നിലവിലുള്ളവരെ ഭീതിപ്പെടുത്തുക മാത്രമല്ലെന്നും, വരാനിരിക്കുന്ന ശത്രുക്കളെക്കൂടി ഭീതിപ്പെടുത്തുക കൂടിയാണെന്നും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. പ്രത്യക്ഷത്തിൽ വന്നുകഴിഞ്ഞിട്ടില്ലാത്ത വേറെയും ശത്രുക്കൾ വരാനിരിക്കുന്നുണ്ട്. അവരെക്കുറിച്ച് ഇപ്പോൾ നിങ്ങൾക്കൊന്നും അറിയുകയില്ല. അല്ലാഹുവിന്നേ അറിയൂ എന്നൊക്കെയാണ് وَآخَرِينَ مِن دُونِهِمْ (അവർക്ക് പുറമെ മറ്റുചിലരെയും) എന്ന് തുടങ്ങിയ വാക്യത്തിന്റെ താൽപര്യം. ബദ്ർ യുദ്ധത്തിനു ശേഷം മുസ്‌ലിംകളുമായി യുദ്ധം നടത്തിയ എല്ലാ അറേബ്യൻ ശത്രുക്കളെയും, അധികം താമസിയാതെ അവർക്ക് ഏറ്റുമുട്ടേണ്ടി വന്ന വിദേശ ശത്രുക്കളെയും, ഭാവിയിൽ മുസ്‌ലിംകളുടെ നേരെ ആക്രമണത്തിന്നൊരുങ്ങിയേക്കുന്ന എല്ലാ ശത്രുക്കളെയും ഉദ്ദേശിച്ചാണിതെന്ന് പറയേണ്ടതില്ല. ശക്തി സംഭരിക്കുന്നതിന് പ്രധാനമായും ധനവ്യയമാണല്ലോ ആവശ്യം. അതുകൊണ്ട് അക്കാര്യവും അല്ലാഹു ഉണർത്താതിരുന്നിട്ടില്ല. അതെ, അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ എന്തുതന്നെ ചിലവഴിച്ചാലും യാതൊരു അനീതിയും കുറവും കൂടാതെ അതിന്റെ ഫലം നിങ്ങൾക്ക് പൂർത്തിയായി നൽകപ്പെടുന്നതാണ്. (وَمَا تُنفِقُوا مِن شَيْءٍ....) എന്ന് വാഗ്ദാനവും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുന്നതിന് എഴുന്നൂറിരട്ടിയും, അതിലധികവും പ്രതിഫലം നൽകുമെന്ന് (2:261)ൽ വാഗ്ദാനം ചെയ്തിട്ടുള്ളതും സ്മരണീയമാകുന്നു. ധർമയുദ്ധത്തിനുവേണ്ടി ചെയ്യുന്ന ത്യാഗങ്ങളുടെയും ധനവ്യയങ്ങളുടെയും പുണ്യഫലത്തെ സംബന്ധിച്ചു പ്രത്യേകമായി സൂ: തൗബഃ 120,121 വചനങ്ങളിൽ പ്രസ്താവിക്കുന്നുമുണ്ട്.

۞ وَإِن جَنَحُوا۟ لِلسَّلْمِ فَٱجْنَحْ لَهَا وَتَوَكَّلْ عَلَى ٱللَّهِ ۚ

﴾61﴿ (നബിയേ) അവർ സമാധാനത്തിനു (സന്ധിക്ക്) തുനിയുന്ന പക്ഷം, നീയും അതിനു തുനിയുക; അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുക.

إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٦١﴾

നിശ്ചയമായും, അവൻ തന്നെയാണ് (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും.

وَإِن يُرِيدُوٓا۟ أَن يَخْدَعُوكَ فَإِنَّ حَسْبَكَ ٱللَّهُ ۚ هُوَ ٱلَّذِىٓ أَيَّدَكَ بِنَصْرِهِۦ وَبِٱلْمُؤْمِنِينَ ﴿٦٢﴾

﴾62﴿ അവർ നിന്നെ വഞ്ചിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിലോ, അപ്പോൾ നിശ്ചയമായും നിനക്ക് അല്ലാഹു (തന്നെ)മതി. അവനത്രെ, തന്റെ സഹായം കൊണ്ടും, സത്യവിശ്വാസികളെക്കൊണ്ടും നിന്നെ ബലപ്പെടുത്തിത്തന്നവൻ.

وَأَلَّفَ بَيْنَ قُلُوبِهِمْ ۚ لَوْ أَنفَقْتَ مَا فِي ٱلْأَرْضِ جَمِيعًا مَّآ أَلَّفْتَ بَيْنَ قُلُوبِهِمْ وَلَٰكِنَّ ٱللَّهَ أَلَّفَ بَيْنَهُمْ ۚ إِنَّهُۥ عَزِيزٌ حَكِيمٌ ﴿٦٣﴾

﴾63﴿ അവരുടെ ഹൃദയങ്ങൾക്കിടയിൽ അവൻ ഇണക്കിച്ചേർക്കുകയും ചെയ്തിരിക്കുന്നു. ഭൂമിയിലുള്ളത് മുഴുവനും നീ ചിലവഴിച്ചിരുന്നാലും, അവരുടെ ഹൃദയങ്ങൾക്കിടയിൽ നീ ഇണക്കിച്ചേർക്കുമായിരുന്നില്ല. (നിനക്കതിന്ന് സാധിക്കുമായിരുന്നില്ല) എങ്കിലും, അവർക്കിടയിൽ അല്ലാഹു ഇണക്കിച്ചേർത്തിരിക്കുകയാണ്. നിശ്ചയമായും അവൻ, പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

﴾61﴿ وَإِن جَنَحُوا അവർ തുനിഞ്ഞാൽ, ചാഞ്ഞുവെങ്കിൽ لِلسَّلْمِ സമാധാനത്തിന് (സമാധാന സന്ധിയിലേക്ക്) فَاجْنَحْ നീയും തുനിയുക, ചായുക لَهَا അതിന്, അതിലേക്ക് وَتَوَكَّلْ നീ ഭരമേൽപിക്കുകയും ചെയ്യുക عَلَى اللَّهِ അല്ലാഹുവിന്റെ മേൽ إِنَّهُ هُوَ നിശ്ചയമായും അവൻ തന്നെ السَّمِيعُ കേൾക്കുന്നവൻ الْعَلِيمُ അറിയുന്നവൻ ﴾62﴿ وَإِن يُرِيدُوا അവർ ഉദ്ദേശിക്കുന്നുവെങ്കിലോ أَن يَخْدَعُوكَ അവർ നിന്നെ വഞ്ചിക്കുവാൻ فَإِنَّ حَسْبَكَ എന്നാൽ നിശ്ചയമായും നിനക്കുമതി, മതിയായവൻ اللَّهُ അല്ലാഹു, അല്ലാഹുവാകുന്നു هُوَ الَّذِي അവനത്രെ യാതൊരുവൻ أَيَّدَكَ നിന്നെ അവൻ ബലപ്പെടുത്തി بِنَصْرِهِ തന്റെ സഹായംകൊണ്ട് وَبِالْمُؤْمِنِينَ സത്യവിശ്വാസികളെക്കൊണ്ടും ﴾63﴿ وَأَلَّفَ അവൻ ഇണക്കുകയും ചെയ്തിരിക്കുന്നു بَيْنَ قُلُوبِهِمْ അവരുടെ ഹൃദയങ്ങൾക്കിടയിൽ لَوْ أَنفَقْتَ നീ ചിലവഴിച്ചിരുന്നെങ്കിൽ, ചിലവാക്കിയാലും مَا فِي الْأَرْضِ ഭൂമിയിലുള്ളത് جَمِيعًا മുഴുവനും مَا أَلَّفْتَ നീ ഇണക്കിച്ചേർക്കുകയില്ല بَيْنَ قُلُوبِهِمْ അവരുടെ ഹൃദയങ്ങൾക്കിടയിൽ وَلَٰكِنَّ اللَّهَ എങ്കിലും അല്ലാഹു أَلَّفَ ഇണക്കിയിരിക്കുന്നു بَيْنَهُمْ അവർക്കിടയിൽ إِنَّهُ നിശ്ചയമായും അവൻ عَزِيزٌ പ്രതാപശാലിയാണ് حَكِيمٌ അഗാധജ്ഞനാണ്, യുക്തിമാനാണ്.

വേണ്ടിവരുമ്പോൾ ഉപയോഗപ്പെടുത്തുവാനും, ശത്രുക്കളുടെ അക്രമണവാഞ്ഛ തടയുവാനും വേണ്ടി കഴിയുന്ന ശക്തി ഒരുക്കിവെക്കണമെന്ന് പറഞ്ഞശേഷം സമാധാന സന്ധിക്കുള്ള വല്ല ചായ്‌വും ശത്രുക്കളിൽ നിന്ന് കാണുന്നപക്ഷം, അവരോട് സന്ധി നടത്തി യുദ്ധം കൂടാതെ കഴിക്കണമെന്ന് നബി ﷺ യോട് കല്പിക്കുന്നു. പുറമെ സന്ധിക്ക് തയ്യാറാകുന്നുണ്ടെങ്കിലും ഉള്ളിൽ വല്ല വഞ്ചനയും അവർ ഉദ്ദേശിക്കുന്നുണ്ടാവാമെന്ന് ശങ്കിച്ചു അതിന് മടിക്കേണ്ടതില്ല. അല്ലാഹു എല്ലാം കണ്ടുംകേട്ടും അറിഞ്ഞുകൊണ്ടിരിക്കുന്നവനാണ്, വല്ല വഞ്ചനയും അവർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനു പരിഹാരം അല്ലാഹു ഉണ്ടാക്കിക്കൊള്ളും, അതിന് അവൻതന്നെ മതി എന്നൊക്കെ നബി ﷺ യെ സമാധാനിപ്പിക്കുകയും ചെയ്യുന്നു. തുടർന്നുകൊണ്ട് നബി ﷺ ക്ക് ലഭിച്ച ചില അനുഗ്രഹങ്ങളെ അനുസ്മരിപ്പിക്കുന്നു. ഇതിന് മുമ്പും പല സഹായങ്ങളും നൽകിയിട്ടുള്ളതും,

അച്ചടക്കവും അനുസരണവും ത്യാഗസന്നദ്ധതയും ഒത്തിണങ്ങിയ ഒരു അനുയായി വൃന്ദത്തെ സജ്ജമാക്കിക്കൊടുത്തതും ഒരു കാലത്തും, ഒത്തിണങ്ങാത്തവണ്ണം ശത്രുത യിൽ വർത്തിച്ചു വന്നിരുന്ന ആ ഹൃദയങ്ങളെ തമ്മിൽതമ്മിൽ ഇണക്കിച്ചേർത്തു ഒരേ ശരീരത്തിന്റെ അവയവങ്ങൾ കണക്കെ ഒറ്റക്കെട്ടായി മാറ്റിക്കൊടുത്തതുമൊക്കെ അല്ലാ ഹുതന്നെയാണല്ലോ. അഥവാ, അതുപോലെ, മേലിലും അവന്റെ സഹായവും അനുഗ്ര ഹവും ലഭിച്ചുകൊണ്ടിരിക്കുമെന്നുള്ള ഒരു സൂചനയാണിത്.

മുഹാജിറുകളും അൻസ്വാരികളും ചേർന്നതാണ് അന്ന് സത്യവിശ്വാസികളുടെ സമൂഹം. അൻസ്വാരികളാകട്ടെ, ഔസ്, ഖസ്റജ് എന്നു രണ്ടു ഗോത്രക്കാരാണ്. ഇസ്ലാ മിന്റെ ആവിർഭാവത്തിനു മുമ്പ് രണ്ടു ഗോത്രങ്ങളും തമ്മിൽ അതികഠിനമായ ശത്രുത യിലായിരുന്നു. യുദ്ധങ്ങളുടെയും കക്ഷിവഴക്കുകളുടെയും ഒരു നീണ്ടകാലത്തെ ചരിത്രം തന്നെ അവർക്കുണ്ട്. ഓരോ ഗോത്രവും മറ്റേ ഗോത്രത്തിനെതിരിൽ ആരെയും കൂട്ടുപി ടിക്കുകയും, ആരോടും സഖ്യത്തിലേർപ്പെടുകയും ചെയ്യും. സന്ധിസംസാരങ്ങൾക്കോ സഖ്യസംരംഭങ്ങൾക്കോ, പഴുതില്ലാത്തവിധം ജാത്യാവിരോധികളായിരുന്നു അവർ. അവർ ഇസ്ലാമിൽ പ്രവേശിച്ചതോടുകൂടി അതെല്ലാം തുടച്ചുനീക്കപ്പെട്ടു. സത്യവിശ്വാസമാ കുന്ന ചരടിൽ എല്ലാവരും കോർത്തിണക്കപ്പെട്ടു. ഏകോദര സഹോദരങ്ങളെപ്പോലെ- അല്ല, ഏകശരീരാംഗങ്ങളെപ്പോലെ- ആയിത്തീർന്നു. ഇത്രതന്നെ ശക്തമായിരുന്നി ല്ലെങ്കിലും മുഹാജിറുകളുടെയും സ്ഥിതി ഇതുപോലെതന്നെയായിരുന്നു. ഭൂമിയിലെ വിഭ വങ്ങൾ മുഴുവനും ചിലവഴിച്ചാലും അവരെ ഇണക്കിച്ചേർക്കുവാൻ നിനക്ക് കഴിയുമാ യിരുന്നില്ല എന്നും, അല്ലാഹുവാണ് അവരെ ഇണക്കി യോജിപ്പിച്ചത് എന്നും (لَوْ أَنفَقْتَ مَا فِي الْأَرْضِ...)പറഞ്ഞത് മൊത്തത്തിൽ രണ്ടുകൂട്ടരെ സംബന്ധിച്ചാകാമെ ങ്കിലും അൻസ്വാരികളെ സംബന്ധിച്ചിടത്തോളം അത് കൂടുതൽ അർത്ഥവത്താകുന്നു.

ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ഇപ്രകാരം നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു: കുടുംബബന്ധം മുറിക്കപ്പെടാറുണ്ട്. അനുഗ്രഹത്തോട് നന്ദികേട് കാണിക്കപ്പെടാറുമുണ്ട്. എന്നാൽ, ഹൃദയങ്ങൾക്കിടയിൽ അല്ലാഹു അടുപ്പം നൽകിയാൽ (പിന്നെ) അതിനെ ഒന്നും തന്നെ നീക്കിക്കളയുന്നതല്ല. 'തുടർന്നുകൊണ്ടു അദ്ദേഹം ...لَوْ أَنفَقْتَ مَا فِي الْأَرْضِ എന്നുള്ള ഈ വചനം ഓതുകയും ചെയ്തു. (ഹാകിം) ത്വബ്റാനീ (റ)യും മറ്റും ഉദ്ധ രിച്ച ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാകുന്നു: 'ഒരു മുസ്ലിം അവന്റെ മുസ്ലിമായ സഹോദരനെ കാണുമ്പോൾ സന്തോഷപൂർവ്വം, അവന് കൈകൊടുത്താൽ, ഉണങ്ങിയ മരത്തിന്റെ ഇല കാറ്റിൽ കൊഴിഞ്ഞു വീഴുന്നതുപോലെ അവരുടെ പാപങ്ങൾ കൊഴി ഞ്ഞുപോകും.' ഇമാംബൈഹകീ-അദ്ദേഹത്തിന്റെ ശഅബുൽ ഈമാൻ എന്ന ഗ്രന്ഥ ത്തിൽ-ഉദ്ധരിച്ച ഒരു ഹദീഥിൽ നബിﷺ ഇങ്ങിനെ പറഞ്ഞതായും വന്നിട്ടുണ്ട്: 'സത്യ വിശ്വാസത്തിന്റെ പിടിക്കയറുകളിൽ വെച്ച് അധികം ഉറപ്പുള്ളത്, അല്ലാഹുവിന്റെ കാര്യ ത്തിൽ അന്യോന്യം മൈത്രി സ്ഥാപിക്കലും, അല്ലാഹുവിന്റെ കാര്യത്തിൽ സ്നേഹി ക്കലും, അല്ലാഹുവിന്റെ കാര്യത്തിൽ വെറുക്കലുമാകുന്നു.'

يَـٰٓأَيُّهَا ٱلنَّبِىُّ حَسْبُكَ ٱللَّهُ وَمَنِ ٱتَّبَعَكَ مِنَ ٱلْمُؤْمِنِينَ ﴿٦٤﴾

﴾64﴿ **ഹേ, നബിയേ, നിനക്കും, സത്യവിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റിയിട്ടുള്ളവർക്കും അല്ലാഹു (തന്നെ) മതി.**

﴾64﴿ يَاأَيُّهَا النَّبِيُّ ഹേ നബിയേ حَسْبُكَ നിനക്കുമതി, മതിയായവനാണ് اللَّهُ അല്ലാഹു وَمَنِ اتَّبَعَكَ നിന്നെ പിൻപറ്റിയവർക്കും, പിൻപറ്റിയവരും مِنَ الْمُؤْمِنِينَ സത്യ വിശ്വാസികളിൽനിന്ന്, വിശ്വാസികളായി

വാചകഘടന നോക്കുമ്പോൾ ഈ വചനത്തിന് രണ്ടു പ്രകാരത്തിൽ അർത്ഥം വരുവാൻ സാധ്യതയുണ്ട്:

(1) പരിഭാഷയിൽ കണ്ടതുപോലെ, 'നിനക്കും സത്യവിശ്വാസികളിൽ നിന്ന് തന്നെ പിൻപറ്റിയവർക്കും അല്ലാഹു മതി' എന്നും,

(2) 'നിനക്ക് അല്ലാഹുവും, സത്യവിശ്വാസികളിൽ നിന്ന് നിന്നെ പിൻപറ്റിയവരും മതി' എന്നും. ഒന്നാമത്തെ അർത്ഥമാണ് പല വ്യാഖ്യാതാക്കളും സ്വീകരിച്ചിരുന്നത്. അതാണ് ശരിയായത് എന്നത്രെ ഇമാം ഇബ്നുതൈമിയ്യഃ (റ) മുതലായവരുടെ അഭിപ്രായം (*) രണ്ടാമത്തെ അർത്ഥവും തെറ്റല്ലെന്നും പലരും പ്രസ്താവിച്ചു കാണാം. 62-ാം വചനത്തിൽ هُوَ الَّذِي أَيَّدَكَ بِنَصْرِهِ وَبِالْمُؤْمِنِينَ (അവനത്രെ തന്റെ സഹായം കൊണ്ടും സത്യവിശ്വാസികളെക്കൊണ്ടും നിന്നെ ബലപ്പെടുത്തിയവൻ) എന്ന് പറഞ്ഞിരിക്കുന്നുവല്ലോ. വ്യാകരണപരമായി മുൻഗണന അർഹിക്കുന്നത് ഈ അർത്ഥമാണെന്നും ചൂണ്ടിക്കാട്ടപ്പെട്ടിരിക്കുന്നു. (**) സഹായവും ശക്തിയും ലഭിക്കുന്നത് യഥാർത്ഥത്തിൽ അല്ലാഹുവിൽ നിന്നാണെങ്കിലും സത്യവിശ്വാസികളായ അനുയായികളും നബിﷺക്ക് ശക്തി നൽകുന്നതാണല്ലോ. രണ്ടിൽ ഏതർത്ഥം സ്വീകരിക്കപ്പെട്ടാലും ശരി സത്യവിശ്വാസികളായ അനുയായികളുടെ എണ്ണം കുറവായാലും അധികമായാലും അല്ലാഹുവിന്റെ സഹായം നിങ്ങൾക്കുണ്ടായിരിക്കുമെന്നും, അവന്റെ സഹായം മാത്രം ഉണ്ടായാൽ മതി നിങ്ങൾക്ക് എന്നുമായിരിക്കും ആയത്തിന്റെ താൽപര്യം.

വിഭാഗം - 9

يَٰٓأَيُّهَا ٱلنَّبِيُّ حَرِّضِ ٱلْمُؤْمِنِينَ عَلَى ٱلْقِتَالِ ۚ إِن يَكُن مِّنكُمْ عِشْرُونَ صَٰبِرُونَ يَغْلِبُوا۟ مِا۟ئَتَيْنِ ۚ وَإِن يَكُن مِّنكُم مِّا۟ئَةٌ يَغْلِبُوٓا۟ أَلْفًا مِّنَ ٱلَّذِينَ كَفَرُوا۟ بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ ﴿٦٥﴾

﴾65﴿ ഹേ, നബിയേ, സത്യവിശ്വാസികളെ യുദ്ധത്തിനു പ്രോൽസാഹിപ്പിക്കുക, നിങ്ങളുടെ കൂട്ടത്തിൽ ക്ഷമാശീലരായ ഇരുപത് പേരുണ്ടായിരുന്നാൽ, അവർ ഇരുനൂറ് പേരെ ജയിച്ചടക്കുന്നതാണ്; നിങ്ങളുടെ കൂട്ടത്തിൽ നൂറുപേരുണ്ടായിരുന്നാൽ, അവിശ്വസിച്ചവരിൽനിന്ന് ആയിരം പേരെയും അവർ ജയിച്ചടക്കുന്നതാണ്; അവർ (കാര്യം) ഗ്രഹിക്കാത്ത ഒരു ജനതയാണെന്നുള്ളതു കൊണ്ടാണ് (അത്)

(*) كما صرّح به فى اقتضاء الصراط المستقيم

(**)بعنى ان عطف الظاهر على المضمر فى هذه السورة ممتنع اه فتح القدير وغيره

ٱلْـَٔـٰنَ خَفَّفَ ٱللَّهُ عَنكُمْ وَعَلِمَ أَنَّ فِيكُمْ ضَعْفًا ۚ

﴿66﴾ ഇപ്പോൾ, അല്ലാഹു നിങ്ങൾക്ക് ലഘുവാക്കി (ഇളവ് ചെയ്തു) തന്നിരിക്കുന്നു; നിങ്ങളിൽ ഒരു (തരം) ദൗർബല്യം ഉണ്ടെന്നുള്ളത് അവൻ അറിയുകയും ചെയ്തിരിക്കുന്നു.

فَإِن يَكُن مِّنكُم مِّائَةٌ صَابِرَةٌ يَغْلِبُوا۟ مِائَتَيْنِ ۚ وَإِن يَكُن مِّنكُمْ أَلْفٌ يَغْلِبُوٓا۟ أَلْفَيْنِ بِإِذْنِ ٱللَّهِ ۗ

ആകയാൽ, നിങ്ങളുടെ കൂട്ടത്തിൽ ക്ഷമാശീലരായ നൂറുപേരുണ്ടായിരുന്നാൽ, അവർ ഇരുനൂറു പേരെ ജയിച്ചടക്കുന്നതാണ്. നിങ്ങളുടെ കൂട്ടത്തിൽ ആയിരം പേരുണ്ടായിരുന്നാൽ, അവർ രണ്ടായിരം പേരെയും ജയിച്ചടക്കും-അല്ലാഹുവിന്റെ അനുവാദം (ഉത്തരവു)കൊണ്ട്.

وَٱللَّهُ مَعَ ٱلصَّـٰبِرِينَ ﴿٦٦﴾

അല്ലാഹുവാകട്ടെ, ക്ഷമാശീലരോടുകൂടെയായിരിക്കും.

﴿65﴾ يَاأَيُّهَا النَّبِيُّ ഹേ നബിയേ حَرِّضِ നീ പ്രോൽസാഹിപ്പിക്കുക الْمُؤْمِنِينَ സത്യവിശ്വാസികളെ عَلَى الْقِتَالِ യുദ്ധത്തിന് إِنْ يَكُنْ ഉണ്ടായിരുന്നാൽ مِنْكُمْ നിങ്ങളിൽ നിന്ന്, നിങ്ങളുടെ കൂട്ടത്തിൽ عِشْرُونَ ഇരുപതു (പേർ) صَابِرُونَ ക്ഷമയുള്ളവരായ يَغْلِبُوا അവർ ജയിച്ചടക്കും مِائَتَيْنِ ഇരുനൂറു (പേരെ) وَإِنْ يَكُنْ ഉണ്ടായിരുന്നാലോ مِنْكُمْ നിങ്ങളുടെ കൂട്ടത്തിൽ مِائَةٌ നൂറു (ആളുകൾ) يَغْلِبُوا അവർ ജയിച്ചടക്കും أَلْفًا ആയിരം (പേരെ) مِنَ الَّذِينَ كَفَرُوا അവിശ്വസിച്ചവരിൽ നിന്ന് بِأَنَّهُمْ അവർ (ആകുന്നു) എന്നതുകൊണ്ടാണ് قَوْمٌ ഒരു ജനത (യാകുന്നു) لَا يَفْقَهُونَ ഗ്രഹിക്കാത്ത, കാര്യം മനസ്സിലാക്കാത്ത. ﴿66﴾ الْآنَ ഇപ്പോൾ, ഇസ്സമയം خَفَّفَ اللَّهُ അല്ലാഹു ലഘുവാക്കിയിരിക്കുന്നു عَنْكُمْ നിങ്ങൾക്ക് وَعَلِمَ അവൻ അറിയുകയും ചെയ്തിരിക്കുന്നു أَنَّ فِيكُمْ നിങ്ങളിലുണ്ടെന്ന് ضَعْفًا ഒരു ദൗർബല്യം, ബലഹീനത فَإِنْ يَكُنْ എന്നാൽ (അതിനാൽ) ഉണ്ടായിരുന്നാൽ مِنْكُمْ നിങ്ങളിൽ നിന്ന് مِائَةٌ നൂറു (പേർ) صَابِرَةٌ ക്ഷമിക്കുന്ന, ക്ഷമയുള്ളവരായ يَغْلِبُوا അവർ ജയിക്കും مِائَتَيْنِ ഇരുനൂറു (പേരെ) وَإِنْ يَكُنْ مِنْكُمْ നിങ്ങളിൽ (നിങ്ങളുടെ കൂട്ടത്തിൽ) നിന്നുണ്ടായിരുന്നാൽ أَلْفٌ ആയിരം (പേർ) يَغْلِبُوا അവർ ജയിക്കും أَلْفَيْنِ രണ്ടായിരം (ആളുകളെ) بِإِذْنِ اللَّهِ അല്ലാഹുവിന്റെ അനുമതി(സമ്മതം-ഉത്തരവു) കൊണ്ട് وَاللَّهُ അല്ലാഹു مَعَ الصَّابِرِينَ ക്ഷമിക്കുന്നവരുടെ കൂടെയായിരിക്കും.

നബിﷺക്കും സത്യവിശ്വാസികൾക്കും അല്ലാഹുവിന്റെ സഹായം മതിയെന്ന സന്തോഷവാർത്ത അറിയിച്ചതിനെ തുടർന്ന് സത്യവിശ്വാസികളെ യുദ്ധത്തിന് പ്രേരിപ്പിക്കുവാൻ കൽപിക്കുകയും, അവർ ക്ഷമയും സഹനവും കൈക്കൊള്ളുന്നപക്ഷം അവരെക്കാൾ വർദ്ധിച്ച ശത്രുക്കളെ ജയിച്ചടക്കുവാൻ അവർക്ക് കഴിയുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ശത്രുക്കളുമായി ധർമയുദ്ധം നടത്തേണ്ടതിന്റെ ആവശ്യകതയും, അതിൽ ധനവും ശരീരവും വിനിയോഗിക്കുന്നതിന് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്ന പുണ്യഫലങ്ങളും മറ്റും വിവരിച്ചുകൊണ്ട് സ്വഹാബികളെ നബിﷺ യുദ്ധത്തിനു പ്രോൽസാഹിപ്പിക്കുക പതിവായിരുന്നുവെന്നും, സ്വഹാബികളിൽ അത് വളരെയധികം ആവേശം ഉളവാക്കിയിരുന്നുവെന്നുമുള്ളത് ചരിത്ര പ്രസിദ്ധമാണ്. ബദ്ർ യുദ്ധവേളയിൽ സൈന്യത്തെ പ്രോൽസാഹിപ്പിച്ചു കൊണ്ടിരിക്കുന്ന കൂട്ടത്തിൽ നബിﷺ പറയുകയുണ്ടായി: 'മുഹമ്മദിന്റെ ആത്മാവ് യാതൊരുവന്റെ കയ്യിലാണോ അവൻ തന്നെ സത്യം! ഇന്ന് അവരോട് ഏതെങ്കിലും ഒരാൾ യുദ്ധം ചെയ്യുകയും, എന്നിട്ട് ക്ഷമിച്ചു പാരത്രിക പ്രതിഫലം മോഹിച്ചു പിൻവാങ്ങാതെ മുന്നോട്ട് ഗമിച്ചുകൊണ്ട് കൊല്ലപ്പെടുകയും ചെയ്യുന്നപക്ഷം, അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കാതിരിക്കുകയില്ല. ഇത് കേട്ടപ്പോൾ, കാരക്ക തിന്നുകൊണ്ടിരിക്കുകയായിരുന്ന ഉമൈറുബ്നു ഹുമാം (റ): 'ഹാ! ഹാ! എനിക്കു സ്വർഗത്തിൽ പ്രവേശിക്കുവാൻ ഇക്കൂട്ടർ എന്നെ കൊലപ്പെടുത്തുകയേ വേണ്ടൂ!' എന്ന് പറഞ്ഞുകൊണ്ട് കയ്യിലുണ്ടായിരുന്ന കാരക്ക എറിഞ്ഞുകളഞ്ഞു. വാളെടുത്തു ശത്രുക്കൾക്കിടയിൽ തിരക്കിക്കടന്നു പടവെട്ടുകയായി. അദ്ദേഹം അതിൽ രക്തസാക്ഷിയാകുകയും ചെയ്തു. رضى الله عنه ഇത്പോലെ പല ഉദാഹരണങ്ങളും ചരിത്രത്തിൽ കാണാം.

ആദ്യത്തെ വചനത്തിൽ, ക്ഷമാശീലരായ ഇരുപത് സത്യവിശ്വാസികൾ ഇരുനൂറു അവിശ്വാസികളെയും, ക്ഷമാശീലരായ നൂറുസത്യവിശ്വാസികൾ ആയിരം അവിശ്വാസികളെയും ജയിക്കുമെന്ന്- അഥവാ, പത്തിരട്ടി വരുന്ന ശത്രുക്കളെ ജയിച്ചടക്കുവാൻ സത്യവിശ്വാസികൾക്ക് സാധിക്കുമെന്ന്- അല്ലാഹു അറിയിക്കുന്നു. ബാഹ്യത്തിൽ ഇതൊരു വാഗ്ദാനരൂപത്തിലുള്ള വാർത്തയായിട്ടാണുള്ളതെങ്കിലും ആശയം നോക്കുമ്പോൾ, അതൊരു കൽപനാരൂപത്തിലുള്ളതാണെന്നു കാണാവുന്നതാണ്. ശത്രുക്കൾ പത്തിരട്ടിയായാലും അവരോട് ക്ഷമാപൂർവ്വം നേരിടണമെന്നും, ക്ഷമിച്ചുനിന്നാൽ അവരെ ജയിക്കാമെന്നുമാണല്ലോ അതിന്റെ സാരം. ഇതിന് കാരണവും അല്ലാഹു തന്നെ ചൂണ്ടിക്കാട്ടിയിരിക്കുന്നു بِأَنَّهُمْ قَوْمٌ لَّا يَفْقَهُونَ (അവർ കാര്യം ഗ്രഹിക്കാത്ത ജനങ്ങളാണെന്നുള്ളതുകൊണ്ട്) എന്ന്. അതായത് അല്ലാഹുവിന്റെ വാക്യം ഉയർത്തുവാൻ വേണ്ടിയും, അവന്റെ കല്പന അനുസരിച്ചുകൊണ്ടും, അവന്റെ പക്കൽ നിന്നുള്ള പുണ്യഫലം ലക്ഷ്യമാക്കിക്കൊണ്ടും യുദ്ധത്തിൽ പങ്കെടുക്കുന്നവരും, പേരിനും പെരുമക്കും ദുർവാശിക്കും വേണ്ടി യുദ്ധത്തിൽ പങ്കെടുക്കുന്നവരും തമ്മിലുള്ള വ്യത്യാസവും, അതതിന്റെ അനന്തരനേട്ടങ്ങളും, മനസ്സിലാക്കാത്തവരാണവർ. അതുകൊണ്ട് ജീവനോടെ രക്ഷപ്പെട്ടു ജയിക്കണം. അത് സാധ്യമാകാത്തപക്ഷം, പരാജയം വരിച്ചു പിൻമാറണം എന്നേ അവർക്ക് ഉദ്ദേശ്യമുള്ളൂ. സത്യവിശ്വാസികളുടെ നില അതല്ല. രക്ഷപ്പെട്ടാൽ അത് തങ്ങൾക്കും തങ്ങളുടെ മതത്തിനും ലഭിക്കുന്ന വിജയം. മരണപ്പെട്ടാലും തങ്ങൾക്ക് വിജയം തന്നെ. അതെ, ശാശ്വത സ്വർഗം! തങ്ങളുടെ ശേഷവും മതത്തെ അല്ലാഹു വിജയിപ്പിക്കാതിരിക്കുകയുമില്ല. അതുകൊണ്ട് പിൻവാങ്ങുകയോ ഓടിരക്ഷപ്പെടുകയോ ചെയ്യേണ്ടുന്ന ആവശ്യം അവർക്കില്ല എന്ന് സാരം. രണ്ടാമത്തെ വചനത്തിൽ, നിങ്ങളിൽ ഒരുതരം

ദൗർബല്യം ബാധിച്ചിട്ടുണ്ടെന്ന് അറിയാവുന്നതുകൊണ്ട് ആദ്യത്തെ കൽപന അല്ലാഹു നിങ്ങൾക്ക് ലഘൂകരിച്ചു തന്നിരിക്കുന്നുവെന്നും അതുകൊണ്ട് മേലിൽ ശത്രുക്കൾ രണ്ടിരട്ടിവരെയാണെങ്കിൽ അവരോട് നിങ്ങൾ ക്ഷമിച്ചു നിന്നാൽ മതിയാകുമെന്നും സത്യവിശ്വാസികളെ അറിയിക്കുന്നു. ക്ഷമ കൈക്കൊള്ളുന്നപക്ഷം അവരെ തോൽപിക്കാമെന്നും ക്ഷമിക്കുന്നവരുടെ ഭാഗത്താണ് അല്ലാഹുവിന്റെ സഹായം ഉണ്ടാകുകയെന്നും ഉണർത്തിയിരിക്കുന്നു.

الْآنَ خَفَّفَ اللَّهُ عَنكُمْ (ഇപ്പോൾ അല്ലാഹു നിങ്ങൾക്ക് ലഘുത്വം നൽകിയിരിക്കുന്നു) എന്ന വാക്കിൽനിന്ന് ചില സംഗതികൾ മനസ്സിലാക്കാം

(1) ആദ്യത്തെ വചനം അവതരിച്ചു കുറച്ചെങ്കിലും കഴിഞ്ഞ ശേഷമായിരിക്കും, അതിൽ ലഘുത്വം നൽകിക്കൊണ്ടുള്ള ഈ വചനം അവതരിച്ചത്. الْآنَ (ഇപ്പോൾ) എന്ന വാക്ക് അതാണല്ലോ കാണിക്കുന്നത്.

(2) ഈ രണ്ടു വചനങ്ങളും വാഗ്ദാന രൂപത്തിലുള്ളതാണെങ്കിലും രണ്ടിലെയും ആശയം കൽപനാരൂപത്തിലുള്ളതാണ്. **خفف** (ലഘുത്വം നൽകി) എന്ന വാക്കിൽ നിന്ന് ഇതു സ്പഷ്ടമാകുന്നു. ഈ രണ്ടു വചനങ്ങൾക്കും ഇമാം ബുഖാരി (റ) അദ്ദേഹത്തിന്റെ 'സ്വഹീഹിൽ' ഓരോ പ്രത്യേക അധ്യായം കൊടുത്തിട്ടുണ്ട്. രണ്ടിലും-രണ്ടു മാർഗത്തിലൂടെ നിവേദനം ചെയ്യപ്പെട്ടതാണെങ്കിലും- ഇബ്നുഅബ്ബാസ് (റ)ൽ നിന്നുള്ള ഒരു ഹദീഥാണ് അദ്ദേഹം രേഖപ്പെടുത്തിയിട്ടുള്ളത്. അതിങ്ങനെയാണ്:- ഇബ്നു അബ്ബാസ് (റ) പറഞ്ഞു: إِنْ يَكُنْ مِنْكُمْ عِشْرُونَ എന്ന (ആദ്യത്തെ) വചനം അവതരിച്ചപ്പോൾ, പത്താളുകളുള്ളതിൽ നിന്ന് ഒരാൾ പിൻമാറിപ്പോകരുതെന്ന് സത്യവിശ്വാസികളുടെമേൽ നിർബന്ധനിയമമാക്കപ്പെട്ടത് അവർക്ക് വിഷമകരമായിത്തീർന്നു. അപ്പോൾ, ലഘുവാക്കിക്കൊണ്ടുള്ള കൽപന വന്നു. അതായത് الْآنَ خَفَّفَ اللَّهُ എന്ന് (രണ്ടാമത്തെ വചനം) അല്ലാഹു പറഞ്ഞു. അങ്ങനെ, അവർക്ക് എണ്ണത്തിൽ ലഘുത്വം നൽകിയപ്പോൾ അതനുസരിച്ചു അവരുടെ സഹനവും ചുരുങ്ങി.' (ബു) മേൽ ചൂണ്ടിക്കാട്ടിയ രണ്ടു സംഗതികളും ഈ ഹദീഥിൽ നിന്ന് കൂടുതൽ വ്യക്തമാകുന്നു.

ഈ വസ്തുതകളെ അടിസ്ഥാനമാക്കി ഭൂരിപക്ഷം പണ്ഡിതൻമാരും അഭിപ്രായപ്പെടുന്നത്, ശത്രുക്കൾ പത്തിരട്ടി ഉണ്ടായാലും മുസ്‌ലിംകൾ അവരോട് നേരിടണമെന്നുള്ള ആദ്യത്തെ കൽപന രണ്ടാമത്തെ വചനം കൊണ്ട് ദുർബ്ബലപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നാകുന്നു. ശത്രുക്കൾ രണ്ടിരട്ടിയിലധികമുള്ളപ്പോൾ, അവരോട് പോർക്കളത്തിൽ ക്ഷമിച്ചു നിൽക്കൽ നിർബന്ധമില്ലെന്നും, വേണ്ടിവന്നാൽ പിൻമാറിപ്പോരാമെന്നും സാരം. ചില പണ്ഡിതൻമാർ പറയുന്നത്, ഈ രണ്ടു വചനങ്ങളും രണ്ടു അവസരങ്ങളെ ഉദ്ദേശിച്ചുള്ളതാണെന്നാകുന്നു. സത്യവിശ്വാസികൾ കുറച്ചാളുകളായിരിക്കുമ്പോഴാണ് പത്തിരട്ടിയോട് ചെറുത്തു നിൽക്കണമെന്ന് കൽപിച്ചത്; പിന്നീടവർ അധികമായപ്പോൾ രണ്ടിരട്ടിയോട് ചെറുത്തുനിന്നാൽ മതിയെന്നും കൽപിച്ചു എന്നർത്ഥം. ഈ വിഷയത്തെ സംബന്ധിക്കുന്ന നിയമപരമായ വിശദീകരണങ്ങളിൽ പണ്ഡിതൻമാർക്കിടയിൽ പല അഭിപ്രായ വ്യത്യാസവും കാണാം. അതിനെപ്പറ്റി ഇവിടെ വിശദീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

രണ്ടു വചനങ്ങളിലും അടങ്ങിയ ഒരു തത്വം പ്രത്യേകം നാം മനസ്സിരുത്തേണ്ടതുണ്ട്. ക്ഷമയും സഹനവുമാണ് അല്ലാഹുവിന്റെ സഹായത്തിനുള്ള മാർഗമായി അല്ലാഹു ചൂണ്ടി

ക്കാട്ടിയിരിക്കുന്നത്. ക്ഷമയുടെ പോരായ്മയാണ് എണ്ണത്തിന്റെ കുറവിനെക്കാൾ ദൗർബല്യത്തിനു കാരണമാകുന്നത്. ധീരമനസ്കതയും, ഉറച്ച വിശ്വാസവും, നിഷ്കളങ്കതയും ഉണ്ടാകുമ്പോഴാണല്ലോ ക്ഷമയും, സഹനവും കൈവരുക. എണ്ണത്തിലും വണ്ണത്തിലും മുസ്‌ലിംകൾ ശത്രുക്കളെ അപേക്ഷിച്ച് എത്രയോ കുറവായിരുന്നിട്ടും അവർ ശത്രുക്കളെ ജയിച്ചടക്കിയതിനും, നേരെ മറിച്ച് മുസ്‌ലിംകൾ എല്ലാനിലക്കും ശത്രുവെക്കാൾ വളരെ കവിഞ്ഞിരുന്നിട്ടും അവർ പരാജയപ്പെട്ടതിനും ഉദാഹരണങ്ങൾ- നബിﷺയുടെ കാലത്ത് തന്നെയും, അതിന് ശേഷവും-ഇസ്‌ലാമിന്റെ ചരിത്രത്തിൽ കാണാവുന്നതാണ്. 'നാം ആളെണ്ണക്കുറവുകൊണ്ട് ജയിച്ചടക്കപ്പെടുകയില്ല; പാപങ്ങൾ നിമിത്തമാണ് നാം തോൽപിക്കപ്പെടുക.' എന്ന് ഉമർ (റ) ഒരിക്കൽ പറഞ്ഞത് ഇവിടെ സ്മർത്തവ്യമാകുന്നു.

مَا كَانَ لِنَبِيٍّ أَن يَكُونَ لَهُۥٓ أَسْرَىٰ حَتَّىٰ يُثْخِنَ فِى ٱلْأَرْضِ ۚ

﴾67﴿ ഒരു നബിക്കും (തന്നെ), അദ്ദേഹം ഭൂമിയിൽ (ശത്രുവെ കീഴടക്കി) ശക്തിയാർജ്ജിക്കുന്നതുവരെ, അദ്ദേഹത്തിന് ബന്ധനസ്ഥർ ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല.

تُرِيدُونَ عَرَضَ ٱلدُّنْيَا وَٱللَّهُ يُرِيدُ ٱلْـَٔاخِرَةَ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٦٧﴾

നിങ്ങൾ ഇഹലോക വിഭവത്തെ ഉദ്ദേശിക്കുന്നു; അല്ലാഹുവാകട്ടെ, പരലോകത്തെയും ഉദ്ദേശിക്കുന്നു. അല്ലാഹു പ്രതാപശാലിയും അഗാധജ്ഞനുമാകുന്നു.

لَّوْلَا كِتَـٰبٌ مِّنَ ٱللَّهِ سَبَقَ لَمَسَّكُمْ فِيمَآ أَخَذْتُمْ عَذَابٌ عَظِيمٌ ﴿٦٨﴾

﴾68﴿ അല്ലാഹുവിങ്കൽ നിന്നും ഒരു നിശ്ചയം മുമ്പ് കഴിഞ്ഞിട്ടില്ലായിരുന്നെങ്കിൽ, നിങ്ങൾ വാങ്ങിയതിൽ നിങ്ങൾക്ക് വമ്പിച്ച ശിക്ഷ ബാധിക്കുക തന്നെ ചെയ്യുമായിരുന്നു.

فَكُلُوا۟ مِمَّا غَنِمْتُمْ حَلَـٰلًا طَيِّبًا ۚ وَٱتَّقُوا۟ ٱللَّهَ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٦٩﴾

﴾69﴿ എന്നാൽ, (എനി) നിങ്ങൾ 'ഗനീമത്തായി' [യുദ്ധമുതലായി] എടുത്തതിൽ നിന്ന് അനുവദനീയമായും, വിശിഷ്ടമായും നിങ്ങൾ തിന്നുകൊള്ളുവിൻ: അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും, അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

﴾67﴿ مَا كَانَ ആയിക്കൂടാ (പാടില്ല) لِنَبِيٍّ ഒരു നബിക്കും, പ്രവാചകനും أَن يَكُونَ ഉണ്ടായിരിക്കൽ لَهُ അദ്ദേഹത്തിന് أَسْرَى ബന്ധനസ്ഥർ, ചിറയിലകപ്പെട്ടവർ حَتَّى يُثْخِنَ അദ്ദേഹം ശക്തിപ്പെടുത്തുന്ന (കനപ്പിക്കുന്ന - ജയിച്ചടക്കുന്ന - കഠിനമാ

ക്കുന്ന - ശക്തിയാർജ്ജിക്കുന്ന)തുവരെ فِي الْأَرْضِ ഭൂമിയിൽ تُرِيدُونَ നിങ്ങൾ ഉദ്ദേശി ക്കുന്നു عَرَضَ വിഭവത്തെ الدُّنْيَا ഇഹലോകത്തിന്റെ وَاللَّهُ അല്ലാഹുവാകട്ടെ يُرِيدُ ഉദ്ദേശിക്കുന്നു الْآخِرَةَ പരലോകത്തെ وَاللَّهُ അല്ലാഹു عَزِيزٌ പ്രതാപശാലിയാണ് حَكِيمٌ അഗാധജ്ഞനാണ്, യുക്തിമാനാണ്. ﴾68﴿ لَوْلَا ഇല്ലായിരുന്നെങ്കിൽ كِتَابٌ ഒരു (നിയമ) നിശ്ചയം مِنَ اللَّهِ അല്ലാഹുവിൽ നിന്നുള്ള سَبَقَ മുൻകഴിഞ്ഞ (തായ) لَمَسَّكُمْ നിങ്ങളെ സ്പർശിക്കുക (ബാധിക്കുക) തന്നെ ചെയ്യുമായിരുന്നു فِيمَا أَخَذْتُمْ നിങ്ങൾ വാങ്ങിയതിൽ عَذَابٌ ശിക്ഷ عَظِيمٌ വമ്പിച്ചതായ ﴾69﴿ فَكُلُوا എന്നാൽ (എനി) നിങ്ങൾ തിന്നുകൊള്ളുവിൻ مِمَّا غَنِمْتُمْ നിങ്ങൾ ഗനീമത്തെടുത്തതിൽ നിന്ന് حَلَالًا അനുവദനീയമായിക്കൊണ്ട് طَيِّبًا നല്ലതായി (വിശിഷ്ടമായി- പരിശുദ്ധമായി)ക്കൊണ്ട് وَاتَّقُوا നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുവിൻ اللَّهَ അല്ലാഹുവിനെ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു غَفُورٌ വളരെ പൊറുക്കുന്നവനാണ് رَحِيمٌ കരുണാനിധിയാണ്.

ഇമാം അഹ്മദ്, മുസ്ലിം, അബൂദാവൂദ്, തിർമിദി, ഇബ്നുജരീർ (റ) എന്നിവർ വ്യത്യസ്ത മാർഗങ്ങളിലൂടെ ഉദ്ധരിച്ച താഴെകാണുന്ന സംഭവത്തെത്തുടർന്നാണ് ഈ വചനങ്ങളുടെ അവതരണമുണ്ടായത്. സംഭവത്തിന്റെ ചുരുക്കം ഇങ്ങിനെയാകുന്നു: ബദ്ർ യുദ്ധത്തിൽ മുസ്ലിംകൾ എഴുപത് മുശ്രിക്കുകളെ കൊലപ്പെടുത്തുകയും എഴുപത് പേരെ ബന്ധനസ്ഥരാക്കുകയും ചെയ്തപ്പോൾ, ബന്ധനസ്ഥരുടെ വിഷയത്തിൽ അബൂബക്ർ, ഉമർ (റ) മുതലായവരുമായി നബിﷺ ആലോചന നടത്തി. അബൂബക്ർ (റ) പറഞ്ഞു: റസൂലേ, ഇവരൊക്കെ (നമ്മുടെ) പിതൃവ്യപുത്രൻമാരും കുടുംബബന്ധമുള്ള വരുമാണല്ലോ. ഇവരിൽ നിന്നും തെണ്ടം (മോചനമൂല്യം) വാങ്ങി വിട്ടയക്കണമെന്നാണ് എന്റെ അഭിപ്രായം. അത് അവിശ്വാസികൾക്കെതിരെ നമുക്ക് ശക്തി നൽകുന്നതുമായി രിക്കും. ഉമർ (റ)ന്റെ അഭിപ്രായം അതായിരുന്നില്ല. അവരെ കൊലപ്പെടുത്തുവാൻ ഞങ്ങളെ അനുവദിക്കണം, ഓരോരുത്തർ അവരുമായി അധികം ബന്ധപ്പെട്ടവരെ വധി ക്കട്ടെ, ഇവരെല്ലാം അവിശ്വാസികളുടെ നേതാക്കളും പ്രമാണികളുമാണ് എന്നായിരുന്നു അദ്ദേഹം പറഞ്ഞത്. അബൂബക്ർ (റ)ന്റെ അഭിപ്രായമായിരുന്നു നബിﷺ ഇഷ്ടപ്പെട്ടത്. പിറ്റേ ദിവസം ഉമർ (റ) ചെന്നപ്പോൾ, റസൂൽ തിരുമേനിﷺയും, അബൂബക്റും (റ) കരയുകയായിരുന്നു. കാരണം അറിഞ്ഞാൽ തനിക്കും അതിൽ പങ്കുകൊള്ളാമായിരു ന്നുവെന്ന് ഉമർ (റ) പറഞ്ഞു. അപ്പോൾ തിരുമേനി പറഞ്ഞു: 'താങ്കളുടെ സ്നേഹിതൻമാർ (ബന്ധനസ്ഥരിൽ നിന്ന്) തെണ്ടം വാങ്ങിവിട്ടത് നിമിത്തമാണ്. അവരുടെ ശിക്ഷ ഇതാ ഈ വൃക്ഷത്തെക്കാൾ അടുത്തു നിൽക്കുന്നതായി ഞാൻ കാണുന്നു.' അങ്ങനെ مَا كَانَ لِنَبِيٍّ أَنْ يَكُونَ لَهُ أَسْرَى എന്ന് അവതരിച്ചു.

ഇബ്നു അബൂശൈബഃ തിർമദീ, ത്വബ്റാനീ, ഹാകിം, ഇബ്നു അബീഹാതിം (റ) മുതലായവർ ഇബ്നു മസ്ഊദിൽനിന്നും ഉദ്ധരിച്ച ഹദീഥിൽ നിന്നു മേൽ കണ്ടതിന് പുറമെ താഴെ കാണുന്ന വിവരങ്ങൾ കൂടി ലഭിക്കുന്നതാണ്: ബന്ധനസ്ഥരെ മുഴുവനും തീ കൂട്ടി ചുട്ടുകളയണമെന്നായിരുന്നു അബ്ദുല്ലാഹിബ്നു റവാഹത്ത് (റ)ന്റെ അഭി പ്രായം. ഒരു വിഭാഗം ആളുകൾ അബൂബക്ർ (റ)ന്റെയും, ഒരു വിഭാഗം ഉമർ (റ)ന്റെയും, മറ്റൊരു വിഭാഗം ഇബ്നു റവാഹത്ത് (റ)ന്റെയും അഭിപ്രായത്തെ അനുകൂലിച്ചു. ഉമർ

(റ) നബിﷺ യോട് ഇങ്ങിനെയും പറയുകയുണ്ടായി: ഇവരൊക്കെ അങ്ങയെ നാട്ടിൽ നിന്ന് ബഹിഷ്കരിച്ചവരും, അങ്ങയോട് യുദ്ധം ചെയ്തവരുമാണ്. ഇവരോട് യാതൊരു ദയയും നമ്മുടെ മനസ്സിൽ ഇല്ലെന്ന് ആ ജനങ്ങൾ അറിയണം. അഭിപ്രായങ്ങൾ കേട്ട പ്പോൾ, 'ചില ആളുകളുടെ ഹൃദയങ്ങളെ അല്ലാഹു പാലിനെക്കാൾ മയപ്പെടുത്തുകയും, ചിലരുടെ ഹൃദയങ്ങളെ അവൻ കല്ലിനെക്കാൾ ഉറച്ചതാക്കുകയും ചെയ്യുന്നു' വെന്ന് നബിﷺ പറഞ്ഞു. അബൂബക്ർ (റ)നെ ഇബ്റാഹീം നബി(അ)യോടും, ഈസാ നബി (അ)യോടും ഉപമിച്ചുകൊണ്ട് അവർ രണ്ടുപേരും തങ്ങളുടെ സമുദായത്തെ ശിക്ഷിക്കു വാനോ, അവർക്ക് പൊറുത്തുകൊടുക്കുവാനോ ആവശ്യപ്പെടാതെ, അക്കാര്യം അല്ലാ ഹുവിങ്കലേക്ക് വിട്ടുകൊണ്ടു പറഞ്ഞ വാക്കുകൾ (14:36; 5:121) ഉദ്ധരിക്കുകയും ചെയ്തു. ഉമർ (റ)നെ മൂസാ നബി(അ)യോടും, നൂഹ് നബി(അ)യോടും ഉപമിച്ചുകൊണ്ട് അവർ രണ്ടുപേരും തങ്ങളുടെ ജനതയുടെ ധിക്കാരത്തിന് ശിക്ഷ നൽകുവാൻ പ്രാർത്ഥിച്ച വാക്കു കൾ (10:88; 71:26) ഉദ്ധരിക്കുകയും ചെയ്തു. ഈ ഹദീഥുകൾക്കു പുറമെ, വേറെ ചില രിവായത്തുകളും ഇത് സംബന്ധിച്ചു കാണാവുന്നതാണ്. എനി, നമുക്ക് ആയത്തുകളി ലേക്ക് പ്രവേശിക്കാം.

ഒന്നാമത്തെ ആയത്തിൽ രണ്ടു കാര്യങ്ങൾ ആക്ഷേപരൂപത്തിൽ അല്ലാഹു പ്രസ്താ വിച്ചിരിക്കുന്നു.

(1) ശത്രുക്കളെ ജയിച്ചടക്കി ഭൂമിയിൽ ശക്തിയാർജ്ജിക്കുന്നതുവരെ ഒരു പ്രവാച കനും ശത്രുക്കളെ ബന്ധനസ്ഥരാക്കി വെച്ചുകൂടാ (مَا كَانَ لِنَبِيٍّ أَن يَكُونَ لَهُۥٓ أَسْرَىٰ حَتَّىٰ يُثْخِنَ فِى ٱلْأَرْضِ) അതായത്, യുദ്ധം മുഖേനയും, വധം മുഖേനയും ശത്രുക്കളുടെ ശക്തി ക്ഷയി പ്പിച്ചു വിജയം വരിക്കുക വഴി നാട്ടിൽ ശക്തിയും, സ്വാധീനവും കൈവരാതെ അവരിൽ നിന്ന് ചിലരെ പിടിച്ചു ബന്ധനസ്ഥരാക്കിവെക്കുന്നത് പ്രവാചകൻമാർക്ക് യോജിച്ചതല്ല. കാരണം, പതിവ് പ്രകാരം അവരെ വെറുതെ വിട്ടാലും, മോചനമൂല്യം വാങ്ങിവിട്ടാലും അവർ വീണ്ടും പൂർവ്വാധികം മൽസരബുദ്ധിയോടെ ശത്രുത തുടരുകയാണുണ്ടാകുക. അതുകൊണ്ട് അങ്ങിനെയുള്ള ഒരു സ്ഥിതിവിശേഷം കൈവരുന്നതിന് മുമ്പ് ബന്ധന ത്തിൽ കിട്ടിയ ശത്രുക്കളെ നിഷ്കരുണം വധിക്കുകയാണ് വേണ്ടത് എന്ന് താൽപര്യം.

يُثْخِنَ(യുഥ്ഖിനു) എന്ന ക്രിയാരൂപത്തിന്റെ ധാത്വർത്ഥം 'ശക്തി, പാരുഷ്യം, കാഠിന്യം, അമിതത്വം, ഉറപ്പ്, കട്ടി, നിർദ്ദയത്വം,' എന്നൊക്കെയാകുന്നു. രോഗം മൂർച്ഛിച്ചു എന്ന അർത്ഥത്തിൽ اثخنه المرض എന്നും, ഒരു കാര്യത്തിൽ അമിതമായി പ്രവർത്തിച്ചു എന്ന അർത്ഥത്തിൽ اثخنَ فِي الامر എന്നും ശത്രുക്കളെ നിർദ്ദയം വധിച്ചു എന്ന അർത്ഥത്തിൽ اثخنَ فِي العدو എന്നുമൊക്കെ പറയാറുണ്ട്. ഈ അർത്ഥങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട് ഇമാം റാസീ (റ) പറയുന്നു: 'അപ്പോൾ حَتَّىٰ يُثْخِنَ فِى ٱلْأَرْضِ എന്നു അല്ലാഹു പറഞ്ഞതിന്റെ ഉദ്ദേശ്യം, പ്രവാചകന് ഊക്കും ശക്തിയും കൈവരുകയും, അദ്ദേഹം (ശത്രുക്കളെ) ജയി ച്ചടക്കുകയും, കീഴടക്കുകയും ചെയ്യുന്നതുവരെ എന്നാകുന്നു. ശത്രുക്കളെ അമിതമായി കൊലപ്പെടുത്തുന്നതുവരെ എന്നാണ് പല വ്യാഖ്യാതാക്കളും അതിന് അർത്ഥം പറയു ന്നത്. ഭരണവും വാഴ്ചയും ശക്തിപ്പെടുന്നത് അതുകൊണ്ടാണല്ലോ എന്നാണവർ അതിന് കാരണം പറയുന്നത്.' ഇമാം ബുഖാരീ (റ) ഈ സൂറത്തിലെ ചില വാക്കുകളുടെ അർത്ഥം പറയുന്ന കൂട്ടത്തിൽ, يُثْخِنَ എന്ന വാക്കിന് يغلب (ജയിച്ചടക്കുക) എന്ന് അർത്ഥം പറ ഞ്ഞതും പല വ്യാഖ്യാതാക്കളും يبالغ فى القتل അധികമായി കൊല നടത്തുക) എന്നു

അർത്ഥം നൽകാറുള്ളതെല്ലാം ഒരേ സാരത്തിലാണ് കലാശിക്കുന്നതെന്ന് റാസീ(റ)യുടെ ഈ വിവരണത്തിൽ നിന്ന് മനസ്സിലാക്കാം. അവിശ്വാസികളെ യുദ്ധത്തിൽവെച്ചു കണ്ടുമുട്ടിയാൽ അവരുടെ പിരടിക്ക് വെട്ടണമെന്ന് പറഞ്ഞശേഷം, നിർദ്ദയം അവരെ ജയിച്ചടക്കിക്കഴിഞ്ഞാൽ ബന്ധനം ശക്തിപ്പെടുത്തണമെന്നും, പിന്നീട് ദാക്ഷിണ്യം നൽകി വിട്ടയക്കുകയോ മോചനമൂല്യം വാങ്ങി വിട്ടയക്കുകയോ ചെയ്യാമെന്നും സൂഃ മുഹമ്മദ് 4-ാം വചനത്തിൽ കാണാവുന്നതാണ്. (കൂടുതൽ വിവരം അവിടെ നോക്കുക)

(2) നിങ്ങൾ ഐഹികവിഭവത്തെ ഉദ്ദേശിക്കുന്നു. അല്ലാഹു പരലോകവും ഉദ്ദേശിക്കുന്നു. (تُرِيدُونَ عَرَضَ الدُّنْيَا وَاللَّهُ يُرِيدُ الْآخِرَةَ) ബന്ധനസ്ഥരിൽ നിന്ന് നബി തിരുമേനിﷺയുടെ അനുമതിയോടുകൂടി മുസ്‌ലിംകൾ മോചനമൂല്യം വാങ്ങിയതിനെ ഉദ്ദേശിച്ചാണ് ഐഹിക വിഭവം എന്ന് ഇവിടെ പറഞ്ഞത്. ഇതുമൂലം നിങ്ങൾ നിങ്ങളുടെ താൽക്കാലിക നേട്ടം മാത്രമേ ഉദ്ദേശിച്ചുള്ളൂ, നിങ്ങൾക്ക് പരലോകത്ത് ഗുണമുണ്ടായിരിക്കണമെന്നാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം, അതിനുള്ള മാർഗമായിരുന്നു നിങ്ങൾ സ്വീകരിക്കേണ്ടിയിരുന്നത് എന്ന് സാരം. ബന്ധനസ്ഥരോട് മോചനമൂല്യം വാങ്ങിയവരെ അഭിമുഖീകരിച്ചുകൊണ്ടാണ് ഈ വാക്യമുള്ളതെങ്കിലും അത് നബി തിരുമേനിﷺയുടെ അനുമതിയോടുകൂടിയാണെന്ന നിലക്ക് തിരുമേനിയും ഈ ആക്ഷേപത്തിന് വിധേയനായിരിക്കുകയാണ്. അതുകൊണ്ടാണ് മേലുദ്ധരിച്ച ഹദീഥിൽ കണ്ടതുപോലെ- തിരുമേനിയും, അബൂബക്റും (റ) കരഞ്ഞുകൊണ്ടിരുന്നതും. വഹ്‌യ്മൂലം വ്യക്തമായി വിധി അറിയപ്പെട്ടിട്ടില്ലാത്ത വിഷയത്തിൽ നബിﷺ സ്വന്തം അഭിപ്രായമനുസരിച്ച് യുക്തമായി തോന്നിയ തീരുമാനം എടുത്തേക്കുമെന്നും അതിൽ വല്ലപ്പോഴും അബദ്ധം പിണഞ്ഞുകൂടായ്കയില്ലെന്നും, അബദ്ധം പിണയുന്നപക്ഷം അല്ലാഹു അത് തിരുത്താതിരിക്കുകയില്ലെന്നും പല മഹാൻമാരും അഭിപ്രായപ്പെട്ടിരിക്കുന്നത് ഇങ്ങിനെ ചില സംഭവങ്ങളെ മുൻനിർത്തിയാകുന്നു. ബന്ധനസ്ഥരിൽ നിന്ന് മോചനമൂല്യം വാങ്ങി വിട്ടുകൂടാ എന്നറിയിച്ചുകൊണ്ടുള്ള ഒരു വഹ്‌യ് ഇതിന് മുമ്പുണ്ടായിട്ടില്ലെന്നും, ഉണ്ടായിരുന്നെങ്കിൽ നബിﷺ ഒരിക്കലും അതിന് അനുവദിക്കുകയില്ലായിരുന്നുവെന്നും തീർച്ച തന്നെ. ആ സ്ഥിതിക്ക് അവർ അങ്ങിനെ ചെയ്തത് കേവലം കുറ്റകരമായ ഒരു പാപകൃത്യമല്ലെങ്കിലും യഥാർത്ഥത്തിൽ അത് നന്നല്ലാത്തതായിരുന്നു. അവർ ചെയ്യേണ്ടിയിരുന്നതു അതായിരുന്നില്ല എന്നത്രെ ആക്ഷേപത്തിന്റെ മർമവശം. 68, 69 എന്നീ വചനങ്ങളിലെ തുടർന്നുള്ള പ്രസ്താവനകളിൽ നിന്നുതന്നെ ഈ സംഗതി മനസ്സിലാക്കാവുന്നതാണ്. ക്വുർആൻ അല്ലാഹുവിന്റെ വചനമാണെന്നും, നബി തിരുമേനിﷺയാതൊന്നും മൂടിവെച്ചിട്ടില്ലെന്നുമുള്ളതിന് ഈ വചനവും, നബിﷺയെക്കുറിച്ചു ആക്ഷേപ സ്വരത്തിൽ വന്നിട്ടുള്ള മറ്റു ചില ആയത്തുകളും തെളിവാണ്.

രണ്ടാമത്തെ വചനത്തിൽ അല്ലാഹുവിൽ നിന്ന് ഒരു മുൻനിശ്ചയം കഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ നിങ്ങൾ വാങ്ങിയതിൽ നിങ്ങൾക്ക് വമ്പിച്ച ശിക്ഷ ബാധിക്കുകതന്നെ ചെയ്യുമായിരുന്നു. (لَوْلَا كِتَابٌ مِنَ اللَّهِ....) എന്ന് പറഞ്ഞുവല്ലോ. ഈ മുൻനിശ്ചയം കൊണ്ടുള്ള വിവക്ഷ പല പ്രകാരത്തിലും വിവരിക്കപ്പെട്ടുകാണാം.

(1) കഴിഞ്ഞ 33-ാം വചനത്തിൽ പ്രസ്താവിച്ചതുപോലെ, സമുദായ മധ്യെ റസൂൽ നിലവിലുള്ളപ്പോഴും, അവർ പാപമോചനം തേടിക്കൊണ്ടിരിക്കുമ്പോഴും അവരെ ശിക്ഷിക്കുകയില്ലെന്ന നിശ്ചയം.

(2) ബദ്റിൽ സംബന്ധിച്ചവരുടെ പാപങ്ങൾ പൊറുക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ അവരെ ശിക്ഷിക്കുകയില്ലെന്ന നിശ്ചയം. അഅ്മശ് (اعمش) ഇബ്നു ജുബൈർ, അത്വാഉ് (റ) മുതലായവരുടെ അഭിപ്രായമാണിത്.

(3) വിരോധിച്ചുകൊണ്ടുള്ള കൽപന മുമ്പ് വന്നിട്ടില്ലാത്തതുകൊണ്ട് അവരെ ശിക്ഷിക്കുകയില്ലെന്ന നിശ്ചയം. ഇബ്നു അബ്ബാസ് (റ)ൽ നിന്നും മറ്റും ഇത് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

(4) ഗനീമത്ത് സ്വത്തുക്കൾ ഈ സമുദായത്തിന് അനുവദനീയമാണെന്നുള്ള മുൻനിശ്ചയം. ഇതും മേൽപറഞ്ഞ ചിലരിൽ നിന്നും, ഹസൻ ബസ്വരി, ക്വത്താദഃ (റ) മുതലായവരിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഇബ്നുജരീർ (റ) ഇതിനാണ് മുൻഗണന നൽകുന്നത്. തുടർന്നുള്ള 69-ാം വചനത്തിൽതന്നെ ഇക്കാര്യം അല്ലാഹു അറിയിച്ചിട്ടുമുണ്ടല്ലോ.

(5) അബദ്ധത്തിൽ വന്നുപോയ തെറ്റിനു മാപ്പ് നൽകുന്നതാണെന്ന നിശ്ചയം. ഇതാണ് റാസി (റ) സ്വീകരിച്ചു കാണുന്നത്. യഥാർത്ഥത്തിൽ ഇവയിൽ ഏതെങ്കിലും ചിലതോ, ഏതാനുമോ ആയിരിക്കാം ഉദ്ദേശ്യമെന്ന് കരുതുവാനേ തരമുള്ളൂ. وَاللهُ أَعْلَم ഏതായാലും ബദ്ർ യുദ്ധത്തിൽ ശത്രുക്കളെ ബന്ധനത്തിൽവെച്ചതിനെയും, അവരിൽ നിന്ന് മോചന മൂല്യം മേടിച്ചതിനെയും സംബന്ധിച്ചല്ലാതെ, മേലിൽ അങ്ങിനെ ചെയ്യുന്നതിനെപ്പറ്റി ഇതിൽ ആക്ഷേപിക്കപ്പെട്ടിട്ടില്ല.

മോചനമൂല്യം വാങ്ങിവിട്ടത് അബദ്ധമായിപ്പോയെങ്കിലും അതിന്റെ പേരിൽ നിങ്ങളെ ശിക്ഷിക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്ന് അറിയിച്ചതിനെത്തുടർന്നു നിങ്ങൾക്ക് ഗനീമത്തായി ലഭിച്ച സ്വത്തുക്കളെ അനുവദനീയവും, വിശിഷ്ടവുമായ വിധത്തിൽ നിങ്ങൾ ഉപയോഗിച്ചുകൊള്ളുക. (فَكُلُوا مِمَّا غَنِمْتُمْ حَلَالًا طَيِّبًا) എന്നും അല്ലാഹു അറിയിക്കുന്നു. വാങ്ങിയത് തിരിച്ചുകൊടുക്കേണ്ടതില്ലെന്നും, അത് ഉപയോഗിക്കാമെന്നും, അതിന് വിരോധമില്ലെന്നും ഇതിൽ നിന്ന് വ്യക്തമായി. ബന്ധനസ്ഥരോട് വാങ്ങുന്ന മോചന മൂല്യം ഗനീമത്തിൽ ഉൾപ്പെട്ടതാണെന്നുകൂടി ഈ വചനത്തിൽ നിന്ന് വ്യക്തമാകുന്നു. ഗനീമത്ത് സ്വത്തുക്കൾ ഉപയോഗിക്കുന്നത് അനുവദനീയമാണെന്ന് വേറെ ആയത്തുകളിൽ വ്യക്തമാക്കിയിട്ടുണ്ടെന്നുവെച്ചു ഇവിടെ അതിനെപ്പറ്റി ഒന്നും പ്രസ്താവിക്കാതെ, ആദ്യത്തെ രണ്ടു വചനങ്ങൾ (67 ഉം 68 ഉം) മാത്രമായിരുന്നു ഈ വിഷയത്തിൽ അവതരിച്ചിരുന്നതെങ്കിൽ, വാങ്ങിക്കഴിഞ്ഞ ദ്രവ്യം അവർ ഉപയോഗിക്കുന്നതും ആക്ഷേപകരമാണെന്ന് വരുമല്ലോ. മഹാകാരുണികനായ റബ്ബ് അവന്റെ അടിയാൻമാരെ സത്യവിശ്വാസികൾക്ക് അവർ അനുഷ്ഠിക്കേണ്ടുന്ന നിയമ നിർദ്ദേശങ്ങൾ എത്ര യുക്തവും, വസ്തുനിഷ്ഠവുമായ രൂപത്തിലാണ് വിവരിച്ചുകൊടുക്കുന്നതെന്ന് ആലോചിച്ചുനോക്കുക! അവസാനമയി. എല്ലായ്പ്പോഴും-എല്ലാ വിഷയത്തിലും -അബദ്ധം പിണയുന്നതും, അമിതത്വം വന്നുപോകുന്നതും സൂക്ഷിക്കണമെന്ന് താക്കീത് ചെയ്തുകൊണ്ടും, ഒപ്പംതന്നെ, അല്ലാഹുവിന്റെ കാരുണ്യത്തിലും, മാപ്പിലും സുപ്രതീക്ഷ നൽകിക്കൊണ്ടും അല്ലാഹു വിഷയം സമാപിപ്പിക്കുന്നതും നോക്കുക. وَاتَّقُوا اللَّهَ إِنَّ اللَّهَ غَفُورٌ رَحِيمٌ (നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹുവളരെ പൊറുക്കുന്നവനാണ്. കരുണാനിധിയാണ്)

വിഭാഗം - 10

يَـٰٓأَيُّهَا ٱلنَّبِىُّ قُل لِّمَن فِىٓ أَيْدِيكُم مِّنَ ٱلْأَسْرَىٰٓ إِن يَعْلَمِ ٱللَّهُ فِى قُلُوبِكُمْ خَيْرًا يُؤْتِكُمْ خَيْرًا مِّمَّآ أُخِذَ مِنكُمْ وَيَغْفِرْ لَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٧٠﴾

《70》 ഹേ, നബിയേ, നിങ്ങളുടെ കൈവശങ്ങളിലുള്ള ബന്ധനസ്ഥരോട് പറയുക:

'നിങ്ങളുടെ ഹൃദയങ്ങളിൽ വല്ല നന്മയും (ഉള്ളതായി) അല്ലാഹു അറിയുന്നപക്ഷം, നിങ്ങളിൽ നിന്ന് വാങ്ങിയതിനെക്കാൾ ഉത്തമമായത് അവൻ നിങ്ങൾക്ക് നൽകുകയും, നിങ്ങൾക്ക് പൊറുത്തുതരുകയും ചെയ്യുന്നതാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.

وَإِن يُرِيدُوا۟ خِيَانَتَكَ فَقَدْ خَانُوا۟ ٱللَّهَ مِن قَبْلُ فَأَمْكَنَ مِنْهُمْ ۗ وَٱللَّهُ عَلِيمٌ حَكِيمٌ ﴿٧١﴾

《71》 നിന്നെ ചതിക്കുവാൻ അവർ ഉദ്ദേശിക്കുന്നുവെങ്കിൽ, (അതിൽ പുതുമയില്ല) അവർ മുമ്പ് അല്ലാഹുവിനോട് ചതി പ്രവർത്തിക്കുകയും, എന്നിട്ട് അവൻ അവരെ (കീഴടക്കി) അധീനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. [അതുപോലെ എനിയും സംഭവിക്കും] അല്ലാഹു (എല്ലാം) അറിയുന്നവനും, അഗാധജ്ഞനുമാകുന്നു.

《70》 يَاأَيُّهَاالنَّبِيُّ ഹേ നബിയേ قُلْ നീ പറയുക لِمَنْفِيأَيْدِيكُمْ നിങ്ങളുടെ കൈ (വശം) കളിലുള്ളവരോട് مِنَ الأَسْرَى ബന്ധനസ്ഥരിൽനിന്ന് إِنْيَعْلَمِ അറിയുന്ന പക്ഷം اللَّهُ അല്ലാഹു فِيقُلُوبِكُمْ നിങ്ങളുടെ ഹൃദയങ്ങളിൽ خَيْرًا വല്ല നന്മയും, ഗുണവും يُؤْتِكُمْ അവൻ നിങ്ങൾക്ക് നൽകും خَيْرًا നല്ലത്, ഉത്തമമായത് مِمَّاأُخِذَ മേടിക്ക (എടുക്ക- വാങ്ങ)പ്പെട്ടതിനെക്കാൾ مِنْكُمْ നിങ്ങളിൽ നിന്ന് وَيَغْفِرْ അവൻ പൊറുക്കുകയും ചെയ്യും لَكُمْ നിങ്ങൾക്ക് وَاللَّهُ അല്ലാഹു (വോ) غَفُورٌ വളരെ പൊറുക്കുന്നവനാണ് رَحِيمٌ കരുണാനിധിയാണ്. 《71》 وَإِنْيُرِيدُوا അവർ ഉദ്ദേശിക്കുന്നപക്ഷം خِيَانَتَكَ നിന്നെ ചതിക്കുന്നതിന് فَقَدْخَانُوا എന്നാലവർ ചതിച്ചിട്ടുണ്ട്, ചതി ചെയ്തിട്ടുണ്ട് اللَّهَ അല്ലാഹുവിനെ, അല്ലാഹുവിനോട് مِنْقَبْلُ മുമ്പ്, മുമ്പേ فَأَمْكَنَ എന്നിട്ടവൻ സാധ്യമാക്കി, സൗകര്യപ്പെടുത്തി (അധീനപ്പെടുത്തി) مِنْهُمْ അവരെ, അവരെക്കുറിച്ച് وَاللَّهُعَلِيمٌ അല്ലാഹു അറിയുന്നവനാണ് حَكِيمٌ അഗാധജ്ഞനാണ്, യുക്തിമാനാണ്.

ബദ്റിൽ തടവുകാരായി പിടിക്കപ്പെട്ടവരിൽ നിന്ന് മോചനമൂല്യം വാങ്ങിയത് അവർക്ക് മനഃപ്രയാസമുളവാക്കി. അവരിൽ ചിലർ, തങ്ങളുടെ സ്വന്ത ഇഷ്ടപ്രകാരമല്ലാതെ, മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങിക്കൊണ്ട് പോന്നതാണെന്ന് പറയുകയുണ്ടായി. അതിനെത്തുടർന്നാണ് ഈ വചനങ്ങൾ അവതരിച്ചതെന്ന് എല്ലാ ക്വുർആൻ വ്യാഖ്യാതാക്കളും പറയുന്നു. നിങ്ങളിൽ നിന്ന് വസൂലാക്കപ്പെട്ട ധനത്തെപ്പറ്റി നിങ്ങൾ പരിഭവിക്കേണ്ടതില്ല. (നിങ്ങൾ പറയുന്നതുപോലെ) നിങ്ങളുടെ മനസ്സിൽ നല്ല വിചാരമുണ്ടെങ്കിൽ അല്ലാഹു നിങ്ങളെ ഇസ്‌ലാമിലേക്ക് നയിക്കുകയും, നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുകയും ചെയ്യും. നിങ്ങൾ നൽകേണ്ടിവന്ന ധനത്തെക്കാൾ ഉത്തമമായ നൻമകൾ നിങ്ങൾക്ക് അവൻ കൈവരുത്തിത്തരുകയും ചെയ്യും. എന്നൊക്കെ പറഞ്ഞു അവരെ സമാധാനിപ്പിക്കുവാൻ നബിﷺയോട് കൽപിക്കുന്നു. പുറമെ അവർ എന്ത് തന്നെ പറഞ്ഞാലും അവരുടെ മനസ്സിൽ ചതിയാണുള്ളതെങ്കിൽ, അതിൽ പരിഭവിക്കുവാനൊന്നുമില്ല. അല്ലാഹുവിനെതിരെ ചതിപ്രയോഗങ്ങൾ നടത്തൽ അവിശ്വാസികളുടെ മുമ്പേയുള്ള പതിവാണല്ലോ. അങ്ങനെയാണവർ ഇപ്പോൾ ബന്ധനത്തിലായിത്തീർന്നതും. അതുപോലെ എനിയും അവരെ അധീനപ്പെടുത്തുവാൻ അല്ലാഹുവിന് കഴിയും. അവൻ സർവ്വജ്ഞനും അഗാധജ്ഞനുമാണല്ലോ എന്നൊക്കെ നബിﷺയെ സമാധാനിപ്പിക്കുകയും ചെയ്യുന്നു.

പല മഹാൻമാരിൽ നിന്നുമായി ഇമാം സുഹ്‌രീ (റ) ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു:- 'ക്വുറൈശികളിൽ നിന്ന് (ബദ്റിൽ) ബന്ധനസ്ഥരായവർക്കുള്ള മോചനമൂല്യങ്ങൾ അവർ അയച്ചുകൊടുത്തു. എല്ലാവരും അവരവരുടെ ആളുകൾക്കുള്ള മൂല്യം നൽകി. (തിരുമേനിയുടെ പിതൃവ്യനായ) അബ്ബാസ് (റ) നബിﷺയോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഞാൻ മുസ്‌ലിമായിരുന്നു. തിരുമേനി പറഞ്ഞു: 'താങ്കളുടെ ഇസ്‌ലാമിനെപ്പറ്റി അല്ലാഹുവിന് അറിയാം. താങ്കൾ പറയുന്ന മാതിരിയാണ് കാര്യമെങ്കിൽ അല്ലാഹു താങ്കൾക്ക് പ്രതിഫലം നൽകും. എന്നാൽ, പ്രത്യക്ഷത്തിൽ താങ്കൾ ഞങ്ങൾക്കെതിരായിരുന്നുവല്ലോ. അതുകൊണ്ട് താങ്കൾക്കും, താങ്കളുടെ പിതൃവ്യപുത്രൻമാരായ നൗഫലുബ്നു ഹാരിഥിനും, അക്വീലുബ്നു അബീത്വാലിബിനും, താങ്കളുടെ കൂട്ടുകാരൻ ഉത്ബത്തുബ്നു അംറിനുമുള്ള മോചനമൂല്യം താങ്കൾ നൽകണം.' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ: അത് എന്റെ പക്കൽ ഇല്ലല്ലോ.' അപ്പോൾ തിരുമേനി ചോദിച്ചു: 'താങ്കളും (താങ്കളുടെ ഭാര്യ) ഉമ്മുൽ ഫദ്‌ലും കൂടി കുഴിച്ചിട്ട(ഒളിച്ചുവെച്ച) ആ ധനം എവിടെ? ഈ യാത്രയിൽ എനിക്ക് ആപത്ത് പിണഞ്ഞാൽ, ഈ ധനം എന്റെ മക്കൾ ഫള്‌ലിനും, അബ്ദുല്ലാക്കും, ക്വുഥമി (قثم)നുമുള്ളതാണെന്നും താങ്കൾ പറഞ്ഞിരുന്നുവല്ലോ.' അബ്ബാസ് (റ) പറഞ്ഞു: 'അല്ലാഹു തന്നെയാണ! അല്ലാഹുവിന്റെ റസൂലേ, താങ്കൾ അവന്റെ റസൂലാണെന്ന് നിശ്ചയമായും ഞാൻ മനസ്സിലാക്കുന്നു. (*) ഇത് ഞാനും ഉമ്മുൽഫദ്‌ലുമല്ലാതെ ഒരാളും അറിയാത്ത കാര്യമാണ്. എന്നാൽ റസൂലേ- എന്റെ പക്കലുണ്ടായിരുന്ന- (യുദ്ധത്തിൽ) എന്റെ പക്കൽ നിന്ന് നിങ്ങൾ പിടിച്ചെടുത്ത ആ ഇരുപതു 'ഊകിയ' (**) എനിക്ക് (മോചന മൂല്യത്തിലേക്ക്) കണക്ക് വെച്ചുതരണം. ' തിരുമേനി പറഞ്ഞു: 'ഇല്ല,

---

(*) ആരും അറിയാത്ത ഈ രഹസ്യം അല്ലാഹു താങ്കൾക്ക് അറിയിച്ചു തന്നത് താങ്കൾ അവന്റെ റസൂലാണെന്നുള്ളതിന്റെ തെളിവാണ് എന്നർത്ഥം.

(**) ഒരു ഊകിയ: (اوقية)= ഏതാണ്ട് ഒരു ഔൺസു-അല്ലെങ്കിൽ റാത്തലിന്റെ 1/12 വരുന്ന തൂക്കം. ഇരുപതു ഊകിയഃത്തൂക്കം സ്വർണമാണുദ്ദേശ്യം.

അത് താങ്കളിൽ നിന്ന് അല്ലാഹു ഞങ്ങൾക്ക് തന്നതാണ്. (ഗനീമത്താണ്)' അങ്ങനെ, അദ്ദേഹം തനിക്കും, രണ്ടു സഹോദരപുത്രൻമാർക്കും, കൂട്ടുകാരനും മോചനമൂല്യം കൊടുത്തു. ഈ വിഷയത്തിൽ .... يَا أَيُّهَا النَّبِيُّ قُل لِّمَن فِي أَيْدِيكُم എന്ന് അവതരിച്ചു. അബ്ബാസ് (റ) പറയുകയാണ്: 'അനന്തരം ആ ഇരുപത് 'ഊകിയഃ' യുടെ സ്ഥാനത്തു ഇസ്‌ലാമിൽ (ഞാൻ മുസ്‌ലിമായ ശേഷം) അല്ലാഹു എനിക്ക് ഇരുപത് അടിമകളെ നൽകി. ഓരോരുത്തരുടെ കയ്യിലും (ഇഷ്ടംപോലെ) ക്രയവിക്രയം നടത്തുവാനുള്ള ധനവും ഉണ്ടായിരുന്നു. അതോടുകൂടി അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനം ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.'

ഈ വിഷയത്തിൽ ഏതാണ്ട് ഇതുപോലെയുള്ള വേറെയും ചില രിവായത്തുകൾ കാണാം. ബദ്‌റിൽ വന്ന ക്വുറൈശീ പട്ടാളത്തിന്റെ ചിലവുകൾ ഏറ്റിരുന്ന പത്ത് പ്രമാണിമാരിൽ ഒരാളായിരുന്നു അന്ന് അബ്ബാസ് (റ) എന്നും, അതിൽ വിനിയോഗിക്കുവാൻ വേണ്ടി അദ്ദേഹം കയ്യിൽ കൊണ്ടുവന്നതായിരുന്നു പ്രസ്തുത ഇരുപത് ഊകിയഃ സ്വർണമെന്നും, അദ്ദേഹത്തിന്റെ ഊഴം എത്തുംമുമ്പ് അദ്ദേഹം തടവിൽപെട്ടുപോയെന്നും പ്രസ്തുത രിവായത്തുകളിൽ വന്നിരിക്കുന്നു. ഈ വചനം അവതരിച്ചത് അബ്ബാസ് (റ)ന്റെ വിഷയത്തിലായിരുന്നാൽ തന്നെയും ആയത്തിലെ വാക്കുകൾ, അദ്ദേഹത്തെപ്പോലെ ഇസ്‌ലാമിലേക്ക് ചായ്‌വ് പ്രദർശിപ്പിക്കുകയും മോചനമൂല്യം കൊടുക്കേണ്ടിവന്നതിൽ പരിഭവം കാണിക്കുകയും ചെയ്ത എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടാണുള്ളത്.

إِنَّ ٱلَّذِينَ ءَامَنُوا۟ وَهَاجَرُوا۟ وَجَٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ فِى سَبِيلِ ٱللَّهِ وَٱلَّذِينَ ءَاوَوا۟ وَّنَصَرُوٓا۟ أُو۟لَٰٓئِكَ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ

(72) നിശ്ചയമായും, വിശ്വസിക്കുകയും, 'ഹിജ്‌റഃ' പോകുകയും അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനംകൊണ്ടും, ദേഹംകൊണ്ടും സമരം നടത്തുകയും ചെയ്തവരും, ആശ്രയം നൽകുകയും സഹായം നൽകുകയും ചെയ്തവരും (അതെ) അക്കൂട്ടർ- അവരിൽ ചിലർ ചിലരുടെ (തമ്മതമ്മിൽ) ബന്ധുമിത്രങ്ങളാകുന്നു.

وَٱلَّذِينَ ءَامَنُوا۟ وَلَمْ يُهَاجِرُوا۟ مَا لَكُم مِّن وَلَٰيَتِهِم مِّن شَىْءٍ حَتَّىٰ يُهَاجِرُوا۟ ۚ

വിശ്വസിക്കുകയും, 'ഹിജ്‌റഃ' പോരാതിരിക്കുകയും ചെയ്തവരാകട്ടെ, അവർ 'ഹിജ്‌റഃ' പോരുന്നതുവരെ അവരോടുള്ള മൈത്രീബന്ധത്തിൽ യാതൊന്നും (തന്നെ) നിങ്ങൾക്കില്ല.

وَإِنِ ٱسْتَنصَرُوكُمْ فِى ٱلدِّينِ فَعَلَيْكُمُ ٱلنَّصْرُ إِلَّا عَلَىٰ قَوْمٍ

മത (വിഷയ)ത്തിൽ അവർ നിങ്ങളോട് സഹായം തേടിയെങ്കിൽ, സഹായിക്കാൻ നിങ്ങളുടെമേൽ (ബാധ്യത) ഉണ്ട്. നിങ്ങളുടെയും,

بَيْنَكُمْ وَبَيْنَهُم مِّيثَٰقٌ ۗ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ﴿٧٢﴾

തങ്ങളുടെയും ഇടയിൽ വല്ല കരാർ ബന്ധവും (നിലവിൽ) ഉള്ളതായ ജനതക്കെതിരായിട്ടൊഴികെ. (എന്നാല വരെ സഹായിക്കേണ്ട ബാധ്യതയില്ല) അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

وَٱلَّذِينَ كَفَرُوا۟ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۚ إِلَّا تَفْعَلُوهُ تَكُن فِتْنَةٌ فِى ٱلْأَرْضِ وَفَسَادٌ كَبِيرٌ ﴿٧٣﴾

﴾73﴿ അവിശ്വസിച്ചവരാകട്ടെ, അവരിൽ ചിലർ ചിലരുടെ [തമ്മതമ്മിൽ] ബന്ധുമിത്രങ്ങളാകുന്നു. ഇത് (പ്രകാരം) നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ, ഭൂമിയിൽ കുഴപ്പവും വലുതായ നാശവും ഉണ്ടായിത്തീരും.

﴾72﴿ إِنَّ الَّذِينَ آمَنُوا നിശ്ചയമായും വിശ്വസിച്ചവർ وَهَاجَرُوا ഹിജ്റഃ പോകുകയും وَجَاهَدُوا സമരം ചെയ്യുകയും بِأَمْوَالِهِمْ തങ്ങളുടെ സ്വത്തുക്കൾ (ധനം) കൊണ്ട് وَأَنْفُسِهِمْ തങ്ങളുടെ ദേഹങ്ങൾ കൊണ്ടും فِي سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ وَالَّذِينَ آوَوْا ആശ്രയം (സങ്കേതം-അഭയം-സൗകര്യം) നൽകിയവരും وَنَصَرُوا അവർ സഹായിക്കുകയും ചെയ്തു أُولَٰئِكَ ആ കൂട്ടർ بَعْضُهُمْ അവരിൽ ചിലർ أولياء ബന്ധുമിത്രങ്ങളാണ് بَعْضٍ ചിലരുടെ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ وَلَمْ يُهَاجِرُوا അവർ ഹിജ്റഃ പോയിട്ടുമില്ല (പോകുകയും ചെയ്യാത്ത) مَا لَكُمْ നിങ്ങൾക്കില്ല مِنْ وَلَايَتِهِمْ അവരുടെ മൈത്രീ ബന്ധത്തിൽ നിന്ന് مِنْ شَيْءٍ യാതൊന്നും حَتَّىٰ يُهَاجِرُوا അവർ ഹിജ്റഃ പോകുന്നതുവരെ وَإِنِ اسْتَنْصَرُوكُمْ നിങ്ങളോടവർ സഹായം തേടിയെങ്കിൽ فِي الدِّينِ മതത്തിൽ (മതകാര്യത്തിൽ) فَعَلَيْكُمُ എന്നാൽ നിങ്ങളുടെ മേലുണ്ട് (ബാധ്യത) النَّصْرُ സഹായം, സഹായിക്കൽ إِلَّا عَلَىٰ قَوْمٍ ഒരു ജനതയുടെമേൽ (എതിരിൽ ഒഴികെ) بَيْنَكُمْ നിങ്ങൾക്കിടയിലുണ്ട് وَبَيْنَهُمْ അവർക്കിടയിലും مِيثَاقٌ വല്ല കരാറും (ഉടമ്പടിയും) وَاللَّهُ അല്ലാഹു بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി بَصِيرٌ കാണുന്നവനാണ്. ﴾73﴿ وَالَّذِينَ كَفَرُوا അവിശ്വസിച്ചവരാകട്ടെ بَعْضُهُمْ അവരിൽ ചിലർ أَوْلِيَاءُ ബന്ധുമിത്രങ്ങളാണ് بَعْضٍ ചിലരുടെ إِلَّا تَفْعَلُوهُ അത് (ഇത്) നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ تَكُنْ ഉണ്ടായിത്തീരും فِتْنَةٌ കുഴപ്പം فِي الْأَرْضِ ഭൂമിയിൽ وَفَسَادٌ നാശവും كَبِيرٌ വലുതായ

റസൂൽ തിരുമേനിﷺയുടെ കാലത്തുള്ള സത്യവിശ്വാസികളെ അല്ലാഹു നാലായി തരംതിരിക്കുന്നു.

(1) ആദ്യകാലത്തുതന്നെ നബിﷺയിൽ വിശ്വസിക്കുകയും സ്വദേശം വിട്ടു മദീനയിലേക്ക് ഹിജ്റഃ പോന്നു അവിടെ അഭയം പ്രാപിക്കുകയും ചെയ്ത മുഹാജിറുകൾ

ദീനിനുവേണ്ടി വളരെയധികം മർദ്ദനങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ചശേഷം, നാടും വീടും സ്വത്തും കുടുംബവുമെല്ലാം ത്യജിച്ചും, എത്രയോ ക്ലേശങ്ങൾ സഹിച്ചുകൊണ്ടും മദീനയിൽ വന്നു താമസമാക്കിയവരാണവർ. ഹിജ്റഃക്ക് മുമ്പും പിമ്പും തന്നെ അവരുടെ ദേഹവും, ധനവും അവർ ദീനിനുവേണ്ടി വിനിയോഗിച്ചു. ഇവരെക്കുറിച്ചാണ് ആദ്യം الَّذِينَ آمَنُوا وَهَاجَرُوا.... (വിശ്വസിക്കുകയും, ഹിജ്റഃ പോരുകയും, ധനംകൊണ്ടും ദേഹം കൊണ്ടും സമരം ചെയ്യുകയും ചെയ്തവർ) എന്ന് പറഞ്ഞത്. സ്വഹാബികളെക്കുറിച്ച് പറയുമ്പോൾ, ഇവിടെയെന്നപോലെ വേറെ സ്ഥലങ്ങളിലും മുഹാജിറുകൾക്ക് അല്ലാഹു ഒന്നാം സ്ഥാനം നൽകിയിരിക്കുന്നതായി കാണാവുന്നതാണ്.

(2) നബി തിരുമേനിﷺക്കും സ്വദേശം ത്യജിച്ചു ചെല്ലുന്ന മുഹാജിറുകൾക്കും ആശ്രയവും അഭയവും നൽകി എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുകൊടുത്ത മദീനക്കാരായ അൻസ്വാരികൾ. ഇവരെപ്പറ്റിയാണ് وَالَّذِينَ آوَوا وَنَصَرُوا (ആശ്രയം നൽകുകയും സഹായിക്കുകയും ചെയ്തവർ) എന്ന് പറഞ്ഞത്. ഈ രണ്ടുകൂട്ടരും പരസ്പരം ബന്ധുമിത്രങ്ങളാണ് (أُولَٰئِكَ بَعْضُهُمْ أَوْلِيَاءُ بَعْضٍ)എന്നും പറഞ്ഞിരിക്കുന്നു. അതെ, സഹായസഹകരണം, സ്നേഹം, ഗുണകാംക്ഷ, സാഹോദര്യം, സുഖദുഃഖങ്ങളിൽ കൂട്ടുത്തരവാദിത്തം ആദിയായവയിൽ അവരന്യോന്യം ബാധ്യസ്ഥരും ബന്ധപ്പെട്ടു കഴിയേണ്ടവരുമാണ്. ഈ തത്വം രണ്ടുകൂട്ടരും അക്ഷരാർത്ഥത്തിൽ തന്നെ പാലിച്ചുപോന്നിട്ടുണ്ടെന്നുള്ളത് ചരിത്രപ്രസിദ്ധമത്രെ. അൻസ്വാരികൾ അവരുടെ നാടും, വീടും, സ്വത്തും, കൃഷിയിടവുമെല്ലാം തന്നെ മുഹാജിറുകൾക്ക് ഭാഗിച്ചു കൊടുത്തു ഒരേ വീട്ടിലെ ഏകോദര സഹോദരങ്ങളെക്കാൾ അടുപ്പത്തിൽ കഴിഞ്ഞുകൂടി. ആദ്യം സ്വത്തവകാശംപോലും അവർക്കിടയിൽ സ്ഥാപിതമായിരുന്നു. ക്രമേണ മുഹാജിറുകൾ ആ നാട്ടുകാരായി മാറുകയും, സ്വന്തം കാലിൽ നിൽക്കുമാറാകുകയും ചെയ്ത ശേഷമാണ്– മിക്കവാറും ബദ്ർ യുദ്ധം കഴിഞ്ഞതിന് ശേഷം–താഴെ പറയുന്നതുപോലെ പ്രസ്തുത സ്വത്തവകാശ സമ്പ്രദായം ഇല്ലാതാക്കപ്പെട്ടത്.

(3) നേരത്തെതന്നെ സത്യവിശ്വാസം സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിലും ശിർക്കിന്റെ നാട്ടിൽനിന്ന് ഹിജ്റഃ പോന്നു മുസ്‌ലിംകളോടൊപ്പം താമസമാക്കിക്കഴിഞ്ഞിട്ടില്ലാത്തവർ, ഇവരെക്കുറിച്ചാണ് الَّذِينَ آمَنُوا وَلَمْ يُهَاجِرُوا (വിശ്വസിക്കുകയും, ഹിജ്റഃ പോകാതിരിക്കുകയും ചെയ്തവർ) എന്ന് പറഞ്ഞത്. ഇവർ സത്യവിശ്വാസികളാണെങ്കിലും ഹിജ്റ പോന്നിട്ടില്ലാത്ത സ്ഥിതിക്ക് മക്കയിലെ അന്നത്തെ പരിതഃസ്ഥിതിയിൽ അവരുമായി കൂട്ടുബന്ധം പാലിക്കുക സാധ്യമല്ലല്ലോ. അതുകൊണ്ട് അവർ ഹിജ്റഃ വരുന്നതുവരെ അവരോടുമേൽപ്രകാരം മിത്രബന്ധം പാലിക്കേണ്ടുന്ന ചുമതല മുഹാജിറുകൾക്കും അൻസ്വാരികൾക്കും ഇല്ല.(مَا لَكُم مِّن وَلَايَتِهِم مِّن شَيْءٍ حَتَّىٰ يُهَاجِرُوا) എന്ന് അല്ലാഹു അറിയിക്കുന്നു.എങ്കിലും സത്യവിശ്വാസികളെന്നനിലക്ക് അവരുടെ മതരംഗത്ത് ശത്രുക്കളുടെ ഭാഗത്ത് നിന്ന് വല്ല അനിഷ്ടസംഭവങ്ങളും നേരിടുമ്പോൾ അവർ സഹായത്തിനപേക്ഷിച്ചാൽ അവരെ സഹായിക്കൽ നിർബ്ബന്ധവുമാകുന്നു. (وَإِنِ اسْتَنصَرُوكُمْ فِي الدِّينِ فَعَلَيْكُمُ النَّصْرُ) എന്നാൽ, ആ സഹായം മുസ്‌ലിംകളുമായി വല്ല കരാറിലോ സന്ധി നിശ്ചയത്തിലോ ഇരിക്കുന്ന അവിശ്വാസികൾക്കെതിരായിരിക്കുവാൻ പാടില്ല. (إِلَّا عَلَىٰ قَوْمٍ بَيْنَكُمْ وَبَيْنَهُم مِّيثَاقٌ) അഥവാ, അങ്ങിനെയാണെങ്കിൽ ആ സഹായം ആ നിശ്ചയങ്ങൾക്ക് എതിരായിത്തീരുവാൻ പാടില്ല. ഇങ്ങിനെയുള്ള കാര്യങ്ങളെല്ലാം നിങ്ങൾ ശരിക്ക് ഗൗനിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നുണ്ടോ, ഇല്ലേ

എന്ന് അല്ലാഹു കണ്ടും വീക്ഷിച്ചും കൊണ്ടിരിക്കുന്നുണ്ടെന്ന് (وَاللَّهُ بِمَا تَعْمَلُونَ بَصِيرٌ) ഉണർത്തിക്കൊണ്ട് അവയുടെ പ്രാധാന്യം ഒന്നുകൂടി ഓർമിപ്പിച്ചിരിക്കുന്നു.

നാലാമത്തെ വിഭാഗം സത്യവിശ്വാസികളെപ്പറ്റി സൂറത്തിന്റെ അവസാനത്തിലെ വചനത്തിലാണ് പ്രസ്താവിച്ചിരിക്കുന്നത്. അതിനുമുമ്പായി അവിശ്വാസികളുടെ നിലയെപ്പറ്റി പ്രസ്താവിച്ചിരിക്കുകയാണ്. وَالَّذِينَ كَفَرُوا بَعْضُهُمْ أَوْلِيَاءُ بَعْضٍ (അവിശ്വസിച്ചവർ-അവരിൽ ചിലർ ചിലരുടെ ബന്ധുമിത്രങ്ങളാകുന്നു) മുശ്‌രിക്കുകളെന്നോ, വേദക്കാരെന്നോ വ്യത്യാസമില്ലാതെ അവർ പരസ്പരം സംഘടിച്ചും കൂട്ടുകെട്ടിലും കഴിയുന്നവരാണ്. അവർ തമ്മിൽ പല നിലക്കുമുള്ള വിയോജിപ്പും ശത്രുതയും ഉണ്ടായിരിക്കുമെങ്കിലും ഇസ്‌ലാമിനും മുസ്‌ലിംകൾക്കും എതിരെയുള്ള സംരംഭങ്ങളിൽ അവരെല്ലാം ഒരുപോലെതന്നെ. യഹൂദികളും മുശ്‌രിക്കുകളുമാണല്ലോ അന്ന് പ്രധാന ശത്രുക്കളായി രംഗത്തുള്ളവർ. നബി തിരുമേനിﷺയിൽ വിശ്വസിച്ചില്ലെങ്കിൽപോലും അവിടുത്തോട് മുശ്‌രിക്കുകളെക്കാൾ മമതയിലും രഞ്ജിപ്പിലും കഴിയേണ്ടിയിരുന്നവരാണ് യഹൂദികൾ. എന്നിട്ടും, മുശ്‌രിക്കുകളോട് കൂട്ടുചേർന്നു ഗൂഢമായും, പരസ്യമായും മുസ്‌ലിംകളെ എതിർക്കുകയാണവർ ചെയ്തത്. അവിശ്വാസികൾ ഏതുവിഭാഗത്തിൽപെട്ടവരായിരുന്നാലും ഇസ്‌ലാമിനെതിരിൽ അവരെല്ലാം പരസ്പരം മൈത്രീഭാവമുള്ളവരായിരിക്കുമെന്നുള്ളതിന് ഇതുതന്നെ തെളിവാണല്ലോ. പിൽക്കാല ചരിത്രങ്ങളിൽ ഇതിനുധാരാളം തെളിവുകൾ കാണാവുന്നതുമാകുന്നു.

അവസാനം അല്ലാഹു സത്യവിശ്വാസികളെ ഗൗരവപൂർവം താക്കീത് ചെയ്യുന്നു إِلَّا تَفْعَلُوهُ تَكُنْ فِتْنَةٌ فِي الْأَرْضِ وَفَسَادٌ كَبِيرٌ (ഇപ്രകാരം നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ ഭൂമിയിൽ കുഴപ്പവും വലിയ നാശവും ഉണ്ടായിത്തീരും.) നിങ്ങൾ പരസ്പരം ബന്ധുമിത്രങ്ങളായി വർത്തിക്കുക. തമ്മതമ്മിൽ സഹായ സഹകരണം ചെയ്യുക, അവിശ്വാസികളെ മിത്രങ്ങളാക്കാതിരിക്കുക, കരാറു വ്യവസ്ഥകൾക്ക് ലംഘനം വരുത്താതിരിക്കുക മുതലായി മേൽ പ്രസ്താവിച്ച തത്വങ്ങൾ ശരിക്കും നിങ്ങൾ പ്രാവർത്തികമാക്കാത്ത പക്ഷം അത് ഇസ്‌ലാമിനും നിങ്ങൾക്കും വമ്പിച്ച അനർത്ഥവും ആപത്തും വരുത്തിത്തീർക്കുമെന്ന് നിങ്ങൾ സദാ ഓർമവെക്കണമെന്നു സാരം. അവിശ്വാസികൾ പരസ്പരം ബന്ധുമിത്രങ്ങളാണെന്നും, സത്യവിശ്വാസികളും അവരും തമ്മിൽ ബന്ധുമിത്രങ്ങളല്ലെന്നുമുള്ള തത്വത്തിന്റെ അടിസ്ഥാനത്തിലാണ് 'മുസ്‌ലിം കാഫിറിനെയും കാഫിർ മുസ്‌ലിമിനെയും അനന്തരമെടുക്കുകയില്ല' എന്ന് നബിﷺ അരുളിച്ചെയ്തിരിക്കുന്നതും. മുഹാജിറുകളെയും അൻസ്വാരികളെയും പ്രശംസിച്ചുകൊണ്ടു അല്ലാഹു പറയുന്നു:

وَالَّذِينَ آمَنُوا وَهَاجَرُوا وَجَاهَدُوا فِي سَبِيلِ اللَّهِ وَالَّذِينَ آوَوا وَّنَصَرُوا أُولَٰئِكَ هُمُ الْمُؤْمِنُونَ حَقًّا ۚ لَّهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٧٤﴾

﴿74﴾ വിശ്വസിക്കുകയും, ഹിജ്റഃ പോകുകയും, അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുകയും ചെയ്തവരും ആശ്രയം നൽകുകയും സഹായിക്കുകയും ചെയ്തവരും (അതെ) അക്കൂട്ടർതന്നെയാണ് യഥാർത്ഥത്തിൽ സത്യവിശ്വാസികൾ. അവർക്ക് പാപമോചനവും, മാന്യമായ ഉപജീവനവുമുണ്ടായിരിക്കും.

﴾74﴿ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ وَهَاجَرُوا ഹിജ്റഃ പോകുകയും ചെയ്ത وَجَاهَدُوا സമരം ചെയ്യുകയും ചെയ്ത فِي سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ وَالَّذِينَ آوَوا ആശ്രയം (അഭയം) നൽകിയവരും وَنَصَرُوا സഹായിക്കുകയും ചെയ്ത أُولَٰئِكَ هُمُ അക്കൂട്ടർതന്നെ الْمُؤْمِنُونَ സത്യവിശ്വാസികൾ حَقًّا യഥാർത്ഥത്തിൽ لَهُم അവർക്കുണ്ട് مَغْفِرَةٌ പാപമോചനം وَرِزْقٌ ഉപജീവനവും, ആഹാരവും كَرِيمٌ മാന്യമായ

ഇവരാണ് പരിപൂർണമായ അർത്ഥത്തിലുള്ള യഥാർത്ഥ സത്യവിശ്വാസികൾ, ഇവരിൽ ഉൾപ്പെടാത്ത സത്യവിശ്വാസികൾക്ക് ഇവരുടെ അത്ര ഉന്നതനിലവാരവും പദവികളുമില്ല എന്ന് സാരം. തുടർന്നു പറയുന്നത് നോക്കുക:

وَالَّذِينَ ءَامَنُوا مِنۢ بَعْدُ وَهَاجَرُوا وَجَٰهَدُوا مَعَكُمْ فَأُولَٰٓئِكَ مِنكُمْ ۚ وَأُولُوا ٱلْأَرْحَامِ بَعْضُهُمْ أَوْلَىٰ بِبَعْضٍ فِى كِتَٰبِ ٱللَّهِ ۗ إِنَّ ٱللَّهَ بِكُلِّ شَىْءٍ عَلِيمٌۢ ﴿٧٥﴾

﴾75﴿ പിന്നീട് വിശ്വസിക്കുകയും, 'ഹിജ്റഃ' പോരുകയും, നിങ്ങളോടൊപ്പം സമരം ചെയ്യുകയും ചെയ്തവർ, അക്കൂട്ടർ-നിങ്ങളിൽപെട്ടവർ (തന്നെ) ആകുന്നു. രക്തബന്ധമുള്ളവരാകട്ടെ, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ (അഥവാ നിയമ നിശ്ചയത്തിൽ) അവരിൽ ചിലർ ചിലരോട് [തമ്മതമ്മിൽ] കൂടുതൽ ബന്ധപ്പെട്ടവരാകുന്നു) നിശ്ചയമായും അല്ലാഹു എല്ലാ കാര്യത്തെകുറിച്ചും അറിയുന്നവനാകുന്നു.

﴾75﴿ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ مِنۢ بَعْدُ ശേഷമായി, പിന്നീട് وَهَاجَرُوا ഹിജ്റഃ പോകുകയും وَجَاهَدُوا സമരം ചെയ്യുകയും ചെയ്ത مَعَكُمْ നിങ്ങളുടെ കൂടെ فَأُولَٰئِكَ അക്കൂട്ടർ مِنكُمْ നിങ്ങളിൽപ്പെട്ടവരാണ് وَأُولُوا ഉള്ളവർ, ഉടയവർ الْأَرْحَامِ രക്തബന്ധങ്ങൾ بَعْضُهُمْ അവരിൽ ചിലർ أَوْلَىٰ അധികം ബന്ധപ്പെട്ട (അണഞ്ഞ)വരാണ് بِبَعْضٍ ചിലരോട് ചിലരുമായി فِي كِتَابِ ഗ്രന്ഥ (നിയമ - നിശ്ചയ) ത്തിൽ اللَّهِ അല്ലാഹുവിന്റെ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു بِكُلِّ شَيْءٍ എല്ലാ കാര്യത്തെപ്പറ്റിയും عَلِيمٌ അറിയുന്നവനാണ്.

നബിﷺയുടെ കാലത്തെ സത്യവിശ്വാസികൾ നാലു തരക്കാരാണെന്നും, അവരിൽ ആദ്യത്തെ മൂന്നു തരക്കാർ ഏതെല്ലാമാണെന്നും മുമ്പ് പറഞ്ഞുവല്ലോ. അവരിൽ നാലാമത്തെ തരക്കാരെപ്പറ്റിയാണ് ഈ വചനത്തിന്റെ ആദ്യഭാഗത്തിൽ പ്രസ്താവിക്കുന്നത്. അതായത്, ആദ്യത്തെ മുഹാജിറുകളോടൊപ്പം സത്യവിശ്വാസം സ്വീകരിച്ചു ഹിജ്റഃ പോകുകയുണ്ടായിട്ടില്ലെങ്കിലും പിന്നീട് വിശ്വസിക്കുകയും മദീനായിലേക്ക് ഹിജ്റഃ പോകുകയും ഇസ്ലാമിനുവേണ്ടിയുള്ള സമരങ്ങളിൽ തങ്ങളുടെ മുൻഗാമികളായ നിങ്ങ

ളോടൊപ്പം പങ്കെടുക്കുകയും ചെയ്തിട്ടുള്ളവർ. അവരും നിങ്ങളിൽപ്പെട്ടവർ തന്നെയാണ്. അവരെ അന്യരായി ഗണിച്ചുകൂടാ. അവരോടും നിങ്ങൾ മൈത്രിയോടെ വർത്തിക്കണമെന്ന് സാരം.

മുഹാജിറുകളും, അൻസ്വാരികളും തമ്മിൽ ബന്ധുമിത്രങ്ങളാണെന്നും, അവർ പരസ്പരം ബന്ധപ്പെട്ടു കഴിയേണ്ടവരാണെന്നും വിവരിച്ചശേഷം, ആ ബന്ധത്തെക്കാൾ ശക്തിപ്പെട്ടതും, തീരെ മുറിഞ്ഞുപോകാത്തതുമായ ഒരു ബന്ധമാണ് രക്തച്ചാർച്ചയുടെ ബന്ധമെന്നും അതുകൊണ്ട് രക്തബന്ധമുള്ളവർ തമ്മിൽ കൂടുതൽ ചില ബന്ധങ്ങളുണ്ടെന്നും അല്ലാഹു അറിയിക്കുന്നു. ഈ വചനത്തോടുകൂടി, മുഹാജിറുകളും അൻസ്വാരികളും തമ്മിൽ തൽക്കാല സാഹചര്യങ്ങൾക്കനുസരിച്ചു ഏർപ്പെടുത്തപ്പെട്ടിരുന്ന സ്വത്തവകാശ സമ്പ്രദായം നിറുത്തൽ ചെയ്യപ്പെടുകയുണ്ടായി. സ്വത്തവകാശം കുടുംബബന്ധമുള്ളവർ തമ്മിൽ മാത്രമായി നിലനിർത്തപ്പെടുകയും ചെയ്തു. ഇതാണ് ക്വുർആൻ മുഖേന ഇസ്‌ലാമിലെ സ്ഥിരമായ സ്വത്തവകാശ നിയമമെന്നത്രെ فِي كِتَابِ ٱللَّهِ (അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ) എന്ന വാക്കിന്റെ താൽപര്യം. കുടുംബബന്ധമാണ് കൂടുതൽ ശക്തമായ ബന്ധമെന്നുള്ള തത്വത്തിന്റെയടിസ്ഥാനത്തിൽ സ്വത്തവകാശമല്ലാത്ത വേറെയും ചില അവകാശങ്ങൾ നിലവിലുണ്ട്. വിവാഹകാര്യം, സ്വത്തിന്റെ ക്രയവിക്രയം, ജനാസ ശുശ്രൂഷണം തുടങ്ങിയ വിഷയങ്ങളിൽ ചിലർക്കുവേണ്ടി കൈകാര്യം നടത്തുവാൻ ചിലർക്ക് നിയമപരമായി നൽകപ്പെട്ടിട്ടുള്ള അവകാശങ്ങളും അധികാരങ്ങളും ആ അടിസ്ഥാനത്തിലാകുന്നു.

അബൂദാവൂദ് ത്വയാലസീയും, ത്വബ്റാനീയും (റ) മറ്റും ഇബ്നു അബ്ബാസ് (റ) പറഞ്ഞതായി ഇങ്ങിനെ രിവായത്ത് ചെയ്യുന്നു: 'റസൂൽﷺ അവിടുത്തെ സ്വഹാബികൾക്കിടയിൽ സാഹോദര്യബന്ധം സ്ഥാപിക്കുകയും അവർക്കിടയിൽ അനന്തരാവകാശം സ്ഥാപിക്കുകയും ചെയ്തു ...وَأُولُو الْأَرْحَامِ (രക്തബന്ധമുള്ളവർ തമ്മതമ്മിൽ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ കൂടുതൽ ബന്ധപ്പെട്ടവരാണ്) എന്ന വചനം അവതരിക്കുന്നതുവരെ. അത് അവതരിച്ചപ്പോൾ അത് ഉപേക്ഷിക്കുകയും കുടുംബബന്ധം മുഖേനയുള്ള അനന്തരാവകാശം ഏർപ്പെടുത്തുകയും ചെയ്തു.'

اللهم لك الحمد ولك الفضل والمنة

[كان الانتهاء من تسويد تفسير هذه السورة حيثما انتسفت ليلة السبت الثانية والعشرين
من ربيع الاول سنة 1397 الموافق 12/3/77 م – ومن تبييضه ضحى يوم الجمعة
الثلاثين من ذى الحجة الحرام سنة 1398 ه الموافق 1/12/78 م ، م فى]

والحمد لله اولا واخرا